
ബൈബിൾ തീർത്ഥാടനം 4

# പൂർവ്വ പിതാക്കന്മാർ

## ഉത്പത്തി 12-50



ഡോ. മൈക്കിൾ കാരിമറ്റം

MAR LOUIS PUBLICATIONS



ഡോ. മൈക്കിൾ
കാരിമറ്റം

തലശ്ശേരി അതിരൂപതയിലെ വൈദികൻ. 1942ൽ ജനനം. 1968ൽ റോമിൽവച്ച് പൗരോഹിത്യം സ്വീകരിച്ചു. 1979ൽ റോമിലെ പൊന്തിഫിക്കൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് ബൈബിളിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി. ഇപ്പോൾ മേരിമാതാ മേജർ സെമിനാരിയിൽ പ്രൊഫസറായി സേവനമനുഷ്ഠിക്കുന്നു.

ബൈബിൾ തീർത്ഥാടനം 4

# പൂർവ്വപിതാക്കന്മാർ

അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നീ മൂന്നുപേരാണ് പൂർവ്വപിതാക്കന്മാർ. ഇസ്രായേൽ എന്ന അപരനാമമുള്ള യാക്കോബിന്റെ 12 മക്കളെ ഗോത്രപിതാക്കന്മാർ എന്നു വിളിക്കുന്നു. പൂർവ്വപിതാക്കന്മാരുടെയും ഗോത്രപിതാക്കന്മാരുടെയും ദൈവാനുഭവ ചരിത്രമാണ് ഉൽപത്തി 12-50 അധ്യായങ്ങൾ വിവരിക്കുന്നത്. ഒറ്റപ്പെട്ട അനേകം സംഭവങ്ങളുടെ വിവരണങ്ങൾ, സ്ഥലനാമങ്ങളുടെയും ജനതകളുടെയും ഉത്ഭവത്തെക്കുറിച്ചുള്ള വിശദീകരണങ്ങൾ, വംശാവലികൾ, അനുഗ്രഹങ്ങൾ, വാഗ്ദാനങ്ങൾ എന്നിങ്ങനെ വ്യത്യസ്ത സാഹിത്യരൂപങ്ങൾ കോർത്തിണക്കിയതാണ് പൂർവ്വപിതാക്കന്മാരുടെ ചരിത്രം.

ISBN 978-81-939543-2-4

9 788193 954324

Mar Louis Publications
Broadway, Ernakulam, Kochi - 682 031
Ph: 0484 - 2352110
website:www.marlouiskochi.com
e-mail:mlbookcentre@gmail.com
e-mail:mlpekam@gmail.com

ബൈബിൾ തീർത്ഥാടനം 3 — 4

# പൂർവ്വ പിതാക്കന്മാർ

## ഉൽപത്തി 12 — 50

മൈക്കിൾ കാരിമറ്റം

Bible Pilgrimage 3-4, Genesis 12-50
(Malayalam)
Michael Karimattam

Published by
Divine Retreat Centre
Muringoor, Chalakudy.

Printed at:

First Published: September, 1992
Second Edition : August, 1994
All Rights Reserved with the author
No part of this book may be reproduced in any manner
without the written permission of the author

Price Rs. 20.00

## ഉള്ളടക്കം


### ആമുഖം

*രക്ഷാചരിത്രത്തിന്റെ തുടക്കം - വിശ്വാസിയുടെ തീർത്ഥാടനം - കുടിയേറ്റ ചരിത്രം - വിവിധ പാരമ്പര്യങ്ങൾ - ചരിത്ര പുരുഷന്മാർ - ചരിത്ര പശ്ചാത്തലം - മെസൊപ്പൊട്ടേമിയ - ഈജിപ്ത് - കാനാൻ - ഹെബ്രായൻ - വിഭജനം*

### 1. അബ്രാഹം ഉൽപത്തി 12, 1-25, 18

*1. വിളിയും മറുപടിയും 12, 1-9;*
*2. വാഗ്ദാനം അപകടത്തിൽ, 12, 10-20*
*3. സാഹോദര്യത്തിന്റെ മാതൃക 13, 1-18*
*4. സഹോദരനു സംരക്ഷം 14, 1-24*
*5. വാഗ്ദാനവും ഉടമ്പടിയും 15, 1-21*
*6. വാഗ്ദാനപൂർത്തീകരണത്തിനു മാനുഷികപദ്ധതി 16, 1-16*
*7. ഉടമ്പടിയും വാഗ്ദാനവും 17, 1-27*
*8. ദൈവിക സന്ദർശനം 18, 1-19, 38*
*9. വാഗ്ദാനം വീണ്ടും അപകടത്തിൽ 20, 1-18*
*10. അവകാശി 21, 1-34*
*11. വിശ്വാസത്തിന്റെ അഗ്നിപരീക്ഷ 22, 1-24*
*12. പിന്തുടർച്ച 23, 1-25, 18*

### 2. യാക്കോബ് 25, 19-36, 43

1. സഹോദരന്മാർ തമ്മിൽ സംഘർഷം 25, 19-28, 9
   *സഹോദരന്മാരുടെ ജനനം - കടിഞ്ഞൂലവകാശം - ഇസഹാക്കിന്റെ ചെയ്തികൾ - പിതാവിന്റെ അനുഗ്രഹം - ഹാരാനിലേക്കു യാത്ര*
2. പ്രവാസം 28, 10-31,55
   *ബേഥലിലെ ദർശനം - ലാബാന്റെ വീട്ടിൽ - ഒളിച്ചോട്ടം*

3. **വീണ്ടും വാഗ്ദത്തഭൂമിയിൽ 32, 1-36, 43**

*ഏസാവുമായുള്ള കണ്ടുമുട്ടൽ (ഒരുക്കം - മ ല്പിടുത്തം - കണ്ടുമുട്ടൽ)*

*മാനഹാനിയും പ്രതികാരവും - വാഗദത്തഭൂമിയിൽ തീർത്ഥാടകൻ*

## 3. ജോസഫ് 37-50

1. **തടവറയിൽനിന്നു സിംഹാസനത്തിലേക്ക്**

*ജോസഫ് അടിമത്തതിലേക്ക് - യൂദായും താമാറും - നീതിക്കു വേണ്ടി പീഡനം - മോചനവും മഹത്വീകരണവും.*

2. **അനുരഞ്ജനം 42-55**

*ഒന്നാം യാത്ര - രണ്ടാം യാത്ര - സഹോദരനു വേണ്ടി ജാമ്യം - ക്ഷമിക്കുന്ന സ്നേഹം*

3. **ഇസ്രായേൽ ഈജിപ്തിൽ 46-50**

*ഈജിപ്തിലേക്കു യാത്ര - ഈജിപ്തിലെ വാസം - പിതാവിന്റെ അനുഗ്രഹം*

**ഉപസംഹാരം**

# ആമുഖം

ഉൽപത്തി പുസ്തകത്തിന്റെ രണ്ടാം ഭാഗം (12-50) പൂർവ്വ പിതാക്കന്മാരുടെ ചരിത്രം എന്ന പേരിൽ അറിയപ്പെടുന്നു. അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നീ മൂന്നുപേരാണ് പൂർവ്വപിതാക്കന്മാർ. ഇസ്രായേൽ എന്ന അപരനാമമുള്ള യാക്കോബിന്റെ പന്ത്രണ്ടുമക്കളെ ഗോത്രപിതാക്കന്മാർ എന്നു വിളിക്കുന്നു. പൂർവ്വപിതാക്കന്മാരുടെയും ഗോത്രപിതാക്കന്മാരുടെയും ദൈവാനുഭവ ചരിത്രമാണ് ഉൽപത്തി 12-50 അധ്യായങ്ങൾ വിവരിക്കുന്നത്.

**രക്ഷാചരിത്രത്തിന്റെ തുടക്കം:** ഒറ്റപ്പെട്ട അനേകം സംഭവങ്ങളുടെ വിവരണങ്ങൾ, സ്ഥലനാമങ്ങളുടെയും ജനതകളുടെയും ഉത്ഭവത്തെക്കുറിച്ചുള്ള വിശദീകരണങ്ങൾ, വംശാവലികൾ, അനുഗ്രഹങ്ങൾ, വാഗ്ദാനങ്ങൾ എന്നിങ്ങനെ വ്യത്യസ്ത സാഹിത്യരൂപങ്ങൾ കോർത്തിണക്കിയതാണ് പൂർവ്വ പിതാക്കന്മാരുടെ ചരിത്രം. തങ്ങളുടെ പൂർവ്വീകരെക്കുറിച്ച് ഇസ്രായേൽ ജനത തലമുറകളിലൂടെ കുടുംബങ്ങളിലും, അതിലുപരി ആരാധനാ കേന്ദ്രങ്ങളിലും വാമൊഴിയായി കൈമാറിയിരുന്ന വിവിധ പാരമ്പര്യങ്ങളാണ് ഈ അധ്യായങ്ങളിൽ രേഖപ്പെടുത്തിയിര്കുന്നത്. ഇത് പുറപ്പാടു സംഭവത്തിൽ തുടങ്ങുന്ന ഇസ്രായേൽ ചരിത്രത്തിന്റെ ആമുഖമാണ്, അതേ സമയം സകല ജനതകൾക്കും രക്ഷ നൽകാനായി ദൈവം ഒരുക്കിയ രക്ഷാചരിത്രത്തിന്റെ തുടക്കവും.

**വിശ്വാസിയുടെ തീർത്ഥാടനം:** ദൈവത്തിൽ നിന്നും പരസ്പരവും അകന്നു പോകുന്ന മനുഷ്യ സമൂഹങ്ങളിൽ നിന്ന് ദൈവം അബ്രാഹം എന്നൊരു വ്യക്തിയെ വിളിക്കുകയും വിളികേട്ട അബ്രാഹം അനുസരിക്കാൻ തയ്യാറാവുകയും ചെയ്യുന്നതോടെ രക്ഷാചരിത്രം ആരംഭിക്കുന്നു. അബ്രാഹത്തിന്റെ തുടർന്നുള്ള ജീവിതം യഒരു തീർത്ഥാടനമായിരുന്നു. നാടും വീടും ബന്ധുജനങ്ങളും നൽകുന്ന സുരക്ഷിതത്വം ഉപേക്ഷിച്ച്, ദൈവത്തിന്റെ വചനത്തിൽ മാത്രം ആശ്രയിച്ചുകൊണ്ട് അദൃശ്യമായൊരു ലക്ഷ്യത്തിലേക്ക്, അപരിചിതമായ പാതകളിലൂടെ നടത്തിയ വിശ്വാസിയുടെ തീർത്ഥാടനമായിരുന്നു അത്. പൂർവ്വപിതാക്കന്മാരുടെയും ഗോത്രപിതാക്കന്മാരുടെയും എല്ലാം ജീവിതം ഇപ്രകാരമൊരു തീർത്ഥയാത്രയായിരുന്നു.

**കുടിയേറ്റ ചരിത്രം:** പൂർവ്വപിതാക്കന്മാരുടെ ചരിത്രം ഒരു കുടിയേറ്റ ചരിത്രമായിട്ടാണ് ബൈബിൾ അവതരിപ്പിക്കുന്നത്. യൂഫ്രട്ടീസ് നദി പേർഷ്യൻ ഉൾക്കടലിൽ ലയിക്കുന്നതിനു തൊട്ടു വടക്കായി സ്ഥിതി ചെയ്തിരുന്ന

ഊർ നഗരത്തിൽ നിന്നാണ് ഈ കുടിയേറ്റം ആരംഭിച്ചിത്. ഏകദേഷം ആയിരം കിലോമീറ്റർ വടക്ക്, യൂഫ്രട്ടീസിന്റെ ഒരു പോഷകനദിയായ ബാലിക്കിന്റെ തീരുത്തുള്ള ഹാരാൻ നഗദരത്തിന്റെ പ്രാന്തപ്രദേശങ്ങളായിരുന്നു ആദ്യത്തെ താവളം. പടിഞ്ഞാറ് കാനാൻ ദേശത്തേക്കും തുടർന്ന് തെക്ക് ഈജിപ്തിലേക്കും അബ്രാഹം യാത്ര ചെയ്തു. മടങ്ങിവന്ന് അദ്ദേഹവും തുടർന്നുള്ള മൂന്നു തലമുറകളും ഒരിടത്തും ദീർഘകാലം സ്ഥിരതാമസമാക്കാതെ കാനാൻ ദേശത്തിലൂടെ സഞ്ചരിച്ചു. യാക്കോബും മക്കളും ഈജിപ്തിൽ ചെന്നു വാസമുറപ്പിക്കുന്നതോടെയാണ് പൂർവ്വപിതാക്കന്മാരുടെ ചരിത്രം അവസാനിക്കുന്നത്. ബി.സി. 19-18 നൂറ്റാണ്ടുകളിലാണ് ഈ കുടിയേറ്റം നടന്നതെന്നു പൊതുവേ കരുതപ്പെടുന്നു.

**വിവിധ പാരമ്പര്യങ്ങൾ:** പൂർവ്വപിതാക്കന്മാരുടെ സമഗ്രമായൊരു ജീവിതചരിത്രമല്ല, അവരുടെ ദൈവാനുഭവത്തെയും വിശ്വാസജീവിതത്തെയും അവരിലൂടെ ദൈവം നൽകിയ രക്ഷാകരവെളിപാടുകളെയും സംബന്ധിക്കുന്ന വിവരണങ്ങളാണ് ഈ അധ്യായങ്ങൾ അവതരിപ്പിക്കുന്നത്. ഒരേ സംഭവത്തിന്റെ തന്നെ ഒന്നിലധികം വിവരണങ്ങളും (ഉദാ: ഉല്പ 12, 10 20ൃ20, 1-18) വിവരണശൈലിയിലെ വ്യത്യാസങ്ങളും അവയ്ക്കു പിന്നിലുള്ള വ്യത്യസ്ത പാരമ്പര്യങ്ങളുടെ സൂചനയാണ് അബ്രാഹത്തിന്റെ വിളിയിൽ തുടങ്ങി ജോസഫിന്റെ മരണത്തിൽ അവസാനിക്കുന്ന ചരിത്രത്തിന്റെ രൂപഘടന യാഹ്വിസ്റ്റ് (Jahwist J.) രചയിതാവിന്റേതാണ്. വിവരണങ്ങളിൽ മുഖ്യപങ്കും യാഹ്വിസ്റ്റിന്റേതുതന്നെ. ഈ ചട്ടക്കൂട്ടിലേക്ക് ഏലോഹിസ്റ്റ് രചനയുടെയും പുരോഹികതരചനയുടെയും ഭാഗങ്ങൾ പിൽക്കാലത്തു കൂട്ടിച്ചേർക്കുകയുണ്ടായി. എന്നാൽ ഓരോ പാരമ്പര്യത്തെയും കൃത്യമായ വേർതിരിക്കുക പലപ്പോഴും ദുഷ്കരമത്രേ. അതിനാൽ ആദിചരിത്രത്തിന്റെ വിവരണത്തിൽ ചെയ്തതുപോലെ ഓരോ പാരമ്പര്യങ്ങളെയും പ്രത്യേകം വിശകലനം ചെയ്യുവാൻ ഇവിടെ ശ്രമിക്കുന്നില്ല. ഓരോ ഭാഗവും വ്യാഖ്യാനിക്കുമ്പോൾ അവയ്ക്കു പിന്നിലുണ്ടായിരിക്കാവുന്ന പാരമ്പര്യത്തെക്കുറിച്ചു പൊതുവേ അംഗീകൃതമായിട്ടുള്ള സൂചനകൾ നൽകുന്നതാണ്.

**ചരിത്രപുരുഷന്മാർ:** സംഭവങ്ങൾ കഴിഞ്ഞ് ഏകദേശം ആയിരം വിർഷങ്ങൾക്കു ശേഷമാണ് ഇന്നു നമുക്ക് ലഭിച്ചിരിക്കുന്ന വിവരണങ്ങൾ എഴുതപ്പെട്ടതെങ്കിലും പൂർവ്വപിതാക്കന്മാരും അവരെക്കുറിച്ചുള്ള വിവരണങ്ങളും വെറും സങ്കല്പസൃഷ്ടികളാണെന്നു കരുതാനാവില്ല. ബി.സി. രണ്ടാ സഹസ്രാബ്ദത്തിന്റെ ഒന്നാം പകുതിയിൽ നിലവിലിരുന്ന സാമൂഹ്യവും രാഷ്ട്രീയവും മതപരവുമായ അവസ്ഥാവിശേഷങ്ങളെയും ആചാരമര്യാദകളെയും

നിയമസംഹിതകളെയും കുറിച്ച് പുരാവസ്തുഗവേഷകന്മാർ കണ്ടെടുത്തിട്ടുള്ള വിവരണങ്ങൾ ബൈബിളിലെ വിവരണങ്ങളുടെ ചരിത്രപരതയ്ക്കു സാക്ഷ്യം വഹിക്കുന്നുണ്ട്. ആ ചരിത്ര പശ്ചാത്തലം ചുരുക്കമായെങ്കിലും അറിഞ്ഞിരിക്കുന്നത് പിതാക്കന്മാരെയും അവരുടെ തനതായ ദൈവാനുഭവത്തെയും മനസ്സിലാക്കാൻ സഹായിക്കും.

**ചരിത്രപശ്ചാത്തലം:** ബി.സി. രണ്ടാം സഹസ്രാബ്ദത്തിലെ രണ്ട് പ്രധാന ശ്കതികേന്ദ്രങ്ങളായിരുന്നു മെസൊപ്പൊട്ടേമിയായും ഈജിപ്തും. യൂഫ്രട്ടീസ്, ടൈഗ്രീസ് എന്ന രണ്ടു മഹാനദികൾക്കു മധ്യേയുള്ള ഭൂപ്രദേശമാണ് മെസൊപ്പൊട്ടേമിയ എന്ന പേരിൽ അറിയപ്പെടുന്നത്. ഇന്ന് ഈ പ്രദേശം മുഴുവൻ ഇറാക്കിന്റെ കീഴിലാണ്. മെസൊപ്പൊട്ടേമിയായും ഈജീപ്തും തമ്മിൽ മൂന്നാം സഹസ്രാബ്ദത്തിൽതന്നെ നിരന്തരമായ ബന്ധമുണ്ടായിരുന്നു. ഈ മഹാരാജ്യങ്ങൾക്കു മധ്യേ അതിവിശാലമായ അറേബ്യൻ മരുഭൂമി സ്ഥിതി ചെയ്യുന്നതിനാൽ നേരിട്ടുള്ള യാത്ര ദുഷ്കരമായിരുന്നു. ജലവും മേച്ചിൽപുറങ്ങളുമുള്ള പ്രദേശങ്ങളിലൂടെയാണ് കാരവൻ സംഘങ്ങളും ഇടയന്മാരും നീങ്ങുക. അതിന് പേർഷ്യൻ ഉൾക്കടൽ തീരുത്തുനിന്ന് യൂഫ്രട്ടീസ് നദീതീരം വഴി ആയിരത്തിൽ പരം കിലോമീറ്റർ വടക്കോട്ടും തുടർന്നു പടിഞ്ഞാറോട്ടും വീണ്ടും തെക്കു പടിഞ്ഞാറായും യാത്ര ചെയ്യണം. ഭീമാകാരമായൊരു വില്ലു പോലെയാണ് ഈ ഭൂപ്രദേശം കാണപ്പെടുക. അതിനാൽ അതിനെ ശാദ്വലധനുസ് (Fertile cresent) എന്നു വിളിക്കുന്നു. കച്ചവടക്കാരുടെ കാവൻ സംഘങ്ങൾക്ക് കുടിനീരും ആഹാരവും പാർപ്പിടവും ലഭ്യമാകത്തക്കവിധം ഏതാണ്ട് 25 കി.മീ. ഇടവിട്ട് ഈ പ്രദേശത്തു മുഴുവൻ കൊച്ചു കൊച്ചു പട്ടണങ്ങളുണ്ടായിരുന്നു. ഈ പട്ടണങ്ങളെ തമ്മിൽ ബന്ധിപ്പിച്ച്, ഈജിപ്തു മുത്ല മെസൊപ്പൊട്ടേമിയവരെ നീളുന്ന രാജപാത ബി.സി. മൂന്നാം സഹസ്രാബ്ദത്തിൽത്തന്നെ നിർമ്മിക്കപ്പെട്ടിരുന്നു ബി.സി. രണ്ടാം സഹസ്രാബ്ദത്തിന്റെ ഒന്നാം പകുതിയിൽ ഒന്നിനു പിറകെ ഒന്നായി അനേകം ജനതകൾ ഈ ഭൂപ്രദേശത്ത് പടയോട്ടങ്ങളും കുടിയേറ്റങ്ങളും നടത്തി. പൂർവ്വപിതാക്കന്മാരുടെ ചരിത്രം ഈ കുടിയേറ്റങ്ങളുമായി ബന്ധപ്പെട്ടതാണ്.

**മെസൊപ്പോട്ടേമിയാ:** അബ്രാഹത്തിന്റെ പൂർവ്വീകരുടെ വാസസ്ഥലമായ ഈർ സുമേറിയാക്കാരുടെ തലസ്ഥാന നഗരമായിരുന്നു. ബി.സി. മൂന്നാം സഹസ്രാബ്ദത്തിൽ ഒന്നിടവിട്ട് മൂന്നു രാജവംശങ്ങൾ ഊർ നഗരം കേന്ദ്രമാക്കി മെസൊപ്പൊട്ടേമിയാ മുഴുവൻ അടക്കി ഭരിച്ചിരുന്നു. എന്നാൽ രണ്ടാം സഹസ്രാബ്ദത്തിന്റെ ആരംഭത്തോടെ ഊറിലെ മൂന്നാം രാജവംശം ദുർബ്ബലമായിത്തീർന്നു. സമാന്തരരാജാക്കന്മാർ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. വടക്കു

നിന്ന് "മാറി" പാജാവും കിഴക്കു നിന്ന് ഏലാമ്യാരും ആക്രമിച്ചു. ബി.സി. 1950-ൽ ഏലാമ്യാർ ഊർ നഗരം കീഴടക്കി നശിപ്പിച്ചു. എന്നാൽ ഊറിന്റെ പതനത്തിനു മുഖ്യകാരണം മറ്റൊന്നായിരുന്നു.

അറേബ്യൻ മരുഭൂമിയുടെ തീരങ്ങളിൽനിന്നു വന്ന് സിറിയായും മെസൊപ്പൊട്ടേമിയായും കീഴടക്കിയ അമോര്യർ എന്നറിയപ്പെടുന്ന ജനതയുടെ നിരന്തരമായ ആക്രമണമാണ് സുമേറിയൻ സാമ്രാജ്യത്തെ ദുർബ്ബലമാക്കിയത്. പാശ്ചാത്യർ എന്നാണ് അമോര്യർ എന്ന പേരിന്റെ അർത്ഥം. സെമിറ്റക് വംശജരായ ഇവരിൽ നിന്നാണ് അരമായരുടേയും ഹെബ്രായരുടെയും ഉത്ഭവം. സുമേറിയക്കാർ ചന്ദ്രാരാധകരായിരുന്നു. "സിൻ" എന്നാണ് അവർ ചന്ദ്രനെ വിളിച്ചിരുന്നത്. ഊറിലും ഹാരാനിലും സിൻ ദേവനാണ് ആരാധിക്കപ്പെട്ടിരുന്നത്. അബ്രാഹത്തിന്റെ പൂർവ്വികർ ചന്ദ്രാരാധകരായിരുന്നു. ഊർ നഗരത്തിന്റെ പതനത്തെ തുടർന്നായിരിക്കണം തേരാഹും കുടുംബവും ഹാരാനിലേക്കു കുടിയേറിയത്.

ഊറിന്റെ പതനത്തിനു ശേഷം അമോര്യർ മെസൊപ്പൊട്ടേമിയാ മുഴുവൻ തന്നെ കീഴടക്കി. അനേകം നാട്ടുരാജ്യങ്ങൾ സ്ഥാപിച്ചു. മാറി, ഇസിന്ഡ, അസ്സൂർ, ബാബിലോൺ എന്നീ രാജവംശങ്ങൾ ഇവയിൽ പ്രമുഖരായിരുന്നു. ബാബിലോണിലെ ആദ്യരാജവംശത്തിലെ ആറാമത്തെ രാജാവായ ഹമ്മുരബി ഇതര രാജ്യങ്ങളെ കീഴടക്കി മെസൊപ്പൊട്ടേമി. മുഴുവന്റെയും മേൽ ആധിപത്യം സ്ഥാപിച്ചു. അതുവരെ പ്രചാരത്തിലുരുന്ന നിയമങ്ങളെ പരിഷ്കരിച്ച് പുതുതായി ക്രോഡീകരിച്ച നിയമസംഹിതയാണ് ഹമ്മുരബിയുടെ ഏറ്റവും വലിയ നേട്ടമായി ചരിത്രകാരന്മാർ കരുതുന്നത്. ആ നിയമസംഹിത കൊത്തിവച്ച ശിലാഫലകം ഇപ്പോൾ പാരീസിലെ ലൂവ്റ് മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു. പുറപ്പാടു പുസ്തകത്തിലെ ഉടമ്പടിയും നിയമസംഹിതയ്ക്ക് (പുറ 21-23) ഹമ്മുരബിയുടെ നിയസംഹിതയുമായി വലിയ സാമ്യമുണ്ട്.

ഹമ്മുരബിയുടെ മരണശേഷം മെസൊപ്പൊട്ടാമിയായിൽ വീണ്ടു പടയോട്ടങ്ങൾ നടന്നു. കൗക്കസസ് മലകളുടെ താഴ്വരയിൽനിന്ന് ഹൂരിയർ എന്നറിയപ്പെടുന്ന ജനത ഫലപുഷ്ടമായ സ്ഥലം തേടി മെസൊപ്പൊട്ടേമിയായിൽ എത്തി. ബി.സി. പതിനെട്ടാം നൂറ്റാണ്ടിൽ സിറിയായിലും വടക്കൻ മെസൊപ്പൊട്ടേമിയായിലും വാസമുറപ്പിച്ചു. അവർ പതിനേഴാം നൂറ്റാണ്ടായപ്പോഴേയ്ക്കും ആ ദേശം മുഴുവൻ വ്യാപിച്ചു. ടൈഗ്രീസ് നദിയുടെ തീരത്ത്, ബാഗ്ദാദിൽ നിന്ന് ഏകദേശം മുന്നൂറു കിലോമീറ്റർ വടക്കു കിഴക്കായി കുർദിസ്ഥാനിൽ നുസി (ചൗ്വശ) എന്നൊരു പട്ടണമുണ്ടായിരുന്നു.

അവിടെനിന്ന് എ.ഡി. 1925-31ൽ അമേരിക്കൻ പുരാവസ്തു ഗവേഷകർ ആയരിക്കണക്കിന് ലിഖിതങ്ങൾ കണ്ടെടുത്തു. കലക്കഷണങ്ങളിലും കളിമൺ ഫലകങ്ങളിലും എഴുതിയ ലിഖിതങ്ങളിൽ നിന്ന് ഹൂരിയരുടെ ഇടയിൽ പ്രചാരത്തിലിരുന്ന നിയമങ്ങളും ആചാരങ്ങളും മനസ്സിലാക്കാൻ കഴിയും. പൂർവ്വപിതാക്കന്മാരുടെ ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പല ആചാരങ്ങളും ഇവയോടു സാമ്യമുള്ളതാണ്. അബ്രാഹം വസിച്ചിരുന്ന ഹാരാൻ ഹൂര്യരുടെ പ്രധാന കേന്ദ്രമായിരുന്നു. ഇതിൽനിന്ന് പിതാക്കന്മാർക്ക് ഹൂര്യരുമായുള്ള ബന്ധം വ്യക്തമാക്കുന്നു.

**ഈജിപ്ത് :** പൂർവ്വപിതാക്കന്മാരുടെ ചരിത്രവുമായി അഭേദ്യം ബന്ധപ്പെട്ട രണ്ടാമത്ത രാജ്യമാണ് ഈജിപ്ത്. അബ്രാഹം ഈജിപ്തിലേക്കു പോയി, തിരിച്ചു കാനാനിലേക്കു മടങ്ങി. യാക്കോബും മക്കളും ഈജിപ്തിൽ സ്ഥിരതാമസമാക്കി. അബ്രാഹം എത്തുന്നതിന് ആയിരം വർഷം മുമ്പേ ഈജിപ്ത് അതിശക്തമായൊരു സാമ്രാദ്യമായിരുന്നു. രണ്ടാം സഹസ്രാബ്ദത്തിന്റെ ആരംഭത്തിൽ മെസൊപ്പൊട്ടേമിയ അരാജകത്വത്തിൽ മുഴുകിത്തകർന്നപ്പോൾ ഈജിപ്ത് ഒരു വൻ സാമ്രാജ്യ ശക്തിയായിരുന്നു.

ബി.സി. 19-18 നൂറ്റാണ്ടുകളിൽ കാനാനിൽ നിന്നും സെറ്റിക് വംശജർ ഈജിപ്തിലേക്കു കുടിയേറിക്കൊണ്ടിരുന്നു. നൈൽ നദിയുടെ വടക്കു കിഴക്കുള്ള സമതലത്തിലാണ് ഇവരിൽ അധികപങ്കും വാസമുറപ്പിച്ചത്. 18-ാം നൂറ്റാണ്ടായപ്പോഴേയ്ക്കും കാനാൻകാരുടെ കുടിയേറ്റം ഒരു പടയോട്ടമായിത്തീർന്നു. ബി.സി. 1720-ൽ നൈൽ നദീതീരത്തുള്ള അവാരീസ് (Avairs) കേന്ദ്രമാക്കി അവർ ഭരണമാരംഭിച്ചു. തുടർന്ന് ഈജിപ്തു മുഴവൻ കീഴടക്കി തലസ്ഥാനനഗരിയായിരുന്ന മെംഫിസിൽത്തന്നെ ബി.സി. 1690ൽ ഒരു രാജവംശം സ്ഥാപിച്ചു. ഈജിപ്തുകാർ അവരെ ഹിക്സോസ് എന്ന് വിളിച്ചിരുന്നു. "വിദേശികളായ ഭരണാധിപന്മാർ" എന്നാണ് ഇതിന്റെ അർത്ഥം. ഈ സാഹചര്യത്തിലാവണം ജോസഫിന് ഈജിപ്തിലെ സർവ്വാധികാര്യക്കാരനായി ഉയരാൻ കഴിഞ്ഞത്. യാക്കോബും മക്കളും വാസമുറപ്പിച്ച ഗോഷേൻ പ്രദേശം (ഉൽപ. 47,6) പികസോസ് രാജവംശത്തിന്റെ ആദ്യത്തെ തലസ്ഥാനമായ അവാരിസിനടുത്തായിരുന്നു. ഏകദേശം 150 വർഷങ്ങൾക്കുശേഷം ബി.സി. 1550-ൽ ഈജീപ്തുകാരനായ ഫറവോ, ആമോസിസ് (Amosis B.C. 1570-1544) ഹിക്സോസ് ഭരണം അവസാനിപ്പിച്ച് പുതിയൊരു രാജവംശത്തിന്റെ തുടക്കം കുറിച്ചു. ഈജിപ്തുകാർ പൊതുവേ സൂര്യാരാധകരായിരുന്നു. "റേ" എന്നാണ് അവർ സൂര്യനെ വിളിച്ചിരുന്നത്. ഫറവോമാർ സൂര്യ പുത്രന്മാരോ സൂര്യന്റെ തന്നെ അവതാരങ്ങളോ ആയി പരി

ഗണിക്കപ്പെട്ടിരുന്നു.

**കാനാൻ:** കിഴക്ക് ജോർദ്ദാൻ നദിയുംെ പടിഞ്ഞാറ് മധ്യധരണ്യാഴിയും വടക്ക് സിറിയായും തെക്ക് ഈജിപ്തും അതിരുകളായുള്ള പ്രദേശമാണ് കാനാൻ എന്ന പേരിൽ അറിയപ്പെടുന്നത്. ഫിലിസ്ത്യരുടെ നാട് എന്ന അർത്ഥത്തിൽ ഇതിനെ പലസ്തീനായെന്നു, അബ്രാഹത്തിനും ദൈവം വാഗ്ദാനം ചെയ്ത പ്രദേശം എന്ന അർത്ഥത്തിൽ വാഗ്ദത്തഭൂമിയെന്നും വിളിക്കുന്നു. ബി.സി. രണ്ടാം സഹസ്രാബ്ദത്തിന്റെ ആരംഭത്തിൽ കാനാൻ ഈജിപ്തിന്റെ ആധിപത്യത്തിലായിരുന്നു.

മെസൊപ്പൊട്ടേമിയായിലേക്കു കടന്ന പല ജനതകളും കാനാനിലേക്കും വരുകയുണ്ടായി. അമോര്യരിൽ നല്ലൊരു പങ്ക് ഇടയന്മാരായിരുന്നു. സാവകാശം അവർ അവിടെ സ്ഥിരതാമസമാക്കി. ഹാരാനിൽനിന്നു കാനോനിലേക്കു വന്ന അബ്രാഹം കുടിയേറ്റക്കാരിൽ ഒരുവനായിരുന്നു. ഈജിപ്തുകാരുടെ കീഴിൽ കഴിഞ്ഞിരുന്ന അവർ പിന്നീട് ഈജിപ്തു തന്നെ കീഴടക്കിയതു നാം കണ്ടു. അമോര്യർക്കു പിന്നാലെ ഹഹര്യരും പിന്നീട് ഹിത്യരും കാനാനിലേക്കു വന്നു. ഈ ജനതകളെല്ലാം കിഴക്കുനിന്നും വടക്കുനിന്നുമാണ് കാനാനിൽ പ്രവേശിച്ചത്. എന്നാൽ മറ്റൊരു ജനത പടിഞ്ഞാറു നിന്ന് മധ്യധരണ്യാഴിയിലൂടെ കാനാനിലേക്കു വന്നു. ഫിലിസ്ത്യർ എന്നാണ് അവർ അറിയ്പ്പെടുന്നത്. ക്രേത്തേ ദ്വീപിൽ നിന്ന് ഏജിയൻ കടൽത്തീരത്തുനിന്നോ ആയിരിക്കണം അവർ വന്നത്. ബി.സി. പന്ത്രണ്ടാം നൂറ്റാണ്ടിലാണ് വലിയൊരു സംഘമായി ഇവർ കാനാനിൽ പ്രവേശിച്ചതെങ്കിലും 18-ാം നൂറ്റാണ്ടു മുതൽ കാനാനിൽ ഇവരുടെ സാന്നിധ്യത്തിക്കുറിച്ചു ചരിത്രരേഖകളുണ്ട്.

കാനവാൻകാർ ബഹുദൈവാരാധകരായിരുന്നു. ഏൽ എന്നാണ് ദേവന്മാരിൽ പ്രധാനി അറിയപ്പെട്ടിരുന്നത്. ദേവാധിദേവനും സകല ദേവന്മാരുടെ പിതാവും ആകാശങ്ങളുടെ ദൈവവുമായ ഏൽ ദേവസമൂഹത്തിന്റെ മേൽ ഭരണം നടത്തുന്നു. ബാൽ ദേവനും ഭാര്യ അസ്താർതേ ദേവിയും മുഖ്യദേവതകളായിരുന്നു. ഭൂമിക്കും ജീവികൾക്കും ഫലുഷ്ടി നൽകുന്നത് ഈ ദൈവങ്ങളാണെന്ന് കാനാൻകാർ വിശ്വസിച്ചിരുന്നു.

**ഹെബ്രായർ:** ഇസ്രായേൽക്കാർ ഹെബ്രായർ എന്ന പേരിലും ബൈബിളിൽ അറിയപ്പെടുന്നുണ്ട്. വിദേശീയർ അവരെ കുറിച്ചു പ്രതിപാദിക്കുമ്പോഴും ഇസ്രായേൽക്കാർ തങ്ങളെത്തന്നെ വിദേശീയർക്കു പരിചയപ്പെ

ടുമ്പോഴുമാണ് മുഖ്യമായും ഈ പേര് ഉപയോഗിക്കുക. പൂർവ്വപിതാക്കന്മാരുടെ ചരിത്രത്തിൽ ആറു തവണ ഈ പേരു പ്രത്യക്ഷപ്പെടുന്നുണ്ട്. അബ്രാഹവും (ഉൽപ. 14, 13) ജോസഫും (ഉൽപ. 40, 15ച 41, 12) ഹെബ്രായരായി ചിത്രീകരിക്കപ്പെടുന്നു.

ടൈഗ്രീസ് നദി മുതൽ നൈൽ നദി വരെയും ബാബിലോൺ മുതൽ അമേനിയാ വരെയുള്ള അതിവിശാലമായ പ്രദേശത്തെ അനേകം പുരാതന നഗരങ്ങളിൽനിന്നു കണ്ടെടുത്തിട്ടുള്ള ശിലാലിഖിതങ്ങളിലും കളിമൺ ഫലകങ്ങളിലും ഹബീറു (ഹപീറു, കപീറു എന്ന് പാഠഭേദങ്ങൾ) എന്ന ഒരു ജനവിഭാഗത്തെക്കുറിച്ചു പരാമർശമുണ്ട്. ബി.സി. രണ്ടാം സഹസ്രാബ്ദത്തിന്റെ ഒന്നാം പകുതിയിൽ പശ്ചിമേഷ്യയിൽ മുഴുവൻ ഇവർ വ്യാപിച്ചിരുന്നു എന്ന് ഇതിൽ നിന്ന് അനുമാനിക്കാം. അമോര്യരെയും ഹിത്യരെയും പോലെ ഏതെങ്കിലും ഒരു ജനത എന്നതിനെക്കാൾ ജനസമൂഹങ്ങളിലെ ഒരു പ്രത്യേക വിഭാഗത്തെയാണ് ഈ പേരു സൂചിപ്പിക്കുന്നതെന്ന് പണ്ഡിതന്മാർ കരുതുന്നു.

സമൂഹത്തിന്റെ താഴെക്കിടയിലുള്ളവരായിരുന്നു ഹബീറുക്കൾ. സ്വന്തമായി സ്ഥലമോ സ്ഥിരമായി ഒരിടമോ ഇല്ലാതെ നാടു ചിറ്റി നടക്കുന്നവരായിരുന്നു അവർ. ഏതു ദേശത്തും വിഗേശികളും അഭയാർത്ഥികളുമായിരുന്നു ഹബീറുക്കൾ. നഗരങ്ങളുടെ പ്രാന്തപ്രദേശങ്ങളിലും കൃഷിഭൂമിയുടെ അതിർത്തി പ്രദേശങ്ങളിലും ഒക്കെയാവും അവർ കൂടാരമടിക്കുക. ആടുകൾക്ക് തീറ്റി അന്വേഷിച്ച് അലയുന്നവരായിരുന്നു അവരിൽ അധികപങ്കും. നഗരങ്ങളിലുള്ളവർക്ക് വേല ചെയ്യാനും ആവശ്യംവരുമ്പോൾ സ്വയം അടിമകളായി വില്ക്കാനും അവസരം കിട്ടുമ്പോൾ ഒത്തൊരുമിച്ച് അക്രമങ്ങൾ നടത്താനും അവർ തയ്യാറാകുമായിരുന്നു. പൂർവ്വപിതാക്കന്മാരുടെ ജീവിതശൈലിയെക്കുറിച്ച് ഉൽപത്തി പുസ്തകം നൽകുന്ന വിവരണങ്ങളും പുരാതന ലിഖിതങ്ങളിൽ നിന്ന് ഹബീറുക്കളെക്കുറിച്ച് ലഭിക്കുന്ന വിവരങ്ങളും തമ്മിൽ ഏറെ സാമ്യമുണ്ട്. അബ്രാഹവും യാക്കോബും മക്കളും ഇപ്രകാരമുള്ള ഹബീറുക്കളായിരിക്കണം. ഹബീറു എന്ന പേരിൽ നിന്നായിരിക്കണം "ഹെബ്രായർ" എന്ന പേരുണ്ടായത് എന്നു പൊതുവെ കരുതപ്പെടുന്നു.

## പൂർവ്വ പിതാക്കന്മാരുടെ ചരിത്രം - വിഭജനം

അബ്രാഹം, ഇസഹാക്ക്, യാക്കോബ്, എന്നീ മൂന്നു പേരാണ് പൂർവ്വപിതാക്കന്മാർ എങ്കിലും ഉൽപ 12 - 50 അധ്യായങ്ങളിലെ വിവരണ

ങ്ങളിൽ അവർക്കു തുല്യപ്രാധാന്യമല്ല നല്കുന്നത്. അബ്രാഹത്തേയും യാക്കോബിനേയും കുറിച്ച് ദീർഘമായി വിവരിക്കുമ്പോൾ ഇസഹാക്കിനെക്കുറിച്ച് വളരെ ചുരുക്കമായേ പ്രതിപാദിക്കുന്നുള്ളൂ. അതുതന്നെ പിതാവായ അബ്രാഹത്തോടും മകനായ യാക്കോബിനോടും ബന്ധപ്പെടുത്തി മാത്രമാണ്. എന്നാൽ യാക്കോബിന്റെ മക്കളിൽ ഒരുവനായ ജോസഫിനെക്കുറിച്ച് സുദീർഘമായി പ്രതിപാദിക്കുന്നുണ്ട്. ഈ അധ്യായങ്ങളെ മൂന്നു ഭാഗമായി തിരിക്കാം.

**I** **അബ്രാഹം 12-25**

**II** **യാക്കോബ് 26-36**

**III** **ജോസഫ് 37-50**

# I. അബ്രാഹം

## ഉൽപത്തി 12, 1–25, 18

ആദി ചരിത്രത്തിൽ അവതരിപ്പിച്ച തകർന്ന ബന്ധങ്ങള്ഡ ഇണക്കിച്ചേർക്കുന്ന പുതിയൊരു തുടക്കമാണ് അബ്രാഹത്തിനു ലഭിച്ച വിളിയും അദ്ദേഹം നൽകിയ മറുപടിയും. ആദാമു കായേനും പരാജയ പ്പെട്ടിടത്തു അബ്രാഹം വിജയിച്ചു. താരതമ്യേന എളുപ്പമായിരുന്നു ദൈവ കല്പന ആദാം ലംഘിച്ചു. എന്നാൽ ത്ന്റെ ജീവിതത്തെ മുഴുവൻ തകിടം മറിക്കുന്ന വിധത്തിലുള്ള ദൈവകല്പനകൾ അബ്രാഹം അനുസരിച്ചു. സഹോദരന്റെ കാവല്ക്കാരനല്ല താൻ എന്നു പ്രഖ്യാപിച്ച കായേന്റെയും പ്രതികാരകീർത്തമാലപിച്ച ലാമേക്കിന്റേയും സ്ഥാനത്ത് സഹോദരന്റെ സംരക്ഷകനാകാൻ അബ്രാഹം തയ്യാറായി. ദൈവത്തോടും സഹോദര ങ്ങളോടും മനുഷ്യൻ വീണ്ടും രമ്യതയിലെത്തുന്നതിന്റെ തുടക്കമാണിത്.

ദൈവം നൽകുന്ന വാഗ്ദാനവും അതിന്റെ പൂർത്തികീരണവും, അബ്രാഹത്തിന്റെ വിശ്വാസവും അനുസരണവുമാണ് ഈ അധ്യായങ്ങ ളിലെ മുഖ്യപ്രമേയങ്ങൾ. ആരംഭത്തിൽ നൽകുന്ന വാഗ്ദാനങ്ങൾ വീണ്ടും വീണ്ടും ആവർത്തിക്കുന്നുണ്ടെങ്കിലും 12, 7; 13, 1417; 15, 45.18; 17, 18; 18, 10; 22, 1718) അവ പൂർത്തിയാകുമോ എന്ന സംശയം അനുവാചകരിൽ അവ സാനം വരെ നില നിൽക്കത്തക്ക വിധമാണ് വിവരണങ്ങൾ. സ്വന്തമാ യൊരു ദേശവും അതിന് അവകാശിയായി സന്തതിയും – ഇതാണ് അബ്രാ ഹത്തെ സംബന്ധിച്ച പ്രധാന വാഗ്ദാനങ്ങൾ. അനേകം തവണ ഈ വാഗ്ദാനങ്ങൾ അപകടത്തിലാകുന്നതു കാണാം (12, 15ച 13, 9ച 16, 1–16ച 20, 2ച 22,2) എന്നാൽ എല്ലാ പ്രതിബന്ധങ്ങളേയും അതിജീവിച്ചതിനുശേ ഷം മരിക്കുമ്പോൾ അദ്ദേഹത്തിന് വാഗ്ദത്തഭൂമിയിൽ സ്വന്തമായൊരു ശവ പ്പറമ്പും അവകാശിയായി ഒരു മകനും ഉണ്ടായിരുന്നു.

ലോത്തുമായുള്ള ബന്ധം ഒരു ഉപകഥയെന്നപോലെ ഈ അധ്യാ യങ്ങളിൽ അവതരിപ്പിക്കുന്നു. സഹോദരപുത്രനുവേണ്ടി അവകാശത്തിൽ നല്ല പങ്കു ത്യജിക്കാനും സ്വന്തം ജീവനെത്തന്നെ അപകടപ്പെടുത്തി പട പൊരുതാനും ദൈവതിരുമുമ്പിൽ മാധ്യസ്ഥ്യ വഹിക്കാനും തയ്യാറാകുന്ന അബ്രാഹം സാഹോദര്യത്തിന്റെ മാതൃകയായി പ്രത്യക്ഷപ്പെടുന്നു. ഇതിൽ നിന്നു തികച്ചും വ്യത്യസ്തമാണ് ലോത്തിന്റെ ചിത്രം.

ഈ വിവരണങ്ങളിലെ മറ്റു രണ്ടു പ്രധാന കഥാപാത്രങ്ങളാണ് സാറയും ഹാഗാറും. അവരുമായുള്ള ദൈവത്തിന്റെ ഇടപെടലുകളും അവർ

നൽകുന്ന മറുപടിയും അവർ തമ്മിലുള്ള ബന്ധങ്ങളും ശ്രദ്ധിക്കേണ്ടതാണ്. ഹാഗാറിനോടുള്ള അബ്രാഹത്തിന്റെയും സാറായുടെയും പെരുമാറ്റം നീതിരഹിതമായി തോന്നിയേക്കാം. അക്കാലത്തു നിലനിന്നിരുന്ന നിയമങ്ങൽ ഈ പെരുമാറ്റശൈലിയിലേക്കു പ്രകാശം വീശുന്നു. തന്നെയുമല്ല, ദൈവം ഹാഗാറിന്റെ നിലവിളി കേൾക്കുകയടും ഇസ്മായേലിനെ പന്ത്രണ്ടു ഗോത്രങ്ങളുടെ പിതാവാക്കുകകയും ചെയ്തതിന്റെ ഹൃയസ്പർശിയായ വിവരണങ്ങലും ഈ ഭാഗത്തു കാണാം.

വിശ്വാസികളുടെ പിതാവും മാതൃകയുമായിട്ടാണ് പഴയ നിയമവും പുതിയ നിയമവും അബ്രാഹത്തെ കാണുന്നത്. തനിക്കു ഗ്രഹിക്കുവാൻ കഴിയാത്തവയും തന്റെ പ്രതീശ്ക്ഷകൾക്കും ദൈവത്തിന്റെ വാഗ്ദാനങ്ങൾക്കും കടകവിരുദ്ധമെന്നു തോന്നാവുന്നവയും പോലും വിനയത്തോടെ സ്വീകരിക്കുവാൻ അദ്ദേഹം തയ്യാറായി. വിശ്വാസത്തിന്റെ അഗ്നിപിരീക്ഷണങ്ങലെ എപ്രകാരം നേരിടണമെന്ന് എക്കാലത്തും പ്രസക്തങ്ങളായ പാഠങ്ങൾ അബ്രാഹത്തിന്റെ ജീവിതത്തിൽ നിന്നും നമുക്കു ലഭിക്കും.

ഒറ്റപ്പെട്ട അനേകം സംഭവങ്ങളുടെ വിവരണങ്ങളായിട്ടാണ് അബ്രാഹത്തെക്കുറിച്ചുള്ള പ്രതിപാദനം പ്രത്യക്ഷപ്പെടുന്നത്. ദൈവത്തിന്റെ വാഗ്ദാനവും അബ്രാഹത്തിന്റെ അനുസരണവുമാണ് ഈ സംഭവപരമ്പരകളെ കൂട്ടിയിണക്കുന്നത്. വ്യത്യസ്ത പാരമ്പര്യങ്ങൾ ഈ വിവരണങ്ങളിൽ ഒരുമിച്ചു ചേർത്തിരിക്കുന്നു. ഒരേ സംഭവം തന്നെ പല പാരമ്പര്യങ്ങളിലും പെട്ടതാണ്. ഓരോന്നും ഏതേതു പാരമ്പര്യത്തിന്റേതാണെന്ന് താഴെ കൊടുത്തിരിക്കുന്ന വിഭജനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (Jahwist - യാഹ്‌വേ പാരമ്പര്യം, E-Elohist - ഏലോഹിസ്റ്റ് പാരമ്പര്യം; P-priestly - പുരോഹിത പാരമ്പര്യം). ഓരോ പാരമ്പര്യത്തെ കുറിച്ചും തീർത്ഥാടനം 1-2, 16-19 പേജുകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

**വിഭജനം**

1. വിളിയും മറുപടിയും 12, 1-9 (JP)
2. വാഗദാനം അപകടത്തിൽ 12, 10-20 (J)
3. സാഹോദര്യത്തിന്റെ മാതൃക 13, 1-18 (J)
4. സഹോദരനു സംരക്ഷണം 14, 1-24(P)
5. വാഗ്ദാനവും ഉടമ്പടിയും 15, 1-21(JE)
6. വാഗ്ദാനപൂർത്തീകരണത്തിനുള്ള മാനുഷികപദ്ധതി 16,1-16(J)

7. ഉടമ്പടിയും വാഗ്ദാനവും 17, 1-27(P)
8. ദൈവത്തിന്റെ സന്ദർശനം 18, 1-19, 38(J)
9. വാഗ്ദാനം വീണ്ടും അപകടത്തിൽ 20, 1-18(E)
10. അവകാശി 21, 1-34(JEP)
11. വിശ്വാസത്തിന്റെ അഗ്നിപരീക്ഷ 22, 1-24(JE)
12. പിന്തുടർച്ച 23, 1-25, 18(JP)

## 1. വിളിയും മറുപടിയും 12, 1-9

രക്ഷാചരിത്രത്തിന് തുടക്കം കുറിക്കുന്ന ഈ വാക്യങ്ങൾ മുഖ്യമായും യാഹ്വിസ്റ്റ് രചയിതാവിന്റേതാണ്. അബ്രാഹത്തിന്റെ പ്രായത്തേയും യാത്രാസന്നാഹങ്ങളേയും കുറിച്ചുള്ള വിവരങ്ങൾ (12, 4-5) പുരോഹിതരചയിതാവിന്റേതായി കരുതപ്പെടുന്നു. 17, 5ൽ അബ്രാഹം എന്ന പേരു നൽകപ്പെടുന്നതുവരെ "അബ്രാം" എന്ന് പേരാണ് ബൈബിൾ ഉപയോഗിക്കുന്നത്. എങ്കിലും സൗകര്യാർത്ഥം അബ്രാഹം എന്ന പേരായിരിക്കും വ്യാഖ്യാനത്തിലുടനീളം നാം ഉപോയഗിക്കുക.

**കൽപന 12, 1:** യാതൊരുവിധ ഒരുക്കവും കൂടാതെ, തികച്ചും അപ്രതീക്ഷിതമായ വിധത്തിലാണ് യാഹ്വിസ്റ്റ് ഗ്രന്ഥകാരൻ അബ്രാഹത്തിനു ലഭിച്ച ദൈവവിളി രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൽനിന്ന് ദൈവത്തെയും അവിടുത്തെ പദ്ധതിയെയും കുറിച്ചു വിലപ്പെട്ട ചില ഉൾക്കാഴ്ചകൾ ലഭിക്കുന്നു.

ദൈവത്തിന്റെ വിളി സ്വതന്ത്രവും സൗജന്യവുമാണ്. അബ്രാഹത്തിന്റെ എന്തെങ്കിലും യോഗ്യതയോ മഹത്വമോ പരിഗണിച്ചല്ല ദൈവം അദ്ദേഹത്തെ തിരഞ്ഞെടുത്തത്. മറിച്ച് ദൈവത്തിന്റെ വിളിയും തിരഞ്ഞെടുപ്പുമാണ്. അബ്രാഹത്തെ മഹത്വമണിയിക്കുന്നത്. ഓരോ വ്യക്തിക്കും ലഭിക്കുന്ന ദൈവവിളിയെ സംബന്ധിച്ചും ഇതു തന്നെ പറയാനാവും. വ്യക്തമായൊരു പദ്ധതിയോടെയാണ് ദൈവം അബ്രാഹത്തെ വിളിച്ചത്. മനുഷ്യർഗ്ഗം മുഴുവനും വേണ്ടിയുള്ള രക്ഷാകരപദ്ധതിയുടെ തുടക്കമാണ് അബ്രാഹത്തിന്റെ വിളിയിൽ പ്രകടമാകുന്നത്. ഓരോ വ്യക്തിയും വിളിക്കപ്പെടുന്നതു തനിക്കു വേണ്ടി മാത്രമല്ല, മറ്റെല്ലാവർക്കും വേണ്ടി കൂടിയാണ്.

ഏലാമ്യരുടെ ആക്രമണത്തിൽ തകർന്നുവീണ ഊർ നഗരത്തിൽ നിന്ന് സമാധാവും സുരക്ഷിതവും സമൃദ്ധിയും തേടിയാണ് അബ്രാത്തിന്റെ

കുടുംബം ഹാരാനിൽ വന്നു വാസമുറപ്പിച്ചത്. ദേശത്തേയും ബന്ധുക്കളേയും പിതൃഭവനത്തേയും വിട്ടു യാത്രതിരിക്കാൻ കല്പിക്കുമ്പോൾ തനിക്കു സുരക്ഷിതത്വം നൽകിയിരുന്ന സകലതിനേയും കൈവെടിയാൻ അബ്രാഹത്തോടു ദൈവം ആവശ്യപ്പെടുന്നു. പഴയതിനോടു പൂർണ്ണമായി വിടപറഞ്ഞാലേ പുതിയൊരു ജീവിതം ആരംഭിക്കാൻ കഴിയൂ. ദൈവത്തോടൊന്നിച്ചു പുറപ്പെടുന്ന സകലതും ത്യജിക്കുവാൻ തയ്യാറാവണം. അബ്രാഹത്തിനുള്ള എന്തെങ്കിലുമല്ല, അബ്രാഹത്തെ തന്നെയാണ് ദൈവം തനിക്കായി ആവശ്യപ്പെടുന്നത് ശിഷ്യന്മാരെ വിളിക്കുമ്പോൾ യേശു ആവശ്യപ്പെടുന്നതു ഇപ്രകാരം പൂർണ്ണമായൊരു സ്വയം സമർപ്പണമാണ്. (ലൂക്ക 14, 22; മത്താ 10, 37).

ഭൂതകാലത്തെ നേട്ടങ്ങളും അവ നൽകുന്ന സുരക്ഷിതത്വവും വിട്ടുപേക്ഷിക്കുന്നത് പുതിയൊരു ലക്ഷ്യത്തിലേക്ക് യാത്ര ചെയ്യാൻ വേണ്ടിയാണ്. “ഞാൻ കാണിച്ചു തരുന്ന നാട്ടിലേക്കു പോവുക” ഏതാണ് ആ നാടെന്ന് അബ്രാഹത്തിനിപ്പോൾ വ്യക്തമല്ല. തന്റെ ജീവിതത്തിലേക്ക് ആകസ്മികമായി കടന്നുവന്ന ദൈവം ആരാണെന്നും പടിപടിയായേ വെളിപ്പെടൂ. അദൃശ്യമായ ലക്ഷ്യത്തിലേക്ക് അജ്ഞാതമായ വഴികളിലൂടെ യാത്ര തിരിക്കാൻ അപരിച്തനായ ദൈവത്തിന്റെ സ്വരം അബ്രാഹത്തിന്റെ അന്തരാത്മാവിനെ പ്രേരിപ്പിച്ചു.

മനഃപാഠമാക്കിയ, നിർവ്വചനങ്ങളിലൂടെ ദൈവത്തെ അറിയാനാവില്ല. അവിടുത്തെ വിളികേട്ട് ഇറങ്ങിത്തിരിക്കാൻ തയ്യാറാവുമ്പോഴേ ദൈവത്തെ അറിയാനാവൂ. അത് വിശ്വാസിയുടെ ദൈവാനുഭവമാണ് സ്വയം ത്യജിക്കാൻ തയ്യാറാവുന്നതിന്റെ തോതനുസരിച്ചാവം ദൈവാനുഭവത്തിലും ദൈവജ്ഞാനത്തിലും നാം വളരുക.

വിളിക്കുന്ന ദൈവം മനുഷ്യന്റെ സ്വാതന്ത്ര്യത്തെ മാനിക്കുന്നു. വിളി സ്വീകരിക്കാനും തിരസ്കരിക്കാനും മനുഷ്യനു സ്വാതന്ത്ര്യമുണ്ട്. അബ്രാഹം എടുക്കുന്ന തീരുമാനം അദ്ദേഹത്തിന്റെ മാത്രമല്ല, മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ ഭാവിയെ നിർണ്ണായകമായി സ്വാധീനിക്കുന്നു. ഹാരാൻ പ്ദാനം ചെയ്ത സുരക്ഷിതത്വം ഉപേക്ഷിച്ച്, നാടും വീടുമില്ലാതെ അലയുന്ന തീർത്ഥാടകനായി ഇറങ്ങിത്തിരിക്കാൻ സ്വതന്ത്രമായി എടുക്കുന്ന സാഹസികമായ തീരുമാനത്തിൽ അബ്രാഹത്തിന്റെ വിശ്വാസം പ്രകമാകുന്നു. ദൈവവിളിക്കു മനുഷ്യൻ നൽകുന്നു സ്വതന്ത്രവും നിരുപാധികവുമായ മറുപടിയാണ് വിശ്വാസം.

വാദ്ഗാനം 12, 2-3; ദൈവം അബ്രാഹത്തിനു നൽകുന്ന വാഗ്ദാനങ്ങളിൽ

ഏഴു ഘടകങ്ങൾ ഉൾക്കൊള്ളുന്നു.

1. ഞാൻ നിന്നെ വലിയൊരു ജനതയാക്കും
2. ഞാൻ നിന്നെ അനുഗ്രഹിക്കും
3. ഞാൻ നിന്റെ പേരു മഹത്തമമാക്കും
4. അങ്ങിനെ നീ ഒരുനുഗ്രഹമായിരിക്കും
5. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും
6. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും
7. നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗൃഹീത മാകും.

"അനുഗ്രഹിക്കും" എന്ന വാഗ്ദാനം അഞ്ചു തവണ ആവർത്തിക്കുന്നു. "നീ ഒരനുഗ്രഹമായിരിക്കും" എന്നതാണ് വാഗ്ദാനത്തിന്റെ കേന്ദ്രം. ദൈവത്തിന്റെ അനുഗ്രഹം ക്രിയാത്മകമാണ്. സൃഷ്ടിയുടെ അവസരത്തിൽ സകല ജീവജാലങ്ങൾക്കും ദൈവം നൽകിയ അനുഗ്രഹത്തെ അനുസ്മരിപ്പിക്കുന്നതാണ് ഈ വാഗ്ദാനം. ആദ്യമനുഷ്യന്റെ പാപം വഴി മണ്ണിനു ശാപമേറ്റു. സഹോദരനെ വധിച്ച കായേൻ ശാപഗ്രസ്തനായി. ഇവിടെ തന്റെ അനുഗ്രഹം വാഗ്ദാനം ചെയ്തുകൊണ്ട് ദൈവം രക്ഷാചരിത്രത്തിനു തുടക്കം കുറിക്കുന്നു. ജീവനും ഫലപുഷ്ടിയും സംരക്ഷണവും നൽകുന്നതാണ് ദൈവത്തിന്റെ അനുഗ്രഹം.

വാഗ്ദാനത്തിന്റെ ആദ്യഘടകമായ "വലിയ ജനത" സ്വന്തമായ ഒരു രാജ്യവും സ്വതന്ത്രമായ ഭരണസംവിധാനവുമുള്ള രാഷ്ട്രത്തെ സൂചിപ്പിക്കുന്നു. സ്വന്തം ദൈശത്തേയും ബന്ധുക്കളേയും പിതൃഭവനത്തേയും ഉപേക്ഷിക്കുന്ന അദ്ദേഹത്തെ ദൈവം വലിയൊരു ജനതയുടെ പിതാവാക്കും. സ്വന്തമായി ഒരു നാടും അസംഖ്യം സന്തതി പരമ്പരകളും നൽകും എന്ന് പിന്നീട് ദൈവം തന്നെ ഈ വാഗ്ദാനത്തെ അബ്രാഹത്തിനു വ്യക്തമാക്കുന്നുണ്ട് (ഉല്പ 12, 7; 15, 5). ഈ വാഗ്ദാനവും അതിന്റെ പൂർത്തീകരണവും നാല്പതിൽ പരം തവന പഴയ നിയമത്തിൽ ആവർത്തിക്കുന്നുണ്ട് (ഉദാഛ ഉൽപ. 13; 16 പുറ 1, 7; നിയ 1, 10; ജോഷ്വാ 11, 4; 2 സാമു 17, 11; സങ്കീ. 107, 38; ഏശ 10, 22). ദാവീദിന്റെയും സോളമന്റെയും ഭരണകാലത്ത് ജീവിച്ചിരുന്ന യാഹ്‌വിസ്റ്റ് ഗ്രന്ഥകാരന് ഈ വാഗ്ദാനം പൂർത്തീകരിക്കപ്പെട്ടതു കാണാൻ കഴിയുമായിരുന്നു.

"പേരു മഹത്തമമാക്കും" എന്ന വാഗ്ദാനം ബാബേൽ ഗോപുര

ത്തിന്റെ കഥയിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. പ്രശസ്തി നേടാൻ വേണ്ടി ഗോപുരം പണിയാൻ ശ്രമിച്ചവർ പരാജയപ്പെട്ടു. എന്നാൽ ദൈവം തന്നെയായിരിക്കും അബ്രാഹത്തിനു പ്രശസ്തി നൽകുക.

അബ്രാഹത്തെ വിളിക്കുന്നതും അനുഗ്രഹിക്കുന്നതും അദ്ദേഹത്തിനുവേണ്ടി മാത്രമല്ല, സകല ജനതകൾക്കും രക്ഷ നല്കാൻ വേണ്ടിയാണ് എന്ന് വാഗ്ദാനത്തിന്റെ അവസാനഭാഗം വ്യക്തമാക്കുന്നു. "നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗൃഹീതമകാ ും എന്നത് സാർവ്വത്രികരക്ഷയെ സംബന്ധിച്ച പ്രവചനമാണ്. അബ്രാഹത്തിന്റെ പുത്രനായ യേശുക്രിസ്തുവിലാണ് ഈ വാഗ്ദാനം പൂർത്തിയായത് (അപ്പ. 3, 25; ഗലാ 3, 8.16).

അബ്രാഹത്തിനു ദൈവം നൽകിയ വാഗ്ദാനങ്ങൾ മുഖ്യമായും രണ്ടുകാര്യങ്ങൾ ഉൾക്കൊള്ളുന്നു. 1. വലിയൊരു ജനത. 2. സാർവ്വത്രികരക്ഷ. ആദ്യത്തേത് അസംഖ്യം സന്തതികളും വിശാലമായൊരു ദേശവും എന്ന് വിശദീകരിക്കപ്പെടും. രണ്ടാമത്തേത് രക്ഷാചരിത്രത്തിന്റെ പൂർത്തീകരണത്തിലേക്കു ശ്രദ്ധ തിരിക്കുന്നു. ഹരാനിൽ വച്ചു നൽകപ്പെട്ട വാഗ്ദാനങ്ങൾ പിന്നീട് അബ്രാഹത്തോടും (ഉൽപ 13, 14-17; 15,, 5-21;17, 4-8; 18 -19; 22, 17-18) ഇസഹാക്കിനോടും (26, 2-4) യാക്കോബിനോടും (28, 13-5; 35, 1112; 46, 3) മോശയോടും (പുറ 3, 6-8; 6, 2-8) ആവർത്തിക്കപ്പെടുന്നതായി കാണാം. എല്ലാ ക്ലേശങ്ങളിലും പ്രതിസന്ധികളിലും ഇസ്രായേൽ ജനത്തിനു ശക്തിയും പ്രത്യാശയും നൽകുന്നത് ഈ വാഗ്ദാനങ്ങളാണ്. ഒരർത്ഥത്തിൽ ബൈബിൾ മുഴുവൻ തന്നെ ഈ വാഗ്ദാനങ്ങളുടെ പൂർത്തീകരണമാണെന്നു പറയാം.

**അബ്രാഹത്തിന്റെ മറുപടി 12, 4-9:** "കർത്താവു കല്പിച്ചതനുസരിച്ച് അബ്രാഹം പുറപ്പെട്ടു" എന്ന കൊച്ചു വാചകത്തിൽ അബ്രാഹത്തിന്റെ മറുപടി അടങ്ങിയിരിക്കുന്നു. സുരക്ഷിതത്വം നഷ്ടപ്പെടുന്നതിലുള്ള ആകുലതയോ ഭാവിയെക്കുറിച്ചുള്ള ആശങ്കയോ ഒന്നു ഇവിടെ വിവരിക്കുന്നില്ല. നിരുപാധികവും സമ്പൂർണ്ണവുമായ അനുസരണാണ് തനിക്കു ലഭിച്ച വിളിക്ക് അബ്രാഹം നൽകുന്ന മറുപടി, "എവിടേയ്ക്കാണ് പേകേണ്ടത് എന്നറിയാതെയാണ് അവൻ പുറപ്പെട്ടത്" (ഹെബ്ര 11, 8). വിശ്വാസത്തെ സംബന്ധിച്ച മഹത്തായ ഒരു പാഠം ഇതിൽനിന്നു ലഭിക്കുന്നു. കണക്കുകൂട്ടാതെയുള്ള കാഴ്ചവയ്ക്കലാണത്. വിളിക്കുന്ന ദൈവത്തെ അനുസരിച്ച് അവൻ നയിക്കുന്ന മാർഗ്ഗത്തിലൂടെ സഞ്ചരിക്കലാണ് വിശ്വാസം.

"വിശ്വാസം എന്നതു പ്രത്യാശിക്കുന്നവ ലഭിക്കും എന്ന ഉറപ്പും

കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്" (ഹെബ്ര 11, 1) എന്ന നിർവ്വചനം അബ്രാഹത്തിന്റെ പ്രവൃത്തിയിൽ സാക്ഷാൽക്കരിക്കപ്പെടുന്നു. വിശ്വാസം മനുഷ്യന്റെ സകല കഴിവുകളോയും സ്പർശിക്കുന്നതാണ്. അദൃശ്യവും അഗ്രാഹ്യവുമായവ ഉണ്ട് എന്ന് അംഗീകരിക്കുമ്പോൾ വിശ്വാസം ബുദ്ധിയുടെ തലത്തേയും, വിളിക്കുന്നവന്റെ പിന്നാലെ യാത്ര തിരിക്കുന്ന അനുസരണം ഇച്ഛാശക്തിയേയും, ദൈവം വിശ്വസ്തനാണെന്ന് ഏറ്റുപറഞ്ഞു സ്വയം വിട്ടുകൊടുക്കുമ്പോൾ ഹൃദയത്തേയും സ്പർശിക്കുന്നു. ഹാരാനിൽ നിന്നു പുറപ്പെടുന്ന അബ്രാഹം ഇപ്രകാരമൊരു വിശ്വാസത്തിന്റെ ആദ്യത്തെ മാതൃകയും വിശ്വാസികളുടെയെല്ലാം വഴികാട്ടിയുമാണ്.

കാനൻ ദേശമായിരുന്നു യാത്രാലക്ഷ്യമെങ്കിലും അബ്രാഹം ഒരിടത്തും സ്ഥിരവാസമാക്കുന്നില്ല. "അക്കാലത്ത് കാനാൻകാർ അവിടെ പാർത്തിരുന്നു" എന്ന പ്രസ്താവന രണ്ടു കാര്യങ്ങൾ സൂചിപ്പിക്കുന്നു. 1. കാനൻകാർ അവിടെ വാസമില്ലാത്ത കാലത്താണ് ഈ വിവരണം എഴുതപ്പെട്ടത്. ദാവീതിന്റെ കാലത്തായിരുന്നു കാനാൻദേശം പൂർണ്ണമായും ഇസ്രായേൽകാർ സ്വന്തമാക്കിയ.ത്. പിതാക്കന്മാരുടെ കാലത്തെക്കുറിച്ച് ചരിത്രപരമായ ഒരു ഓർമ്മക്കുറിപ്പായി ഈ പ്രസ്താവനയെ കരുതാം. 2. ദേവം വാഗ്ദാനം ചെയ്ത ഈ ഭൂമി അബ്രാഹത്തിന് ഉടനെ ലഭിച്ചില്ല. വിദൂരമായൊരു ഭാവിയിലേ വാഗ്ദാനം നിറവേറുകയുള്ളൂ.

അബ്രാഹം എത്തുന്നതിനു രണ്ടു സഹസ്രാബ്ദം മുമ്പേ ഷെക്കെം ഒരു പ്രധാന നഗരമായിരുന്നു. പിൽക്കാലത്ത് ഷെക്കെം ഇസ്രായേൽകാരുടെ ഒരു മുഖ്യനഗരമായി. ഷെക്കെമിലെ "മോറെയുടെ ഓക്കുമരം" വീണ്ടു പലതവണ പരാമർശിക്കപ്പെടുന്നുണ്ട്. (ഉൽപ 35, 4; നിയ 11, 30; ജോഷ്വാ 24, 26; ന്യായാ 9, 6), ഗുരു, ദൈവഹിതം വെളിപ്പെടുത്തുന്നവൻ എന്നൊക്കെയാണ് "മോറേ" എന്ന ഹീബ്രൂനാമത്തിന്റെ അർത്ഥം. മരത്തിന്റെ ചില്ലകളിൽ കാറ്റടിക്കുമ്പോഴുണ്ടാകുന്ന മർമ്മരശബ്ദം വ്യഖ്യാനിച്ച് അരുളപ്പാടുകൾ നൽകുക പുരാതനകാലത്തു പതിവായിരുന്നു. ഇപ്രകാരം കാനാൻകാർക്കു മതപരമായ പ്രാധാന്യമുള്ള ഒരു മരമായിരുന്നു ഷെക്കെമിലെ മോറേയുടെ ഓക്കുമരംയ "ഷെക്കേമിലെ സ്ഥലത്ത് മോറേയുടെ ഓക്കുമരത്തിനടുത്തെത്തി" എന്നാണ് ഹീബ്രൂമൂലം. "സ്ഥലം" എന്നത് ബൈബിളിൽ "ആരാധനാസ്ഥലം" എന്നർത്ഥമുള്ള ഒരു സാങ്കേതിക നാമമാണ്. കാനാൻകാരുടെ ആരാധനാസ്ഥലത്തുവച്ച് അബ്രാഹത്തിനു കർത്താവു പ്രത്യക്ഷപ്പെടുന്നതും അബ്രാഹം അവിടെ ഒരു ബലിപീഠം പണിയുന്നതും വളരെ പ്രാധാന്യമർഹിക്കുന്നു. ഓക്കുമരമല്ല

കർത്താവാണ് അബ്രാഹത്തിനു സന്ദേശം ന്ലകുന്നത്. കാനാൻകാരുടെ ആരാധനാസ്തലത്തിനും സമീപത്ത് അബ്രാഹം കർത്താവിനു വേണ്ടി പണിയുന്ന ബലിപീഠം കാനാൻ ദേശത്ത് കർത്താവിന്റെ ആധിപത്യം ഏറ്റു പറയുന്നു. കാനാൻകാരുടെ വിഗ്രഹാരാധനയോടും വൃക്ഷാരാധനയോടുമുള്ള എതിർപ്പും അവയുടെ തിരസ്കരണവും പിൽക്കാലത്ത്, പ്രത്യേകിച്ചും പ്രവാചകന്മാരിലൂടെ കൂടുതൽ വ്യക്തമാകും.

"ഈ നാട് നിന്റെ സന്തതികൾക്ക് ഞാൻ കൊടുക്കും" എന്ന വാഗ്ദാനം ഹാരാനിൽ വച്ചു നൽകിയ വാഗ്ദാനത്തെ കൂടുതൽ വ്യക്തമാക്കുന്നു. അതേ സമയും അബ്രാഹത്തിന്റെ ജീവിതകാലത്ത് അതു പൂർത്തിയാവുകയില്ല എന്ന സൂചനയും നൽകുന്നു. നിറവേറാത്ത വാഗ്ദാനങ്ങളിൽ വിശ്വസിച്ചുകൊണ്ട് യാത്ര തുടങ്ങുന്ന തീർത്ഥാടകന്റെ ചിക്രമാണ് അടുത്ത വാക്യങ്ങൾ അവതരിപ്പിക്കുന്നത്.

ജറുസലെം കഴിഞ്ഞാൽ ബൈബിളിൽ ഏറ്റം കൂടുതൽ പരാമർശിക്കപ്പെടുന്ന നഗരമാണ് ബേഥേൽ. അബ്രാഹം എത്തുന്നതിന് നൂറുവർഷം മുമ്പേ അതു കാനാൻകാരുടെ ആരാധനാകേന്ദ്രമായിരുന്നു. ഏലിന്റെ ഭവനം എന്നാണ് ബേഥേൽ എന്ന പേരിന്റെ അർത്ഥം. കാനാൻകാർ ആരാധിച്ചിരുന്ന ദേവത്തിന്റെ പേരാണ് ഏൽ. ഇസ്രായേൽക്കാർ ദൈവം എന്ന അർത്ഥത്തിൽ ഈ നാമം ഉപയോഗിച്ചു. "ബേഥേലിനും ആയിപ്പട്ടണത്തിനും മധ്യേ കൂടാരമടിച്ചു. പിന്നീട് നെഗേബിനു നേരെ യാത്ര തുടർന്നു" എന്ന പ്രസ്താവന അബ്രാഹത്തിന്റെ ജീവിതശൈലി വിവരിക്കുന്നു. പട്ടണങ്ങളുടെ പ്രാന്തപ്രദേശത്ത് കൂടാരമടിച്ചുരന്നു ഹബീറുക്കളുടേതുമായി ഇതിനുള്ള സാമ്യം വ്യക്തമാണ്. ഇടയന്മാർ പട്ടണങ്ങൾക്കു പുറത്താണ് വസിച്ചിരുന്നത്; അതും കുറച്ചു കാലത്തേയ്ക്കുമാത്രം. ഒരിടത്തും സ്ഥിരതാമസമാക്കാതെ ആടുകൾക്കു തീറ്റ തേടി നിരന്തരം യാത്ര ചെയ്യുന്ന വ്യക്തിയാണ് അബ്രാഹം. കൂടാരത്തിന് ഉറപ്പും സ്ഥരതയുമില്ല, വേഗം അഴിച്ചുമാറ്റുകയും വീണ്ടും ഉറപ്പിക്കുകയും ചെയ്യാം. വാഗ്ദത്ത ഭൂമിയിൽ വിദേശിയെപ്പോലെ കഴിഞ്ഞ എന്നു കൂടാരങ്ങളിൽ വസിച്ചു എന്നും ഹെബ്രായ ലേഖനം പിതാക്കന്മാരെക്കുറിച്ചു പറയുമ്പോൾ (ഹെബ്രാ, 11, 9) അവരുടെ തീർത്ഥാടക സ്വഭാവത്തെയാണ് സൂചിപ്പിക്കുന്നത്. ഈ ഭൂമിയിൽ സ്ഥിരമായ വാസമില്ലാത്തവരാണ് വിശ്വാസികളായ തീർത്ഥാടകർ. കാനാൻ ദേശത്തിന്റെ തെക്ക് ചാവ് കടലിനും സീനായ് മരുഭൂമിക്കും മധ്യേയുള്ള പ്രദേശമാണ് നെഗെബ്. ആടു മേയ്ക്കുന്നവർക്കു യോജിത്ത പ്രദേശമായിരുന്നു അത്. അബ്രാഹത്തിന്റെ ജീവിതത്തിന്റെ അധികപങ്കും ഇവിടെയാണ് ചിലവഴിച്ചത്.

അബ്രാഹവും പിന്നീട് യാക്കോബും കാനാനിലെ പല പട്ടണങ്ങളിലും തങ്ങൾക്കുണ്ടായ പ്രത്യേക ദൈവനുഭവത്തെ അനുസ്മരിച്ചുകൊണ്ട് കർത്താവിന് ബലിപീഠങ്ങൾ പണിത് ആരാധന അർപ്പിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പട്ടണങ്ങളെല്ലാം തന്നെ പിൽക്കാലത്ത് ഇസ്രായേൽകാരുടെ പ്രധാന നഗരങ്ങളും ആരാധനാ കേന്ദ്രങ്ങളുമായിരുന്നു. പൂർവ്വ പിതാക്കന്മാരുടെ ദൈവാനുഭവവുമായി ബന്ധിപ്പിക്കുന്നത് ആ കേന്ദ്രങ്ങളുടെ പ്രാധാന്യം എടുത്തു കാട്ടാൻ സഹായിക്കുന്നു.

**വിചിന്തനം:** അബ്രാഹത്തെ വിളിച്ചതുപോലെ ദൈവം ഓരോ വ്യക്തിയെയും വിളിക്കുന്നു. ഓരോരുത്തരെയും സംബന്ധിച്ച് ദൈവത്തിനൊരു പദ്ധതിയുണ്ട്. ദൈവത്തിന്റെ വിളിക്കു പ്രാർത്ഥനാപൂർവ്വം കാതോർക്കാനും തന്നെ സംബന്ധിച്ച ദൈവിക പദ്ധതിയെന്തെന്ന് മനസ്സിലാക്കാനും ഓരോരുത്തരും തയ്യാറാവണം. ദൈവത്തിന്റെ തിരഞ്ഞെടുപ്പും വിളിയും തികച്ചും സൗജന്യമാണ്. എന്തെങ്കിലും മഹത്വമോ മേന്മയോ കണ്ടതുകൊണ്ടല്ല ദൈവം തിരഞ്ഞെടുക്കുന്നതും, ദൈത്യം ഏല്പിക്കുന്നതും. അനാദി മതുലേ ദൈവം നമ്മെ സ്നേഹിച്ചു; അതുമാത്രമാണ് വിളിയുടെ മാനദണ്ഡം. നിരുപാധികമായ അനുസരണവും പൂർണ്ണമായ സമർപ്പണവുമാണ് ദൈവം പ്രതീക്ഷിക്കുന്ന പ്രത്യുത്തരം.

നാം വിലപ്പെട്ടതായി കരുതുന്ന പലതും ദൈവവിളി സ്വീകരിക്കാനായി നഷ്ടപ്പെടുത്തേണ്ടിവരും. സുഹൃദ്ബന്ധങ്ങളും കുടുംബബന്ധങ്ങളും നേടിയെടുത്ത സമ്പത്തും ഭാവി സുരക്ഷിതമാക്കുന്ന വീടും ജോലിയും ചിലപ്പോൾ ഉപേക്ഷിക്കേണ്ടിവരും. അതു നഷ്ടമായിരിക്കുകയില്ല. കാരണം നമ്മെ സൃഷ്ടിക്കുകയും നമ്മുടെ നന്മ മാത്രം ആഗ്രഹിക്കുകയും ചെയ്യുന്ന ദൈവമാണ് വിട്ടുപേക്ഷിച്ച് ഇറങ്ങിത്തിരിക്കുവാൻ ആഹ്വാനം ചെയ്യുന്നത്. ദൈവവിളി സ്വീരിക്കുന്നവർ ഭാവി മുഴുവൻ മുന്നിൽ കാണാതെയാണ് യാത്ര പുറപ്പെടുന്നത്. ഒരിടി മുന്നോട്ടു വയ്ക്കാനുള്ള പ്രകാശമേ പലപ്പോഴും ലഭിക്കൂ. നിരന്തരം ദൈവത്തിന്റെ സ്വരത്തിനു കാതോർക്കുകയും കിട്ടുന്ന പ്രകാശത്തിൽ സഞ്ചരിക്കുകയുമാണ് വിശ്വാസി ചെയ്യേണ്ടത്.

## ചോദ്യങ്ങൾ

1. ഹാരാനിൽ വച്ച് അബ്രാഹത്തിനു ലഭിച്ച കൽപന എന്ത്?
2. കർത്താവ് എന്തൊക്കെയാണ് അബ്രാഹത്തിനു വാഗ്ദാനം ചെയ്തത്?
3. അബ്രാഹത്തിനു ലഭിച്ച വാഗ്ദാനങ്ങൾക്ക് ബാബേൽ ഗോപുരതിതന്റെ

വിവരണവുമായുള്ള ബന്ധം എന്ത്?

4. മോറേയും ഓക്കുമരത്തിന്റെ പ്രത്യേകതയെന്ത്?

5. കാനാൻകാരുടെ ആരാധനാകേന്ദ്രങ്ങൾക്കു സമീപം അബ്രാഹഹം ബലിപീഠങ്ങൾ പണിതതിന്റെ പ്രസക്തിയെന്ത്?

**ചർച്ചക്ക് :** അബ്രാഹത്തിന്റെ ദൈവവിളി നിങ്ങളുടെ ദൈവവിളിയുമായി താരതമ്യം ചെയ്യുക.

**പ്രാർത്ഥന:** "എന്റെ ദൈവമേ, അങ്ങയുടെ ഹിതം നിറവേറ്റുകയാണ് എന്റെ സന്തോഷം" (സങ്കീ 40, 8).

## 2. വാഗ്ദാനം അപകടത്തിൽ 12, 10-20

ദേശത്തേയും സന്തതിയേയും സംബന്ധിച്ച് അബ്രാഹത്തിനു ലഭിച്ച വാഗ്ദാനം അപകടത്തിലാകുന്ന ഒരു സംഭവമാണ് അടുത്തതായി വിവരിക്കുന്നത്. പൂർവ്വമാതാവിന്റെ സൗന്ദര്യത്തിൽ ആകൃഷ്ടനായ ഒരു രാജാവ് അവളെ ഭാര്യയായി സ്വീകരിക്കാൻ ശ്രമിച്ച സംഭവിത്തിന്റെ രണ്ടു വിവരണങ്ങൾ കൂടി ഉൽപത്തി പുസ്തകത്തിലുണ്ട്. (20, 1-18, 26, 1-10). ഒരേ സംഭവത്തിന്റെ മൂന്നു വ്യത്യസ്ത വിവരണങ്ങളാണ് ഇവയെന്ന് പൊതുവെ കരുതപ്പെടുന്നു.

നിർണ്ണായകമായ പ്രതിസന്ധികളിൽ സ്വന്തം ബുദ്ധിയും വിവേകവും ഉപയോഗിച്ചു തീരുമാനമെടുക്കുന്ന അബ്രാഹത്തിന്റെ ചിത്രം യാഹ്വിസ്റ്റ് ഗ്രന്ഥകാരൻ വരച്ചുകാട്ടുന്നു. രൂക്ഷമായ ക്ഷാമം ഉണ്ടായപ്പോൾ ജീവൻ നില നിർത്താൻ വേണ്ടിയാണ് അബ്രാഹം ഈജിപ്തിലേക്കു പോയതു കാനാൻ ദേശത്തു വാസമുറപ്പിച്ചിരുന്നവർ ക്ഷാമകാലത്ത് ഭക്ഷണം തേടി ഈജിപ്തിലേക്കു പോകുക സാധാരണമായിരുന്നു. ഈജിപ്തിൽ നിന്നു കണ്ടു കിട്ടിയിട്ടുള്ള പുരാതനരേഖകൾ ഇപ്രകാരമുള്ള യാത്രകൾക്ക് സാക്ഷ്യം വഹിക്കുന്നുണ്ട്. യാക്കോബിന്റെ മക്കൾ ഈജിപ്തിലേക്കു പോകുന്ന ഇതുപോലുള്ള ഒരു സാഹചര്യത്തിലാണ്.

ഫറവോയ്ക്കും കുടുംബത്തിനും നേരിട്ട പീഡനങ്ങൾ എന്തെന്നോ, അതു ദൈവശിക്ഷയാണെന്ന് എപ്രകാരം ഫറവോ മനസ്സിലാക്കുകയെന്നോ വി. ഗ്രന്ഥകാരൻ വിവരിക്കുന്നില്ല. തന്റെ പ്രവൃത്തിക്കു ന്യായീകരണം നൽകാൻ അബ്രാഹത്തിന് അവസരവും നൽകുന്നില്ല. നാട്ടുനടപ്പനുസരിച്ച് ഫറവോയുടെ പ്രവർത്തനത്തിന് ഒരു പരിധി വരെ ന്യായീകരണമുണ്ട്. എന്നാൽ തോന്നിയവരെ ഒക്കെ ഭാര്യയാക്കുന്ന ശക്തൻമാരുടെ അധർമ്മത്തെ അതികഠിനമായ പാപമായി ചിത്രീകരിച്ച (ഉൽപ. 6, 1-4)

യാഹ്വിസ്റ്റ് ഗ്രന്ഥകാരൻ തന്നെയാണ് ഈ വിവരണം നൽകുന്നത്.

അബ്രാഹത്തിന്റെ ഭാര്യയെ സ്വന്തമാക്കിയതിന്റെ പേരിൽ മഹാമാരികളാല്ോ ഫറവോയും കുടുംബവും പീഡിപ്പിക്കപ്പെട്ടതും വസ്തുവകകളോടെ ഫറവോ അവരെ യാത്രയാക്കിയതും പുറപ്പാടു സംഭവത്തിന്റെ ഒരു മുന്നാസ്വാദനമാണ് (പുറ 12, 29-36). തന്നിൽ വിശ്വാസമർപ്പിക്കുന്ന സാധുക്കൾക്ക്, അവരുടെ അയോഗ്യതയെ പരിഗണിക്കാതെ, ദൈവം സംരക്ഷണം നൽകും എന്ന പാഠമാണ് ഈ സംഭവത്തിൽ നിന്നു ലഭിക്കുക.

ഈ വിവരണങ്ങളിലെ അവസാനത്തെ വാക്യത്തിന്റെ മലയാള വിവർത്തനം വളരെ സൗമ്യമായ തോന്നാം. എന്നാൽ "ഫറവോയുടെ ആൾക്കാർ" എന്നു പറയുന്നത് പട്ടാളക്കാരാണ്. അവർ ഈജിപ്തിൽ നിന്ന് അബ്രാഹത്തെ പുറത്താക്കുകയാണ് ചെയ്തത്. ഫറവോയുടെ സംഭാഷണവും പരുഷമാണ്. അബ്രാഹത്തിനു യാതൊരു ന്യായീകരണവും ഇല്ല. സംരക്ഷണം നൽകിയെങ്കിലും താൻ ചെയ്ത തെറ്റിന് അബ്രാഹം തക്കതായ ശിക്ഷ അനുഭവിക്കേണ്ടി വന്നു. തന്നെയുമല്ല. അബ്രാഹം ഈജിപ്തിൽ തുടരാതിരിക്കാൻ ദൈവം തന്നെയാണ് വഴിയൊരുക്കിയത്.

**വിചിന്തനം:** തന്നിൽ ആശ്രയിക്കുന്ന പാവപ്പെട്ടവർക്ക് കർത്താവും സംരക്ഷണം ന്ലകും. ബലഹീനരെ പീഢിപ്പിക്കുന്ന അധർമ്മികളായ രാജാക്കന്മാർ കർത്താവിനെ തങ്ങളുടെ എതിരാളിയായി കാണേണ്ടി വരും. ശിക്ഷാഭീതി കൂടാതെ അക്രമം പ്രവർത്തിക്കാൻ ദൈവം ആരേയും അനുവദിക്കുകയില്ല. അധർമ്മികളുടെ അക്രമങ്ങളും ബലഹീനരുടെ ഭീരുത്വവും വഴി രക്ഷാപദ്ധതി പരാജയപ്പെടാൻ ദൈവം സമ്മതിക്കുകയില്ല. യാതൊരു രക്ഷാമാർഗ്ഗവും ഇല്ലാതെ ജീവിതം വഴിമുട്ടിയെന്നു തോന്നുമ്പോൾ ദൈവം അപ്രതീക്ഷിതമായ പുതിയൊരു വഴി തുറക്കുന്നു.

## 3. സാഹോദര്യത്തിന്റ മാതൃക 13, 1-18

ഒരുമിച്ചു വസിച്ചിരുന്ന സഹോദരങ്ങൾ തമ്മിൽ കലഹത്തിനുള്ള സാധ്യതകളുണ്ടായതും ആ പ്രതിസന്ധിയിൽ അബ്രാഹം മാതൃകാപരമായ തീരുമാനമെടുത്തതുമാണ് ഈ അധ്യായത്തിൽ വിവരിക്കുന്നത്. ഈ വിവരണത്തിന്റെ അധികപങ്കും യാഹ്വിസ്റ്റ് ഗ്രന്ഥകാരന്റേതാണ്. 6, 11-12 വാക്യങ്ങൾ മാത്രം പുരോഹിതഗ്രന്ഥകർത്താവിന്റേതായി കരുതപ്പെടുന്നു.

**പ്രതിസന്ധി:** 13, 1-7: ഈജിപ്തിൽ നിന്നു പുറത്താക്കപ്പെട്ട അബ്രാഹവും കുടുംബവും പോയ വഴിക്കു തന്നെ മടങ്ങി. ഈജിപ്തിൽ വച്ചു ലഭിച്ച സമ്മാനങ്ങൾ അബ്രാഹത്തെ വലിയൊരു ധനികനാക്കിത്തീർത്തു. 3-4 വാക്യ

ങ്ങൾ, 12, 8ൽ പറഞ്ഞ കാര്യങ്ങൾ അനുസ്മരിപ്പിക്കുന്ന കർത്താവിനെ വിളിച്ചപേക്ഷിക്കുകയും അവിടുത്തേയ്ക്ക് ആരാധന അർപ്പിക്കുകയും ചെയ്യുക തന്റെ മുഖ്യധർമ്മായി അബ്രാഹം കരുതിയിരുന്നു. ലോത്തിന്റെ സമ്പത്തിനെക്കുറിച്ചുള്ള പരാമർശത്തിൽ എടുത്തു പറയുന്ന കൂടാരങ്ങൾ വേലക്കാരുടെ, അഥവാ അടിമകളുടെ കുടുംബങ്ങളായാണ് സൂചിപ്പിക്കുക.

13, 6 സഹോദരങ്ങൾ വേർപിരിയേണ്ടിവന്ന സാഹചര്യം വിവരിക്കുന്ന. ഇത് പുരോഹിത രചയിതാവിന്റെ വിശദീകരണമാണ്. ആടുമാടുകൾ അധികമായതാണ് ഒരുമിച്ചു വസിക്കുക അസാധ്യമാക്കിയത്. സമ്പത്തു വർദ്ധിക്കുമ്പോൾ സാഹോദര്യത്തിനും കൂട്ടായ്മക്കും ക്ഷതമേൽക്കുന്നു.

**പരിഹാരം: 13, 8-13:** ലോത്ത് അബ്രാഹത്തിന്റെ സഹോദരപുത്രനാണ് എങ്കിലും അബ്രാഹം അയാളെ സഹോദരനായി തന്നെ കരുതുന്നു. സോഹദരൻ എന്നതിന് കുടുംബാംഗം എന്നർത്ഥമുണ്ട്. "കലഹം ഉണ്ടാക്കരുത്. കാരണം നാം സഹോദരങ്ങളാണ്" എന്ന അബ്രാഹത്തിൻരെ നിലപാടി കായേന്റേയും (ഉൽപ. 4, 9) ലാമേക്കിന്റേയും (ഉൽപ. 4, 24) സംസ്കാരത്തെ തിരുത്തിക്കുറിക്കുന്നു. മൂത്ത സഹോദരൻ എന്ന നിലയിൽ അബ്രാഹമാണ് പ്രതിസന്ധിയിൽ മുൻകൈയേടുത്ത് പരിഹാരം നിർദ്ദേശിക്കുന്നത്. മൂപ്പനുസരിച്ച് ആദ്യം തിരഞ്ഞടുക്കാനുള്ള അവകാശം അബ്രാഹത്തിന്റേതായിരുന്നു. എന്നാൽ അവകാശം ഇളയസഹോദരനു വിട്ടുകൊടുക്കുമ്പോൾ അദ്ദേഹം സാഹേദര്യത്തിന്റെ മാതൃകയായി മാറുന്നു. ലോത്തിന്റെ ഭാഗത്തുനിന്ന് ഇപ്രകാരം യാതൊരു പരിഗണനയുമില്ല. ലോത്തിന്റെ തീരുമാനത്തിൽ മൂന്നു കാര്യങ്ങൽ ശ്രദ്ധേയമാണ്. 1. ലോത്തു തന്നെ തൻരെ അവകാശം നിശ്ചയിക്കുന്നതും തിരഞ്ഞെടുക്കുന്നതും. അബ്രാഹമാകട്ടെ വിട്ടികൊടുക്കാൻ സന്നദ്ധനാണെന്നു മാത്രമല്ല, കർത്താവിൽനിന്നു സ്വീകരിക്കാനേ ആഗ്രഹിക്കുന്നുള്ളൂ. 2. ജലപുഷ്ടിയുള്ള സമതലമാണ് ലോത്ത് തിരഞ്ഞെടുത്തത്. സഹോദരനായി മാറ്റി വച്ചത് മരുപ്രദേശമാണെന്ന കാര്യം അയാൾക്കു പ്രശ്നമായില്ല. പ്രത്യക്ഷത്തിൽ നല്ല പങ്കാണ് ലോത്ത് തിരഞ്ഞെടുത്തത്. എന്നാൽ യാഥാർത്ഥ്യം മറിച്ചായിരുന്നു. 3. സോദോം നഗരത്തിനടുത്താണ് ലോത്ത് കൂടാരമടിച്ചത്. നഗരത്തോടുള്ള താൽപര്യം ലോത്തിൽ പ്രകടമാകുന്നു. ദുഷ്ടന്മാരുടെയും പാപികളുടെയും താവളമാണത് എന്നറിഞ്ഞുകൊണ്ടു തന്നെ ലോത്ത് അത് തിരഞ്ഞെടുക്കുകയും അവിടെ വാസമുറപ്പിക്കുകയും ചെയ്തു. സോദോം, ഗോമോറാ നഗരങ്ങളുടെ നാശത്തെ കുറിച്ചു സോദോമിന്റെ പാപത്തെക്കുറിച്ചുമുള്ള സൂചനകൾ 18-19 അധ്യായങ്ങളിൽ പറയാൻ പോകുന്ന കാര്യങ്ങൾക്ക് പശ്ചാത്തലമൊരുക്കുന്നു.

**അബ്രാഹത്തിന് അനുഗ്രഹം: 13, 14–18:** നിസ്വാർത്ഥതയിലും ഔദാര്യത്തിലും തന്നെ മറി കടക്കുവാൻ ദൈവം ആരെയും അനുവദിക്കുകയില്ല. സഹോദരനു വേണ്ടി അവകാശത്തിൽ നല്ല പങ്കു തൃജിക്കാൻ സന്നദ്ധനായ അബ്രാഹത്തിന് ദൈവം തന്നെയാണ് അവകാശം നൽകുന്നത്. കാനാൻ ദേശം അവകാശമായി നൽകും എന്ന് 12, 7ൽ നൽകിയ വാഗ്ദാനത്തിന്റെ ആവർത്തനമാണ്. എണ്ണമറ്റ സന്തതികളെക്കുറിച്ചുള്ള വാഗ്ദാനം പുതിയാതാണ്. "വലിയ ജനത" (12, 1) എന്ന വാഗ്ദാനത്തെ ഇവിടെ വിശദമാക്കുന്നു വാഗ്ദത്തഭൂമിക്കു കുറുകെയും നെടുകെയും നടക്കുന്നത് അതിന്മേൽ അവകാശം സ്ഥാപിക്കുന്നതിന്റെ പ്രതീകമാണ്.

മാമ്രേ ഒരു സ്ഥലപ്പേരും വ്യക്തിയുടെ പേരുമാണ്. ജറുസലെമിൽ നിന്ന് ഏകദേശം 30 കിലോമീറ്റര് തെക്കും ഹെബ്രോണിൽ നിന്ന് മൂന്നു കിലോമീറ്റർ വടക്കുമായിട്ടാണ് മാമ്രേ. ഓക്കുമരത്തെക്കുറിച്ചുള്ള പരാമർശം അത് ഒരു ആരാധനാകേന്ദ്രമായിരുന്നുവെന്ന് സൂചിപ്പിക്കുന്നു. പതിവുപോലെ ഇവിടെയും കർത്താവിന് ബലിപീഠം നിർമ്മിച്ച് ആരാധനയർപ്പിച്ചു. അബ്രാഹത്തിന്റെ തുടർന്നുള്ള ജീവിതത്തിൽ ഭുരിഭാഗവും ഈ പ്രദേശത്താണ് ചിലവഴിച്ചത്. ഹെബ്രോൺ പൂർവ്വപിതാക്കന്മാർക്കെല്ലാം പ്രധാനപ്പെട്ട ഒരു പട്ടണമായിരുന്നു. അവിടെയാണ് അബ്രാഹം ഒരു ശവകുടീരം വിലയ്ക്കു വാങ്ങിയത്. പില്ക്കാലത്ത് യൂദാഗോത്രത്തിന്റെ കേന്ദ്രമായിരുന്നു ഹെബ്രോൺ. അവിടെവച്ചാണ് ദാവീദ് തന്റെ രാജഭരണം തുടങ്ങിയതും (2 സാമു 2, 1) അബ്ശലോം ദാവീദിനെതിരെ കലാപം ആരംഭിച്ചതും (2 സാമു 15, 10).

**വിചിന്തനം:** പ്രത്യക്ഷത്തിൽ ലാഭകരമാണെന്നു തോന്നുന്നതെല്ലാം യഥാർത്ഥത്തിൽ നല്ലതാവണമെന്നില്ല. സഹോദരന് അർഹമായതു കരസ്ഥമാക്കി ആർക്കും ദീർഘകാലം സന്തോഷമനുഭവിക്കാൻ സാധിക്കുകയില്ല. പിടിച്ചെടുക്കുന്നതിനേക്കാൾ ലഭികരം വിട്ടുകൊടുക്കുന്നതാണ്. ദൈവ പ്രതിഫലം നൽകും.

## 4. സഹോദരനു സംരക്ഷണം 14, 1–24

പൂർവ്വപിതാക്കന്മാരുടെ ചരിത്രത്തിൽ പൊതുവേ കാണുന്നതിൽ നിന്നു തികച്ചും വ്യത്യസ്തമായൊരു വിവരണമാണ് ഇ അധ്യത്തിലൂള്ളത്. കാനാൻ ദേശത്തെ മേച്ചിൽ പുറങ്ങളിൽ നിന്ന് പൊടുന്നനെ വി. ഗ്രന്ഥകാരൻ ഒരു അന്താരാഷ്ട്ര സംഖ്യത്തിലേക്കും യുദ്ധരംഗത്തേക്കും ശ്രദ്ധ തിരിക്കുന്നു. ശാന്തശീലനും സമാധാനപ്രിയനുമായ ഒരു ഇടയപ്രമാണി

യായിരുന്നു അബ്രാഹം നാലു സാമ്രാജ്യങ്ങളുടെ സംയുക്ത സൈന്യത്തെ തോല്പിച്ചോടിക്കുന്ന അതിധീരനായ പടനായകനായി പ്രത്യക്ഷപ്പെടുന്നു. ഈ വിവരണത്തിന്റെ വിശദാംശങ്ങളിൽ പലതിനെക്കുറിച്ചു വ്യക്തത ലഭ്യമല്ല. എന്നാൽ ഇതിലൂടെ വി. ഗ്രന്ഥകാരൻ നൽകുന്ന പൊതുവായ സന്ദേശം ഗ്രഹിക്കുവാൻ പ്രയാസമില്ല.

കഴിഞ്ഞ അധ്യായത്തിലെന്നതുപോലെ ഇവിടെയും സാഹോദര്യമാണ് മുഖ്യപ്രമേയം. തടവുകാരനാക്കപ്പെട്ട സഹോദരനെ രക്ഷിക്കാൻ വേണ്ടി ജീവൻ പണയപ്പെടുത്തിയും പടപൊരുതുന്ന അബ്രാഹം സാഹോദര്യത്തിന്റെ മറ്റൊരു മാനം എടുത്തു കാട്ടുന്നു. യുദ്ധം ജയിച്ചു മടങ്ങിവരുന്ന അബ്രാഹത്തെ അനുഗ്രഹിക്കുന്ന മെൽകിസെദെക്കിനെ കുറിച്ചുള്ള പരാമർശം ഈ സംഭവത്തെ രക്ഷാചരിത്രവുമായി ബന്ധിപ്പിക്കുന്നു. പഞ്ചഗ്രന്ഥത്തിനു പിന്നിലുള്ള നാലു പാരമ്പര്യങ്ങളിലും പെടാത്തതാണ് ഈ വിവരണമെന്നും അതിനാൽ മറ്റേതോ സ്രോതസ്സിൽ നിന്നാണ് ഇതിന്റെ ഉത്ഭവമെന്നു കരുതപ്പെടുന്നു.

**രാജാക്കന്മാർ തമ്മിൽ യുദ്ധം 14, 1-12:** കാനാൻ ദേശത്തെ സാമന്തരാജാക്കന്മാർ ഉയർത്തിയ കലാപം അടിച്ചമർത്താനായി മെസൊപ്പൊട്ടേമിയായിലെ നാല് രാജാക്കന്മാർ നടത്തിയ ഒരു പടയോട്ടമാണ് ഈ വാക്യങ്ങൾ വിവരിക്കുന്നത്. ഷീനാർ രാജാവായ അംറാഫേൽ ഒരു ബാബിലോണിയൻ രാജാവാണ്. ബാബിലോണിനെ ഷീനാർ എന്നു പലപ്പോഴും വിളിക്കാറുണ്ട്. അരിയോക്ക് ഹൂര്യരുടെ രാജാവാണ്. ബിബിലോണിന്റെ കിഴിക്കുള്ള രാജ്യാമാത്ര ഏലാം. ഗോയിം എന്നത് ഹിത്യരെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഒരു പേരാണ്. രണ്ടാം സഹസ്രാബ്ദത്തിന്റെ ആരംഭത്തിൽ മെസൊപ്പൊട്ടേമിയായെ ഭരിച്ചിരുന്ന നാലു ശക്തമായ സാമ്രാജ്യങ്ങളാണിവ.

സോദോം, ഗോമോറ, അദ്മാ, സെബോയിം, സോവാർ എന്നിവ ചാവുകടലിന്റെ തെക്കുണ്ടായിരുന്ന ചെറിയ നഗരങ്ങളായിരുന്നു. സിദ്ദിം താഴ്‌വരം ഇപ്പോൾ ഉപ്പുകടലാണ് എന്ന വിശദീകരണം ഈ നാട്ടുരാജ്യങ്ങൾ എവിടെയായിരുന്നുവെന്ന് സൂചിപ്പിക്കുന്നു. ചാവുകടലിന്റെ തെക്കെ അറ്റം ഒരു കാലത്ത് ഫലപുഷ്ടമായി സമതലമായിരുന്നുവെന്നും ഭൂകമ്പമോ അഗ്നിപർവ്വതത്തിന്റെ പൊട്ടിത്തെറികളോ കാരണം ചാവുകടലിൽ നിന്ന് ഈ പ്രദേശത്തേയ്ക്കു വെള്ളം കയറിയതാണെന്നും കരുതപ്പെടുന്നു. ഈ ഭാഗത്ത് കടലിന് ഇരുപതടിയിൽ കുറഞ്ഞ ആഴമേ ഉള്ളൂ. എന്നാൽ മറ്റു ഭാഗങ്ങളിൽ ആയിരത്തിൽ പരം അടി ആഴമുണ്ട്. ഈ നഗരങ്ങളുടെ

നാശത്തെക്കുറിച്ച് പത്തൊമ്പതാം അധ്യായത്തിൽ വിവരിക്കുന്നുണ്ട്.

വൻശക്കിതകൾ തങ്ങൾക്കെതിരെ അണി നിരന്ന അഞ്ചു നാട്ടുരാജാക്കന്മാരെ തോല്പിച്ച് അവിടെ നിന്നും ശേഖരിച്ച കൊള്ള മുതലുകളുമായി മടങ്ങിപ്പോകുമ്പോൾ ലോത്തിനെയും കുടുംബത്തെയും അവർ തടവുകാരായി കൊണ്ടുപോയി. 12-ാം വാക്യത്തിൽ നൽകിയിരിക്കുന്ന ഈ വിവരണമാണ് രാജാക്കന്മാരുടെ യുദ്ധവുമായി അബ്രാഹത്തെ ബന്ധപ്പെടുത്തുന്നത്.

**ലോത്തിന്റെ മോചനം 14, 13-16:** ആട്ടിടയൻ എന്നതിനേക്കാൾ ഒരു നാട്ടുരാജാവിന്റെയോ ഇടപ്രഭുവിന്റെയോ സ്ഥാനമാണ് ഇവിടെ അബ്രാഹത്തിനുള്ളത്. അദ്ദേഹം നടത്തുന്ന യുദ്ധം തന്റെ ധീരതയും സഹോദരനെ രക്ഷിക്കാൻ വെണ്ടി ജീവൻ പോലും അപകടപ്പെടുത്താനുള്ള സന്നദ്ധതയും പ്രകമാക്കുന്ു.

മെസൊപ്പൊടേടമിയായിലെ സകല രാജാക്കമാരെയും ഒരുമിച്ചു പരാജയപ്പെടുത്തുനവാൻ മാത്രം ശക്തനായിരുന്നു അബ്രാഹം എന്നു പറയുമ്പോൽ, തങ്ങളുടെ പൂർവ്വ പിതാവിനെക്കുറിച്ച് ഇസ്രായേൽകാർക്കുണ്ടായിരുന്ന മതിപ്പ് എത്രയായിരുന്നുവെന്ന് വ്യക്തമാകുന്നു. ബാബിലോൺ പ്രവാസകാലത്തോ അതിനു തൊട്ടുമുമ്പോ ആയിരിക്കണം യുദ്ധത്തിന്റെ ഈ വിവരണം എഴുതപ്പെട്ടത്. രാജ്യം നഷ്ടപ്പെട്ട്, ബാബിലോണിൽ അടിമകളായും പിന്നീട് പേർഷ്യയുടെ ആധിപത്യത്തിൽ കീഴിലും കഴിഞ്ഞ ഇസ്രായേൽ ജനതയ്ക്ക് ആത്മാഭിമാനവും ദൈവത്തിൽ വിശ്വസിക്കാനുള്ള പ്രചോദനവും നൽകുന്നതായിരുന്നു അബ്രാഹത്തിന്റെ വിജയത്തെക്കുറിച്ചുള്ള വിവരണം.

**മെൽക്കിസെദെക്ക് 14, 18-20:** സാലെം എന്നത് ജറുസലെ എന്നതിന്റെ പര്യായമാണ്. (സങ്കീ 76, 2) "സാലേം" എന്ന പേര് സിയോണിനു സമാന്തരമായി ഉപയോഗിക്കുന്നു. ജറുസലെമിന്റെ പര്യായമാണ് സിയോൺ). "സമാധാനത്തിന്റെ നഗരം" എന്നാണ് ജറുസലെമിന്റെ അർത്ഥം. മെൽക്കിസെദേക്ക് എന്ന പേരിന് "എന്റെ രാജാവ് നീതി" എന്നു "നീതിയുടെ രാജാവ്" എന്നും അർത്ഥമുണ്ട്. ഇത് കാനാൻകാരുടെ ഇടയിൽ പ്രചാരത്തിലിരുന്നു ഒരു പേരായിരുന്നു. അപ്പവും വീഞ്ഞ് കൊണ്ടുവന്നത് യുദ്ധത്തിൽ ക്ഷീണിച്ചവർക്ക് ഭക്ഷണമായിട്ടായിരിക്കണം. എന്നാൽ മെൽക്കിസെദേക്കിനു നൽകുന്ന വിശേഷണങ്ങളും അദ്ദേഹത്തിന്റെയും അബ്രാഹത്തിന്റെയും പ്രവർത്തനങ്ങലും ഇതിനു കുടുതൽ ആഴമേറിയ അർത്ഥം നൽകുന്നു.

അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായിരുന്നു മെൽക്കിസെദേക്. രാജത്വവും പൗരോഹിത്യവും ഒരേ വ്യക്തിയിൽ കേന്ദ്രീകരിക്കുക കാനാൻകാരുടെ ഇടയിൽ പതിവായിരുന്നു. "അത്യുന്നതായ ദൈവം" എന്നത് കാനാൻകാരുടെ വിശ്വാസത്തിലെ ദേവാധിദേവനെ സൂചിപ്പിക്കുന്നു. അദ്ദേഹത്തിന്റെ ആശൂർവ്വാതത്തിനു രണ്ടു ഭാഗങ്ങളുണ്ട്. ആദ്യമേ ദൈവത്തിന്റെ കൃപാകടാക്ഷം അബ്രാഹത്തിന് ആശംസിക്കുന്നു. തുടർന്ന് അബ്രാഹത്തിന് ശത്രുക്കളുടെ മേൽ വിജയം നൽകിയതിന്റെ പേരിൽ ദൈവത്തെ സ്തുതിക്കുന്നു. അനുഗ്രഹത്തിന്റെ രണ്ടു വശങ്ങളും ഇവിടെ വ്യക്തമാകുന്നു.

മെൽക്കിസെദേക്കിന് ദശാംശം നൽകുന്നതിലൂടെ അബ്രാഹം അദ്ദേഹത്തിനന്റെ രാജത്വവും പൗരോഹിത്യവും അംഗീകരിക്കുന്നു. ഇസ്രായേൽ ചരിത്രത്തിൽ ഇതിനു വലിയ പ്രാധാന്യമുണ്ട്. ആരംഭം മുതലേ രാജഭരണത്തെ എതിർത്ത ഒരു വിഭാഗം ഇസ്രായേലിലുണ്ടായിരുന്നു (1 സാമു 8) രാജാവ് പുരോഹിത ധർമ്മം അനുഷ്ഠിച്ചതിനോടും വലിയ എതിർപ്പുണ്ടായിരുന്നു. (1 സാമു 13,8-14). എന്നാൽ കാനാൻകാരുടെ നഗരമായ ജറുസലെം തലസ്ഥാനമാക്കിയ ദാവീദുരാജാവും മകന്ഡ സോളമനും പുരോഹിത ശുശ്രൂഷയും അനുഷ്ഠിച്ചിരുന്നു (2 സാമു 6,17; 1 രാജാ 8, 63-64). രാജാവ് ജനങ്ങളിൽ നിന്ന് ദശാംശം ഈടാക്കുകയും ചെയ്തിരുന്നു. ഇതിനെല്ലാം വിശദീകരണവും ന്യായീകരണവും നൽകുന്നതാണ് അബ്രാഹവും മെൽക്കിസെദെക്കും തമ്മിലുള്ള ബന്ധം. എന്നാൽ ഇതിനെക്കാൾ പ്രാധാന്യമുള്ളതാണ് മെൽക്കിസെദെക്കിന് രക്ഷാചരിത്രത്തിലുള്ള സ്ഥാനം.

"മെൽക്കിസെദെക്കിന്റെ ക്രമം അനുസരിച്ച് നീ എന്നേയ്ക്കും പുരോഹിതനാകുന്നു" (സങ്കീ 110,4). രാജാവിന്റെ സ്ഥാനാരോഹണവുമായി ബന്ധപ്പെട്ട ഒരു പ്രഖ്യാപനമാണിത്; ദാവീദിന്റെ പുത്നായ മിശിപഹായിൽ പൂർത്തിയായ ഒരു പ്രവചനം. ഹെബ്രായർക്കുള്ള ലേഖനം 7-ാം അധ്യായം മുഴുവൻ മെൽക്കിസെദെക്കിന്റെ ക്രമപ്രകാരമുള്ള യേശുവിന്റെ പൗരോഹിത്യത്തെക്കുറിച്ചു പ്രതിപാദിക്കുന്നു. ലേവിഗോത്രത്തിന്റേതിൽനിന്ന് വ്യത്യസ്തമായൊരു പൗരോഹിത്യമാണിത്. ഈ കാഴ്ചപ്പാടിൽ മെൽക്കിസെദെക്ക് മിശിഹായുടെ മുന്നോടിയും പ്രതീകവുമാണ്. അദ്ദേഹം അബ്രാഹത്തിന് നൽകിയ അപ്പവും വീഞ്ഞും യേശു അർപ്പിച്ചതും ഇന്നും അർപ്പിച്ചുകൊണ്ടിരിക്കുന്നതുമായ വി. കുർബ്ബാനയുടെ പ്രതീകമാണ്.

**ആശ്രയം കർത്താവിൽ മാത്രം 14,21-24:** സോദോം രാജാവിന് അബ്രാഹം

നൽകുന്ന മറുപടി അദ്ദേഹത്തിന്റെ മാന്യതയും അതിലുപരി വിശ്വാസവും പ്രകടമാക്കുന്നു. രാജാക്കന്മാരുടെ ഔദാര്യമോ യുദ്ധത്തിൽ ലഭിച്ച കൊള്ള മുതലോ അല്ല, ദൈവം നൽകുന്നതു മാത്രമാണ് തന്റെ സുസ്ഥിതിക്കും സുരക്ഷിതത്വത്തിനും അടിസ്ഥാനം. നല്ല പങ്ക് ലോത്തിനു വിട്ടു കൊടുത്തപ്പോൾ എന്നതുപോലെ ഇവിടെയും അബ്രാഹം കർത്താവിൽ മാത്രം ആശ്രയിക്കുന്നു.

"അത്യുന്നതനായ ദൈവം" കാനാൻകാർ ആരാധിച്ചിരുന്ന ദേവാധിദേവന്റെ പേരായിരുന്നു എന്നു നാം കണ്ടു. ഏൽ ഏലിയോൺ എന്നാണ് ഇതിന്റെ ഹീബ്രുമൂലം. ഇതേ പേരുതന്നെ അബ്രാഹവും ഉപയോഗിക്കുന്നു. കാനാൻകാർ ആരാധിച്ചിരുന്ന അത്യുന്നതനായ ദൈവത്തെ ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവായ കർത്താവ് (യാഹ്‌വേ) എന്നു വിളിക്കുന്നത് പ്രത്യേകം ശ്രദ്ധേയമത്രേ. മെൽക്കിസെദെക്കിനെ സത്യദൈവവിശ്വാസിയായി അംഗീകരിക്കുന്നതോടൊപ്പം ഇതരമതങ്ങളിൽ സത്യവും വിശുദ്ധവുമായുള്ളതിനെ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യേണ്ടതിന്റെ അവശ്യകതയും ഇവിടെ സൂചിപ്പിക്കുന്നു.

**വിചിന്തനം:** സ്വാർത്ഥം തേടിപ്പോയ ലോത്ത് അപകടത്തിൽ പെട്ട് തടവുകാരനായി. എന്നാൽ നല്ല പങ്കു നഷ്ടപ്പെട്ട അബ്രാഹം വീണ്ടും സ്വജീവൻ തന്നെ സഹോദരനുവേണ്ടി അപകടപ്പെടുത്താൻ തയ്യാറായി. കൊടുക്കുമ്പോഴാണ് കിട്ടുക. ത്യാഗത്തിലാണ് നേട്ടം. സഹോദരങ്ങളെ രക്ഷിക്കാൻ വേണ്ടി സാഹസങ്ങൾക്കു മുതിരുന്നവരെ കർത്താവ് കാത്തുപാലിച്ച് വിജയത്തിലെത്തിക്കും.

## ചോദ്യങ്ങൾ

1. ഈ വിവരണങ്ങളിലെ അബ്രാഹത്തിന്റെ ചിത്രം മറ്റു വിവരണങ്ങളിലേതിൽ നിന്ന് എപ്രകാരം വ്യത്യസ്തമായിരിക്കുന്നു?
2. സാഹേദര്യത്തെ സംബന്ധിച്ച എന്തു പാഠമാണ് ഇതിൽ നിന്നു ലഭിക്കുന്നത്?
3. സാലെം, മെൽക്കിസെദെക്ക് എന്നീ പേരുകളുടെ അർത്ഥമെന്ത്? മെൽക്കിസെദെക്കിന് ഇസ്രായേൽ ചരിത്രത്തിലും രക്ഷാചരിത്രത്തിലുമുള്ള പ്രാധാന്യമെന്ത്?

**ചർച്ചയ്ക്ക്:** സോദോം രാജാവിന് അബ്രാഹം ന്ലകിയ മറുപടിയും നമ്മുടെ നാട്ടിൽ നിലവിലിരിക്കുന്ന മനോഭാവങ്ങളുമായി താരതമ്യം ചെയ്യുക.

**പ്രാർത്ഥന:** "ദൈവമാണ് നമ്മുടെ അഭയവും ശക്തിയും. കഷ്ടതകളിൽ

അവിടുന്നു സുനിശ്ചിതമായ തുണയാണ്. ഭൂമി ഇളകിയാലും പർവ്വതങ്ങൾ സമുദ്രമധ്യത്തിൽ പതിച്ചാലും നാം ഭയപ്പെടുകയില്ല" സങ്കീ. 46, 1-2.

## 5. വാഗ്ദാനവും ഉടമ്പടിയും 15, 1-21

അബ്രാഹത്തിനു ദൈവം നല്കിയ വാഗ്ദാനങ്ങളാണ് ഈ അധ്യായത്തിൽ വിവരിക്കുന്നത്. ഇതിനു സമാന്തരമായൊരു വിവരണം 17-ാം അധ്യായത്തിൽ വീണ്ടു അവതരിപ്പിക്കുന്നുണ്ട്. ഇതിനു മുമ്പ് നൽകപ്പെട്ട് വാഗ്ദാനങ്ങളുടെ രണ്ടു വിശദാശംങ്ങൾ ഇവിടെ കൂടുതൽ വ്യക്തമായി നിർവചിക്കുന്നു. ഈ അധ്യായത്തെ രണ്ട് ഭാഗമായി തിരിക്കാം. 1-6 സന്തതി, 7-21 സ്വന്തമായൊരു ദേശം. രണ്ടാമത്ത് വാഗ്ദാനം ഉടമ്പടിയുടെ രൂപത്തിൽ നൽകിയിരിക്കുന്നു. ഒറ്റ നോട്ടത്തിൽ വളരെ ലളിതമായൊരു വിവലരണമായി തോന്നാമെങ്കിലും അടുത്തു പരിശോധിക്കുമ്പോൾ പല ആവർത്തനങ്ങളും പരസ്പരം പൊരുത്തപ്പെടാനാവാത്ത പ്രസ്താവനകളും ഈ വിവരണത്തിൽ ദൃശ്യമാകും. സന്തതിയേയും ദേശത്തേയും സംബന്ധിച്ച വാഗ്ദാനങ്ങൾ ആരംഭത്തിൽ രണ്ടു വ്യത്യസ്ത വിവരണങ്ങളായിരുന്നു. പില്ക്കാലത്താണ് അവ കൂട്ടി യോജിപ്പിച്ചത്. ഇതാണ് പൊരുത്തക്കേടുകൾക്ക് കാരണം എന്നു കരുതപ്പെടുന്നു.

**സന്തതിയെ സംബന്ധിച്ച വാഗ്ദാനം 15, 1-6:** ദൈവം നൽകുന്ന രണ്ടു വാഗ്ദാനങ്ങളും അതിന് അബ്രാഹം നൽകുന്ന മറുപടിയും ഈ വാക്യങ്ങളിൽ വിവരിക്കുന്നു. പ്രവാചകന്മാർക്കു ലഭിക്കുന്ന ദൈവവിളിയെ അനുസ്മരിപ്പിക്കുന്നവിധത്തിലാണ് വിവിരണത്തിന്റെ തുടക്കം. "ഇതിനുഷേഷം" എന്ന മുഖവുര കഴിഞ്ഞ അധ്യായങ്ങളിൽ വിവരിച്ച സംഭവവുമായി ഈ വാഗ്ദാനത്തെ ബന്ധിപ്പിക്കുന്നു. "ദർശനത്തിൽ കർത്താവിൻരെ അരുളപ്പാടുണ്ടായി" എന്ന വിവർത്തനം ചെയ്യപ്പെടുന്നതിന്റെ ഹീബ്രുമൂലം "ദർശനത്തിൽ ദൈവത്തിന്റെ വചനം അബ്രാഹത്തിന്റെ അടുക്കലേക്കു വന്നു" എന്നാണ്. അബ്രാഹത്തിനുണ്ടായ ആ ആന്തരീകാനുഭവത്തിന്റെ ചിത്രീകരണമാണിത്. ഏശയ്യാ (6, 1-13), ജറെമിയാ (1, 4-19), എസെക്കിയേൽ (1-3), ആമോസ് (7, 1-9) മുതലായ പ്രവാചകന്മാർക്കു ദൈവത്തിന്റെ വചനം ലഭിച്ചത് ദർശനത്തിലാണ്. എന്നാൽ ഇവിടെ ദർശനത്തെക്കാൾ വചനത്തിനാണ് പ്രാധാന്യം നൽകുന്നത്. പ്രവാചകന്മാർക്കു ലഭിക്കുന്ന ദർശനവും വചനവും അവരെ ഒരു ദൈത്യം ഏല്പിക്കുന്നു. എന്നാൽ അബ്രാഹത്തിനു ദൗത്യം ഏല്പിക്കുകയല്ല, വാഗ്ദാനം നല്കുകയാണ് ചെയ്യുന്നത്. അതിനാൽ പ്രവാചക ദൗത്യദർശനത്തോട് സാമ്യമുള്ളതാണ്

വിവരണത്തിന്റെ ഘടനയെങ്കിലും ഉള്ളടക്കത്തിൽ വ്യത്യാസമുണ്ട്. കർത്താവിന്റെ വചനം അബ്രാഹത്തിനു ലഭിക്കുന്നതായി 4-ാം വാക്യത്തിൽ വീണ്ടു പറയുന്നു.

**ഭയപ്പെടേണ്ടാ:** ദൈവത്തെ കാണുന്ന ഒരു മനുഷ്യനും ജീവനോടെ ഇരിക്കുകയല്ല എന്ന വിശ്വാസം ബൈബിളിൽ, പ്രത്യേകിച്ചും പഴയ നിയമത്തിൽ രേഖപ്പടുത്തിയിട്ടുണ്ട് (പുറ 33, 20). അതിനാലാണ് "ഭയപ്പെടേണ്ടാ" എന്ന ആശ്വാസവചനം ദൈവികദർശനങ്ങളുടെ ഭാഗമായി നൽകപ്പെടുന്നത് (ന്യായാ; 6.23. ലൂക്കാ 1, 12-13ച 5, 10; യോഹ 6, 19-20). അബ്രാഹത്തിനു ലഭിക്കുന്ന ആശ്വാസവചനം ദൈവസാന്നിദ്ധ്യം ഉളവാക്കുന്ന ഭയത്തെ മാത്രമല്ല എല്ലാ അപകടങ്ങളിൽ നിന്നുമുള്ള സംരക്ഷണത്തേയും സൂചിപ്പിക്കുന്നു. ദൈവം പ്രത്യക്ഷപ്പെട്ടത് ഭയപ്പെടുത്താനും നശിപ്പിക്കാനുമല്ല, സംരക്ഷിക്കാനാണ്. പ്രവാചകന്മാർക്കും (ജെറെ 1,8-17) ഇസ്രായേൽ ജനത്തിനും (ഏശ 43, 1-5; 44,2) ദൈവം നൽകുന്ന സംരക്ഷണവാഗ്ദാനത്തെ അനുസ്മരിപ്പിക്കുന്നതാണ് അബ്രാഹത്തിനു ലഭിച്ച വാഗ്ദാനം.

**പരിച:** പഴയനിയമത്തിലുടനീളം, പ്രത്യേകിച്ച് സങ്കീർത്തനങ്ങളിൽ, ദൈവത്തിനു നൽകുന്ന ഒരു വിശേഷണമാണ് പരിച (നയ 33, 29; 2 സാമു 22, 3; സങ്കീ 5, 12; 18, 2; 28,7).

**വലിയ പ്രതിഫലം:** പരാജയപ്പെടുത്തിയ രാജാക്കന്മാരിൽ നിന്നു ലഭിച്ച കൊള്ളമുതൽ ഒന്നുപോലും സ്വന്തമായെടുക്കാതെ വിട്ടുകൊടുത്ത അബ്രാഹത്തിന് ദൈവം തന്നെ വലിയ പ്രതിഫലം നൽകും. ഉൽപ 12, 1-3; 13, 14 -17ൽ വിവരിച്ചതും തുടർന്ന് 15, 5-18; 22, 17-18ൽ വിവരിക്കാൻ പോകുന്നതുമായ വാഗ്ദാനങ്ങളാണ് ഈ പ്രതിഫലം. അബ്രാഹം വഴി ഇസ്രായേൽ ജനത്തിനും മുഷ്യവർഗ്ഗം മുഴുവനും ലഭ്യമാകുന്ന രക്ഷയുടെ ദാനത്തിലേക്ക് ഇതു വിരൽ ചൂണ്ടുന്നു.

**അബ്രാഹത്തിന്റെ ആവലാതി 15, 2-3:** ദൈവം നൽകിയ വാഗ്ദാനങ്ങൾക്കു മുമ്പിൽ അബ്രാഹം സന്താനങ്ങളില്ലാത്ത തന്റെ ദയനീയാവസ്ഥ അവതരിപ്പിക്കുന്ന ഒരു വിലാപം പേലെയാണ് തുടർന്നുള്ള രണ്ടു വാക്യങ്ങൾ. വാർദ്ധക്യത്തിൽ സംരക്ഷണം നൽകാനും ഭൂമിയിൽ പേരു നിലനിർത്താനും മക്കളുണ്ടായിരിക്കുന്നത് ഏറ്റം വലിയ ഭാഗ്യമായി കരുതപ്പെട്ടിരുന്നു; സന്താനമില്ലായ്മ ശാപമായി (സങ്കീ 127, 3-5; 128, 3-4; 1 സാമു 1,6) സൃഷ്ടികർമ്മതിന്റെ ആരംഭത്തിൽ നൽകിയതും ആദിചരിത്രത്തിൽ വീണ്ടും വീണ്ടും ആവർത്തിച്ചതുമാണ് സന്താനപുഷ്ടി എന്ന അനുഗ്രഹം.

ദമാസ്കസുകാരൻ ഏലെയാസർ അബ്രാഹത്തിന്റെ അടിമകളിൽ തലവനായിരുന്നിരിക്കണം. സന്തതികളില്ലാത്തവർക്കു തങ്ങളുടെ അടിമ കളിൽ ഒരാളെ അവകാശിയായി ദത്തെടുക്കാൻ അധികാരം നൽകുന്ന നിയമം ഹിത്യരുടെ ഇടയിൽ നിലവിലുണ്ടായിരുന്നു എന്ന് നുസി പട്ടണ ത്തിൽ നിന്നു കണ്ടെടുത്തിട്ടുള്ള പുരാതന ലിഖിതങ്ങളിൽ കാണാം.

**അസംഖ്യം സന്തതികൾ:** അടിമയല്ല, സ്വന്തം പുത്രൻ തന്നെയായിരിക്കും അബ്രാഹത്തിന്റെ അവകാശി. ആകാശത്തിലെ നക്ഷത്രങ്ങളെ പോലെ അസംഖ്യം സന്തതികളെക്കുറിച്ചുള്ള വാഗ്ദാനം, ഉൽപ 13, 16ൽ കണ്ട തിനു സദൃശമാണ്. ശാരീരികമായി അബ്രാഹത്തിൽ നിന്നു ജനിച്ചവർ മാത്രമല്ല, രക്ഷ പ്രാപിക്കുന്നവരെല്ലാം അബ്രാഹത്തിന്റെ മക്കളാണ് എന്നപുതിയ നിയമ കാഴ്ചപ്പാടിൽ (ലൂക്ക 19, 9; ഗലാ 3, 9) ഈ വാഗ്ദാന ത്തിൻപെ വ്യാപ്തി ഗ്രഹിക്കാനാവും.

**വിശ്വാസവും നീതിയും 15, 6:** അബ്രാഹത്തിന്റെ ഏതെങ്കിലും ഒരു പ്രവൃത്തിയെ മാത്രമല്ല, ജീവിതത്തെ മുഴുവൻ കണക്കിലെടുത്തുകൊണ്ട് വിശുദ്ധ ഗ്രന്ഥകാരൻ നടത്തുന്ന പ്രസ്താവനയാണ് ഈ വാക്യം. "കർത്താവിൽ വിശ്വസിച്ചു" എന്നത് വിശ്വാസത്തിന്റെ വിഷയത്തിലേക്കും സ്വഭാവത്തിലേക്കും ശ്രദ്ധ തിരിക്കുന്നു. സാഹചര്യങ്ങൾ പ്രതികൂലമായി രുന്നിട്ടും കർത്താവിന്റെ വാഗ്ദാനം നിറവേറും എന്ന് അബ്രാഹം വിശ്വ സിച്ചു. ഹാരാനിൽ നിന്നു പുറപ്പെട്ടതു മുതൽ ഇസഹാക്കിനെ ബലി കഴി ക്കാൻ തയ്യാറായതു വരെയുള്ള സകല പ്രവർത്തനങ്ങളും ഈ വിശ്വാസ ത്തിന്റെ പ്രകടനമായിരുന്നു.

"അവിടുന്ന് അത് അവന് നീതിയായി പരിഗണിച്ചു" എന്നാണ് ഹീബ്രുമൂലം. സദ്ഖാ എന്ന പദമാണ് "നീതി" (righteousness) എന്നു വിവർത്തനം ചെയ്യുന്നത്. ശരിയായ ബന്ധങ്ങളെ സൂചിപ്പിക്കുന്ന ഒരു പദമാണ് "സദ്ഖാ". സഹജീവികളോടും ദൈവത്തോടും ശരിയായ ബന്ധം പുലർത്തുന്ന മനുഷ്യൻ നീതിമാനാണ്. അബ്രാഹത്തെ ദൈവം നീതമാനായി പരിഗണിച്ചു, കാരണം അദ്ദേഹം ദൈവത്തിൽ വിശ്വസിച്ചു.

വിശ്വാസം വഴിയുള്ള നീതീകരണം വി. പൗലോസിന്റെ ലേഖനങ്ങ ളിലെ ഒരു പ്രധാന പ്രമേയമാണ് (റോമ 4; ഗലാ 3). അബ്രാഹത്തിന്റെ മാതൃക വ്യാഖ്യാനിച്ചുകൊണ്ട്, നിയമം അനുസരിച്ചുള്ള പ്രവൃത്തികളല്ല, ദൈവത്തിലുള്ള വിശ്വാസമാണ് ഒരുവനെ നീതികരിക്കുന്നത് എന്ന് വി. പൗലോസ് പഠിപ്പിച്ചു. എന്നാൽ യാക്കോബിൻരെ ലേഖനം (2, 18-26) വിശ്വാസവും പ്രവൃത്തിയും തമ്മിലുള്ള ബന്ധത്തിന് ഊന്നൽ നൽകി.

പ്രവൃത്തിയിലൂട പ്രകടമാക്കപ്പെട്ട വിശ്വാസമാണ് അബ്രാഹത്തിനു നീതിയായ പരിഗണിക്കപ്പെട്ടതും വിശ്വാസികളുടെ പിതാവ് എന്ന സ്ഥാനം നേടിക്കൊടുത്തതും.

**വിചിന്തനം:** ദൈവത്തിൽ വിശ്വസിക്കുന്നവർ ഒന്നിനെയും ഭയപ്പെടേണ്ടതില്ല. വിശ്വാസം സ്നേഹത്തിലേയ്ക്കു നയിക്കുന്നു. "സ്നേഹത്തിൽ ഭയത്തിന് ഇടമില്ല. പൂർണ്ണമായ സ്നേഹം ഭയത്തെ ബഹിഷ്കരിക്കുന്നു." (1 യോഹ 4, 18). ദൈവം എനിയ്ക്ക് പരിചയാണെങ്കിൽ എന്താപത്താണ് എനിയ്ക്കു സംഭവിക്കുക? ഭയം വിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും അഭവാമല്ലേ വെളിപ്പെടുത്തുക?

ദൈവവുമായുള്ള അബ്രാഹത്തിന്റെ സംഭാഷണം പ്രാർത്ഥനയുടെ ഉത്തമമായ ഒരു മാതൃകയാണ്. സ്തുതിപ്പും യാചനകളും മാത്രമല്ല, വിലാപങ്ങളും പ്രാർത്ഥന തന്നെ. ഹൃദയത്തിൽ തിങ്ങിനിൽക്കുന്ന ആകുലതകളും ആശങ്കകളും ദുഃഖങ്ങളുമെല്ലാം കർത്താവിന്റെ മുമ്പിൽ ഇറക്കിവെയ്ക്കുന്നത് ഉത്തമമായ പ്രാർത്ഥനയാണ്. ഞാൻ എങ്ങിനെയാണ് പ്രാർത്ഥിക്കുന്നത്?

**വാഗ്ദത്തഭൂമിയും ഉടമ്പടിയും 15, 7-21:** കാനാൻ ദേശം അബ്രാഹത്തിനും സന്തതികൾക്കും സ്വന്തമായി നൽകും എന്ന വാഗ്ദാനമാണ് ഈ വാക്യങ്ങളിൽ വിവരിക്കുന്നത്. തുടക്കത്തിലും ഒടുക്കത്തിലും (7, 18-21) ഈ വാഗ്ദാനം ആവർത്തിച്ചിരിക്കുന്നു. ഇവയ്ക്കു മധ്യേ ദൈവം അബ്രാഹവുമായി ചെയ്തു ഉടമ്പടി വിവരിക്കുന്നു. എന്നാൽ ഉടമ്പടിയുടെ വിവരണം രണ്ടായി പിളർന്ന് അവയ്ക്കു മധ്യേ തിരുകവച്ചതുപോലെയാണ് അബ്രാഹത്തിന്റെ സന്തതികളുടെ പ്രവാസത്തെക്കുറിച്ചുള്ള പ്രവചനം (13-16) അവതരിപ്പിച്ചിരിക്കുന്നത്. പുറപ്പാടു സംഭവവുമായി ഈ വിവരണം പല തരത്തിൽ ബന്ധപ്പെട്ടിരിക്കുന്നു.

**സംഭാഷണം: 7-8: 1-5** വാക്യങ്ങളിൽ കണ്ടതുപോലെ ദൈവവും അബ്രാഹവും തമ്മിലുള്ള ഒരു സംഭാഷണമാണ് ഈ വാക്യങ്ങളും അവതരിപ്പിക്കുന്നത്. "അവിടുന്ന് തുടർന്ന് അരുൾ ചെയ്തു" എന്ന ഗ്രന്ഥകർത്താവിന്റെ പ്രസ്താവന ഈ ഭാഗത്തെ ഇതിനു മുമ്പ് വിവരിച്ച സംഭവവുമായി ബന്ധപ്പിക്കുന്നു. കർത്താവ് ആരാണെന്നും എന്തു ചെയ്തുവെന്നും എന്തിനുവേണ്ടി അബ്രാഹത്തെ വിളിച്ചുവെന്നുമുള്ള സംക്ഷിപ്തമായ ഒരു പ്രസ്താവനകൊണ്ട് ദൈവം സംഭാഷണം ആരംഭിക്കുന്നു. 12, 1-3 സമാന്തരമാണ് ഈ പ്രസ്താവന. ഹാരാനിൽ നിന്നു കർത്താവ് അബ്രാഹത്തെ വിളിച്ചതായിട്ടാണ് 12, 1 സൂചിപ്പിക്കുക. എന്നാൽ അതിനു മുമ്പേ

അബ്രാഹം പിതാവിനോടൊപ്പം ഊറിൽ നിന്നും പുറപ്പെട്ടതു കർത്താവിന്റെ പദ്ധതി അനുസരിച്ചായിരുന്നു എന്ന ഈ വാക്യം വെളിപ്പെടുത്തുന്നു. പ്രവൃത്തിയിലൂടെ സ്വയം വെളിപ്പെടുത്തുന്നവനാണ് കർത്താവ്. അവിടുത്തെ അറിയുന്നത് അനുഭവത്തിലൂടെയാണ്. സീനായ് ഉടമ്പടിയുടെ പത്തു പ്രമാണങ്ങളിൽ ആദ്യത്തേതിനോട് ഈ വാക്യത്തിനുള്ള സാമ്യം താഴ കൊടുത്തിരിക്കുന്ന താരതമ്യത്തിൽ നിന്നു വ്യക്തമാകും.

| **ഉൽപ 15, 7** | **പുറ 21, 1; നിയ 5, 6** |
|---|---|
| കൽദായരുടെ ഊറിൽ നിന്ന് നിന്നെ പുറത്തുകൊണ്ടു വന്ന കർത്താവാണ് ഞാൻ | ദാസ്യഭവനമായ ഈജിപ്തിൽ നിന്ന് നിന്നെ പുറത്തുകൊണ്ടുവന്ന നിന്റെ ദൈവമായ കർത്താവാണു ഞാൻ. |

പുറപ്പാടു സംഭവവുമായി അഭേദ്യം ബന്ധപ്പെട്ട കല്പനയുടെ രൂപത്തിൽ അബ്രാഹത്തിനു ലഭിച്ച ദൈവിക വെളിപാടിനെ വിവരിക്കുന്നതിലൂടെ ഇസ്രായേൽ ജനത്തിന്റെ പ്രതീകവും മുന്നോടിയുമായി അബ്രാഹത്തെ ചിത്രീകരിക്കുന്നു. ഊറിൽനിന്ന് ഇറങ്ങിത്തിരിച്ചത് അബ്രാഹത്തിന്റെ വ്യക്തിപരമായ പുറപ്പാടായിരുന്നു. പിന്നീടുള്ള സകല പുറപ്പാടുകളുടെയും തുടക്കവും പ്രതീകവുമായിരുന്നു അത്. കാനാൻ ദേശം അവകാശമായ നൽകാൻ വേണ്ടിയാണ് കർത്താവ് അബ്രാഹത്തെ ഊറിൽ നിന്നു പുറത്തുകൊണ്ടുവന്നത്. ഇസ്രായേൽക്കാരെ ഈജിപ്തിൽ നിന്നു പുറത്തുകൊണ്ടുവരുന്നതും അതേ ലക്ഷ്യത്തിനു വേണ്ടിത്തന്നെ.

ആദ്യഭാഗത്ത് അബ്രാഹത്തിന്റെ മറുപടി ഒരു വിലാപമായിരുന്നു. എന്നാൽ ഇവിടെ അത് ഒരു സംശയവും അടയാളത്തിനു വേണ്ടിയുള്ള പരോക്ഷമായ അപേക്ഷയുമാണ്. ഇത് 6-ാം വാക്യത്തിൽ അവതരിപ്പിച്ച അബ്രാഹത്തിന്റെ വിശ്വാസത്തിനു വിരുദ്ധമായിത്തോന്നിയേക്കാം. എന്നാൽ അടുത്തു പരിശോധിച്ചാൽ ഇവ തമ്മിൽ വൈരുദ്ധ്യമില്ല എന്നു കാണാനാവും. വിശ്വാസിക്കു സംശയങ്ങളും ചോദ്യങ്ങളുമുണ്ടാകാം. എല്ലാ മനസ്സിലാകാത്തപ്പോഴും അംഗീകരിക്കുകയും, സംശയങ്ങൾ നിലനിൽക്കുമ്പോഴും അനുസരിക്കുകയും ചെയ്യുന്നതാണത്. അടയാളത്തിനു വേണ്ടിയുള്ള അഭ്യർത്ഥന അർത്ഥം തേടുന്ന വിശ്വാസിയുടെ മനോഭാവം പ്രകടമാക്കുന്നു. വിശ്വാസി അന്വേഷകനാണ്.

**കല്പനയും അനുസരണവും 15, 9-12:** അബ്രാഹത്തിന്റെ ചോദ്യത്തിന് ദൈവം ഒരു കല്പനയാണ് മറുപടിയായി നൽകുന്നത്. കല്പന അനുസരിച്ചു കഴിയുമ്പോൾ ദൈവം ഒരുടമ്പടിയിലൂടെ മറുടി നൽകുന്നു. ഉടമ്പടിക്കുള്ള ഒരുക്കമാണ് കല്പന. നിഷ്കൃഷ്ടമായ അർത്ഥത്തിൽ ഒരു ബലി

യർപ്പണമല്ല ഇവിടെ വിവരിക്കുന്നത്. വെട്ടിപ്പിളർന്ന് മണ്ണിലിട്ട മൃഗങ്ങളുടെ മാംസം ദഹിപ്പിക്കുന്നില്ല. പുരാതന കാലത്ത് നിലവിലിരുന്ന ഉടമ്പടിയുടെ ചടങ്ങാണിത്. എന്നാൽ എന്തിനുവേണ്ടിയാണ് ഇതെല്ലാം ചെയ്തതെന്ന് അബ്രാഹത്തിന് അറിയില്ലായിരുന്നു. ദൈവം തന്നോട് ഒരുടമ്പടി ചെയ്യാൻ പോകുന്നുവെന്ന് അബ്രാഹത്തിന് ഊഹിക്കാൻ പോലും കഴിയുമായിരുന്നില്ല. എന്തിനെന്നറിയാതെ തനിക്കു ലഭിച്ച കൽപന അദ്ദേഹം അനുസരിച്ചു വിശ്വാസം പ്രകടമാക്കുന്ന ഒരു പ്രവൃത്തിയായിരുന്നു അത്.

അബ്രാഹം കല്പന അനുസരിച്ചിട്ടും ദൈവം ഉടനെ പ്രവർത്തിക്കുന്നില്ല. പിളർന്നിട്ട മൃഗങ്ങൾക്ക് കാവലിരിക്കുന്ന അബ്രാഹം വിശ്വാസിയുടെ കാത്തിരിപ്പിന്റെ ചിത്രം അവതരിപ്പിക്കുന്നു. പിണത്തിന്മേൽ പറന്നിറങ്ങുന്ന കഴുകന്മാർ ഒരു പ്രതീകമാണ്. കർത്താവിന്റെ വാഗ്ദാനം നിറവേറാൻ അനേകം പ്രതിബന്ധങ്ങളും കാലതാമസവും ഉണ്ടാകുമെന്ന് അബ്രാഹത്തിന്റെ വിശ്വാസം അവയെ അതിജീവിക്കുമെന്നും കഴുകന്മാരെ ആട്ടിയോടിക്കുന്നതു സൂചിപ്പിക്കുന്നു.

സൂര്യാസ്തമയം, ഗാഢനിദ്ര, ഭയം, അന്ധകാരം ഇവയെല്ലാം കാത്തിരിപ്പിന്റെ ആകാംഷയും സംഭവിക്കാൻ പോകുന്ന ദൈവിക വെളിപാടിന്റെ രഹസ്യാത്മകതയും സൂചിപ്പിക്കുന്ന ഘടകങ്ങളാണ് (ജോബ് 4, 12-15). ഇവിടെ വിവരിക്കുന്ന ഗാഢനിദ്ര സാധാരണമായ ഉറക്കമല്ല. ദൈവം അബ്രാഹത്തെ പ്രത്യേകമായ ഒരു മാനസീകാവസ്ഥയിലേക്കു നയിച്ചു എന്ന സൂചനയാണ് ഇതു നല്കുന്നത്. (ഉൽ. 2, 21; 1 സാമു 26, 12). ദൈവികവെളിപാട് സ്വീകരിക്കാൻ അബ്രാഹത്തെ ഒരുക്കുന്നതാണ് ഈ ഗാഢനിദ്ര. യേശുവിന്റെ രൂപാന്തരീകരണവേളയിൽ ശിഷ്യന്മാർക്കുണ്ടായ നിദ്രാഭാരത്തിന് (ലൂക്കാ 9, 32) ഇതിനോടു സാമ്യമുണ്ട്.

പ്രവചനം 15, 13-16: ഉടമ്പടിയുടെ ഒരുക്കമാണ് 9-12 വാക്യങ്ങളിൽ വിവരിച്ചത്. എന്നാൽ ഉടമ്പടി ഉറപ്പിക്കുന്നതിനെക്കുറിച്ചുള്ള വിവരണത്തിനു മുമ്പേ അബ്രാഹത്തിന്റെ സന്തതികൾ അനുഭവിക്കാൻ പോകുന്ന പരദേശവാസത്തേയും അടമത്തത്തേയും കുറിച്ചുള്ള ഒരു മുന്നറിയിപ്പു രേഖപ്പെടുത്തിയിരിക്കുന്നു. ദൈവം വാഗ്ദാനം ചെയ്ത ഭൂമി എന്തുകൊണ്ട് അബ്രാഹത്തിനും സന്തതികൾക്കുമായി ഉടനെ ലഭിക്കുന്നില്ല എന്ന് ഈ പ്രവചനം വിശദീകരിക്കുന്നു.

തന്റെ സന്തതിപരമ്പരകൾ അനുഭവിക്കാൻ പോകുന്ന അടിമത്തത്തെയും പീഢനങ്ങളേയും കുറിച്ചുള്ള മുന്നറിവാണ് അബ്രാഹത്തെ ആവരണം ചെയ്യുന്ന ഭീകരമായ അന്ധകാരത്തിന്റെ പ്രതീകത്തിലൂടെ 12-ാം

വാക്യത്തിൽ അവതരിപ്പിച്ചത്. നാന്നൂറുവർഷത്തെ പീഡനവും അതിനു ശേഷമുണ്ടാകാൻ പോകുന്ന അത്ഭുതകരമായ വിമോചനവും പുറപ്പാടു സംഭവത്തിലേക്കുള്ള സൂചനയാണ്. നാന്നൂറു വർഷമെന്ന് 13-ാം വാക്യത്തിലും നാലു തലമുറയെന്ന് 16-ാം വാക്യത്തിലും പറയുന്ന പീഡനകാലം അക്ഷകാർത്ഥത്തിലല്ല എടുക്കേണ്ടതെന്ന് പിന്നീടു വ്യക്തമാകും. ദീർഘമായ ഒരു കാലയളവ് എന്നു മാത്രമേ ഇത് അർത്ഥമാക്കുന്നുള്ളൂ.

അമോര്യരുടെ ദുഷ്ടത ഇനിയും പൂർത്തിയ്ക്കാത്തതുകൊണ്ടാണ് അബ്രാഹത്തിന്റെ സന്തതികൾക്ക് കാനാൻ ദേശം അവകാശമായി ലഭിക്കാൻ കാലതാമസം നേരിടുന്നത് എന്ന 16-ാം വാക്യത്തിലെ പ്രസ്താവന ദൈവശാസ്ത്രപരമായ ഒരു കാഴ്ചപ്പാട് അവതരിപ്പിക്കുന്നു. ഇസ്രായേൽ ജനത്തിന്റെ മേന്മയോ നീതയോ കാരണമല്ല, തദ്ദേശവാസികളുടെ ദുഷ്ടത നിമിത്തമാണ് അവരെ നീക്കം ചെയ്ത് കാനാൻ ദേശം ഇസ്രായേല്യർക്ക് നല്കിയതെന്ന് നിയ. 9, 4-5 വിശദീകരിക്കുമ്പോൾ ഈ കാഴ്ചപ്പാട് കൂടുതൽ വ്യക്തമാക്കുന്നു. ദൈവം നീതിമാനാണ്, അതേ സമയം ദീർഘശാന്തതയും ക്ഷമയും ഉള്ളവനാണ്. അനുതപിക്കാൻ എല്ലാവർക്കും അവിടുന്ന് അവസരം നൽകുന്നു. എന്നാൽ അനുതപിക്കാതെ തെറ്റിൽ തുടർന്നാൽ ഭീകരമായ ശിക്ഷ ഉണ്ടാകും എന്ന സൂചനയും ഈ വാക്യത്തിലുണ്ട്. ഇത് അമോര്യർക്കും ഇസ്രായേല്യർക്കും എന്നതുപോലെ എല്ലാവർക്കും ബാധകമാണ്. ദൈവമാണ് മാനവചരിത്രത്തെ നയിക്കുന്നതെന്നും സകല ജനതകളും അവിടുത്തെ നീതിനിഷ്ഠവും കരുണാർദ്രവുമായ ഭരണത്തിൽ കീഴിലാണെന്നും ഈ വാക്യം സൂചിപ്പിക്കുന്നു.

**ഉടമ്പടി 15, 17-21:** പ്രവചനത്തെക്കുറിച്ചുള്ള പരാമർശത്തിനു ശേഷം ഉടമ്പടിയിലേക്ക് ഗ്രന്ഥകാരൻ വീണ്ടും തിരിച്ചുവരുന്നു. പുകയും തീയും ദൈവസാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്ന അടയാളങ്ങളാണ്. (പുറ 19, 18; 32). വെട്ടിപ്പിളർന്നു മാറ്റിയിട്ട മൃഗങ്ങളുടെ കഷ്ണങ്ങൾക്കിടിയിലൂടെ കൈകോർത്തിപിടിച്ചു കടന്നു പൊയ്ക്കൊണ്ടാണ് ഉടമ്പടി ഉറപ്പിച്ചിരുന്നത്. "ഉടമ്പടി മുറിക്കുക" എന്നാണ് ഉടമ്പടി മുറിക്കുക എന്നതിന്റെ ഹീബ്രു മൂലം (കറാത് = മുറിക്കുക, ബെറീത് = ഉടമ്പടി). ഈ ചടങ്ങിൽ നിന്നാണ് ആ പദപ്രയോഗം ഉണ്ടായത്. ഉടമ്പടിയുടെ നിബന്ധകൾ ലംഘിക്കുന്നവർക്ക് ആ മൃഗങ്ങളുടെ അവസ്ഥ വന്നുചേരും എന്നു സൂചിപ്പിക്കുന്നതാണ് ഈ ചടങ്ങ്. ശാപത്തോടു കൂടിയ ഒരു ശപഥത്തിന് തുല്യമായിരുന്ന ഇത് (ജെറ 34, 18-20). മൃഗങ്ങളുടെ കഷ്ണങ്ങൾക്കിടയിലൂടെ കടന്നുപോയ തീനാളം കർത്താവിന്റെ പ്രതീകമാണ്. കർത്താവ് മാത്രമേ ഇപ്രകാരം കടന്നുപോകുന്നുള്ളൂവെന്നത് ഉടമ്പടിയുടെ പ്രത്യേകതയെ സൂചിപ്പിക്കുന്നു.

ദൈവം നോഹയുമായി ചെയ്ത ഉടമ്പടിയോട് ഇതിന് ഏറെ സാമ്യമുണ്ട്. രണ്ടിലും ദൈവമാണ് മുൻകൈയെടുക്കുന്നത്. ദൈവം തന്നെ വാഗ്ദാനം നൽകുന്നു. യാതൊരു നിബന്ധനയും വയ്ക്കുന്നുമില്ല. എന്നാൽ രണ്ടുടമ്പടികളും തമ്മിൽ വ്യത്യാസമുണ്ട്. നോഹയുമായുള്ള ഉടമ്പടി സൃഷ്ടപ്രപഞ്ചത്തെ മുഴുവൻ ബാധിക്കുന്നതാണ്. വാഗ്ദാനം പ്രപഞ്ചസംവിധാനത്തിന്റെ നിലനിൽപ് ഉറപ്പുവരുത്തുന്നു. അബ്രാഹത്തോടു ചെയ്യുന്ന ഉടമ്പടിയാകട്ടെ, ഒരു വ്യക്തിയെയും ജനതയെയും മാത്രം ബാധിക്കുന്നു. വാഗ്ദാനത്തിന് സ്വന്തമായി നൽകാൻ പോകുന്ന ഭൂമിയെക്കുറിച്ചാണ്. രണ്ടാമത്ത ഉടമ്പടി വ്യാപ്തി കുറഞ്ഞതാണ്.

"നിന്റെ സന്തതിപരമ്പരയ്ക്ക് ഈ നാട് ഞാൻ തന്നിരിക്കുന്നു" എന്ന പ്രഖ്യാപനം 7-ാം വാക്യക്കിലെ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ്. വാഗ്ദത്തഭൂമിയുടെ അതിരുകളാണ് ഈജിപ്തുനദിയും മഹാനദിയായ യൂഫ്രട്ടീസും. "ഈജിപ്തു നദി", നൈൽനദിയല്ല, സീനായ് ഉപദ്വീപിൽ നിന്നു ഗാസായുടെ പടിഞ്ഞാറായി മധ്യധരണ്യാഴിയിൽ ചെന്നു ലയിക്കുന്ന ഒരു ചെറിയ നദിയാണ്. ഇതാണ് വാഗ്ദത്തഭൂമിയുടെ തെക്കെ അതിര് (സംഖ്യ 34, ജോഷ്വാ 15, 4); ഇവിടെ നൽകിയിരിക്കുന്ന ഏറ്റെ വിശാലമായ അതിരുകൾ വരെ ഇസ്രായേൽ സാമ്രാജ്യം വികസിച്ചത് സോളമന്റെ കാലത്തു മാത്രമായിരുന്നു (1 രാജാ 4, 21). 19-21 വാക്യഹ്ങളിൽ കൊടുത്തിരിക്കുന്ന പട്ടിക കാനാനിൽ വാസമുറപ്പിച്ചിരുന്ന ജനതകൾ ആരൊക്കെയായിരുന്നുവെന്ന് വിവരിക്കുന്നു. ഇപ്രകാരമുള്ള പട്ടികകൾ പഞ്ചഗ്രന്ഥത്തിൽ വീണ്ടും പലപ്പോഴും പ്രത്യക്ഷപ്പെടുന്നുണ്ട് (പുറ 3, 8; നിയ 7,1).

**വിചിന്തനം :** വെട്ടിമുറിച്ചിട്ട മൃഗങ്ങൾക്കു മുമ്പിൽ കഴുകന്മാരെ ആട്ടിയോടിച്ചു കാവലിരിക്കുന്ന അബ്രാഹം കർത്താവിനു വേണ്ടി കാത്തിരിക്കുന്ന വിശ്വാസിയുടെ പ്രതീകമാണ്. സൂര്യനസ്തമിച്ച് അന്ധകാരം വ്യാപിച്ചിട്ടും പ്രതീക്ഷ അസ്തമിക്കാതെ അബ്രാഹം കാത്തിരിക്കുന്നു. ഭീകരമായ അന്ധകാരത്തിന്റെ മധ്യത്തിൽ നിന്നാണ് കർത്താവിന്റെ ശബ്ദവും പ്രകാശവും പുറപ്പെട്ടത്. എല്ലാം നഷ്ടപ്പെട്ട്, ദൈവം പോലും കൈവെടിഞ്ഞുവെന്ന് തോന്നുന്ന നിരാശയുടെയും ഭയത്തിന്റെയും ഉച്ചകോടിയിലായിരിക്കാം കർത്താവ് നമ്മുടെ ജീവിതത്തിലേക്കു കടന്നുവരുന്നത്. അതിനായി ക്ഷമയോടെ കാത്തിരിക്കണം. (ഹോസി 12, 6; ഹബക്കുക്ക് 2, 3-4). കർത്താവിനുവേണ്ടി കാത്തിരുന്നു തളരുന്നവരുടെ മുമ്പിൽ പ്രലോഭനങ്ങളുടെ കഴുകന്മാർ പ്രത്യക്ഷപ്പെട്ടുവെന്നുവരാം. വിശ്വാസത്താൽ അവയെ ആട്ടിയോടിക്കണം.

1. ഈ അധ്യായത്തിൽ രണ്ടു വിവരണങ്ങൾ കൂട്ടിച്ചേർത്തിരിക്കുന്നു എന്നു പറയുന്നതെന്തുകൊണ്ട്? ആ വിവരണങ്ങൾ ഏവ?
2. അബ്രാഹത്തിനു ലഭിച്ച വാഗ്ദാനത്തിന് പ്രവാചകന്മാർക്കു ലഭിച്ച വിളിയോടുള്ള സാമ്യവും വ്യത്യാസവും എന്ത്?
3. പ്രാർത്ഥനയെക്കുറിച്ച് എന്തു പാഠമാണ് ഈ അധ്യായത്തിൽ നിന്നു ലഭിക്കുന്നത്?
4. ഈ അധ്യായത്തിലെ ഏതെല്ലാ പരാമർശങ്ങൾക്കാണ് പുറപ്പാടു സംഭവവുമായി സാമ്യമുള്ളത്?
5. അബ്രാഹത്തോടും നോഹയോടും ചെയ്ത ഉടമ്പടികൾ തമ്മിൽ താരതമ്യം ചെയ്യുക.
6. പിളർന്നിരിക്കുന്ന കഷ്ണങ്ങൾക്കിടയിലൂടെ തീനാളം കടന്നുപോയത് എന്തിനെ സൂചിപ്പിക്കുന്നു?

**ചർച്ചയ്ക്ക് :** "ഭയപ്പെടേണ്ടാ, ഞാൻ നിനക്കു പരിചയാണ്" എന്ന വചനം നിങ്ങളുടെ അനുഭവത്തിൽ യാഥാർത്ഥ്യമായിട്ടുണ്ടോ? എങ്ങനെ?

**പ്രാർത്ഥന :** "കർത്താവ് എന്റെ അഭയകേന്ദ്രവും പരിചയുമാണ്. ഞാൻ അങ്ങയുടെ വചനത്തിൽ പ്രത്യാശയർപ്പിക്കുന്നു" (സങ്കീ 119, 144).

## 6. വാഗ്ദാനപൂർത്തീകരണത്തിനു മാനുഷിക പദ്ധതി 16, 1-16

അബ്രാഹത്തിനു വാഗ്ദാനം ചെയ്യപ്പെട്ട സന്തതിയാണ് ഈ അധ്യായത്തിലെ പ്രധാന പ്രമേയം. വാഗ്ദാനം പലതവണ ആവർത്തിക്കപ്പെട്ടെങ്കിലും പൂർത്തീകരണം വൈകുന്നതിൽ അക്ഷമരായ അബ്രാഹവും സാറായും തങ്ങളുടേതായ ഒരു പദ്ധതി ആവിഷ്കരിച്ച് പരാജയപ്പെട്ടതിന്റെ ചിത്രമാണ് 1-6 വാക്യങ്ങളിൽ വരച്ചുകാട്ടുന്നത്. മാനുഷികമായി പരിഹരിക്കാനാവാത്ത പ്രതിസന്ധിയിൽ ദൈവം ഇടപെട്ട് പുതിയ മാർഗ്ഗം കാണിച്ചുകൊടുക്കുന്നത് 17-16 വാക്യങ്ങളിൽ വിവരിക്കുന്നു.

മുഖ്യമായും യാഹ്‌വിസ്റ്റ് രചനയായ ഈ അധ്യായത്തിലെ 10, 3. 15 -16 വാക്യങ്ങൾ മാത്രം പുരോഹിതരചയിതാവിന്റേതാണ്. ഇസ്മായേലിന്റെ ജനനത്തെക്കുറിച്ചുള്ള കാര്യമാത്രപ്രസക്തമായ വിവരണമാണ് പുരോഹിതരചയിതാവ് ഈ വാക്യങ്ങളിൽ നൽകുന്നത്. ഹാഗാറും ഇസ്മായേലും പുറന്തള്ളപ്പെടുന്നതും ദൈവം അവർക്ക് സംരക്ഷണം നൽകു

ന്നതും 21, 19-21ൽ വിവരിക്കുന്നു. ഇതും ഇവിടെ യാഹ്‌വിസ്റ്റ് വിവരിക്കുന്ന ഹാഗാറിന്റെ ബഹിഷ്കരണവും ഒരേ സംഭവത്തിന്റെ രണ്ടു വ്യത്യസ്ത വിവരണങ്ങളാണെന്നും കരുതപ്പെടുന്നു.

**മാനുഷിക പദ്ധതി 16, 1-6:** സാറായുടെ വന്ധ്യതെയക്കുറിച്ചുള്ള പുരോഹിത രചയിതാവിന്റെ പരാമർശം 11, 30ൽ കണ്ടതിന്റെ ആവർത്തനമാണ്. സന്താനഭാഗ്യം ദൈവത്തിന്റെ ദാനമാണെന്നും തനിക്കത് നിഷേധിക്കപ്പെട്ടിരിക്കുന്നുവെന്നും ഏറ്റുപറയുന്നു സാറാ തന്റെ ദാസിയായ ഹാഗാറിനെ അബ്രാഹത്തിനു ഭാര്യയായി നൽകിയത് അന്നു നിലവിലിരുന്ന നിയമവും നാട്ടുനടപ്പും അനുസരിച്ചായിരുന്നു. നുസിയിൽ നിന്നു കണ്ടെത്തിയ ലിഖിതങ്ങളിൽ ഇതിനു സമാനമായ നിയമങ്ങളുണ്ട്. ഹമ്മൂരബിയുടെ നിയമസംഹിതയിലെ 146-ാം നിയമം ഇപ്രകാരം ഒരു അവസ്ഥയെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. "വന്ധ്യയായ ഭാര്യ തന്റെ ദാസിയെ ഭർത്താവിന് ഉപനാരിയായി നൽകുകയും അവൾക്ക് സന്തതി ഉണ്ടാവുകയും ചെയ്താൽ ആ സന്തതി യജമാനത്തിയുടേതായി പരിഗണിക്കപ്പെടും. എന്നാൽ ഗർഭിണിയായ ദാസി തന്റെ നില മറന്ന് യജമാനത്തിയെ നിന്ദിക്കുകകയോ ധിക്കരിക്കുകയോ ചെയ്താൽ അവളെ വീണ്ടും തന്റെ ദാസിയായിത്തന്നെ നിലയ്ക്കു നിർത്താൻ യജമാനത്തിക്ക് അവകാശമുണ്ടായിരിക്കും. എന്നാൽ അവളെ പറഞ്ഞയക്കാൻ അവകാശമുണ്ടായിരിക്കുകയില്ല." ഈ നിയമം അനുസരിച്ചാണ് സാറായും അബ്രാഹവും ഹാഗാറിനോട് പെരുമാറിയത്. സാറായുടെ ക്രൂരത സഹിക്കവയ്യാതെ ഹാഗാർ ഒളിച്ചോടുകയാണ് ചെയ്തത്.

സാറായുടെയും അബ്രാഹത്തിന്റെയും പ്രവർത്തനം നിയമാനുസൃതമെങ്കിലും പ്രശംസനീയമോ അനുകരണാർഹമോ അല്ല. കർത്താവിന്റെ വാഗ്ദാനം നിറവേറുന്നതിനു വേണ്ടി ക്ഷമയോടെ കാത്തിരിക്കുന്നതിനു പകരം അത് ത്വരിതപ്പെടുത്താൻ ശ്രമിക്കുകയാണ് സാറ ആദ്യമേ ചെയ്തത്. അവളുടെ വാക്ക് അനുസരിക്കുന്ന അബ്രാഹത്തിൽ ഇതുവരെ കണ്ട വിശ്വാസദാർഢ്യം പ്രകടമാകുന്നില്ല. താൻ ഗർഭിണിയാണെന്നറിഞ്ഞ് ഹാഗാറിൽ അഹങ്കാരം തലപൊക്കുന്നു. അബ്രാഹത്തോടു പരാതി പറയുന്ന സാറയുടെ വാക്കുകൾ അസൂയയും ദുഃഖവും പ്രകടമാക്കുന്നു. തന്റെ ദാസിയായിരുന്നെങ്കിലും ഭർത്താവിന് വിട്ടുകൊടുത്തതിനാൽ നിയമപ്രകാരം ഹാഗാറിന്റെ മേൽ സാറയ്ക്ക് അവകാശമില്ലായിരുന്നു. അതിനാലാണ് അബ്രാഹത്തോടു പരാതി പറയേണ്ടി വന്നത്. അബ്രാഹം ഹാഗാറിന്റെ മേലുള്ള തന്റെ അവകാശം ഉപേക്ഷിച്ച് അവളെ സാറായ്ക്കു തന്നെ വിട്ടുകൊടുക്കുന്നു. മൂന്നു കഥാപാത്രങ്ങളുടേയും സ്വഭാവത്തിന്റെ

പ്രത്യേകതകളും ബലഹീനതകളും എടുത്തുകാട്ടുന്നതാണ് ഈ വിവരണം. യജമാനത്തിയുടെ ക്രൂരതയ്ക്കു വഴങ്ങാതെ ഒളിച്ചോടുന്ന ഹാഗാറിന്റെ ആത്മാഭിമാനവും സ്വാതന്ത്ര്യബോധവും വിശുദ്ധ ഗ്രന്ഥകാരൻ എടുത്തുകാട്ടുന്നുണ്ട്. അടിമത്തത്തിലും നിരന്തരമായ നിന്ദനത്തിലും കഴിയുന്നതിനേക്കാൾ മരുഭൂമിയിൽ അലയാനും, വേണ്ടിവന്നാൽ മരിക്കാനും അവൾ തയ്യാറായി. 21, 9-21ൽ പുരോഹിത ഗ്രന്ഥകാരൻ വിവരിക്കുന്നതിൽനിന്നും തികച്ചും വ്യത്യസ്തമാണ് യാഹ്വിസ്റ്റ് ഗ്രന്ഥകാരൻ അവതരിപ്പിക്കുന്ന ഹാഗാറിന്റെ ചിത്രം.

ഹാഗാറിന്റെ ഒളിച്ചോട്ടത്തോടെ വാഗ്ദാന പൂർത്തീകരണത്തിനുള്ള മാനുഷിക പദ്ധതി പരാജയപ്പെട്ടു. കുടംബകലഹം അതിന്റെ മൂർദ്ധന്യത്തിലെത്തി. ഇനി എന്താണ് സംഭവിക്കാൻ പോകുന്നത് എന്ന ആകാംക്ഷ നില നിൽക്കുന്നു.

**ഇസ്മായേൽ 16, 7-16:** ഈജിപ്തിന്റെ കിഴക്കേ അതിർത്തിയിലുള്ള പ്രദേശമാണ് ഷൂർ. "മതിൽ" എന്നാണ് പദത്തിന്റെ അർത്ഥം. കിഴക്കു നിന്നുള്ള ആക്രമണത്തെ തടയാൻ വേണ്ടി അതിർത്തി പ്രദേശത്തു നിർമ്മിച്ചിരുന്ന കോട്ടമതിലിൽ നിന്നായിരിക്കണം ഈ പേരുണ്ടായത്. കാനാനിൽ നിന്ന് ഈജിപ്തിലേക്കുള്ള കാരവൻ പാത ഷൂറിലൂടെയാണ് കടന്നുപോയിരുന്നത്. ഗർഭിണിയായിരുന്നിട്ടും ദീർഘദൂരം മരുഭൂമിയിലൂടെ തനിച്ചു യാത്ര ചെയ്യാൻ തയ്യാറായ ഹാഗാറിന്റെ ധീരതയും ആത്മാഭിമാനവും പ്രത്യേകം ശ്രദ്ധേയമാണ്.

ഹാഗാറിനെ വഴിയിൽ വച്ചു കണ്ടുമുട്ടിയ "ദൂതൻ" കർത്താവു തന്നെയായിരുന്നുവെന്ന് 13-ാം വാക്യത്തിൽ വ്യക്തമാകുന്നു. അദൃശ്യനായ ദൈവം മനുഷ്യർക്കു ദൃശ്യമായ രൂപത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ "കർത്താവിന്റെ ദൂതൻ" എന്ന പേരിൽ അറിയപ്പെടുന്നതായി ബൈബിളിൽ പലപ്പോഴും രേഖപ്പെടുത്തിയിട്ടുണ്ട് (ഉൽപ 21, 17, 22, 11; പുറ 3, 2; ന്യായാ 6, 12-22) തന്റെ സന്ദേശം അറിയിക്കാനായി ദൈവം മനുഷ്യരുടെ അടുക്കലേയ്ക്കയക്കുന്ന അമാനുഷികവ്യക്തികളായ മാലാഖമാരേക്കുറിച്ചുള്ള വിശ്വാസം വളരെ പിന്നീടാണുണ്ടായത്.

തന്റെ അവസ്ഥയെക്കുറിച്ചു ബോധവതിയാകാൻ ഹാഗാറിനെ സഹായിക്കുന്നതാണ് ദൂതന്റെ ചോദ്യം. സാറായുടെ ദാസിയാണവളെന്ന് കാര്യം അനുസ്മരിപ്പിച്ചുകൊണ്ടാണ് ദൂതന്ഡ അവളെ ആത്മശോദനക്കു ക്ഷണിക്കുന്നക്. മടങ്ങിപ്പോകാനുള്ള കല്പന ക്രൂരമായി തോന്നിയേക്കാം. എന്നാൽ തുടർന്നു നൽകുന്ന വാഗ്ദാനം അതിനു സാധൂകരണമായി

നിൽക്കുന്നു. അബ്രാഹത്തിനു നൽകിയതിനു സമാനമായ യഒരു വാഗ്ദാനമാണ് (ഉൽപ 15, 5) ഹാഗാറിനു നൽകുന്നത്.

"ദൈവം കേട്ടു" എന്നാണ് ഇസ്മായേൽ എന്ന പേരിന്റെ അർത്ഥം. "ഏൽ" എന്ന പദമാണ് "ദൈവം" എന്നു വിവർത്തനം ചെയ്യുന്നത്. ദൈവത്തെ സൂചിപ്പിക്കാൻ കാനാൻകാർ ഉപയോഗിച്ചിരുന്ന ഒരു പേരാണ് "ഏൽ". കർത്താവു നിന്റെ രോദനം ചെവിക്കൊണ്ടിരിക്കുന്നു" എന്ന് ജൂതൻ തന്നെ ഇസ്മായേൽ എന്ന പേരിനു നൽകുന്ന വിശദീകരണം കർത്താവും ഏലും ഒരേ ദൈവം തന്നെയാണെന്നു സൂചിപ്പിക്കുന്നു. മരുഭൂമിയിൽ ജീവിക്കുന്ന സ്വാതന്ത്രരും ആത്മാഭിമാനികളുമായ ഒരു വർഗ്ഗത്തിന്റെ പിതാവായിരിക്കും ഹാഗാറിന്റെ മകൻ.

ആഹാരത്തിനും സുരക്ഷിതത്വത്തിനും വേണ്ടി നിന്ദനവും പീഡനവും സഹിക്കാൻ തയ്യാറാവാതെ മരുഭൂമിയിലേക്കു പലായനം ചെയ്ത അമ്മയുടെ സ്വഭാവം അതിന്റെ തനിമയിൽ പ്രകടമാകുന്നതായിരിക്കും അവളുടെ സന്തതി പരമ്പര. ആരെയും എതിർക്കാൻ അവർ തയ്യാറായിരിക്കും. ആർക്കും അടിമയായിരിക്കാൻ സമ്മതിക്കുകയില്ല. ഇതാണ് ഇസ്മയേലിന്റെ സ്വഭാവത്തിനു നൽകുന്ന വിശേഷണത്തിന്റെ അർത്ഥം. രണ്ടാം സഹസ്രാബ്ദത്തിന്റെ ആരംഭം മുതൽ ബി.സി. എട്ടാം നൂറ്റാണ്ടുവരെ അറേബ്യൻ മരുഭൂമിയിൽ വസിച്ചിരുന്ന വ്യാപാരികളുടെ ഒരു വർഗ്ഗമായിരുന്നു ഇസ്മയേല്യർ (ഉൽ 37, 25; ന്യായാ 8, 24; 1-1ദിന 27, 30). ഇസ്മായേലിന്റെ സന്തതിപരമ്പരയെക്കുറിച്ച് ഉൽപ 25, 12-8ൽ പ്രദിപാദിക്കുന്നുണ്ട്.

ദൂതൻ നൽകുന്ന വാഗ്ദാനത്തിന്റെ അവസാനമാണ് അത് കർത്താവായിരുന്നുവെന്ന് ഹാഗാർ മനസിലാക്കുന്നത്. "ദർശനത്തിന്റെ ദൈവം" എന്നാണ് ഏൽറോയ് എന്ന പേരിന്റെ അർത്ഥം. ദൈവം കാണുകയും ദൈവത്തെ കാണുകയും ചെയ്തു എന്ന സൂചനയാണ് ഈ പേരു നൽകുന്നത്. തന്റെ ക്ലേഷങ്ങൾ കണ്ട് സഹായത്തിനെത്തിയ ദൈവത്തെ കാണാനും കണ്ടിട്ടും ജീവനോടെ ഇരിക്കാനും കഴിഞ്ഞതിലുള്ള സന്തോഷവും നന്ദിയും പ്രകടമാക്കുന്നതാണ് ഹാഗാറിന്റെ സ്വാഗതം. "എന്നെ കാണുന്ന ജീവിക്കുന്നവന്റെ കിണർ" എന്നാണ് ബേർല്ഹായ് റോയ്" (ബേർ-കിണർ; ല്ഹായ് - ജീവിക്കുന്നവൻ, റോയ് - എന്നെ കാണുന്നവൻ) എന്ന പേരിന് നൽകിയിരിക്കുന്ന അർത്ഥം. ഇസഹാക്ക് ഇവിടെ പലപ്പോഴും വാസമുറപ്പിച്ചിരുന്നു (ഉൽപ 24, 62; 25, 11).

15-16 വാക്യങ്ങൾ പുരോഹിത രചനയുടെ ഭാഗമാണ്. ഈ വാക്യങ്ങൾ 21, 9-21ൽ വിവരിക്കുന്ന ഹാഗാറിന്റെ ബഹിഷ്കരണത്തിനു കളമൊ

രുക്കുന്നു. മകന് പേരിടാൻ ദൂതൻ ഹാഗാറിനെ ചുമതലപ്പെടുത്തിയെങ്കിലും അബ്രാഹാമാണ് നാമകരണകർമ്മം നിർവ്വഹിക്കുന്നത്. ഇസ്മയേലിനെ തന്റെ മകനായി അബ്രാഹം ഏറ്റുപറയുന്നതിന്റെ സൂചനയാണിത്.

അനേകം ധ്വനികളുള്ള ഒരു വിവരണമാണിത്, കർത്താവിന്റെ വാഗ്ദാനങ്ങൾ നിറവേറുക തന്നെ ചെയ്യും. എന്നാൽ എപ്പോഴാണ് അതു സംഭവിക്കുക എന്നു നമുക്കറിയില്ല. കർത്താവു നിശ്ചയിച്ച സമയം വരെ പ്രതീക്ഷയോടെ ക്ഷമാപൂർവ്വം കാത്തിരിക്കണം. പ്രാർത്ഥനകൾക്ക് ഉടനെ മറുപടി ലഭിച്ചില്ലെങ്കിലും നിരാശപ്പെടരുത്. നാട്ടുനടപ്പും പൊതുജനാഭിപ്രായവും രാജ്യത്തു നിലനിൽക്കുന്ന നിയമങ്ങളും കർത്താവിന്റെ പദ്ധതിക്ക് അനുയോജ്യമയിരിക്കണമെന്നില്ല. വിശ്വാസി ക്ഷമാപൂർവ്വം കാത്തിരിക്കാൻ സന്നദ്ധനായിരിക്കണം.

തന്റെ നില മറന്നത് ഹാഗാർ ചെയ്തത് വലിയൊരു തെറ്റാണ്. മർദ്ദിതൻ മർദ്ദകനായി മാറുന്നതിന്റെ ചിത്രമാണിത്. സമൃദ്ധിയും സ്ഥാനമാനങ്ങളും ലഭിക്കുമ്പോൾ കഴിഞ്ഞ കാലങ്ങൾ മറകകുകയോ ഉപകാരികളായിരുന്നവരെ തിരസ്കരിക്കുകയോ ചെയ്യുന്നതു ശരിയല്ല. നീ എവിടെ നിന്നു വരുന്നു? എങ്ങോട്ടു പോകുന്നു? ഓരോ വ്യക്തിയും തന്നോടു തന്നെ ചോദിക്കേണ്ട് അടിസ്ഥാനപരമായ ചോദ്യങ്ങളാണിത്. ജീവിതത്തിന്റെ ഉറവിടത്തോയും ലക്ഷ്യത്തേയും അർത്ഥത്തേയും കുറിച്ചു ഗാഢമായി ചിന്തിക്കാനും തീരുമാനങ്ങൾ എടുക്കാനും ഇതു പ്രേരിപ്പിക്കുന്നു.

"എന്നെ കാണുന്നവനാണ് ദൈവം" എന്ന ഹാഗാറിന്റെ അനുഭവം വലിയ പ്രതീക്ഷയ്ക്കു വക നൽകുന്നു. യജമാനത്തിയെ വിട്ട് ഒളിച്ചോടിയവൾ മരുഭൂമിയിൽ അലയാൻ ഇടയായി. എന്നാൽ ദൈവം അവളെ കണ്ടെത്തി സംരക്ഷിച്ചു. ഏകാന്തയുടെയും കുറ്റബോധത്തിന്റെയും ഭയത്തിന്റെയും നിരാശയുടെയും മരുഭൂമിയിൽ അലയുമ്പോഴും എന്നെ ദൈവം കാണുന്നു. എന്നെ കാണുന്ന ദൈവം കരുണയുള്ളവനാണ്.

### ചോദ്യങ്ങൾ

1. ഹാഗാറിനോടുള്ള അബ്രാഹത്തിന്റെയും സാറായുടെയും പ്രവൃത്തിക്ക് എന്തു ന്യായീകരണമാണുള്ളത്?
2. രക്ഷാചരിത്രത്തെയും നിങ്ങളുടെ ജീവിതത്തെയും കുറിച്ച് എന്തു പാഠമാണ് ഈ സംഭവത്തിൽ നിന്നു ലഭിക്കുന്നത്?
3. "ഏൽ റോയ്" എന്നാൽ എന്ത്? നിങ്ങളുടെ ജീവിതത്തിൽ അതിന് എന്തു പ്രസക്തിയുണ്ട്?

**ചർച്ചക്ക്:** ഹാഗാറിന്റെ സ്വഭാവ സവിശേഷതകൾ നിങ്ങളുടെ ജീവിതാനുഭവത്തോടു താരതമ്യം ചെയ്യുക. നില മറക്കുന്നവരേയും ഉപകാരികളെ നിന്ദിക്കുന്നവരേയും നിങ്ങൾക്ക് അറിയാമോ? ഈ സംഭവത്തിന് നമ്മുടെ സമൂഹത്തിൽ ഇന്ന് എന്തു പ്രസക്തിയുണ്ട്?

**പ്രാർത്ഥന:** "ദൈവമേ എന്നെ പരിശോധിച്ച് എന്റെ ഹൃദയത്തെ അറിയണമേ. എന്നെ പരീക്ഷിച്ച് എന്റെ വിചാരങ്ങൾ മനസ്സിലാക്കണമേ. വിനാശത്തിന്റെ മാർഗ്ഗത്തിലാണോ ഞാൻ ചരിക്കുന്നതെന്നു നോക്കണമേ. ശാശ്വതമാർഗ്ഗത്തിലൂടെ എന്നെ നയിക്കണമേ" (സങ്കീ 139, 23–24).

## 7. ഉടമ്പടിയും വാഗ്ദാനവും 17, 1–27

അബ്രാഹവുമായി ദൈവം ചെയ്ത ഉടമ്പടിയേയും ഉടമ്പടിയിലൂടെ ഉറപ്പു നൽകിയ വാഗ്ദാനങ്ങളേയും കുറിച്ച് 15-ാം അധ്യായത്തിൽ കണ്ട യാഹ്‌വിസ്റ്റ് ഗ്രന്ഥകാരന്റെ വിവരണത്തിനു സമാന്തരമായ മറ്റൊരു വിവരമാണ് ഈ അധ്യായത്തിലുള്ളത്. ഇതു മുഴുവനായി പുരോഹിത രചനയുടെ ഭാഗമാണ്. ഒരേ കാര്യങ്ങൾ തന്നെയാണ് രണ്ട് അധ്യായങ്ങളിലും അവതരിപ്പിച്ചിരിക്കുന്നതെങ്കിലും ശൈലിയിലും ഊന്നൽ കൊടുക്കുന്ന പ്രമേയങ്ങളിലും വ്യത്യാസങ്ങളുണ്ട്.

കർത്താവ് അബ്രാഹത്തിനു പ്രത്യക്ഷപ്പെട്ടുവെന്ന് ആരംഭത്തിലും (17, 1) അവിടുന്ന് അവനെ വിട്ടുപോയി എന്ന് അവസാനത്തിലും (17, 22) രേഖപ്പെടുത്തിക്കൊണ്ട് അവയ്ക്കു മധ്യേയുള്ളവയെ ഒറ്റ സംഭംവമായി അവതരിപ്പിച്ചിരിക്കുന്നു. 1-3 വാക്യങ്ങൾ ആമുഖമെന്ന വിധത്തിൽ ദൈവത്തിന്റെ വാഗ്ദാനവും അബ്രാഹത്തിന്റെ പ്രതികരണവും സംക്ഷിപ്തമായ അവതരിപ്പിക്കുന്നു. തുടർന്ന് വാഗ്ദാനം (15–22) എന്നിങ്ങനെ മൂന്നു ഭാഗമായി തിരിച്ച് ഉടമ്പടിയുടെ അടയാളമായ ഛേദനാചാരത്തെ സംബന്ധിച്ച കല്പനക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. 23–27 വാക്യങ്ങൾ അബ്രാഹത്തിന്റെ അനുസരണം രേഖപ്പെടുത്തുന്നു.

ഉടമ്പടി എന്ന പദം 13 തവണ ആവർത്തിച്ചുകൊണ്ട് ആ പ്രമേയത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. ഛേദനാപരം എന്ന പദം പത്തു തവണ ആവർത്തിക്കുന്നുണ്ട്, അഞ്ചു തവണ കല്പനയായും അഞ്ചുതവണ അനുവർത്തിക്കുന്നതായും, സന്തതിയെക്കുറിച്ചുള്ള വാഗ്ദാനം ആദ്യം അബ്രാഹത്തോടും പിന്നീട് സാറായോടും ബന്ധപ്പെടുത്തി രണ്ടു തവണ രേഖപ്പെടുത്തിയിരിക്കുന്നു.

1. **ആമുഖം 17, 1–3:** അബ്രാഹത്തിന്റെ പ്രായത്തെ സംബന്ധിച്ച പരാ

മർശം രക്ഷാചരിത്രത്തിൽ കാലഗണനയ്ക്കുള്ള പ്രാധാന്യം എടുത്തു കാട്ടുന്നു. നിശ്ചിതമായൊരു പദ്ധതിയനുസരിച്ചാണ് ദൈവം പ്രവർത്തിക്കുന്നത് എന്നു സൂചിപ്പിക്കുന്നതാണ് പുരോഹിത രചനയിൽ മാത്രം കാണുന്ന പ്രായത്തെയും കാലത്തെയും കുറിച്ചുള്ള പരാമർശങ്ങൾ (ഉൽപ 12, 4; 16, 3.16; 21, 5; 23, 1; 25, 7).

പുറപ്പാടു സംഭവത്തോടു ബന്ധപ്പെടുത്തി കർത്താവ് (യാഹ്‌വേ) എന്ന പേരു വെളിപ്പെടുത്തുന്നതുവരെ (പുറ 6, 3) പുരോഹിത രചയിതാവ് ആ പേര് ഉപയോഗിക്കാറില്ല. ആദിചരിത്രത്തിൽ ദൈവം (ഏലോഹിം) എന്നും പൂർവ്വ പിതാക്കന്മാരുടെ ചരിത്രത്തിൽ സർവ്വശക്തനായ ദൈവം (ഏൽഷദ്ദായ്) എന്നും ഉള്ള പേരുകളാണ് ഉപയോഗിക്കുന്നത്. രക്ഷാചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളെ സൂചിപ്പിക്കാൻ ഈ വിവിധ നാമങ്ങൾ സഹായിക്കുന്നു. മെസൊപ്പൊട്ടേമിയായിൽ നിലവിലിരുന്ന ഒരു പേരാണ് ഏൽഷദ്ദായ്. "പർവ്വതങ്ങളുടെ ദൈവം" എന്നായിരുന്നു ഈ പേരിന് അവർ നൽകിയിരുന്ന അർത്ഥം. കൊടുങ്കാറ്റ്, ഭൂമികുലുക്കം മുതലായ പ്രകൃതിശ്കിതകളുമായി ബന്ധപ്പെടുത്തിയാണ് അവർ ഏൽഷദ്ദായ് ന്ന ദൈവത്തെക്കുറിച്ചു ചിന്തിച്ചിരുന്നത്. പ്രകൃതിശക്തികളിലൂടെ പ്രത്യക്ഷനായത് യഥാർത്ഥത്തിൽ സത്യദൈവമായ യാഹ്‌വേ തന്നെയായിരുന്നു എന്ന് പുരോഹിത ഗ്രന്ഥകാരൻ പഠിപ്പിക്കുന്നു. തദ്ദേശവാസികളുടെ ദൈവസങ്കല്പങ്ങളെ കറ കളഞ്ഞ് ഉപയോഗിക്കുന്നതിന്റെ ഒരുദാഹരണമാണിത്.

സ്വയം വെളിപ്പെടുത്തിയതിനുശേഷം ദൈവം രണ്ടു കല്പനകൾ നൽകുന്നു. "എന്റെ മുമ്പിൽ വ്യാപരിക്കുക, കുറ്റമറ്റവനായിരിക്കുക". ജീവിതത്തെ മുഴുവൻ ഒരു യാത്രയായി ചിത്രീകരിക്കുന്നതാണ് ആദ്യത്തെ കല്പന. എവിടെപ്പോയാലും താൻ ദൈവത്തിന്റെ മുമ്പിലാണ് എന്ന ബോദ്ധ്യത്തോടെ വ്യാപരിക്കണം. "കുറ്റമറ്റവൻ" എന്ന വിശേഷം ദൈവത്തോടുള്ള നിരപാധികമായ വിധേയത്വത്തെ സൂചിപ്പിക്കുന്നു. ദൈവഹിതം പൂർണ്ണമായി നിറവേറ്റുന്നവനാണ് കുറ്റമറ്റവൻ (ഉൽപ 6,9; നിയ 18, 13). ഉടമ്പടിയെയും സന്തതിയെയും കുറിച്ചുള്ള പരാമർശം വീണ്ടും കൂടുതൽ വിശദമായി അവതരിപ്പിക്കുന്നുണ്ട്. അബ്രാഹത്തെ സംബന്ധിച്ച ദൈവികപദ്ധതിയുടെ രത്നച്ചുരുക്കമാണ് ഈ വാക്യങ്ങൾ. 12, 1-3ൽ വിവരിച്ച ദൈവവിളിയോട് ഈ വാക്യങ്ങൾക്ക് സാമ്യമുണ്ട്. ദൈവത്തിനു പൂർണ്ണമായി അടിയറവയ്ക്കുന്നതിന്റെ അടയാളമാണ് അബ്രാഹത്തിന്റെ സാഷ്ടാംഗപ്രണാമം.

**വിചിന്തനം:** ഏതൊരു മനുഷ്യന്ഡറെയും ജീവിതത്തെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ട അടിസ്ഥാനപരമായൊരു പ്രമാണമാണ്

“എന്റെ മുമ്പിൽ വ്യാപരിക്കുക കുറ്റമറ്റവനായിരിക്കുക“ എന്ന കല്പന. ഞാൻ മറന്നാലും എന്നെ മറക്കാത്ത്, ഞാൻ കണ്ടില്ലെങ്കിലും എന്നെ കാണുന്ന ദൈവത്തിന്റെ സന്നിധിയിലാണ് ഞാൻ. അവിടുത്തെ നുമ്പിൽ നിന്ന് എനിക്ക് ഒളിച്ചിരിക്കാൻ കഴിയുകയില്ല എന്ന സത്യം ദൈവഹിതമനുസരിച്ചു ജീവിക്കുന്നതിനു പ്രചോദനവും ശക്തിയും പ്രദാനം ചെയ്യണം.

**2. ഉടമ്പടി 17, 4-8:** ഉടമ്പടിയുടെയും വാഗ്ദാനത്തിന്റെയും സ്വഭാവം ഈ വാക്യങ്ങളിൽ കൂടുതൽ വിശദമാക്കുന്നു. 15-ാം അധ്യായത്തിൽ കണ്ടതുപോലെയുള്ള നാടകീയമാടൊരു വിവരണമല്ല ഉടമ്പടിയെക്കുറിച്ചു നൽകുന്നത്. “ഉടമ്പടി മുറിക്കുക” (കാറാത് ബെറിത്) എന്ന പദം ഇവിടെ ഉപയോഗിക്കുന്നുമില്ല. മറിച്ച് ഉടമ്പടി നൽകുക, സ്ഥാപിക്കുക എന്നീ പദങ്ങളാണ് ഉപയോഗിക്കുന്നത്. വചനം കൊണ്ടാണ് ഇവിടെ ദൈവം ഉടമ്പടി ഉറപ്പിക്കുന്നത്. ദൈവവും ഇസ്രായേൽ ജനതയും തമ്മിൽ സംജാതമായ പ്രത്യേക ബന്ധമാണ് ഉടമ്പടിയുടെ കാതൽ എന്നു സൂചിപ്പിക്കുന്നു. ഇസ്രായേൽ ജനത്തിന്റെ മുഴുവൻ പ്രതിനിധിയായിട്ടാണ് അബ്രാഹം ഇവിടെ നിൽക്കുന്നത്. ഉടമ്പടിയിലൂടെ രണ്ടു വാഗ്ദാനങ്ങൾ ഉറപ്പിക്കുന്നു. 1. സന്തതി 2. ദേശം. സന്തതിയെക്കുറിച്ചുള്ള വാഗ്ദാനം “അനേകം ജനതകൾ” എന്നും “രാജാക്കന്മാർ” എന്നും വീണ്ടും വിശദീകരിക്കുന്നു. സാറായെക്കുറിച്ച് ഇതേ വാഗ്ദാനം വീണ്ടും ആവർത്തിക്കുന്നുണ്ട് (17, 16). “നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗൃഹീതരാകും” എന്ന വാഗ്ദാനത്തിനു തുല്യമാണിത്.

ബൈബിളിൽ പേര് വ്യക്തിയുടെ സ്വഭാവത്തിന്റേയും ദൗത്യത്തിന്റേയും നിർവ്വചനമാണ്. പുതിയ പേരു നൽകുന്നത് പുതിയ ദൗത്യം ഏല്പിക്കുന്നതിനെ സൂചിപ്പിക്കുന്നു. അതു ജീവിതത്തെ പുതിയൊരു വഴിയിലേക്ക് തിരിച്ചുവിടുന്നു. അബ്രാഹം എന്ന പേരിന്റെ മറ്റൊരു രൂപമാണ് അബ്രാം. “പിതാവ് ഉന്നതൻ” എന്നാണ് അബ്രാഹം എന്ന പേരിന്റെ അർത്ഥമെന്ന് നാം 11, 27ൽ കണ്ടു കഴിഞ്ഞു. എന്നാൽ “അനവധി ജനതകളുടെ പിതാവ്” എന്ന അർത്ഥമാണ് വി. ഗ്രന്ഥകാരൻ അബ്രാഹം എന്ന പേരിനു നൽകുന്നത്. ഉടമ്പടിയിലൂടെ നൽകിയ വാഗ്ദാനത്തെ ഉറപ്പിക്കുന്നതാണ് ഈ പേരു മാറ്റം.

**വിചിന്തനം:** ഞാൻ ആരുടെ മുമ്പിൽ നിരന്തരം വ്യാപരിക്കുന്നുവോ ആ ദൈവം എന്നെ പേരു ചൊല്ലി വിളിക്കുന്നവനാണ്, ഞാൻ അവിടുത്തേതാണ്. എനിക്കു പേരു നൽകിയ ദൈവം എന്നെ പൂർണ്ണമായി അറിയുന്നു. എന്നെ സ്വന്തമാക്കിയവൻ എന്നെ പരിപാലിക്കും. ഈ അറിവ് എനിക്ക്

പ്രത്യാശയുടെ ഉറവിടമാണ്. പുതിയ പേരു നൽകുന്നത് പ്രത്യേകമായ തിരഞ്ഞെടുപ്പിന്റേയും ദൗത്യം ഏല്പിക്കുന്നതിന്റേയും അടയാളമാണ്. മാമ്മോദീസായിൽ ലഭിച്ച പേര് ഇപ്രകാരമൊരു വിളിയും, ദൗത്യവും സൂചിപ്പിക്കുന്നു. സന്യാസസഭയിലേക്കു സ്വീകരിക്കപ്പെടുമ്പോൾ നൽകിയിരുന്ന പുതിയ പേര് ജീവിതത്തിനു പുതിയ മാനങ്ങൾ നൽകുന്നതിന്റെ അടയാളമായിരുന്നു. എന്റെ പേരിന്റെ അർത്ഥമെന്ത്? എന്തു ദൗത്യമാണ് ഇത് എന്നെ അനുസ്മരിപ്പിക്കുന്നത്?

**3. കൽപന 17, 19-4.** ഉടമ്പടിയുടെ അടയാളം ശരീരത്തിൽ വഹിക്കുന്നതിനു വേണ്ടി ഛേദനാചാരം അനുഷ്ഠിക്കുവാൻ ദൈവം കല്പിച്ചു. "ഛേദനാചാരം അനുഷ്ഠിക്കാൻ ദൈവം കല്പിച്ചു. "ഛേദനാചാരം" എന്ന പദം പത്തു തവണ ആവർത്തിച്ചതുകൊണ്ട് ഈ കല്പനയുടെ പ്രാധാന്യം എത്രയെന്ന് വി. ഗ്രന്ഥകാരൻ വ്യക്തമാക്കുന്നു. ഇ കല്പന ലംഘിക്കുന്നവരെ സമൂഹത്തിൽ നിന്ന് പുറന്തള്ളണം എന്ന് അനുശാസിക്കുന്നതു വഴി ഉടമ്പടിയിലും അതുമായി ബന്ധപ്പെട്ട വാഗ്ദാനങ്ങളിലും പങ്കു ചേരാൻ ഇത് അനിവാര്യമാണെന്നു പഠിപ്പിക്കുന്നു. ആദിമ ക്രൈസ്തവ സഭയെ ഒരു പിളർപ്പിന്റെ വക്കുവരെ എത്തിച്ചതാണ് ഛേദനാചാരത്തെക്കുറിച്ചുള്ള വിവാദം. കാനാൻകാരുടെയും ഈജിപ്തുകാരുടെയും മറ്റു പല പുരാതന ജനതകളുടെയും ഇടയിൽ നിലനിന്നിരുന്ന ഒരാചാരമാണിത്. ലൈംഗിക പക്വതയുടെ ആരംഭത്തെ സൂചിപ്പിക്കുന്നതിനായി അഗ്രചർമ്മം നീക്കം ചെയ്യുന്ന ചെറിയൊരു ശസ്ത്രക്രിയയാണ് പരിഛേദനം അഥവാ ഛേദനാചാരം. ശാരീരശുദ്ധയായിരുന്നു ഇതിന്റെ പ്രധാന ലക്ഷ്യം.

ഇസ്രായേൽക്കാരെ സംബന്ധിച്ചിടത്തോളം ഇത് ദൈവവുമായുള്ള ഉടമ്പടിയുടെ അടയാളമായിത്തീർന്നു. യൗവനത്തിന്റെ ആരംഭത്തിലല്ല, ജനിച്ച് എട്ടാം ദിവസം അനുഷ്ഠിക്കുന്നതിനാൽ ലൈംഗിക പക്വതയുടെയല്ല, ദൈവജനത്തിലുള്ള അംഗത്വത്തിന്റെ അടയാളമായി ഇതു പരിഗണിക്കപ്പെട്ടു. ബാബിലോൺ പ്രവാസകാലത്ത് ഈ കർമ്മത്തിന്റെ മതാത്മകമായ പ്രാധാന്യത്തിന് ഊന്നൽ നൽകപ്പെട്ടു. മെസൊപ്പൊട്ടേമിയായിലുള്ള ജനതകൾ പരിഛേദനം സ്വീകരിച്ചിരുന്നില്ല. അവരുടെ മധ്യേ തടവുകാരായി വസിക്കാൻ നിർബ്ബന്ധിതരായ ഇസ്രായേൽകാർക്ക് തങ്ങളുടെ മതപരമായ വ്യക്തിത്വവും വ്യതിരിക്തതയും കാത്തുസൂക്ഷിക്കാനുള്ള ഒരടയാളമായിരുന്നു ഛേദനാചാരം. അതിന്റെ പ്രാധാന്യത്തെ ഊന്നിപ്പറയാനും ഉടമ്പടിയോടുള്ള വിശ്വസ്തത പാലിക്കാൻ ജനത്തെ പ്രേരിപ്പിക്കാനും വേണ്ടിയാണ് പുരോഹിതഗ്രന്ഥകാരൻ ദൈവം അബ്രാഹത്തിനു നൽകിയ ഈ കല്പന ഇത്രമാത്രം ശക്തമായി ആവർത്തിക്കുന്നത്.

**വിചിന്തനം:** ശാരീരികമായ പരിഛേദനം വഴി ഒരാൾക്ക് പഴയ ഉടമ്പടിയിൽ അംഗത്വം ലഭിച്ചിരുന്നു. എന്നാൽ മാമ്മോദീസാ വഴിയാണ് പുതിയ ഉടമ്പടിയിൽ അംഗത്വം ലഭിക്കുക. ശിശുക്കൾക്ക് എട്ടാം ദിവസം പരിഛേദനം നൽകി അവരെ ദൈവജനത്തിൽ അംഗങ്ങളാക്കിയിരുന്നതു പോലയാണ് ശിശുക്കൾക്ക് മാമ്മോദീസാ നൽകി സഭയിൽ അംഗങ്ങളാക്കുന്നത്. പരിഛേദനം സ്വീകരിക്കുന്നവർ സ്വന്തം രക്തം ചിന്തിക്കൊണ്ടാണ് ഉടമ്പടിയിൽ പങ്കുചേരുന്നത്.. ഉടമ്പടിയുടെ നിബന്ധനകൾ അനുസരിക്കാനുള്ള കടമയും അടയാളമാണിത്. മാമ്മോദീസ സ്വീകരിക്കുന്നവർ യേശുവിന്റെ രക്തത്തിൽ ഉറപ്പിക്കപ്പെട്ട ഉടമ്പടിയിൽ പങ്കുചേരുന്നു; യേശുവിന്റെ രക്തത്താൽ കഴുകി ശുദ്ധീകരിക്കപ്പെടുന്നു.

**4. വാഗ്ദാനം 17, 15-22:** സന്തതിയെക്കുറിച്ചു നൽകിയ വാഗ്ദാനം ഈ ഭാഗത്തു കൃത്യമായി നിർവചിക്കുന്നു. അബ്രാഹത്തിന് ഭാര്യ സാറായിൽനിന്നു ജനിക്കുന്ന പുത്രനായിരിക്കും അനന്തരാവകാശി. അവനിലൂടെയായിരിക്കും ഉടമ്പടിയും വാഗ്ദാനങ്ങളും പിൻതലമുറയ്ക്കു കൈമാറപ്പെടുക. സാറായിൽനിന്ന് അബ്രാഹത്തിനു പുത്രൻ ജനിക്കും എന്ന വാഗ്ദാനവും അതിനു പ്രതികരണമായ ചിരിയും 18, 1-5ൽ വീണ്ടും അവതരിപ്പിക്കുന്നുണ്ട്. ദൈവത്തിന്റെ വാഗ്ദാനത്തിൽ പൂർണ്ണമായും വിശ്വസിക്കാൻ കഴിയാത്ത അബ്രാഹം ഇസ്മായേലിനെ അവകാശിയായി ലഭിച്ചാൽ മതിയെന്ന് അപേക്ഷിക്കുന്നത് 16-ാം അധ്യായത്തിൽ കണ്ട മാനുഷികപദ്ധതിയെ അനുസ്മരിപ്പിക്കുന്നു. "അടുത്ത വർഷം ഈ സമയത്ത്" എന്ന കാലനിർണ്ണയം വാഗ്ദാപൂർത്തീകരണം അടുത്തിരിക്കുന്നു എന്നു വ്യക്തമാക്കുന്നു. 18, 14ൽ ഇതു വീണ്ടും ആവർത്തിക്കുന്നുണ്ട്.

അബ്രാഹത്തിനെന്നതുപോലെ സാറായ്ക്ക് പുതി പേരു നൽകുന്നത് പുതിയ ദൗത്യത്തെ സൂചിപ്പിക്കുന്നു. "സാറായി" എന്ന പേരിന്റെ മറ്റൊരു രൂപമാണ് "സാറാ". രാജകുമാരി എന്നാണ് രണ്ടിന്റേയും അർത്ഥം. സിൻദേവന്റെ ആരാധനയുമായി ബന്ധപ്പെട്ട പേരായിരുന്നു സാറായി എന്ന് 11,29ൽ നാം കണ്ടു. വിഗ്രഹാരാധനയുമായുള്ള ബന്ധം വിച്ഛേദിച്ച്, രാജാക്കളുടെ മാതാവ് എന്ന അർത്ഥമാണ് "സാറാ" എന്ന പേരിനു നൽകുന്നത്. രാജമാതാവിന് ഇസ്രായേലിൽ വലിയ സ്ഥാനമുണ്ടായിരുന്നു.

സാറായക്ക് സന്താനപുഷ്ടി നൽകുന്നത് ദൈവത്തിന്റെ അനുഗ്രഹമാണ് എന്ന് ഊന്നിപ്പറയാൻ "അവളെ ഞാൻ അനുഗ്രഹിക്കും" എന്നു രണ്ടുതവണ ആവർത്തിച്ചിരിക്കുന്നു. ഈ അനുഗ്രഹങ്ങൾക്ക് മധ്യേയാണ് "അവളിൽ നിന്ന് ഞാൻ നിനക്ക് ഒരു പുത്രനെ തരും" എന്ന വാഗ്ദാനം

രേഖപ്പെടുത്തിയിരിക്കുന്നത്. അബ്രാഹം ജനതകളുടെ പിതാവാകുന്നതുപോലെ സാറാ ജനതകളുടെ മാതാവാകം എന്ന വാഗ്ദാനം രക്ഷാപദ്ധതിയിൽ ഇരുവർക്കും ഒരു പോലെ സ്ഥാനം നൽകുന്നു.

കമിഴ്ന്നു വീണു ചിരിച്ചു എന്ന പ്രസ്താവന രണ്ടു പ്രവൃത്തികളെ സൂചിപ്പിക്കുന്നു. "സാഷ്ടാംഗം വീണു പ്രണമിച്ചു" എന്ന് 3-ാം വാകൃത്തിൽ വിവർത്തനം ചെയ്തിരിക്കുന്ന അതേ ഹീബ്രുപദമാണ് ഇവിടെ "കമിഴ്ന്നു വീണു" എന്ന് വിവർത്തനം ചെയ്യുന്നത്. പൂർണ്ണമായ വിധേയത്വത്തിന്റെ സൂചനയാണിത്. ചിരി സന്തോഷത്തെ സൂചിപ്പിക്കുന്നു. എന്നാൽ തുടർന്നുള്ള ആത്മഗതം അബ്രാഹത്തിന്റെ സംശയത്തെ സ്പഷ്ടമാക്കുന്നു. ദൈവികപദ്ധതി ഗ്രഹിക്കാൻ കഴിയാത്ത അബ്രാഹം അതിന്റെ പൂർത്തീകരണത്തിനായി മാനുഷികമായൊരു മാർഗ്ഗം നിർദ്ദേശിക്കുന്നു. എന്നാൽ അതു ദൈവം സ്വീകരിക്കുന്നില്ല.

"അവൻ ചിരിച്ചു" എന്നാണ് ഇസഹാക്ക് എന്ന ഹീബ്രു വാക്കിന്റെ അർത്ഥം. സന്തോഷത്തിന്റെ പ്രകടനമാണ് ഈ ചിരി. വാർദ്ധകൃകാലത്തു ജനിക്കുന്ന വാഗ്ദാനത്തിന്റെ പുത്രൻ മാതാപിതാക്കൾക്കും ഇതിനെക്കുറിച്ച് കേൾക്കുന്നവർക്കും ലോകജനതകൾക്കു മുഴുവനും സന്തോഷത്തിനു കാരണമായിരിക്കും എന്നു സൂചിപ്പിക്കാൻ വേണ്ടിയാണ് ഏഴുതവണ ചിരിയെക്കുറിച്ചു പ്രതിപാദിക്കുന്നത് (17, 7; 18, 1. 15; 21,6)

**വിചിന്തനം:** എല്ലാവരുടെയും സന്തോഷമാണ് ദൈവത്തിന്റെ ലക്ഷ്യം. ഇസഹാക്കിനെ നൽകി മാതാപിതാക്കളെ സന്തുഷ്ടരാക്കിയ ദൈവം തന്റെ ഏകജാതനെ നൽകിക്കൊണ്ട് എല്ലാ മനുഷ്യർക്കും സമ്പൂർണ്ണമായ സന്തോഷം പ്രദാനം ചെയ്യുന്നു.

**5. അനുസരണം 17, 23-27:** പരിഛേദനത്തെക്കുറിച്ചു ദൈവം നൽകിയ കൽപന അബ്രാഹം കണിശമായി നിറവേറ്റിയത് ഈ വാകൃങ്ങളിൽ വിവരിക്കുന്നു. അനുസരണമാണ് അബ്രാഹത്തിന്റെ ജീവിതത്തിലുടനീളം മുന്നിട്ടു നിലക്കുന്ന മുഖമുദ്ര. ദൈവത്തിലുള്ള അടിപതറാത്ത വിശ്വാസവും അവിടുത്തോടുള്ള നിരപാധികമായ വിശ്വസ്തതയും പ്രകടമാക്കുന്നതാണ് അനുസരണം. അഗ്രചർമ്മം ഛേദിച്ചു രക്തം ചിന്തിക്കൊണ്ട് അബ്രാഹം കുടുംബസമേതം ഉടമ്പടിയിൽ പങ്കുചേർന്നു. സ്വതന്ത്രമായ ഒരു രാഷ്ട്രം എന്ന അവസ്ഥ നഷ്ടപ്പെട്ടതിനുശേഷം ഇസ്രായേൽ ജനത്തിന്റെ വ്യക്തിത്വവും വ്യതിരിക്തതയും നില നിർത്താൻ സഹായിച്ച ഒരു പ്രധാന ഘടകമായിരുന്നു ഛേദനാചാരം. ഇതുവഴിയാണ് അബ്രാഹത്തിനു ലഭിച്ച വാഗ്ദാനങ്ങൾ ഇടമുറിയാതെ തലമുറകൾക്ക് കൈമാറി ലഭിച്ചിരു

ന്നത്.

### ചോദ്യങ്ങൾ

1. 15,17 അധ്യായങ്ങൾ കാണുന്ന ഉടമ്പടിയെക്കുറിച്ചുള്ള വിവരങ്ങൾ താരതമ്യം ചെയ്ത് സാമ്യങ്ങളും വ്യത്യാസങ്ങളും കണ്ടുപിടിക്കുക.
2. അബ്രാഹം, സാറാ, എന്നീ പേരുകളുടെ അർത്ഥമെന്ത്? പുതിയ പേരു നൽകുന്നത് എന്തിനുവേണ്ടി? പുതിയ നിയമത്തിൽ നിന്ന് ഒരു ഉദാഹരണം എടുത്തു കാട്ടുക.
3. അബ്രാഹവുമായ ചെയ്ത ഉടമ്പടിയുടെ അടയാളമെന്ത്? എന്താണ് അതിന്റെ അർത്ഥവും പ്രാധാന്യവും? ക്രൈസ്തവരെ സംബന്ധിച്ച് അതിന് എന്തു പ്രസക്തിയുണ്ട്?
4. ഇസഹാക്ക് എന്ന പേരിന്റെ അർത്ഥമെന്ത്? അത് എന്തിനെ സൂചിപ്പിക്കുന്നു?

ചർച്ചയ്ക്ക്: 1. "എന്റെ മുമ്പിൽ വ്യാപരിക്കുക, കുറ്റമറ്റവനായിരിക്കുക". ഈ കല്പനക്ക് നിങ്ങളുടെ ജീവിതത്തിൽ എന്തു പ്രസക്തിയുണ്ട്? ദൈവത്തിന്റെ മുമ്പിൽ കുറ്റമറ്റവനായിരിക്കുക എന്നാൽ എന്താണ് അർത്ഥമാക്കുന്നത്?

2. സന്യാസജീവിതത്തിൽ പ്രവേശിക്കുമ്പോൾ പുതിയ പേരു സ്വീകരിക്കുന്നത് അർത്ഥവത്താണോ?

**പ്രാർത്ഥന:** "പൂർണ്ണഹൃദയത്തോടെ ഞാൻ അങ്ങയെ തേടുന്നു. അങ്ങയയുടെ കല്പന വിട്ടു നടക്കാൻ എനിക്ക് ഇടയാകാതിരിക്കട്ടെ" (സങ്കീ 119, 10)

## 8. ദൈവിക സന്ദർശനം 18, 1–19, 38

18–19 അധ്യായങ്ങൾ മുഴുവനായും യാഹ്‌വിസ്റ്റ് രചയിതാവിന്റേതാണ്. വ്യത്യസ്തസാഹചര്യങ്ങളിൽ രൂപം കൊണ്ട വിവരണങ്ങൾ ഒരുമിച്ചു ചേർത്ത് തുടർച്ചയായ സംഭവങ്ങളുടെ പരമ്പരയായി ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. ദൈവത്തിന്റെ സന്ദർശനം എന്നത് ഈ അധ്യായങ്ങളിലെ മുഖ്യ പ്രമേയമാണ്.

പരസ്പരവിരുദ്ധങ്ങളായ ചിത്രങ്ങളും പ്രമേയങ്ങളും ഈ വിവരണങ്ങളിൽ മാറി മാറി വരുന്നതു കാണാം. അബ്രാഹത്തിന്റെ കൂടാരവാതില്ക്കലും സോദോം നഗരത്തിലും ദൈവിക സന്ദർശകർക്കു ലഭിക്കുന്ന സ്വീകരണങ്ങളും, അബ്രാഹത്തിന്റെയും ലോത്തിന്റെയും സ്വഭാവങ്ങൾ തമ്മിലുള്ള വൈരുദ്ധ്യവും വളരെ നാടകീയമായി ഇവിടെ ചിത്രീകരിച്ചിട്ടുണ്ട്. ദൈവിക സന്ദർശനത്തിന്റെ രക്ഷാകരവും ശിക്ഷാകരവുമായ ഭാവ

ങ്ങളും, ദൈവത്തിന്റെ നീതിയും കരുണയും ഒരു പോലെ ശക്തമായി അവതരിപ്പിച്ചിരിക്കുന്നു.

ഈ വിവരണങ്ങലെ ഏഴായി തിരിക്കാം. 1. ദൈവം അബ്രാഹത്തെ സന്ദർശിക്കുന്നു 18, 1-15; 2. കർത്താവിന്റെ മാർഗ്ഗം 18, 16-21; 3. കൂട്ടുത്തര വാദിത്വം-33; 4. ദൈവം സോദോം സന്ദർശിക്കുന്നു 19, 1-11ച 5. ലോത്തിനു സംരക്ഷണം 19, 12-22; 6. സോദോമിന്റെ നാശം 19, 23-29; 7. ലോത്തിന്റെ മക്കൾ 19, 30-38.

**1. ദൈവം അബ്രാഹത്തെ സന്തർശിക്കുന്നു 18,1-15:** ആതിഥ്യമര്യാദ യുടെ ഹൃദയാവർജ്ജകമായൊരു ചിത്രമാണ് 1-8 വാക്യങ്ങലിൽ വരുച്ചു കാട്ടുന്നത്. 9-15 വാക്യങ്ങൾ അബ്രാഹത്തിനു ജനിക്കാൻ പോകുന്ന സന്ത തിയെക്കുറിച്ചുള്ള വാഗ്ദാനം അവസാനമായി ഒരിക്കൽകൂടി ആവർത്തി ക്കു്നു. സത്രങ്ങളും വഴിയമ്പലങ്ങളും വിരളമായിരുന്ന കാലത്ത് വഴി പോക്കർക്കും ഭക്ഷണവും വിശ്രമിക്കാൻ ഇടവും കൊടുക്കുക പുണ്യമായി കരിക്കപ്പെട്ടിരുന്നു. അതിഥിയെ സ്വീകരിക്കുന്നത് ദവത്തെ സ്വീകരിക്കു ന്നതിനു തുല്യമായി പരിഗണിക്കപ്പെട്ടിരുന്നു. തന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട മൂന്നുപേർ വഴിപോക്കരാണെന്നു കരുതിയാണ് അബ്രാഹം അവരെ സ്വീക രിച്ചത്. അവരുടെ മുമ്പിൽ താണുവണങ്ങുന്നത്, യജമാനനേ എന്ന് അഭി സംബോധന ചെയ്യുന്നതും, അവർക്കുവേണ്ടി വിരുന്നൊരുക്കി, പരിചരി ക്കാനായി കാത്തുനിൽക്കുന്നതും അതിഥികളോടു കാണിക്കുന്ന ആദര വിന്റെ അടയാളങ്ങളത്രേ.

ആരെന്നറിയാതെ അബ്രാഹം സ്വീകിച്ചു സല്കരിച്ചത് കർത്താവിനെ ആയിരുന്നുവെന്ന് വി. ഗ്രന്ഥകാരൻ ആരംഭത്തിലേ വെളിപ്പെടുത്തുന്നു. എന്നാൽ തുടർന്നു മൂന്നുപേരെ കുറച്ചും വീണ്ടും ഒരാളെ കുറിച്ചും പറയു മ്പോൾ വഴിപോക്കരായി പ്രത്യക്ഷപ്പെട്ടത് ഒരാളായിരുന്നോ മൂന്നുപേരായി രുന്നോ എന്ന സംഷയം ജനിക്കുന്നു. കർത്താവാണ് പ്രത്യക്ഷപ്പെട്ടതെ ങ്കിൽ എന്തുകൊണ്ട് മൂന്നുപേർ എന്ന ചോദ്യം അവശേഷിക്കുന്നു.

ദേവന്മാർ മനുഷ്യരൂപത്തിൽ യാത്രക്കാരായി പ്രത്യക്ഷപ്പെടുന്ന തിന്റെ വിവരണങ്ങൾ പല പുരാണങ്ങളിലുമുണ്ട്. ഇപ്രകാരം പ്രചാര ത്തിലിരുന്ന ഒരു വിവരണം യാഹ്വിസ്റ്റ് ഗ്രന്ഥകാരൻ തന്റേതായ രീതി യിൽ അനുരൂപപ്പെടുത്തിയെടുത്തതാണ് ഇവിടെ ലഭിച്ചിരിക്കുന്ന വിവരണം എന്നു കരുതപ്പെടുന്നു. അതുകൊണ്ടാണ് ഒരാളെന്നും മൂന്നു പേരെന്നും മാറി മാറിപ്പറയുന്നത്. കർത്താവു രണ്ടു ദൂതന്മാരോടുകൂടെ വന്നു എന്നാണ് പ്രത്യക്ഷത്തിൽ തോന്നു. കർത്താവും കർത്താവിന്റെ ദൂതനും തമ്മിൽ

വ്യത്യാസമില്ലാതെ അവതരിപ്പിച്ചിരിക്കുന്നതിനെക്കുറിച്ച് 16-ാം അധ്യായത്തിൽ നാം കണ്ടു. മനുഷ്യനോട് അടുത്തു നിൽക്കുന്ന ദൈവത്തിന്റെ ചിത്രമാണ് യാഹ്വിസ്റ്റ് ഗ്രന്ഥകാരൻ വരച്ചുകാട്ടുന്നത് എന്നു നാം പലതവണ കണ്ടുകഴിഞ്ഞു.

മണിക്കൂറുകൾ നീണ്ടു നിന്ന വിരുന്നൊരുക്കലും സല്ക്കാരവും കഴിഞ്ഞ് അബ്രാഹത്തിനു നൽകപ്പെട്ട വാഗ്ദാനത്തിലേക്കു ശ്രദ്ധതിരിക്കുന്നു. തുടർന്നുള്ള സംഭാഷണം 17, 15-22ൽ കണ്ടതിനോടു സാദൃശ്യമുള്ളതാണ്. ആദ്യത്തെ വിവരണത്തിൽ അബ്രാഹത്തിന്റെ വിധേയത്വത്തിനു പ്രാധാന്യം നൽകുമ്പോൾ രണ്ടാമത്തേതിൽ സാറായുടെ വിശ്വാസത്തിന് ഊന്നൽ നൽകുന്നു. അവിശ്വസനീയമെന്നു തോന്നിയാലും ദൈവം തന്റെ വാഗ്ദാനം നിറവേറ്റുക തന്നെ ചെയ്യും, കാരണം അവിടുന്നു സർവ്വശക്തനാണ്.

**വിചിന്തനം:** വിശക്കുന്നവർക്ക് ആഹാരവും വീടില്ലാത്തവർക്കു പാർപ്പിടവും കൊടുക്കുമ്പോൾ കർത്താവിനു തന്നെയാണ് നാം കൊടുക്കുന്നത് (ഹെബ്രാ 13, 1-2ച മത്താ, 25,40). യാചകരും വഴിപോക്കരുമായി നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന കർത്താവിനെ കണ്ടറിയാൻ നമുക്കു കഴിയുന്നുണ്ടോ?

**2. കർത്താവിന്റെ മാർഗ്ഗം 18, 16-21:** അബ്രാഹത്തിനു നൽകിയ വാഗ്ദാനത്തെ സോദോമിന്റെ നാശവുമായി ബന്ധിപ്പിക്കുന്ന ഈ വാക്യങ്ങൾ അബ്രാഹത്തെ തിരഞ്ഞെടുത്തതിന്റെ ലക്ഷ്യത്തെ സംബന്ധിച്ച് അതിപ്രധാനമായ ചില ഉൾക്കാഴ്ചകൾ നൽകുന്നു. കർത്താവിന്റെ സ്വഗതവും അബ്രാഹവുമായുള്ള സംഭാഷണവും തികച്ചും മാനുഷികമായ വിധത്തിലാണ് അവതരിപ്പിച്ചിരിക്കുന്നത്.

ദൈവം തന്റെ പദ്ധതി അബ്രാഹത്തിനു വെളിപ്പെടുത്തുന്നതിന്റെ കാരണങ്ങളും അബ്രാഹത്തെ തിരഞ്ഞെടുക്കുന്നതിന്റെ ലക്ഷ്യവും 18-19 വാക്യങ്ങൾ വ്യക്തമാക്കുന്നു. സ്വന്തം മക്കളെ മാത്രമല്ല ലോകജനതകളെ മുഴുവൻ കർത്താവിന്റെ വഴിയിലൂടെ നടക്കാൻ പ്രേരിപ്പിക്കുകയാണ് അബ്രാഹത്തിന്റെ പ്രധാന കർത്തവ്യം. “കർത്താവിന്റെ വഴിയിലൂടെ നടക്കുക” എന്നാൽ നീതിയും ന്യായവും പ്രവർത്തിക്കുക എന്നാണ് അർത്ഥമെന്ന് രണ്ട് വാക്യങ്ങളും സമാന്തരമായി അവതരിപ്പിക്കുന്നതിൽ നിന്നു മനസിലാക്കാം. നീതി പ്രവർത്തിക്കാത്തവർക്ക് എന്തു സംഭവിക്കുമെന്ന് സോദോമിന്റെ ഉദാഹരണത്തിലൂടെ പഠിപ്പിക്കുന്നു. സോദോമിനും ഗോമോറായ്ക്കും എതിരയുള്ള മുറവിളി അനീതിക്കിരയായവിൽ നിന്ന് നീതിക്കുവേണ്ടി

കർത്താവിന്റെ അടുക്കലേയ്ക്കുയരുന്ന നിലവിളിയാണ് (ഉൽപ 4,10; ഏശ 5,7). ആ നിലവിളി കർത്താവിന്റെ ശിക്ഷ വിളിച്ചുവരുത്തും. അതു സംഭവിക്കാതിരിക്കണമെങ്കിൽ നീതി പ്രവർത്തിക്കണം.

എന്തായിരുന്നു സോദോമിന്റെ പാപം എന്നതിനെക്കുറിച്ച് ബൈബിളിൽത്തന്നെ പല അഭിപ്രായങ്ങളുണ്ട്. ഉൽ 19, 1-11ൽ നല്കിയിരിക്കുന്ന വിവരണത്തിൽനിന്ന് നിരാലംബരായ വഴിപോക്കർക്കും പരദേശികൾക്കും എതിരേ നടത്തിയ അക്രമവും സ്വവർഗ്ഗഭോഗവുമായിരുന്നു അതെന്നു കാണാം. എന്നാൽ ഏശ 1, 9-10ച 3, 9 ൽ രാഷ്ട്രീയാധികാരികളുടെ ഭാഗത്തുനിന്ന് പാവപ്പെട്ടവർക്കെതിരെയുണ്ടാകുന്ന വ്യവസ്ഥാപിതവും സുസംഘടിതവുമായ അനീതിയും അക്രമവുമാണത്. ഡറെ 23, 14ൽ സോദോമിന്റെ പാപം വ്യഭിചാരവും കാപട്യവുമായി ചിത്രീകരിക്കുന്നു. എസെ 16, 49ൽ നിർദ്ധനർക്കും അഗതികൾക്കും എതിരേ സമ്പന്നരുടെ അവഗണനയാണത്. ഇവയിലെല്ലാം പൊതുവായി കാണുന്ന ഒരു കാര്യം പാവങ്ങൾക്കെതിരെയുള്ള അനീതിയാണ്.

പാവങ്ങളുടെ നിലവിളി ദൈവസന്നിധിയിലേക്ക് ഉയരുന്നെന്നും ദൈവം അക്രമികളെ ശിക്ഷിക്കണമെന്നും വ്യക്തമാക്കുമെന്നതാണ് 20 -21 വാക്യങ്ങൾ. ആദി ചരിത്രത്തിൽ കണ്ടതുപോലെ, വിചാരണ ചെയ്തു കുറ്റം സ്ഥാപിച്ചതിനുശേഷമേ ദൈവം ശിക്ഷാവിധി നടപ്പാക്കുന്നുള്ളൂ. കുറ്റാന്വേഷണത്തിനായി പോകുന്നുവെന്ന പ്രസ്താവന അടുത്ത സംഭാഷണത്തിനു വഴിയൊരുക്കുന്നു.

**വിചിന്തനം :** കർത്താവിന്റെ വഴിയിലുടെ നടക്കുക എന്നാൽ നീതിയും ന്യായവും പ്രവർത്തിക്കുകയാണ്. അതിലൂടെ മാത്രമേ രക്ഷ ലഭിക്കൂ. പാവങ്ങളുടെ നിലവിളി കർത്താവു കേൾക്കുന്നു. അതിനു കാരണക്കാരാകുന്നവർ കർത്താവിന്റെ ശിക്ഷാവിധിയെ നേരിടേണ്ടിവരും.

**3. കൂട്ടുത്തരവാദിത്വം 18, 22-33:** നഗരത്തെ നശിപ്പിക്കാൻ പോകുന്ന കർത്താവുമായി, ഒരു കച്ചവടക്കാരൻ വില പേശുന്നതുപോലെ, വാദിക്കുകയും യാചിക്കുകയും ചെയ്യുന്ന അബ്രാഹത്തിന്റെ ചിത്രം മധ്യസ്ഥപ്രാർത്ഥനയുടെ അതിമനോഹരമായൊരു മാതൃകയാണ്. അബ്രാഹം മറ്റുള്ളവർക്കു എപ്രകാരം അനുഗ്രഹത്തിനു കാരണമാകുന്നുവെന്ന് ഈ വിവരണം എടുത്തുകാട്ടുന്നു. എന്നാൽ ഈ വാക്യങ്ങൾ അവതരിപ്പിക്കുന്ന മുഖ്യപ്രമേയം മറ്റൊന്നത്രേ.

കർത്താവിന്റെ മുമ്പിൽ അബ്രാഹം ഒരു വഴി കയടസിനു തയ്യാറായി നിൽക്കുന്ന പ്രതീതിയാണ് 22-ാം വാക്യം നൽകുന്നത്. 23-25 വാക്യ

ങ്ങളിലെ അബ്രാഹത്തിന്റെ ചോദ്യങ്ങൾ രണ്ടു പ്രഘാന പ്രശ്നങ്ങൾ അവതരിപ്പിക്കുന്നു. രണ്ടും കൂട്ടുത്തരവാദിത്വത്തെ സംബന്ധിച്ചതാണ്. 1. ദുഷ്ടന്മാരുടെ ഇടയിൽ വസിക്കുന്ന നീതിമാന്മാരും അവരുടെ ദുഷ്ടതയ്ക്ക് ഉത്തരവാദികളാവുകയും ശിക്ഷിക്കപ്പെടുകുയം ചെയ്യുമോ? 2. ചുരുക്കം ചിലരുടെ നീതി അനേകം ദുഷ്ടരുടെ രക്ഷയ്ക്ക് മതിയാവുകയില്ലേ? ആദ്യത്തേത് കർത്താവിന്റെ നീതിയെത്തന്നെ ചോദ്യം ചെയ്യുന്ന പ്രശ്നമാണ്. രണ്ടാമത്തേത് അവിടുത്തെ കരുണയിലേക്കു ശ്രദ്ധ തിരിക്കുന്നു.

അമ്പതിൽ തുടങ്ങി പത്തിൽ അവസാനിക്കുന്ന വില പേശൽ കർത്താവിന്റെ ക്ഷമയും കാരുണ്യവും ഏറ്റം വ്യക്തമായി അവതരിപ്പിക്കുന്നു. പത്തല്ല, ഒരൊറ്റ നീതിമാന്റെ പേരിൽ നഗരത്തോടു മുഴുവൻ ക്ഷമിക്കാൻ തയ്യാറാണെന്ന് ജെറമിയാ (5, 1) പ്രവാചകനിലൂടെ കർത്താവ് അരുളിച്ചെയ്തു. ഒരു നീതീമാൻ തന്റെ നീതിയും സഹനവും വഴി ജനത്തിനു മുഴുവൻ രക്ഷയ്ക്കു കാരണമാകും എന്ന് ബാബിലോന് പ്രവാസകാലത്ത് ഏശയ്യാ പ്രവചിച്ചു. (ഏശ 42, 1ച 52, 13-53, 12). ഈ വാഗ്ദാനങ്ങളും പ്രവചനങ്ങളും മനുഷ്യവർഗ്ഗത്തിനു മുഴുവൻ രക്ഷ നൽകിയ നീതമാനായ യേശുക്രിസ്തുവിലാണ് പൂർത്തിയായത്.

**4. ദൈവം സോദോം സന്ദർശിക്കുന്നു 19, 1-11:** 18, 22 ൽ നിർത്തിവച്ച വിവരണം ഇവിടെ തുടരുകയാണ്. അബ്രാഹത്തെ സന്ദർശിച്ചത് മൂന്ന് ആളുകളായിരുന്നു. എന്നാൽ സോദോമിലേക്കു വരുന്നത് രണ്ടു ദൂതന്മാരാണ്. അബ്രാഹവുമായുള്ള സംഭാഷണം അവസാനിപ്പിച്ചതിനുഷേഷം കർത്താവ് അവിടെ നിന്നു പോയി (18, 33) എന്ന പ്രസ്താവനയുടെ വെളിച്ചത്തിൽ ഇതിനെ മനസ്സിലാക്കാം. എന്നാൽ 19, 17 മുതൽ അവരിൽ ഒരുവൻ മാത്രം സംസാരിക്കുകയും പ്രവർത്തിക്കുകയും ലോത്ത് അയാളെ മാത്രം അഭിസംബോധന ചെയ്യുകയും ചെയ്യുമ്പോൾ 18-ാം അധ്യായത്തിൽ കണ്ടുപോലെയുള്ള ഒരു അവ്യക്തത ഇവിടെയും കാണാം. ദൂതന്മാർ എന്നു പറയുന്നെങ്കിലും കർത്താവ് തന്നെയാണ് ഇവിടെയും സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് എന്ന സൂചനയാണ് ഇതിൽ നിന്നു ലഭിക്കുക.

**5. ലോത്തിന് സംരക്ഷണം 19, 12-22:** "ദുഷ്ടന്മാരോടൊപ്പം നീതിമാന്മാരെയും അങ്ങെ നശിപ്പിക്കുമോ" (18, 23) എന്ന അബ്രാഹത്തിന്റെ ചോദ്യത്തിന് ദൈവം നൽകുന്ന മറുപടിയാണ് ഈ വാക്യങ്ങളിൽ ചിത്രീകരിക്കുന്നത്. ലോത്തിനെയും കുടുംബത്തെയും സോദോമിൽ നിന്നു കർത്താവു രക്ഷിച്ചു. പട്ടണത്തിൽ നിന്നും ബലമായി പിടിച്ചു പുറത്തിറക്കിയിട്ടും നാശത്തിനുഴിഞ്ഞിട്ട നഗരത്തിൽ നിന്ന് ഓടിയകലാൻ ലോത്ത്

വിസമ്മതിക്കുന്നു. കർത്താവുമായി ലോത്ത് നടത്തുന്ന സംഭാഷണം അബ്രാഹം നടത്തിയ പ്രാർത്ഥനയെ അനുസ്മരിപ്പിക്കുന്നു. അബ്രാഹം സോദോം നഗരത്തിനു മുഴുവൻ വേണ്ടിയാണ് മാധ്യസ്ഥം വഹിച്ചത്. ലോത്താകട്ടെ സ്വന്തം സൗകര്യത്തിനു വേണ്ടി മാത്രം യാചിച്ചു.

**6. സോദോമിന്റെ നാശം 19, 23-29:** അഗ്നിപർവ്വതം പൊട്ടിത്തെറിക്കുന്നതുപോലെയാണ് സോദോമിന്റെ നാശം ചിത്രീകരിച്ചിരിക്കുന്നത്. അഗ്നിയും ഗന്ധകവും ദൈവശിക്ഷയെ സൂചിപ്പിക്കുന്നതിനായി ബൈബിൾ ഉപയോഗിക്കുന്ന പ്രതീകങ്ങളാണ് (ഏശ 30, 33; 34, 9-10, എസെ 38, 22; സങ്കീ 11, 6; വെളി 20, 9-10). അക്രമികളെ ശിക്ഷിച്ചുകൊണ്ട് ദൈവം നീതി നടപ്പിലാക്കുന്നതിന്റെ ഉദാഹരണമായി സോദോം ഗൊമോറാ നഗരങ്ങൾ ബൈബിളിൽ പലപ്പോഴും പ്രത്യക്ഷപ്പെടാറുണ്ട്. (ഏശ 1,9; 13, 19ച ജറെ 49, 18; ആമോ 4, 11; മത്താ 10, 15; 2 പത്രോ 2, 6; 2 യൂദാ 7).

കല്പന ലംഘിച്ചതിനാൽ ലോത്തിന്റെ ഭാര്യ ഉപ്പുതൂണായിമാറിയെന്നത് ഐതിഹ്യസമാനമായ ഒരു വിവരണമാണ്. ചാവുകടലിന്റെ തീരത്ത് ധാരാളം ഉപ്പുതൂണുകളുണ്ട്. അവയിൽ ചിലതിനു മനുഷ്യരൂപമുണ്ട്. ദൈവകല്പന ലംഘിച്ചാൽ ലഭിക്കുന്ന ശിക്ഷയുടെ കാഠിന്യം അനുസ്മരിപ്പിക്കാൻ വേണ്ടിയാണ് ഈ ഐതിഹ്യം രേഖപ്പെടുത്തിയിരിക്കുന്നത്. നശിപ്പിക്കപ്പെട്ട നഗരത്തിൽ നിന്നും പുക പൊങ്ങുന്നതു നോക്കിനിൽക്കുന്ന അബ്രാഹത്തിന്റെ ചിത്രത്തോടെ സോദോമിന്റെ കഥ അവസാനിക്കുകയായി. നീതിയും ന്യായവും പ്രവർത്തിച്ചെങ്കിലേ ലോകജനതകൾ അനുഗൃഹീതമാകൂ എന്ന് അബ്രാഹത്തിനു ലഭിച്ച വാഗ്ദാനത്തിന്റെ (12, 1-3) മറുവശം എടുത്തുകാട്ടുന്നതാണ് ഈ ചിത്രം.

**വിചിന്തനം:** ദൈവികവെളിപാടോ ഉടമ്പടിയുടെ നിയമങ്ങളോ ലഭിച്ചിട്ടില്ലാത്ത ഒരു ജനമായിരുന്നു സോദോ, ഗോമോറാ നഗരങ്ങളിൽ വസിച്ചിരുന്നത്, അവരുടെ അക്രമങ്ങൾക്ക് ഇത്ര കർശനമായ ശിക്ഷ ലഭിച്ചെങ്കിൽ യേശുക്രിസ്തുവിലൂടെ ദൈവത്തിന്റെ സ്നേഹവും രക്ഷയും അനുഭവിച്ചറിഞ്ഞവർ അതിക്രമങ്ങൾ പ്രവർത്തിച്ചാൽ ലഭിക്കുന്ന ശിക്ഷ എത്ര കൂടുതൽ ഭികരമായിരിക്കും! സോദോമിന്റെ ഉദാരഹണം അനുതാപത്തിനും മാനസാന്തരത്തിനുമുള്ള നിരന്തരമായ പ്രചോദനമാണ്. (ലൂക്ക 10, 13-14).

പിന്തിരിഞ്ഞു നോക്കിയതിനാൽ ഉപ്പുതൂണായിത്തീർന്ന ലോത്തിന്റെ ഭാര്യയുടെ ചിത്രം വലിയൊരു പാഠം നൽകുന്നുണ്ട്. പാപകരമായ ജീവിതത്തിൽ നിന്നു വിട്ടുമാറി, നന്മയുടെ വഴിയിൽ യാത്ര ചെയ്യാൻ തുടങ്ങുന്നവർ പഴയ ജീവിതത്തിലേക്കു തിരിച്ചു പോകാൻ ശ്രമിക്കുന്നത് മാരക

മായ തെറ്റായിരിക്കും. പഴയതിനോടു പൂർണ്ണമായി വിട പറയുന്ന മാന സാന്തരമാണ് രക്ഷയിലേക്ക് നയിക്കുന്നത്.

**7. ലോത്തിന്റെ മക്കൾ 19, 30-38:** പ്രത്യക്ഷത്തിൽ അരോചകവും ഉത പ്പുളവാക്കുന്നതുമായ ഒരു വിവരണത്തോടെയാണ് ലോത്തിന്റെ ചരിത്രം അവസാനിക്കുന്നത്. ലോത്തിന്റെയും പെൺമക്കളുടേയും കഥ സ്വതന്ത്ര മായി നില നിന്ന ഒരു പുരാതന കഥയായിരുന്നുവെന്ന് കരുതപ്പെടുന്നു. യാഹ്വിസ്റ്റ് ഗ്രന്ഥകാരനാണ് അതിനെ രക്ഷാചരിത്രവുമായി ബന്ധപ്പെടു ത്തിയത്. ഈ കഥയുടെ ഉത്ഭവത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ നിലവിലുണ്ട്. തങ്ങളുടെ അയൽക്കാരും ശത്രുക്കളുമായിരുന്ന മൊവാ ബ്യരെയും അമോര്യരെയും അവഹേളിക്കാൻ വേണ്ടി ഇസ്രായേൽകാർ കെട്ടിച്ചമച്ച ഒരു കഥയാണിതെന്ന് ചിലർ കരുതുന്നു. (മൊവാബ് - പിതാ വിൽ ജനിച്ചവൻ; ബെൻ അമ്മി = എന്റെ ബന്ധുവിന്റെ മകൻ) അടുത്ത ബന്ധുക്കൾ തമ്മിൽ ലൈംഗിക വേഴ്ചയിൽ ഏർപ്പെടുന്നത് മ്ലേഛവും നിഷിദ്ധവുമായി ഇസ്രായേൽകാർ കരുതിയിരുന്നു (ലേവ്യ 18) പിതാവും പുത്രിമാരും തമ്മിലുള്ള ലൈംഗികബന്ധം വഷളത്തത്തിന്റെ പാരമ്യമായി അവർ കണ്ടു.

തങ്ങളുടെ രക്തശുദ്ധിയെയും കുലമഹിമയെയും പ്രഘോഷിക്കാൻ വേണ്ടി അമോര്യരും മോവാബ്യരും തന്നെ രചിച്ചതാണ് ഈ കഥ എന്നു മറ്റു ചിലർ കരുതുന്നു. ഇതരഗോത്രങ്ങളോ ജാതികളോ ആയി ബന്ധമി ല്ലാതെ, പിതാവിൽ നിന്നു മക്കളിലൂടെ ഏറ്റം ശുദ്ധമായ തായ് വഴിയാണ് തങ്ങൾക്കുള്ളതെന്ന് ഈ ജനത അഭിമാനിച്ചിട്ടുണ്ടാവാം.

"നമ്മോടു സംഗമിക്കാൻ ഭൂമിയിൽ വേറൊരു പുരുഷനുമില്ല" എന്ന പ്രസ്താവന ആദിചരിത്രത്തിലേക്കു ശ്രദ്ധ തിരിക്കുന്നു. മനുഷ്യസൃഷ്ടിയെക്കുറിച്ചോ പ്രളയത്തിനുശേഷം ഭൂമിയിൽ വീണ്ടും മനു ഷ്യർ പെരുകിയതിനെക്കുറിച്ചോ ഉള്ള ഒരു പുരാതന കഥയായിരിക്കാം ഈ വിവരണത്തിനു പിന്നിലുള്ളതെന്ന് മറ്റുചിലർ കരുതുന്നു. മനുഷ്യ വർഗ്ഗത്തെ ഭൂമിയിൽ നില നിർത്താൻ വേണ്ടി ധീരമായ ഒരു തീരുമാനമെ ടുത്ത രണ്ടു സ്ത്രീകളായിരിക്കും ഇവിടെ പ്രത്യക്ഷപ്പെടുന്ന ലോത്തിന്റെ പുത്രിമാർ. നോഹയുടെ കാലത്തെ പ്രളയവും സോദമിന്റെ നാശവും തമ്മിലും നോഹയുടെയും ലോത്തിന്റെയും ഉന്മത്തതയും തമ്മിലും സാമ്യ മുണ്ട്. കഥയുടെ ഉത്ഭവം എന്തു തന്നെയായാലും ലോത്തിന്റെ അധഃപത നമാണ് ഇവിടെ വിവരിക്കുന്നത്.

ദൈവത്തിന്റെ വിളികേട്ട് ഹാരാനിൽ നിന്ന് ഇറങ്ങിത്തിരിച്ച അബ്രാ

ഹത്തോടൊപ്പം പുറപ്പെട്ട ലോത്ത് പടിപടിയായി ദൈവത്തിന്റെ വഴികളിൽ നിന്നകന്നു പോകുന്നതിന്റെ ചിത്രം യാഹ്‌വിസ്റ്റ് ഗ്രന്ഥകാരൻ തന്മയത്വ ത്തോടെ വരച്ചുകാട്ടി. സഹോദരങ്ങൾ തമ്മിൽ കലഹമുണ്ടാകാതിരിക്കാൻ വേണ്ടി സ്വത്തു വിഭജിക്കാൻ അബ്രാഹം തയ്യാറായപ്പോൾ ലോത്ത് ഫല സമൃദ്ധമായ ജോർദ്ദാൻ സമതലം തനിക്കായി തിരഞ്ഞെടുത്തു. സഹോദ രന് എന്തു സംഭവിക്കുന്ന എന്ന് ചിന്തിച്ചില്ല. സമതലത്തിൽ കൂടാരമടിച്ച ആട്ടിടയൻ ലോത്ത് നഗരത്തിന്റെ വശ്യതയിൽ ആകൃഷ്ടനായി സോദോ മിൽ വാസമുറപ്പിക്കുകയും നാഗരീകതയും അധർമ്മത്തിൽ സാവധാനം ആണ്ടുപോവുകയും ചെയ്തു. അതിഥികൾക്കു സംരക്ഷണം നൽകാൻ വേണ്ടിയാണെങ്കിലും സ്വന്തം പെൺമക്കളെ മഗരവാസികളുടെ ഭോഗാസക്തിക്കു വിട്ടുകൊടുക്കാൻ അയാൾക്ക് മടിയില്ലായിരുന്നു. തന്റെ പെൺമക്കളെ വിവാഹം ചെയ്യാൻ ഒരുങ്ങിയിരുന്നവരെപ്പോലും നീതിയുടെ പാതയിലേക്കു നയിക്കാൻ അയാൾക്കു കഴിഞ്ഞില്ല. നശിപ്പിക്കപ്പെടാൻ പോകുന്ന നഗരം വിട്ടുപോകാൻ അയാൾക്കു മനസ്സില്ലായിരുന്നു. സ്വന്തം ഭാര്യയെപ്പോലും നാശത്തിൽ നിന്നു രക്ഷിക്കാൻ കഴിയാത്ത ലോത്ത് കർത്താവിന്റെ കല്പനകളെ വീണ്ടും വീണ്ടു ധിക്കരിക്കുകയാണ്. മലയി ലേക്ക് ഓടാൻ വിസമ്മതിച്ച് വീണ്ടും ഒരു നഗരത്തിൽ വാസമുറപ്പിച്ചു. പിന്നീട് മലയിലെ ഗുഹയിൽ പോയി വസിച്ചു. മദ്യപിച്ച് സുബോധം നഷ്ട പ്പെട്ട്, സ്വന്തം പെൺമക്കളിൽ നിന്നു മക്കളെ ജനിപ്പിക്കാൻ മാത്രം അധഃപ തിച്ച വൃദ്ധനായിട്ടാണ് ലോത്തിന്റെ അവസാനം.

**വിചിന്തനം :** ചെറിയ കാര്യങ്ങലിൽ അവിശ്വസ്തരായിരിക്കുന്നവർ വലിയ അപകടത്തിൽ അകപ്പെടും. മദ്യപാനം മനുഷ്യനെ അധാർമ്മികതയിലേക്ക് തള്ളിവിടും. പരിപാവനമായ കുടുംബബന്ധങ്ങളെപ്പോലും അതുനശിപ്പിച്ച് മനുഷ്യനെ മൃഗതുല്യരാക്കിത്തീർക്കും.

## ചോദ്യങ്ങൾ

1. അബ്രാഹത്തിനും ലോത്തിനും ലഭിച്ച ദൈവികസന്ദർശനങ്ങൾ തമ്മിൽ താരതമ്യം ചെയ്യുക.
2. അബ്രാഹത്തിന്റെയും ലോത്തിന്റെയും വ്യക്തിത്വങ്ങൾ തമ്മിൽ താര തമ്യം ചെയ്യുക.
3. ലോത്തിന്റെ അധഃപതനത്തിന്റെ പടികൾ വിശദീകരിക്കുക
4. കർത്താവുമായി സംഭാഷണം നടത്തുന്ന അബ്രാഹം ഉന്നയിക്കുന്ന പ്രധാന പ്രശ്നങ്ങൾ ഏവ? എന്തുത്തരമാണ് അതിനു ലഭിക്കുന്നത്?

5. അബ്രാഹത്തിനു നൽകിയ വാഗ്ദാനം ഏപ്രകാരം പൂർത്തിയാകും എന്നാണ് കർത്താവിന്റെ ആത്മഗതത്തിൽ നിന്നും മനസ്സിലാകുന്നത്?

6. എന്തായിരുന്നു സോദോമിന്റെ പാപം?

7. ലോത്തിന്റെയും മക്കളുടേയും കഥ എന്തു പാഠമാണ് നൽകുന്നത്?

**ചർച്ചയ്ക്ക് :** 1. സോദോമിനെ സന്ദർശിച്ചതുപോലെ ദൈവം ഇന്നു നമ്മുടെ നാടിനെ-ലോകത്തെ സന്ദർശിച്ചാൽ എന്തായിരിക്കും സംഭവിക്കുക?

2. അബ്രാഹത്തിന്റെ മധ്യസ്ഥത്തിൽ നിന്ന് എന്തുപാഠമാണ് നിങ്ങൾക്ക് വ്യക്തിപമായി ലഭിക്കുന്നത്?

പ്രാർത്ഥന: "എന്റെ പാപങ്ങളിൽനിന്നു മുഖം മറയ്ക്കണമേ. എന്റെ അകൃത്യങ്ങൾ മായിച്ചുകളയണണമേ" (സങ്കീ. 51, 9).

## 9. വാഗ്ദാനം വീണ്ടും അപകടത്തിൽ 20,1–18

സാറാ അപഹരിക്കപ്പെടുന്നതിലൂടെ അബ്രാഹത്തിന്റെ സന്തതിയെ സംബന്ധിച്ച് വാഗ്ദാനം വീണ്ടും അപകടത്തിലാകുന്ന ഒരു സംഭവമാണ് ഈ അധ്യായത്തിൽ വിവരിക്കുന്നത്. 12, 10–20 ൽ കണ്ടതിനോട് ഇതിന് അടുത്ത സാമ്യമുള്ളതിനാൽ ഒരേ സംഭവത്തിന്റെ തന്നെ രണ്ടു വ്യത്യസ്ത വിവരണങ്ങളാണ് ഇവയെന്നു കരുതപ്പെടുന്നു. ആദ്യത്തേത് യാഹ്വിസ്റ്റ് (ഷ) രചനയുടെ ഭാഗമാണ്, രണ്ടാമത്തേത് ഏലോഹിസ്റ്റ് (ഋ) രചനയുടേയും.

സ്വപ്നത്തിലൂടെ ലഭിക്കുന്ന ദൈവിക സന്ദേശങ്ങൾ, ദൈവശാസ്ത്രപരമായ വിശകലനങ്ങൾ, ധാർമ്മികതയെ സംബന്ധിച്ച വിലയിരുത്തലുകൾ മുതലായ ഏലോഹിസ്റ്റ് രചനയുടെ പല സവിശേഷതകളും ഈ വിവരണത്തിൽ കാണാം. ഇവയ്ക്കു പുറമെ, വിശദാംശങ്ങളിലും രണ്ടു വിവരണങ്ങളും തമ്മിൽ പല വ്യത്യാസങ്ങളുണ്ട്. ആദ്യവിവരണത്തിൽ സംഭവത്തിനും പ്രാധാന്യം നൽകിയപ്പോൾ രണ്ടാമത്തേതിൽ സംഭാഷണത്തിനാണ് പ്രാധാന്യം.

അപരന്റെ ഭാര്യയെ സ്വന്തമാക്കിയ രാജാവിന്റേയും സാറ ഭാര്യയാണെന്ന വസ്തുത മറച്ചുവെക്കാനായി അവൾ തന്റെ സഹോദരിയാണെന്നു പറഞ്ഞ അബ്രാഹത്തിന്റെയും ചെയ്തികളുടെ ധാർമ്മികതയെ ഒരു കുറ്റവിചാരണയുടെ ശൈലിയിൽ വിലയിരുത്തുന്ന രണ്ടു സംഭാഷണങ്ങളാണ് (20, 3–13) ഈ വിവരണത്തിന്റെ കേന്ദ്രം. 1–2 വാക്യങ്ങൾ ആമുഖവും 14 –18 വാക്യങ്ങൾ ഉപസംഹാരവുമാണ്.

**ആമുഖം 20, 1–2.** സ്വന്തമായ വാസസ്ഥലമില്ലാതെ അലഞ്ഞുനടക്കുന്ന ആട്ടിടയനായിട്ടാണ് അബ്രാഹം വീണ്ടും പ്രത്യക്ഷപ്പെടുന്നത്. കാനാൻ ദേശത്തിന്റെ തെക്കു പടിഞ്ഞാറുള്ള ഒരു ചെറിയ നാട്ടുരാജ്യമായിരുന്നു ഗെരാർ.

ദൈവം അബിമെലെക്കിനെ വിചാരണ ചെയ്യുന്നു 20, 30–8: അപരന്റെ ഭാര്യയെ സ്വന്തമാക്കുന്നത് അയാളുടെ ഉടമസ്ഥാവകാശത്തിന് മേലുള്ള കടന്നാക്രമണവും അതിനാൽ വലിയ അപരാധവുമായി പുരാതന ജനതകൾ കരുതിയിരുന്നു. സ്ത്രീയുടെ വ്യക്തിത്വത്തെക്കാൾ പുരുഷന്റെ അവകാശത്തിനാണ് പ്രാധാന്യം നൽകുന്നത്. ശിക്ഷാവിധി നടപ്പാക്കുന്നതിനു മുമ്പേ സ്വന്തം ഭാഗം വാദിക്കാൻ ദൈവം കുറ്റവാളികൾക്ക് അവസരം നൽകുന്നു.

"അബിമെലെക്ക് അവളെ സമീപിച്ചിട്ടില്ലായിരുന്നു" എന്ന പ്രസ്താവനയിലൂടെ സാറായുടെ മാനവും രാജാവിന്റെ നിഷ്കളങ്കതയും അഭംഗുരം കാത്തുസൂക്ഷിക്കുന്നു. "നിരപരാധനെ അങ്ങു വധിക്കുമോ" എന്ന ചോദ്യം 18, 23ൽ കണ്ട അബ്രാഹത്തിന്റെ ചോദ്യത്ത് അനുസ്മരിപ്പിക്കുന്നു. രാജാവിന്റെ നിഷ്കളങ്കതയെ ദൈവം തന്നെ അംഗീകരിക്കുന്നുണ്ടെങ്കിലും ചെയ്ത തെറ്റിന് പരിഹാരം അനുഷ്ഠിച്ചേ മതിയാകൂ. വസ്തുനിഷ്ഠമായ തെറ്റും വ്യക്തിപരമായ കുറ്റവും തമ്മിൽ ഇവിടെ വേർതിരിച്ചു കാണുന്നു. അറിവു കൂടാതെയാണ് ചെയ്തതെങ്കിലും തെറ്റ് തെറ്റല്ലാതാകയിത്തീരുന്നില്ല. തിരുത്താനും പരിഹാരം അനുഷ്ഠിക്കാനും തയ്യാറല്ലെങ്കിൽ മരണശിക്ഷയാണ് വിധി.

കുറ്റകൃത്യത്തിൽ നിന്ന് അബിമെലെക്കിനെ ദൈവം തന്നെ തടഞ്ഞു നിറുത്തിയെന്നത് പ്രധാനപ്പെട്ട മറ്റൊരു പ്രമേയമാണ്. നിർമ്മലമായ മനസാക്ഷിയോടെ വ്യാപരിക്കുന്നവരെ തെറ്റിൽ വീഴാതെ ദൈവം കാത്തു പരിപാലിക്കും. ദൈവികപരിപാലനം ഇസ്രയേലിനു മാത്രമല്ല, വിജാതിയർക്കും ലഭിക്കുന്നു എന്നും ഈ പ്രസ്താവന സൂചിപ്പിക്കുന്നു. മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ദൈവതിരുമുമ്പിൽ മാദ്ധ്യസ്ഥ്യം വഹിക്കുകയും ചെയ്യുന്ന ഒരു ദൈവിക മനുഷ്യൻ എന്ന അർത്ഥമാണ് അബ്രാഹത്തെ വിശേഷിപ്പിക്കുന്ന "പ്രവാചകൻ" എന്ന പദത്തിനുള്ളത്. ദൈവത്തിന്റെ നാമത്തിൽ ജനത്തെ ഒന്നടങ്കം മാനസാന്തരത്തിനു ക്ഷണിക്കുന്ന പ്രവാചകന്മാരെ കുറിച്ചുള്ള കാഴ്ചപ്പാടിൽ നിന്നും വ്യത്യസ്തമാണിത്. സ്വപ്നത്തിൽ ലഭിച്ച ദൈവസന്ദേശം കേട്ട് അബിമെലെക്കും സേവകരും ഭയവിഹ്വലരാകുന്നത് അവരുടെ വിശ്വാസത്തേയും ദേവഭയത്തെയും വിളിച്ചറിയിക്കുന്നു.

**അബിമെലെക്ക് അബ്രാഹത്തെ വിചാരണ ചെയ്യുന്നു 20, 9–13;**

അബിമെലെക്കിന്റെ ചോദ്യങ്ങൾക്കു തൃപ്തികരമായ മറുപടി നൽകാൻ അബ്രാഹത്തിനു കഴിയുന്നില്ല. കൊടുക്കുന്ന വിശദീകരണങ്ങൽ അബ്രാഹത്തെ കുറ്റത്തിൽ നിന്ന് ഒഴിവാക്കുന്നതുമില്ല. ഗെരാർ നിവാസികളെക്കുറിച്ചു തെറ്റായ ധാരണയാണ് തനിക്കുണ്ടായിരുന്നതെന്ന് അംഗീകരിക്കാൻ അബ്രാഹം നിർബന്ധിതനാകുന്നു. "ദൈവഭയം" എന്നതു കൊണ്ട് ധാർമ്മികനിയമങ്ങളോടുള്ള ആദരവും അനുസരണവും എന്നാണ് അർത്ഥമാക്കു. സാറാ തന്റെ സഹോദരിയാണെന്ന വിശദീകരണം നുണയെ ലഘൂകരിക്കാൻ നടത്തുന്ന വൃഥാശ്രമമാണ്. താൻ കുറ്റക്കാരനല്ല എന്ന് തെളിയിക്കാൻ അബ്രാഹത്തിനു കഴിയുന്നുമില്ല.

അറിയാതെ തെറ്റു ചെയ്ത കാനാൻകാരനായ അബിമെലെക്ക് അറിഞ്ഞുകൊണ്ടു സത്യം മറച്ചുവെച്ച അബ്രാഹത്തെക്കാൾ നീതിനിഷ്ഠനായി പ്രത്യക്ഷപ്പെടുന്നു. തിരഞ്ഞെടുക്കപ്പെട്ട ജനമാണ് തങ്ങൾ എന്ന് അഭിമാനിക്കുകയും വിജാതീയരെ അവജ്ഞയോടെ വീക്ഷിക്കുകയും ചെയ്ത ഇസ്രയേൽക്കാർക്കു വലിയൊരു താക്കീതാണ് ഈ വിവരണത്തിലൂടെ നൽകുന്നത്.

**ഉപസംഹാരം 20, 14-18:** വിശദീകരണം തൃപ്തികരമല്ലെങ്കിലും അബിമെലെക്ക് അബ്രാഹത്തെ ശിക്ഷിക്കുന്നതിനുപകരം സമ്മാനങ്ങൾ നൽകി ആദരിച്ചു. തന്നെയുമല്ല, തന്റെ രാജ്യത്ത് എവിടെ വേണമെങ്കിലും വസിക്കാനുള്ള അധികാരവും നൽകി. വിജാതീയനായ അബിമെലെക്ക് വിശ്വാസിയായ അബ്രാഹത്തെക്കാൾ മെച്ചപ്പെട്ടവനായി വീണ്ടു ചിത്രീകരിക്കപ്പെടുന്നു. സാറാ കുറ്റമറ്റവളാണെന്ന് തെളിയിക്കാൻ വേണ്ടി നൽകുന്ന ഭീമമായ തുക അവളോടുള്ള വലിയ ആദരവിന്റെ അടയാളമാണ്. അബ്രാഹത്തെ സാറായുടെ സഹോദരനായി അബിമെലേക്ക് അംഗീകരിക്കുമ്പോൾ അയാളുടെ മാന്യതയാണ് വർദ്ധിക്കുക. സമ്മാനത്തുക സ്വീകരിക്കുമ്പോൾ അബ്രാഹം സാറായുടെയും രാജാവിന്റെയും നിഷ്കളങ്കത അഗീകരിക്കുന്നു.

അബ്രാഹത്തിന്റെ പ്രാർത്ഥന കേട്ട് ദൈവം രാജാവിനെയും ജനത്തെയും ശിക്ഷയിൽനിന്ന് ഒഴിവാക്കുന്നതും രക്ഷാചരിത്രത്തിൽ അദ്ദേഹത്തിനുള്ള പ്രത്യേക സ്ഥാനം എടുത്തുകാട്ടുന്നു. അബ്രാഹത്തിന്റെ തെറ്റു പരിഗണിക്കാതെ ദൈവം അയാളുടെ പ്രാർത്ഥന കേട്ട് അനുഗ്രഹം ചൊരിയുന്നു. അബ്രാഹത്തിന്റെ വിശുദ്ധിയല്ല, ദൈവത്തിന്റെ കാരുണ്യവും പ്രത്യേക പരിപാലനയുമാണ് അയാളെ ജനതകൾക്ക് അനുഗ്രഹത്തിനു കാരണമാക്കുന്നത്. തിരഞ്ഞെടുപ്പിന്റെ പേരിൽ അഹങ്കരിക്കു

കയല്ല, തങ്ങളുടെ ദൗത്യമെന്തെന്ന് വിനയപൂർവ്വം അന്വേഷിക്കുകയാണ് ദൈവജനം ചെയ്യേണ്ടത്.

**വിചിന്തനം:** 12, 10-20ൽ വിവിരിച്ച സംഭവത്തിന്റെ ദൈവശാസ്ത്രപര മായൊരു വിശകലനമാണ് ഈ അധ്യായത്തിലുള്ളത്. തിരഞ്ഞെടുപ്പിന്റെ അർത്ഥത്തെയും വിജാതീയരോടുള്ള മനോഭാവത്തെയും കുറിച്ച് ഗാഢ മായി ചിന്തിക്കുവാൻ ഇതു പ്രേരിപ്പിക്കുന്നു. ദുഷ്ടരെന്ന നാം മുദ്രകുത്തി മാറ്റിനിർത്തുന്നവലർ ചിലപ്പോൾ നമ്മളെക്കാൾ വിശുദ്ധരായിരിക്കും. അവിശ്വാസികൾ എന്നു കരുതപ്പെടുന്നവർക്കും അഗാധമായ ദൈവാനു ഭവം ലഭിച്ചെന്നു വരാം.

തിരഞ്ഞെടുക്കപ്പെട്ടതുകൊണ്ടുമാത്രം ആരും വിശുദ്ധനായിത്തീരു ന്നില്ല. ദൈവസേവനത്തിനായി പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവർ പാപി കളും അവിശ്വസ്തരും ആയാലും അവരുടെ പാപങ്ങളെ പരിഗണിക്കാതെ ദൈവം അവരുടെ മാധ്യസ്ഥ്യം സ്വീകരിച്ച് അനുഗ്രഹങ്ങൾ വർഷിക്കും. തങ്ങൾ വിലകെട്ട ഉപകരണങ്ങൾ മാത്രമാണെന്ന ബോധ്യം തിരഞ്ഞെടു ക്കപ്പെട്ടവർക്ക് ഉണ്ടാകണം. പാപികളും ബലഹീനരുമായി മനുഷ്യരിലൂ ടെയാണ് ദൈവം തന്റെ രക്ഷാപദ്ധതി നടപ്പിലാക്കുന്നത്.

**ചോദ്യങ്ങൾ**

1. 12, 10-20; 20, 1-18ലെ വിവരണങ്ങൾ താരതമ്യം ചെയ്ത് സാമ്യങ്ങളും വ്യത്യാസങ്ങളും കണ്ടുപിടിക്കുക.
2. അബ്രാഹത്തിന്റെയും അബിമെലെക്കിന്റെയും പ്രവർത്തനങ്ങൾ താര തമ്യം ചെയ്ത് ധാർമ്മികമായി വിലയിരുത്തുക.
3. അബിമെലേക്കിനെ കൂടുതൽ നീതിമാനായി ചിത്രീകരിക്കുകന്നതി ലൂടെ എന്തു പാഠമാണ് നല്കുന്നത്?

**ചർച്ചക്ക്:** അന്യമതസ്ഥരോടും അവിശ്വാസികൾ എന്നു നിങ്ങൽ കരുതു ന്നവരോടുമുള്ള നിങ്ങളുടെ മനോഭാവത്തെ ഈ ഉദാഹരണത്തിന്റെ വെളി ച്ചത്തിൽ വിശകലനം ചെയ്യുക.

**പ്രാർത്ഥന:** “കർത്താവേ ചെവി ചായിച്ച് എനിക്കുത്തരമരുളണമെ. ഞാൻ ദരിദ്രനും നിസ്സഹായനുമാണ്” (സങ്കീ 8, 6-1).

## 10. അവകാശി 21, 1-34

സന്താനത്തെയും ദേശത്തെയും കുറിച്ച് അബ്രാഹത്തിനു ലഭിച്ച വാഗ്ദാനങ്ങൾ പൂർത്തീകരിക്കപ്പെടുന്നതിന്റെ തുടക്കമാണ് ഈ അധ്യാ

യത്തിൽ പ്രതിപാദിക്കുന്നത്. സാറായിൽ നിന്ന് ഒരു പുത്രൻ ജനിക്കും എന്ന വാഗ്ദാനത്തിന്റെ പൂർത്തീകരണം 1-7 വാക്യങ്ങളിൽ വിവരിക്കുന്നു. വാഗദാനങ്ങൾക്ക് അവകാശി ആരായിരിക്കും എന്ന പ്രമേയമാണ് 8-21 വാക്യങ്ങളിൽ ചർച്ച ചെയ്യുന്നത്. കാനാനിലെ രാജാവുമായി ചെയ്യുന്ന ഉടമ്പടിയിലൂടെ അബ്രാഹം ഒരു കിണറിന്റെ അവകാശിയാകുന്ന ചിത്രം 22-34 വാക്യങ്ങൾ അവതരിപ്പിക്കുന്നു.

**1. വാഗ്ദത്ത പുത്രൻ 21, 1-7:** ദീർഘകാലത്തെ കാത്തിരിപ്പിനുശേഷം സാറായിൽനിന്ന് ഒരു പുത്രൻ ജനിച്ചതിനെക്കുറിച്ചുള്ള വിവരണത്തിൽ മൂന്നു പാരമ്പര്യങ്ങളുടെയും (J.E.P.) സ്വാധീനമുണ്ട്. എന്നാൽ ഓരോ പാരമ്പര്യത്തിന്റെയും ഇഴകൾ കൃത്യമായി വേർതിരിക്കുക എളുപ്പമല്ല. സാറായിൽനിന്ന് അബ്രാഹത്തിന് ഒരു പുത്രൻ ജനിച്ചത് കർത്താവിന്റെ അനുഗ്രഹത്തിന്റെ ഫലവും വാഗ്ദാനത്തിന്റെ പൂർത്തീകരണവുമാണെന്ന് പ്രത്യേകം എടുത്തുപറയുന്നതു വഴി ഇസഹാക്കിനെ വാഗ്ദത്തപുത്രനായി അവതരിപ്പിക്കുന്നു. 17-ാം അധ്യായത്തിൽ വിവരിച്ച കല്പനയനുസരിച്ച് അബ്രാഹം കുഞ്ഞിന് പരിഛേദനം നൽകുകയും പേരിടുകയും ചെയ്തു. "ദൈവം നിന്റെ മേൽ പുഞ്ചിരിക്കട്ടെ" എന്നർത്ഥമുള്ള "ഇസഹാക്ക് ഏൽ" എന്ന പേരിന്റെ ലോപരൂപമാണ് ഇസഹാക്ക് എന്നു പൊതുവെ കരുതപ്പെടുന്നു. 18-ാം അധ്യായത്തിൽ അവതരിപ്പിച്ച "ചിരി" എന്ന പ്രമേയത്തെ ഇവിടെ സന്തോഷമായി വ്യാഖ്യാനിച്ചുകൊണ്ട് ഇസഹാക്ക് എന്ന പേരിനെ സാറാ വിശദീകരിക്കുന്നു. "എന്നെച്ചൊല്ലിച്ചിരിക്കും" എന്നതും സന്തോഷത്തിന്റെ പ്രകടനമാണ്. അബ്രാഹത്തിനും സാറായിൽ ജനിച്ച പുത്രൻ അവനെക്കുറിച്ചു കേൾക്കുന്നവർക്കെല്ലാം സന്തോഷകാരണമായിരിക്കും. രക്ഷകന്റെ ജനനത്തിൽ ലോകജനതകൾക്കു മുഴുവൻ ഉണ്ടാകാനിരുന്ന വലിയ സന്തോഷത്തിന്റെ (ഏശ 9, 3; ലൂക്കാ 2, 10) മുന്നാസ്വാദനമാണ് ഇവിടെ ലഭിക്കുന്നത്.

**2. അടിമയുടെ മകൻ 21, 8-21:** വാഗ്ദാനം പൂർത്തിയായി, പ്രതീക്ഷകൾ ഫലമണിഞ്ഞു, എല്ലാം ഭംഗിയായി കലാശിച്ചു എന്നു കരുതുമ്പോൾ അപ്രതീക്ഷിതമായ പുതിയൊരു പ്രതിസന്ധിയുണ്ടാകുന്നു. ആരായിരിക്കണം അബ്രാഹത്തിന്റെ അവകാശി എന്നതാണ് ഇവിടെ ചർച്ചാവിഷയം. ആദ്യജാതനായ ഇസ്മായേലോ, വാഗ്ദത്തപുത്രനായ ഇസഹാക്കോ? ശക്തവും ഉദ്വേഗജനകവുമായ ഈ വിവിരണം ഏലോഹിസ്റ്റ് രചയിതാവിന്റേതാണ്. 16-ാം അധ്യായത്തിൽ കണ്ട യാഹ്വിസ്റ്റ് വിവരണത്തോട് ഇതിനു സാമ്യമുണ്ട്. എന്നാൽ ഹാഗാറിനെ ബഹിഷ്കരിക്കാൻ സാറാ ഉന്നയിക്കുന്ന കാരണവും അബ്രാഹത്തിന്റെ പ്രതികരണവും ഹാഗാറിന്റെ സ്വഭാവവും

എല്ലാം ഇവിടെ വ്യത്യസ്തമാണ്.

കുഞ്ഞ് വളർന്ന് മുലകുടി മാറിയപ്പോൾ അബ്രാഹം വിരുന്നൊരുക്കിയത് നാട്ടുനടപ്പനുസരിച്ചായിരുന്നു. കുഞ്ഞിനു മൂന്നു വയസ്സു പൂർത്തിയാകുമ്പോഴാണ് ഈ ആഘോഷം നടത്തുക. ശിശുമരണം വ്യാപകമായിരുന്ന പുരാതനകാലത്ത് കുഞ്ഞിന്റെ ബാലാരിഷ്ടതകൾ മാറുന്നത് വലിയ ആഘോഷത്തിനു കാരണമായിരുന്നു. ഈ ആഘോഷത്തിന്റെ പശ്ചാത്തലത്തിലാണ് ഹാഗാറിനെയും മകനെയും ബഹിഷ്കരിക്കാൻ ആവശ്യപ്പെടുന്നത്.

ഹാഗാറിനെ "ഈജിപ്തുകാരിയായ അടിമപ്പെണ്ണ്" എന്നു മാത്രമേ വിശേഷിപ്പിക്കുന്നുള്ളൂ. അവൾ സാറായുടെ അടിമയായിട്ടല്ല, അബ്രാഹത്തിന്റെ ഉപനാരിയായിട്ടാണ് ഇവിടെ പ്രത്യക്ഷപ്പെടുന്നത്. അവളുടെ മകന്റെ പേര് പറയുന്നതുമില്ല. ഹാഗാറിന്റെ ധിക്കാരമല്ല, വാഗ്ദത്തപുത്രനായ ഇസഹാക്കിനെ ഏകഅവകാശിയാക്കുക എന്നതാണ് ഹാഗാറിനെയും മകനെയും പുറന്തള്ളാൻ കാരണമായി ഉന്നയിക്കുന്നത്. പ്രത്യക്ഷത്തിൽ ഇതു സാറായുടെ അസൂയയായിത്തോന്നാം. എന്നാൽ മനുഷ്യന്റെ ബലഹീനതകളും പാപങ്ങളും പോലും തന്റെ രക്ഷാപദ്ധതിയുടെ പൂർത്തീകരണത്തിനായി ദൈവം ഉപയോഗിക്കുന്നു.

ഇസ്മായേൽ ഇസഹാക്കിനോടു കുടെ കളിച്ചു" എന്നത്, ഇസ്മായേൽ ഇസഹാക്കിനെ പീഡിപ്പിച്ചു എന്നു പിൽക്കാലത്ത് യഹുദപണ്ഡിതന്മാർ വ്യാഖ്യാനിച്ചു. വ്യാഖ്യാനമാണ് യഹൂദനിയമപണ്ഡിതനായിരുന്ന വി. പൗലോസ് ഉദ്ധരിക്കുന്നത് (ഗലാ 4, 29). പീഡനത്തെക്കാൾ, അടിമയും ഉടമയും തമ്മിലുള്ള ചങ്ങാത്തവും അവകാശത്തെ സംബന്ധിച്ച് പിന്നീടുണ്ടായേക്കാവുന്ന പ്രശ്നങ്ങളുമാണ് ഇപ്രകാരമൊരു തീരുമാനത്തിന് സാറായെ പ്രേരിപ്പിച്ചത്.

യാഹ്വിസ്റ്റ് വിവരണത്തിൽ അബ്രാഹം സാറായുടെ ഇംഗിതത്തിനു നിരുപാധികം കീഴടങ്ങി. എന്നാൽ ഇവിടെ ഏലോഹിസ്റ്റ് ഗ്രന്ഥകാരൻ അബ്രാഹത്തിന്റെ ആന്തരികസംഘട്ടനം ചിത്രീകരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പ്രവർത്തനത്തെ കൂടുതൽ യുക്തിസഹവും നീതിനിഷ്ഠവുമാക്കുന്നു. തന്റെ ഭാര്യ ആഗ്രഹിച്ചതുകൊണ്ടല്ല, ദൈവം തന്നെ ആവശ്യപ്പെട്ടതുകൊണ്ടാണ് അവരെ പറഞ്ഞയക്കാൻ അദ്ദേഹം തയ്യാറാകുന്നത്. അടുത്ത അധ്യായത്തിൽ വിവരിക്കാൻ പോകുന്ന വിശ്വാസത്തിന്റെ അഗ്നിപരീക്ഷണത്തിന്റെ തുടക്കമാണിത്. ഇസഹാക്കായിരിക്കും വാഗ്ദാനത്തിന്റെ അവകാശി എന്നറിയിക്കുക മാത്രമല്ല ഹാഗാറിൽനിന്നു ജനിച്ച

തന്റെ മകനെയും ഒരു ജനത ആക്കും എന്ന വാഗ്ദാനം നൽകുകയും ചെയ്തുകൊണ്ട് അവരെ പറഞ്ഞയക്കുന്നതിലുള്ള അബ്രാഹത്തിന്റെ മനഃക്ലേശത്തെ ലഘൂകരിക്കുന്നു.

എന്നാലും അതിരാവിലെ എഴുന്നേറ്റ് (21, 14–22, 3) ദീർഘയാത്രയ്ക്ക് തികച്ചും അപര്യാപ്തമായ ആഹാരവുമായി മകനെയും അമ്മയെയും മരുഭൂമിയിലേക്കു പറഞ്ഞയക്കുന്ന പിതാവിന്റെ ഹൃദയഭേദകമായ ചിത്രം അനുവാചകരുടെ മനസ്സിൽ തങ്ങിനില്ക്കും. അതിനേക്കാൾ ദയനീയമാണ് മകനെയും കൊണ്ട് എങ്ങോട്ട പോകണമെന്നറിയാതെ മരുഭൂമിയിൽ അലയുന്ന അമ്മയുടെ ചിത്രം. പുരോഹിതരചയിതാവു നൽകിയിരിക്കുന്ന കാലഗണന അനുസരിച്ചാണെങ്കിൽ (ഉൽപ 17, 25ച 21, 8) ഇസ്മായേലിന് പതിനാറു വയസ്സു കഴിഞ്ഞിട്ടുണ്ടാവും. എന്നാൽ ഏലോഹിസ്റ്റിന്റെ വിവരണപ്രകാരം അബ്രാഹം മകനെ ഹാഗാറിന്റെ തോളിൽ വച്ചുകൊടുക്കുകയാണ്. വെള്ളം തീർന്നപ്പോൾ തളർന്ന മകനെ അവൾ ഒരു കുറ്റിക്കാട്ടിൽ കിടത്തുന്നതും ഇസ്മായേൽ ഒരു ബാലനായിരുന്നു എന്ന സൂചനയാണ് നൽകുന്നത്.

“ദൈവം കുഞ്ഞിന്റെ കരച്ചിൽ കേട്ടു” എന്ന പ്രസ്താവനയിലൂടെ അപ്രതീക്ഷിതമായ ഒരു വഴിയിലേക്കു വിവരണം നീങ്ങുന്നു. നിലവിളി കേൾക്കുന്ന ദൈവം കരുണയുള്ളവനാണ്, അവിടുന്നു നിലവിളയുടെ കാരണം കണ്ടുപിടിച്ചു പരിഹരിക്കും (പുറ 2, 23–24;3,9). ദൈവം നേരിട്ടു പ്രത്യക്ഷപ്പെടുകയോ തന്റെ ദൂതൻ വഴി ഭൂമിയിലേക്ക് ഇറങ്ങി വരുകയോ ചെയ്യാതെ, സ്വർഗ്ഗത്തിൽ നിന്ന് ദൂതന്റെ ശബ്ദത്തിലൂടെ മാത്രം സ്വയം വെളിപ്പെടുത്തുന്നത് ഏലോഹിസ്റ്റ് രചയിതാവിന്റെ ദൈവത്തെ കുറിച്ചുള്ള വീക്ഷണത്തിന്റെ പ്രത്യേകത പ്രകടമാക്കുന്നു. പരമപരിശുദ്ധനും സൃഷ്ടികൾക്ക് അതീതനും കണ്ണുകൾക്ക് അദൃശ്യനുമാണ് ദൈവം. “ഭയപ്പെടേണ്ടാ” എന്ന ആശ്വാസവചനം അബ്രാഹത്തിനു നൽകിയ ഉറപ്പിനെയും (15, 1), ഹാഗാറിന്റെ മകനെ വലിയൊരു ജനതയുടെ പിതാവാക്കും എന്ന വാഗ്ദാനം അബ്രാഹത്തിനു നൽകിയ വാഗ്ദാനത്തിെയും (12, 2) അനുസ്മരിപ്പിക്കുന്നു. എന്നാലും ഇസഹാക്കിനെ സംബന്ധിച്ചു വാഗ്ദാനങ്ങൾ ഇതിനെക്കാൾ ഏറെ വിശാലമാണ് എന്ന കാര്യം വിസ്മരിക്കാനാവില്ല.

“ദൈവം അവളുടെ കണ്ണുതുറന്നു; അവൾ ഒരു കിണർ കണ്ടു” എന്ന പ്രസ്താവന ദൈവത്തിന്റെ പ്രത്യേക പരിപാലനയിലേക്ക് ശ്രദ്ധ തിരിക്കുന്നു. അത്ഭുതകരമായി മരുഭൂമിയിൽ ഉറവ പുറപ്പെടുത്തുകയല്ല, അവിടെ ഉണ്ടായിരുന്നതും എന്നാൽ തനിക്കു കാണാൻ കഴിയാതെ പോയ

തുമായ കിണർ കാണാൻ ഹാഗാറിനെ സഹായിക്കുകയാണ് ദൈവം ചെയ്തത്. ജീവജലത്തിന്റെ ഉറവയിലേക്ക് നയിക്കുന്ന ദൈവത്തിന്റെ രക്ഷാകരപ്രവൃത്തിയുടെ (ഏശ 41, 17; 55,1; യോഹ 4,10; 7,37-38) മുന്നാസ്വാദനമാണിത്.

"ദൈവം കുട്ടിയോടു കൂടെ ഉണ്ടായിരുന്നുന്നു. പിതാവ് ബഹിഷ്ക്കരിക്കുകയും നിസ്സഹായയായ മാതാവ് പരിത്യജിക്കുകയും ചെയ്തു കുഞ്ഞിനെ ദൈവം കൈവെടിയുന്നില്ല (ഏശ 49, 15). അബ്രാഹത്തിനോടു കുടെ എന്നതുപോലെ ദൈവം ഇസ്മയേലിനോടു കൂടെയും എന്നും ഉണ്ടായിരിക്കും. സമർത്ഥനായ വില്ലാളി വേട്ടയാടിയും യുദ്ധം ചെയ്തും ഉപജീവനം കഴിക്കുന്നവനാണ്. കാനാൻ ദേശത്തിനും ഈജിപ്തിനും മധ്യേയുള്ള മരുഭൂമിയിലാണ് അവർ വാസമുറപ്പിച്ചത്. ഈജിപ്തുകാരിയായ അമ്മ തന്റെ മകന് ഒരു ഈജിപ്തുകാരിയെത്തന്നെ ഭാര്യയായി തിരഞ്ഞെടുത്തത് തികച്ചും സ്വാഭാവികമത്രേ.

**വിചിന്തനം:** ദൈവം ആരെയും കൈവെടിയുന്നില്ല. എന്നാൽ എല്ലാവരെക്കുറിച്ചും ഒരേ പദ്ധതിയല്ല ദൈവത്തിനുള്ളത്. ഇസഹാക്കിനേയും ഇസ്മായേലിനേയും സംബന്ധിച്ച് വ്യത്യസ്ത പദ്ധതികൾ ഉണ്ടായിരുന്നതുപോലെ ഓരോ മനുഷ്യവ്യക്തിയെ സംബന്ധിച്ചും ദൈവത്തിന് പ്രത്യേക പ്ലാനും പദ്ധതിയുമുണ്ട്. അനുഭവിക്കേണ്ടിവരുന്ന തിരസ്കരണവും ക്ലേശങ്ങളും ഭീതിയും മരണവേദനയും എല്ലാം ആ പദ്ധതിയുടെ ഭാഗമായിരിക്കും.

**3. കിണറിന്റെ ഉടമ 21, 22-34:** അബിമെലേക് രാജാവും അബ്രാഹവും തമ്മിൽ നടന്ന രണ്ടുടമ്പടികളാണ് ഇവിടെ വിവരിക്കുന്നത്. ''ബേർഷെബാ'' എന്ന പേരിന്റെ ഉത്ഭവം വിശദീകരിക്കുന്ന രണ്ടു വ്യത്യസ്ത വിവരണങ്ങൾ ഏലോഹിസ്റ്റ് ഗ്രന്ഥകാരൻ സംയോജിപ്പിച്ചതാണ് ഇതെന്നു കരുതപ്പെടുന്നു. 22-24. 27, 31 വാക്യങ്ങൾ ഒരു സമാധാന ഉടമ്പടി വിവരിക്കുന്നു. ഉടമ്പടി ചെയ്ത സ്ഥലത്തിന് "ഉടമ്പടിയുടെ കിണർ" എന്നർത്ഥമുള്ള "ബേർഷെബാ" എന്ന പേരു ലഭിച്ചു. 25-26, 28-30, 32 വാക്യങ്ങൾ ഒരു കിണറിനെച്ചൊല്ലിയുണ്ടായ തർക്കമാണ് അവതരിപ്പിക്കുന്നത്. തന്റെ അവകാശം സ്ഥാപിക്കാനായി കൊടുത്ത ഏഴു പെണ്ണാടുകളെ അബിമെലെക് സ്വീകരിച്ചുകൊണ്ട് അബ്രാഹത്തിന്റെ അവകാശം അംഗീകരിച്ചതിനാൽ "ഏഴിന്റെ കിണർ" എന്നർത്ഥമുള്ള "ബേർഷെബാ" എന്ന പേരുണ്ടായി. "ബേർ" എന്ന ഹീബ്രു പദത്തിന് കിണർ എന്നാണ് അർത്ഥം. "ഷെബാ" എന്നതിന് ഏഴ് എന്നും "ഷാബാ" എന്നതിന് ശപഥം

ചെയ്യുക എന്നും അർത്ഥം.

ഈ രണ്ടു വിവരണങ്ങളെ സംയോജിപ്പിച്ചുകൊണ്ട് വി. ഗ്രന്ഥകാരൻ ദൈവശാസ്ത്രപരമായ ചില കാഴ്ചപ്പാടുകൾ നൽകുന്നു. 20-ാം അധ്യായത്തിൽ വിവരിച്ച സംഭവത്തിന്റെ തുടർച്ചയായിട്ടാണ് ഈ ഉടമ്പടികൾ അവതരിപ്പിക്കുന്നത്. രാജാക്കന്മാർ പോലും ഭയപ്പെടുകയും സമാധാന ഉടമ്പടി ഉണ്ടാക്കാൻ ആഗ്രഹിക്കുകയും ചെയ്യാൻ മാത്രം ദൈവത്തിന്റെ സംരക്ഷണത്താൽ ശക്തനാണ് അബ്രാഹം എന്ന് ആദ്യത്തെ ഉടമ്പടിയുടെ വിവരണത്തിലൂടെ സൂചിപ്പിക്കുന്നു. കിണറിനെ സംബന്ധിച്ച വിവാദം ഒരുടമ്പടിയിൽ അവസാനിക്കുമ്പോൾ വാഗ്ദത്തഭൂമിയിൽ അബ്രാഹത്തിന് അവകാശം ലഭിക്കുന്നതിന്റെ ആരംഭമായി.

33-34 വാക്യങ്ങൾ ഈ വിവരണത്തിന്റെ ഉപസംഹാരമാണ്. ബേർഷെബായിൽ അബ്രാഹം വൃക്ഷം നട്ടുപിടിപ്പിക്കുന്നത് ആ സ്ഥലത്തിന്റെ മേൽ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിന്റെ അടയാളമായി കരുതപ്പെടുന്നു. താൻ ചെന്നെത്തിയ സ്ഥലങ്ങളിലെല്ലാം ദൈവത്തിന് ആരാധന അർപ്പിക്കുക അബ്രാഹത്തിനു പതിവായിരുന്നു. ഇവിടെ കർത്താവിനെ "നിത്യദൈവം" എന്ന പേരിൽ വിളിച്ചാണ് ആരാധിക്കുന്നത്. "ഏൽഓലാം" എന്നാണ് ഹീബ്രുമൂലം "ഓലാം" എന്ന പദത്തിന് "ആരംഭവും അവസാനവുമില്ലാത്ത" എന്നാണ് അർത്ഥം. "ഏൽ ഓലാം" എന്നതും കാനാൻകാരുടെ ഇടയിൽ പ്രചാരത്തിലിരുന്ന ദൈവത്തിന്റെ ഒരു പേരായിരുന്നു.

**വിചിന്തനം :** താൻ ചെന്നു വാസമുറപ്പിച്ചിടത്തെല്ലാം അബ്രാഹം ദൈവത്തെ വിളിച്ചപേക്ഷിച്ചു. പ്രാർത്ഥനയും ആരാധനയും അബ്രാഹത്തിന്റെ ജീവിതത്തിന്റെ അവിഭാജ്യഘടകമായിരുന്നു. എനിക്കോ?

### ചോദ്യങ്ങൾ

1. ഇസഹാക്ക് എന്ന പേരിന് ഇവിടെ നൽകുന്ന രണ്ടു വിശദീകരണങ്ങൾ ഏവ?
2. ഹാഗാറിനെ ബഹിഷ്കരിക്കുന്നതിന്റെ രണ്ടു വിവരണങ്ങൾ തമ്മിൽ താരതമ്യം ചെയ്ത് ഓരോന്നിന്റേയും പ്രത്യേകതകൾ എടുത്തുകാട്ടുക.
3. എപ്പോഴാണ് ഹാഗാറിനും മകനും രക്ഷ കിട്ടിയത്? എന്തു പാഠമാണ് നിങ്ങൾക്ക് അതിൽ നിന്നു ലഭിക്കുന്നത്?
4. "ബേർഷെബാ" എന്ന പേരിനു നൽകുന്ന രണ്ട് അർത്ഥങ്ങൾ ഏവ?
5. അബ്രാഹത്തിനു ലഭിച്ച രണ്ടു വാഗ്ദാനങ്ങൾ പൂർത്തിയാവുന്നതിന്റെ

തുടക്കം ഈ അധ്യായത്തിൽ വിവരിക്കുന്നുണ്ട്. ഏവ?

**ചർച്ചക്ക്:** ഹാഗാറിനോടും ഇസ്മായേലിനോടും സാറായും അബ്രാഹവും ദൈവവും ചെയ്തതു നീതിയോ? ദൈവത്തിന്റെ രക്ഷാപദ്ധതിയെ കുറിച്ച് എന്തുൾക്കാഴ്ചയാണ് ഈ സംഭവത്തിൽ നിന്നു ലഭിക്കുന്നത്?

**പ്രാർത്ഥന:** "ഈ എളിയവൻ നിലവിളിച്ചു; കർത്താവ് കേട്ടു. എല്ലാ കഷ്ടതകളിലും നിന്ന് കർത്താവ് അവനെ രക്ഷിക്കുകയും ചെയ്തു" (സങ്കീ. 34, 6).

## 11. വിശ്വാസത്തിന്റെ അഗ്നിപരീക്ഷ 22, 1-24

പൂർവ്വപിതാക്കന്മാരുടെ ചരിത്രത്തിലെ എന്നല്ല, പഴയ നിയമത്തിലെ തന്നെ ഏറ്റം ശക്തവും ഉദ്വേഗജനകവുമായ വിവരണമാണ് "അബ്രാഹത്തിന്റെ ബലി" എന്ന പേരിൽ അറിയിപ്പെടുന്ന ഈ അധ്യായത്തിലുള്ളത്. ഇത് ഏലോഹിസ്റ്റ് രചനയായി കരുതപ്പെടുന്നു. 1-14 വാക്യങ്ങൾ ബലിയർപ്പണവും 15-19 വാക്യങ്ങൾ വാഗ്ദാനവും ചിത്രീകരിക്കുന്നു. ഇതുമായി അടുത്തുബന്ധമില്ലാത്ത് 20-24 വാക്യങ്ങൾ അബ്രാഹത്തിന്റെ സഹോദരനായ നാഹോറിന്റെ മകളെ കുറിച്ചു പ്രതിപാദിക്കുന്നു. ഇത് 24-ാം അധ്യായത്തിൽ വിവരിക്കാൻ പോകുന്ന ഇസഹാക്കിന്റെ വിവാഹത്തിനും വഴിയൊരുക്കുന്നു.

വാക്കുകളും വാക്യങ്ങളും അപഗ്രഥിച്ചു പഠിക്കുന്നതിനെക്കാൾ ഇവിടെ വിവരിക്കുന്ന സംഭവങ്ങൾ ധ്യാനാത്മകമായി വീക്ഷിക്കുകയും കഥാപാത്രങ്ങളുടെ വികാരങ്ങൾ ഹൃദയം കൊണ്ടു ഗ്രഹിക്കാൻ ശ്രമിക്കുകയുമാണ് ചെയ്യേണ്ടത്. അളക്കാനാവാത്ത ആഴങ്ങളും സംഗ്രഹിക്കാനാവാത്ത ധ്വനികളും ഉൾക്കൊള്ളുന്ന ഈ വിവരണത്തെ പല വീക്ഷണകോണുകളിൽ നിന്ന് നോക്കിക്കാണുന്നത് സന്ദേശം ഗ്രഹിക്കാൻ സഹായിക്കും. ഭർത്താവും ഏകമകനും എങ്ങോട്ടുപോയി എന്നറിയാതെ വീട്ടിൽ തനിച്ചിരിക്കുന്ന സാറാ, അബ്രാഹത്തെ അനുയാത്ര ചെയ്യുന്ന വേലക്കാർ, മകനെ ബലിയർപ്പിക്കാൻ പോകുന്ന അബ്രാഹം, എങ്ങോട്ടെന്നറിയാതെ വിറകുകെട്ടുമായി മല കയറുന്ന ഇസഹാക്ക് - ഇവരുടെയൊക്കെ കാഴ്ചപ്പാടിലൂടെ സംഭവങ്ങളെ നിരീക്ഷിക്കുന്നത് വികാരസാന്ദ്രമായ ഈ വിവരണത്തിന്റെ ശക്തിയും അർത്ഥവും ഉൾക്കൊള്ളാൻ ഉപകരിക്കും.

**1. ബലിയർപ്പണം 22, 1-14:** സാറായിൽനിന്നു പുത്രൻ ജനിക്കുകയും ബേർഷെബായിൽ ഒരു കിണറിന് അവകാശിയാവുകയും ചെയ്തതോടെ വാഗ്ദാനങ്ങളെല്ലാം പൂർത്തിയാകുന്നതായി അബ്രാഹത്തിനു കാണാൻ കഴിഞ്ഞു. ഇസ്മയേലിനെ പറഞ്ഞയച്ചതുകൊണ്ട് ആരാണ് അനന്തരാ

വകാശി എന്ന കാര്യത്തിൽ സംശയവുമില്ല. എല്ലാം ഭദ്രം എന്നു കരുതു മ്പോഴാണ് നീലാകാശത്തു നിന്നു വെള്ളിടി കണക്കെ കർത്താവിന്റെ വചനം അബ്രാഹത്തിന്റെ മേൽ പതിക്കുന്നത്. തന്റെ ജീവിതത്തെ വീണ്ടും തകിടം മറിക്കുന്ന ഈ കല്പന അബ്രാഹം നേരിട്ടതിൽ ഏറ്റം കഠിന മായ വിശ്വാസപരീക്ഷണമായിരുന്നു. "ദൈവം അബ്രാഹത്തെ പരീക്ഷിച്ചു" എന്ന വിശുദ്ധ ഗ്രന്ഥകാരൻ ആമുഖമായി പറയുന്നുണ്ടെങ്കിലും ഇതൊരു പരീക്ഷണമാണെന്ന് അബ്രാഹത്തിന് അറിയില്ല. സ്ഥലകാലങ്ങളെ കുറിച്ച് യാതൊരു സൂചനയും നൽകാതെയാണ് ദൈവത്തിന്റെ വിളി രേഖപ്പെടു ത്തിയിരിക്കുന്നത്. 12, 1-4ൽ വിവരിച്ച വിളിയും മറുപടിയുമായി ഈ വിളിക്കും മറുപടിക്കും സാമ്യമുണ്ട്.

ഹാരാനിൽ വച്ചു ലഭിച്ച ദൈവവിളി ഭൂതകാലത്തെ പൂർണ്ണമായി പരിത്യജിക്കാൻ അബ്രാഹത്തെ നിർബന്ധിച്ചു. നാടും വീടും നല്കുന്ന സുരക്ഷിതത്വം ഉപേക്ഷിച്ചു യാത്ര തിരിച്ച അദ്ദേഹത്തെ മുന്നോട്ടു നയി ച്ചിരുന്നത് ഒരു സന്തതിയെക്കുറിച്ചുള്ള പ്രതീക്ഷയായിരുന്നു. അതു ഫല മണിഞ്ഞു എന്നു തോന്നിയപ്പോഴാണ് ഏകജാതനെ ബലിയർപ്പിക്കാൻ ദൈവം ആവശ്യപ്പെടുന്നത്. താൻ എന്തിനു വേണ്ടി ഈ കാലമത്രയും കാത്തിരുന്നുവോ അതെല്ലാം ഒറ്റ നിമിഷം കൊണ്ടു തന്റെ കയ്യിൽനിന്നു മാറ്റപ്പെടുന്നതായി അബ്രാഹത്തിനു അനുഭവപ്പെട്ടു. തനിക്കു വിലപ്പെട്ട തെല്ലാം സ്വന്തം കൈകൊണ്ടു പറിച്ചെടുത്ത് കർത്താവിന്റെ മുന്നിൽ കാഴ്ച വെക്കാനാണ് അബ്രാഹത്തോട് ആവശ്യപ്പെടുന്നത്. "നീ സ്നേഹിക്കുന്ന നിന്റെ ഏകമകൻ" എന്നു വിശേഷിപ്പിക്കുമ്പോൾ എത്ര മാത്രം വിലപ്പെട്ട താണ് ഇസഹാക്ക് എന്ന് വ്യക്തമാക്കുന്നു. അവനെയാണ് ദഹനബലി യായി അർപ്പിക്കാൻ കർത്താവ് ആവശ്യപ്പെടുന്നത്.

അബ്രാഹത്തിനും ലഭിച്ച വാഗ്ദാനങ്ങളെല്ലാം ഇസഹാക്കിലാണ് കേന്ദ്രീകരിച്ചിരുന്നത്. അവനെ ബലിയർപ്പിക്കുന്നത് ഭാവിയെക്കുറിച്ചുള്ള സകല പ്രതീക്ഷകളും പദ്ധതികളും ദൈവത്തിന്റെ കൈകളിൽ സമർപ്പി ക്കുന്നതിനു തുല്യമാണ്. ഭൂതവും ഭാവിയുമില്ലാതെ, സ്വന്തം മകനെ സ്വന്തം കൈ കൊണ്ടു ബലിയർപ്പിക്കാൻ വിളിക്കപ്പെട്ട അബ്രാഹത്തിന്റെ ആന്തരിക സംഘട്ടനം വിശുദ്ധഗ്രന്ഥകാരൻ വിവരിക്കുന്നില്ല.

2 ദിന 3, 1 ൽ മോറിയാ മലയെന്ന് ജറുസലെമിനെ വിശേഷിപ്പിക്കു ന്നതൊഴിച്ചാൽ മോറിയ ദേശത്തെക്കുറിച്ച് ബൈബിളിൽ വേറെ ഒരിടത്തും പ്രതിപാദിക്കുന്നില്ല. "ഞാൻ കാണിച്ചു തരുന്ന മല" എന്ന വിശേഷണ ത്തിന്12, 1ലെ "ഞാൻ കാണിച്ചു തരുന്ന ദേശം" എന്ന വിശേഷണത്തോടു

സാമ്യമുണ്ട്. അബ്രാഹം ഇസഹാക്കിനെ ബലിയർപ്പിക്കാൻ കയറിയ മല ജറുസലെം ആയിരുന്നുവെന്ന വിശ്വാസം ആ നഗരത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. വടക്കൻ രാജ്യമായ ഇസ്രായേലിന്റെ തലസ്ഥാനമായ സമറിയ സ്ഥിതി ചെയ്തിരുന്ന ഗെരിസിം മലയിലാണ് ഇസഹാക്കിനെ ബലിയർപ്പിക്കാൻ കൊണ്ടുപോയത് എന്ന വിശ്വാസം സമറിയായുടെ പ്രാധാന്യം എടുത്തു കാട്ടുന്നു. ഈ വിശ്വാസമാണ് സമറിയാക്കാർ ഇന്നു കാത്തുസൂക്ഷിക്കുന്നത്.

അബ്രാഹത്തിന്റെ മാനസികാവസ്ഥയെ അനുവാചകരുടെ ഭാവനക്കു വിട്ടിട്ട് വി. ഗ്രന്ഥകാരൻ പ്രവൃത്തിയിലേക്കു ശ്രദ്ധതിരിക്കുന്നു. “അതിരാവിലെ” എന്ന കാലസൂചനയിലൂടെ രാത്രിയിലാണ് അബ്രാഹത്തിനും വിളി ലഭിച്ചത് എന്നു സൂചിപ്പിക്കുന്നു. ചോദ്യം ചെയ്യാതെ, സംശയങ്ങളും ദുഃഖങ്ങളും ഉള്ളിലൊതുക്കി, യാത്ര പുറപ്പെടുന്ന അബ്രാഹം നിരുപാധികമായ അനുസരണത്തിന്റെ മാതൃകയാണ്. മൂന്നു ദിവസത്തെ യാത്രയും ക്ലേശകരമായ മലകയറ്റവും നിശ്ശബ്ദതയിലാണു നടക്കുക. ഒരു ചോദ്യവും ഉത്തരവും മാത്രമേ അർത്ഥഗർഭമായി ആ മൗനത്തെ ഭഞ്ജിക്കുന്നുള്ളൂ.

“പിതാവേ” എന്ന വിളിയും “എന്താ മകനേ” എന്ന വിളി കേൾക്കലും പിതൃപുത്ര വാത്സല്യത്തിന്റെ ആഴം വെളിപ്പെടുത്തുന്നു. മകന്റെ ചോദ്യവും പിതാവിന്റെ മറുപടിയും പ്രത്യക്ഷത്തിൽ കാണുന്നതിനേക്കാൾ ആഴമേറിയ ധ്വനികൾ ഉൾക്കൊള്ളുന്നുണ്ട്. “ദഹനബലിക്കുള്ള കുഞ്ഞാടെവിടെ” എന്ന മകന്റെ നിഷ്കളങ്കമായ ചോദ്യം കഠിനമായ വ്യഥയാൽ വിതുമ്പുന്ന പിതൃഹൃദയത്തെ വീണ്ടും മുറിപ്പെടുത്തുന്നതാണ്. അതിലുപരി, മനുഷ്യവർഗ്ഗം മുഴുവനെയും സ്പർശിക്കുന്ന ഒരു ചോദ്യമാണിത്. ദൈവത്തിനു സ്വീകാര്യമായ ബലിയർപ്പിക്കാനുള്ള കുഞ്ഞാടിനെ നൽകാൻ കഴിയാത്ത, പാപത്തിലാണ്ടുപോയ മനുഷ്യന് ദൈവം തന്നെ കുഞ്ഞാടിനെ ന്ലകും. അബ്രാഹത്തിന്റെ മറുപടിയിൽ അദ്ദേഹത്തിനു മനസ്സിലാക്കാൻ കഴിയാതെ ഉൾച്ചേർന്നിരിക്കുന്ന ഒരു സത്യമുണ്ട്. “ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്” (യോഹ 1, 29) എന്ന് യേശുവിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് സ്നാപകയോഹന്നാൻ പറയുമ്പോൾ ഈ സത്യം വെളിപ്പെടുന്നു. ബലിയർപ്പണത്തിനുള്ള വറകുമായി മലകയറുന്ന ഇസഹാക്ക്, സ്വന്തം കുരിശുമായി ഗാഗുൽത്തായിലേക്കു പോകുന്ന യേശുവിന്റെ മുന്നോടിയും പ്രതീകവുമാണ്.

ബലിയർപ്പണത്തിനുള്ള ഒരുക്കം അവസാനം വരെ കർത്താവിന്റെ വാക്കനുസരിക്കാനുള്ള അബ്രാഹത്തിന്റെ സന്നദ്ധത തെളിയിക്കുന്നു.

മകനെ ബലിയർപ്പിക്കാനായി കത്തി കൈയിലെടുത്ത നിർണ്ണായക മുഹൂർത്തത്തിലാണ് തികച്ചും അപ്രതീക്ഷിതമായതു സംഭവിച്ചത്. "നീ ദൈവത്തെ ഭയപ്പെടുന്നു എന്ന് എനിക്കിപ്പോൾ ഉറപ്പായി" എന്ന പ്രസ്താവന ഈ സംഭവത്തിന്റെ മുഴുവൻ അർത്ഥവും വ്യക്തമാക്കുന്നു. എല്ലാം അറിയുന്നവനായ ദൈവത്തിന് അബ്രാഹം തന്നെ അനുസരിക്കുമോ എന്നു സംശയമുണ്ടായിട്ടല്ല, അബ്രാഹത്തിനു തന്റെ വിശ്വാസവും വിശ്വസ്തതയും തെളിയിക്കാനുള്ള അവസരം നൽകാൻ വേണ്ടിയായിരുന്നു പരീക്ഷണം.

ദൈവം ആവശ്യപ്പെടുന്നതു നരബലിയല്ല, അനുസരണമാണ് എന്ന് ഈ വിവരണത്തിലൂടെ വിശുദ്ധഗ്രന്ഥകാരൻ പഠിപ്പിക്കുന്നു. മധ്യപൗരസ്ത്യദേശത്തെ പല പുരാതനമതങ്ങളിലും നരബലി സാധാരണമായിരുന്നു. ആ സ്വാധീനത്തിൽപ്പെട്ട ഇസ്രായേല്യരും തങ്ങളുടെ മക്കളെ ബലിയർപ്പിച്ചതായി ബൈബിളിൽ പല തവണ പരാമർശിക്കുന്നുണ്ട് (2 രാജാ 16, 3; 17, 17; 21,6). ഇപ്രകാരമുള്ള ദുരാചാരത്തിനെതിരെ ശക്തമായൊരു താക്കീതും ഈ വിവരണത്തിലുണ്ട്.

മുൾച്ചെടികളിൽ കൊമ്പുടക്കിക്കിടന്ന മുട്ടാട് അവിടെത്തന്നെയുണ്ടായിരുന്നു. അതിനെ കാണാൻ അബ്രാഹത്തിനു കഴിഞ്ഞത് കർത്താവിന്റെ വാക്കു കേട്ടതിനു ശേഷമാണ് - ഹാഗാർ കിണർ കണ്ടതുപോലെ (21, 19). മകനു പകരം ആടിനെ ബലിയർപ്പിക്കുന്നത് മൃഗബലി കർത്താവിനു സ്വീകാര്യമാണെന്നു സൂചിപ്പിക്കുന്നു. എന്നാൽ ദൈവം തന്നെ തന്റെ പുത്രനെ കുഞ്ഞാടായി നൽകിക്കഴിഞ്ഞപ്പോൾ പിന്നെ മൃഗബലിക്കും സ്ഥാനമില്ലാതായിത്തീർന്നു. "മോറിയാ" എന്ന പേരിന്റെ അർത്ഥം വ്യക്തമാക്കുന്നതാണ് "കർത്താവു പ്രദാനം ചെയ്യും" എന്ന അർത്ഥമുള്ള "യാഹ്‌വേയിരേ" എന്ന ഹീബ്രുനാമം.

**വിചിന്തനം:** നാമും നമുക്കുള്ളതും എല്ലാം ദൈവത്തിന്റെ സൗജന്യമാണ്. ദാനമാണ്. ദാനം സ്വീകരിക്കുന്നതുപോലെ തന്നെ ചോദിക്കുമ്പോൾ സന്തോഷത്തോടെ തിരിച്ചേൽപിക്കാനും നാം സന്നദ്ധരായിരിക്കണം. ദൈവത്തിന്റെ ദാനത്തേക്കാൾ ദാനം നൽക്കുന്ന ദൈവമാണ് വിലപ്പെട്ടത്.

ജീവിതത്തിലുണ്ടാകുന്ന ക്ലേശങ്ങളും ദുരിതങ്ങളും അപ്രതീക്ഷിതമായ അത്യാഹിതങ്ങളും ദൈവത്തിലുള്ള വിശ്വാസവും അവിടുത്തോടുള്ള വിശ്വസ്തതയും പ്രകടമാക്കാനുള്ള അവസരങ്ങളായി കരുതണം. അതിജീവിക്കാൻ കഴിയാത്ത പ്രലോഭനങ്ങൾ ആർക്കും ദൈവം നൽകുകയില്ല. വിശ്വാസത്തിൽ വളരാൻ ദൈവം നൽകുന്ന അവസരങ്ങളാണ് പ്രലോഭനങ്ങൾ. എല്ലാം നഷ്ടപ്പെട്ട് വിശ്വാസത്തിന്റെ അടിത്തറ തന്നെ

തകർന്നു എന്നു തോന്നുമ്പോഴും വിശ്വസിക്കാൻ കവിയും, ദൈവം പോലും പര്യത്യജിച്ചു എന്നു തോന്നുമ്പോഴു അവിടുത്തോട് ഒട്ടിച്ചേർന്ന് നില്ക്കുക – ഇതാണ് അബ്രാഹത്തിന്റെ ബലിയിൽനിന്നു ലഭിക്കുന്ന പ്രധാന പാഠം.

**2. വാഗ്ദാനം 22, 15–19:** ബലിയർപ്പണത്തിന്റെ വിവരണത്തോടു കൂട്ടി ച്ചേർത്തതു പോലെയാണ് ഈ വാക്യങ്ങൾ കാണപ്പെടുന്നത്. "കർത്താവ് വീണ്ടും അരുളിച്ചെയ്തു" എന്ന മുഖവുര തന്നെ ഇതിനു തെളിവാണ്. 16 –18 വാക്യങ്ങൾ സന്തതി പരമ്പരയെ കുറിച്ച് ഇതുവരെ നൽകപ്പെട്ട വാഗ്ദാ നങ്ങളെല്ലാം ഒരിക്കൽകൂടി സംക്ഷിപ്തമായി അവതരിപ്പിക്കുന്നു. ശപഥം വഴി വാഗ്ദാനം ഉറപ്പിക്കുന്നത് 15–ാം അധ്യായത്തിൽ കണ്ട ശപഥപൂർവ്വ മായ വാഗ്ദാനത്തെ (15, 7) അനുസ്മരിപ്പിക്കുന്നു. ഏകജാതനെ ബലി യർപ്പിക്കാൻ തയ്യാറായതിലൂടെ വാഗ്ദാനങ്ങൾക്കാ താൻ അർഹനാണെന്ന് അബ്രാഹം തെളിയിച്ചു. അബ്രാഹത്തിന്റെ അനുസരണമാണ് വാഗ്ദാന ങ്ങളുടെ പൂർത്തീകരണത്തിന് നിദാനമായി എടുത്തുകാട്ടുന്നത്. "ശത്രു വിന്റെ നഗരകവാടങ്ങൾ പിടിച്ചടക്കും" എന്ന വാഗ്ദാനം റബേക്കായ്ക്ക് ബന്ധുക്കൾ നൽകുന്ന അനുഗ്രഹമായി 24, 60ൽ ആവർത്തിക്കുന്നുണ്ട്. 19–ാം വാക്യം വീണ്ടും വിവരണത്തിന്റെ ശൈലിയിലേക്കു മടങ്ങി വരു ന്നു. ബേർഷെബായിൽ വച്ചാണ് അബ്രാഹത്തിന് ദൈവത്തിന്റെ അരുള പ്പാടുണ്ടായത് എന്ന് അവിടേയ്ക്കു തിരിച്ചുപോയി എന്ന പ്രസ്താവനയിൽ നിന്നും തെളിയിക്കുന്നു. വിവരണത്തിന്റെ ഉപസംഹാരമാണ് ഈ വാക്യം.

**വിചിന്തനം:** ഏകപുത്രനെ ബലിയർപ്പിക്കാൻ മടിക്കാത്ത അബ്രാഹ ത്തിനു പിന്നിൽ തെളിയുന്നത് "സ്വപുത്രനെ പോലും ഒഴിവാക്കാതെന മുക്കെല്ലാവർക്കും വേണ്ടി അവനെ ഏല്പിച്ചുതന്ന" (റോമാ 8, 32) പിതാ വായ ദൈവത്തിന്റെ ചിത്രമാണ്. പുത്രനെ ബലിയർപ്പിക്കാൻ പോകുന്ന പിതാവിന്റെ വേദന എന്തെന്ന് അനുഭവിച്ചറിഞ്ഞവനാണ് ദൈവം. നമ്മോടുള്ള സ്നേഹമാണ് ദൈവത്തെ ഇതിനു പ്രേരിപ്പിച്ചത് (യോഹ. 2, 16). ദൈവത്തിനു നൽകുന്ന അനുസരണം സ്നേഹത്താൽ പ്രചോ ദിതമാകണംച നിർബ്ബന്ധത്തിനു വഴങ്ങിയോ ഭയത്തിനടിമപ്പെട്ടോ ആയിരിക്കരുത്.

**3. നാഹോറിന്റെ മക്കൾ 22, 20–25:** മോറിയാ മലയിലെ പരീക്ഷണത്തോടെ അബ്രാഹത്തെക്കുറിച്ചു പറയാനുള്ളതെല്ലാം പറഞ്ഞുതീർന്നു എന്ന പ്രതീ തിയാണു ലഭിക്കുക. ഇനിയുള്ള വിവരണങ്ങൾ അബ്രാഹത്തിന്റെ സഹോ ദരനായി നാഹോറിന്റെ മക്കളുടെ പട്ടികയിൽ 13 പേരുകളുണ്ട്. ഇസ്മായേ ലിനും (25, 13–15) യാക്കോബിനും 12 മക്കൾ ജനിക്കുന്നതായി പിന്നീടു വിവ

രിക്കുന്നു. ഇവരെല്ലാം ഗോത്രപിതാക്കന്മാരാണ്. കാനാനു ചുറ്റുമുള്ള ദേശങ്ങളിലെ ജനതകളുമായി ഇസ്രായേൽ ജനത്തിനുള്ള ബന്ധം വെളിപ്പെടുത്തുന്നതാണ് ഈ പട്ടികകൾ. നാഹോറിന്റെ മകനായി ബെത്തുവേലിനെക്കുറിച്ചുള്ള പരാമർശം 24-ാം അധ്യായത്തിൽ വിവരിക്കാൻ പോകുന്ന ഇസഹാക്കിന്റെ വിവാഹത്തിനു വഴിയൊരുക്കുന്നു.

**ചോദ്യങ്ങൾ**

1. ഇസഹാക്കിനെ ബലികഴിക്കാൻ ദൈവം അബ്രാഹത്തോട് ആവശ്യപ്പെട്ടത് എന്തിനുവേണ്ടി?
2. നരബലിയെ കുറിച്ച് ഈ വിവരണത്തിലൂടെ എന്താണ് പഠിപ്പിക്കുന്നത്?
3. എവിടെയാണ് മോറിയാ? യഹൂദരും സമറായരും ഇതിനെക്കുറിച്ച് എന്തു വിശ്വസിക്കുന്നു?
4. ഇസഹാക്ക് യേശുവിന്റെ മുന്നോടിയും പ്രതീകവുമാണ്. വിശദീകരിക്കുക.

**ചർച്ചക്ക്:** അബ്രാഹത്തിന്റെ ബലിയിൽ നിന്ന് എന്തു പ്രായോഗിക സന്ദേശമാണ് നിങ്ങൾക്ക് ലഭിക്കുന്നത്?

**പ്രാർത്ഥന:** അബ്രാഹത്തിനു ലഭിച്ച കൽപനം നിങ്ങൾക്കാണു ലഭിച്ചത് എന്നു കരുതി അതിനു പ്രതികരണമായി ഒരു പ്രാർത്ഥന രചിക്കുക.

## 12. പിന്തുടർച്ച 23, 1–125, 18

അബ്രാഹത്തെ സംബന്ധിച്ച വിവരണങ്ങളുടെ അവസാനഭാഗമാണ് ഈ അധ്യായങ്ങളിൽ അവതരിപ്പിക്കുന്നത്. സാറായുടെ മരണവും അതേതുടർന്ന് അബ്രാഹം ഒരു ശവപ്പറമ്പു വാങ്ങുന്നതും 23-ാം അധ്യായത്തിൽ വിവരിക്കുന്ന. 24-ാം അധ്യായും ഇസഹാക്കിന് ഒരു ഭാര്യയെ അന്വേഷിച്ചു കണ്ടുപിടിക്കുന്നതിന്റെ സുദീർഘമായ വിവരണമാണ്. 25-ാം അധ്യായത്തിൽ സന്തതി പരമ്പരയെ കുറിച്ചുള്ള രണ്ടു പട്ടികകളുടെ മധ്യേ അബ്രാഹത്തിന്റെ മരണവും സംസ്കാരവും വിവരിച്ചിരിക്കുന്നു. സന്തതികളെയും സ്വന്തമായൊരു ദേശത്തെയും കുറിച്ച് ദൈവം നൽകിയ വാഗ്ദാനങ്ങൾ അബ്രാഹത്തിന്റെ മരണത്തിനു മുമ്പേ ഒരു പരിധി വരെ പൂർത്തിയായതിന്റെ വിവരങ്ങളാണിത്.

**1. വാഗ്ദത്ത ഭൂമിയിൽ അവകാശം 23, 1–20:** ഈ അധ്യായം മുഴുവൻ പുരോഹിതരചനയാണ്. 1-2 വാക്യങ്ങൾ സാറായുടെ മരണത്തെ കുറിച്ചു പ്രതിപാദിക്കുന്നു. ഹാരാനിൽനിന്നു പുറപ്പെട്ട് 62 വർഷത്തെ തീർത്ഥാട

നത്തിനു ശേഷമാണ് സാറാ മരിച്ചത് എന്ന് പുരോഹിതഗ്രന്ഥകർത്താവ് നൽകുന്ന കാലസൂചനകളിൽ നിന്നു മനസ്സിലാക്കാം. തങ്ങളുടെ തീർത്ഥാടന മദ്ധ്യേ അബ്രാഹവും സാറായും പലപ്പോഴും കൂടാരമടിച്ചിരുന്നു സ്ഥലമാണ് ഹെബ്രോൺ (13, 18; 18, 1). "നാലിന്റെ നഗരം" എന്നാണ് "കിരിയാത്ത് അർബാ" എന്ന പേരിന് അർത്ഥം. നഗരം നാലു ഭാഗങ്ങളായി തിരിച്ചിരുന്നതിനാലാവണം ഈ പേരുണ്ടായത്. മരിച്ചവരെക്കുറിച്ചുള്ള വിലാപം നിശ്ചിതചടങ്ങുകളോടുകൂടിയ ഒരു സാമൂഹികാചാരമായിരുന്നു (2 സാമു 1, 11-12; 3, 31; 13, 34; മിക്കാ 1,8).

മൃതദേഹം സംസ്കരിക്കാനുള്ള സ്ഥലത്തിനു വേണ്ടി തദ്ദേശവാസികളുമായി അബ്രാഹം നടത്തുന്ന ചർച്ചയാണ് 3-16 വാക്യങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. പരദേശിയായ അബ്രാഹത്തിന് ഇഷ്ടമുള്ള സ്ഥലം വിലയ്ക്കു വാങ്ങാൻ അവകാശമുണ്ടായിരുന്നില്ല. വിദേശികൾക്ക് സ്ഥലം വാങ്ങണമെങ്കിൽ തദ്ദേശവാസികളുടെ മുഴുവൻ അനുവാദവും അംഗീകാരവും ആവശ്യമായിരുന്നു. "നഗരവാതിൽ" ഔദ്യോഗിക കാര്യങ്ങൾ ചർച്ച ചെയ്യാൻ ജനങ്ങൾ ഒരുമിച്ചു കൂടുന്ന സ്ഥലമാണ്.

മൃതസംസ്കാരത്തിനായി ഒരു ഗുഹ മാത്രമാണ് അബ്രാഹം ആവശ്യപ്പെടുന്നത്. ഗുഹ സ്ഥിതിചെയ്യുന്ന പറമ്പു മുഴുവൻ നൽകാൻ എഫ്രോൺ തയ്യാറാകുന്നത് പ്രത്യക്ഷത്തിൽ വലിയ ഔദാര്യമായി തോന്നാം. സ്ഥലം വില്പനയെ കുറിച്ച് ഹിത്യരുടെ ഇടയിൽ നിലനിന്നിരുന്ന നിയമം മനസ്സിലാക്കിയാലേ ഇതിനു പിന്നിലുള്ള ഉദ്ദേശ്യം ഗ്രഹിക്കാൻ കഴിയൂ. സ്ഥലത്തിന്റെ ഉടമ ഭരണാധികാരിക്കു കരവും മറ്റു സേവനങ്ങളും നൽകാൻ ബാധ്യസ്ഥനായിരുന്നു. സ്ഥലം മുഴുവനായി വിറ്റാൽ മാത്രമേ ഈ ബാധ്യത പുതിയ ഉടമ ഏറ്റെടുക്കേണ്ടതുള്ളൂ. അബ്രാഹം തനിക്കാവശ്യമായ ഒരു ഗുഹ മാത്രമേ വാങ്ങാൻ ആഗ്രഹിച്ചുള്ളൂ. എഫ്രേണാകട്ടെ സ്ഥലം മുഴുവൻ വിറ്റ് ബാധ്യതകൾ അബ്രാഹത്തെ ഏൽപ്പിക്കാൻ ശ്രമിച്ചു. ഗത്യന്തരമില്ലാത്തതിനാൽ അബ്രാഹം വഴങ്ങി.

സ്ഥലത്തിനു നിശ്ചയിച്ച വില, 400 ഷെക്കൽ, വളരെ കൂടുതലായിരുന്നെന്ന് കരുതപ്പെടുന്നു. ഏകദേശം 700 വർഷങ്ങൾക്കു ശേഷം ദാവീദ് അരവ്നായുടെ മെതിക്കളം വാങ്ങിയത് 50 ഷെക്കലിനായിരുന്നു. (2 സാമു 24, 24). വീണ്ടു നൂറു വർഷങ്ങൾക്കുശേഷം ഓമ്രി സമറിയാമല മുഴുവൻ വാങ്ങിയത് 6000 ഷെക്കൽ നൽകിയാണ് (1 രാജാ, 16, 24).

സ്ഥലം വിൽക്കുമ്പോൾ അതിരുകളും സ്ഥലത്തുള്ള വൃക്ഷങ്ങളുടെ

എണ്ണവും കൃത്യമായി തിട്ടപ്പെടുത്തിയിരിക്കണമെന്നും നിയമമുണ്ടായിരുന്നു. എഴുതിയ രേഖയേക്കാൾ സമൂഹത്തിലെ നേതാക്കന്മാരുടെ സാക്ഷ്യമായിരുന്നു ഇപ്രകാരമുള്ള കച്ചവടത്തിന്റെ സാധുതയ്ക്ക് ആധാരമായി നിന്നത്. വാഗ്ദത്ത ഭൂമിയിൽ അബ്രാഹത്തിന് സ്വന്തമായൊരു സ്ഥലം ലഭിക്കുന്നതോടെ ഈ വിവരണം അവസാനിക്കുന്നു.

ബാബിലോണിൽ പ്രവാസികളായി കഴിഞ്ഞിരുന്നവരോട് പൂർവ്വപിതാക്കന്മാരുടെ കഥ പറയുന്ന പുരോഹിത ഗ്രന്ഥകാരൻ, ഈ സ്ഥലക്കച്ചവടം വിവരിക്കുന്നതിലൂടെ അജപാലനപരമായൊരു ദൈത്യവും നിർവ്വഹിക്കുന്നുണ്ട്. രാജ്യം നഷ്ടപ്പെട്ട് പരദേശികളായി കഴിഞ്ഞിരുന്നവർക്ക് തങ്ങളുടെ മരിച്ചവരെ അടക്കാൻ സ്വന്തമായി ഒരിടം ലഭിക്കുക എന്നത് ഏറ്റെ വലിയ ആഗ്രഹമായിരുന്നു. പരദേശിയായി കഴിഞ്ഞ പൂർവ്വപിതാവിന് ഒരു ശവക്കല്ലറ സ്വന്തമായ വാങ്ങാൻ കഴിഞ്ഞത് അവർക്കു പ്രത്യാശയും ആത്മാഭിമാനവും നൽകുന്നതാണ്. മക്പേലായിലെ ഗുഹയിലാണ് അബ്രാഹവും ഇസഹാക്കും റബേക്കായും ലെയായും യാക്കോബും സംസ്കരിക്കപ്പെട്ടത് (ഉൽപ 49, 29-32).

ഹെബ്രോണിലെ കല്ലറയെ കുറിച്ച് ഉൽപ്ത്തി പുസ്തകത്തിൽ മാത്രമേ പരാമർശമുള്ളൂ. പക്ഷേ യഹൂദർ ഇതിനു വലിയ പ്രാധാന്യം നൽകിയിരുന്നു. ഹേറോദേസ് മഹാരാജാവ് ഈ ഗുഹയെ കേന്ദ്രമാക്കി വലിയൊരു സ്മാരകം പണിതു. എ.ഡി. ആറാം നൂറ്റാണ്ടിൽ ജസ്റ്റീനിയൻ രാജാവ് അവിടെ ഒരു ബസിലിക്ക നിൽമ്മിച്ചു. പത്താം നൂറ്റാണ്ടിൽ കുരിശുയുദ്ധക്കാർ അതു പിടിച്ചെടുത്ത് വീണ്ടും പള്ളിയാക്കിയെങ്കിലും ഒരു നൂറ്റാണ്ടിനുശേഷം വീണ്ടു മുഹമ്മദീയരുടെ ആധിപത്യത്തിൽ അതു മോസ്കായിക്കീർന്നു. ഇന്ന് അബ്രാഹത്തിന്റെ കല്ലറ ഒരു മോസ്കിലാണ്.

**വിചിന്തനം:** മരിച്ചവരെ ഉചിതമായി സംസ്കരിക്കുമ്പോൾ അവരോടുള്ള ആദരവും അവരിലൂടെ ലഭിച്ച സ്നേഹത്തിനും അനുഗ്രഹങ്ങൾക്കുമുള്ള നന്ദിയുമാണ് പ്രകടിപ്പിക്കുന്നത്. മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുകയും അവർക്കായി കല്ലറകൾ പണിയുകയും ചെയ്യുമ്പോൾ മരണം കൊണ്ട് എല്ലാം അവസാനിക്കുന്നില്ലെന്നും വീണ്ടും ഉയിർത്തെഴുന്നേല്പുണ്ടാകും എന്നുമുള്ള വിശ്വാസം നാം ഏറ്റുപറയുന്നു. "പിതാക്കന്മാരോടു ചേരുക" എന്നാണ് മരണത്തെകുറിച്ച് ബൈബിളിൽ പറയുന്നത്. പിതാക്കളും മക്കളും ഒരുമിച്ച പുനരുദ്ധാനം പ്രതീക്ഷിച്ച് വിശ്രമിക്കുന്ന ഇടമായി ശവകുടീരം പരിഗണിക്കപ്പെടുന്നു. എല്ലാവരും ഒരു ദിവസം മരിക്കുമെന്നുള്ള

സത്യം ഇത് നമ്മെ അനുസ്മരിപ്പിക്കുന്നു.

**2. അവകാശിയുടെ പിന്തുടർച്ച 24, 1-6:** തനിക്കു ലഭിച്ച വാഗ്ദാനങ്ങളുടെ പിന്തുടർച്ച ഉറപ്പുവരുത്താനായി അബ്രാഹം ഇസഹാക്കിന് ഒരു ഭാര്യടെ അന്വേഷിച്ച് കണ്ടെത്തുന്നതിന്റെ ചരിത്രം വിവരിക്കുന്ന ഈ അധ്യായം മുഴുവൻ യാഹ്‌വിസ്റ്റ് രചനയുടെ ഭാഗമാണ്. വിവരണത്തിന്റെ ദൈർഘ്യത്തിൽ മാത്രമല്ല, ഇവിടെ അവതരിപ്പിക്കുന്ന പ്രധാന പ്രമേയങ്ങളുടെ കാര്യത്തിലും മറ്റു വിവരണങ്ങളിൽ നിന്ന് ഇത് വേറിട്ടു നിൽക്കുന്നു. ഉൽപത്തി പുസ്തകത്തിലെ ഏറ്റം ദീർഘമായ വിവരണമാണിത്. സംഭവങ്ങളെക്കാൾ സംഭാഷണങ്ങൾക്കു പ്രാധാന്യം നൽകിയിരിക്കുന്നു. സന്തതികളേയും ദേശത്തേയും സംബന്ധിച്ച വാഗ്ദാനങ്ങൾ വിവരണത്തിന്റെ പശ്ചാത്തലമായി നിലനിൽക്കുന്നുണ്ടെങ്കിലും വ്യക്തികളുടെ ജീവിതത്തേയും വിവിധ സംഭവങ്ങളേയും നയിക്കുന്ന ദൈവത്തിന്റെ പരിപാലനക്കാണ് ഇവിടെ ഊന്നൽ നലകുന്നത്.

ദൈവം നേരിട്ടോ തന്റെ ദൂതനിലൂടെയോ വ്യക്തികളുടേയും സമൂഹങ്ങളുടേയും ജീവിതത്തിൽ ഇടപെടുന്നതായാണ് ഇതുവരെയുള്ള വിവണങ്ങളിൽ നാം കണ്ടത്. എന്നാൽ ഇവിടെ അസാധാരണവും അത്ഭുതകരവുമായി ഒന്നും തന്നെ സംഭവിക്കുന്നില്ല. പുറമെ നിന്നു നോക്കിയാൽ എല്ലാം തികച്ചും സ്വാഭാവികമായിത്തന്നെ നടക്കുന്നു. പക്ഷേ, ഈ സ്വാഭാവിക സംഭവങ്ങളെ ഉള്ളിൽ നിന്നു നിയന്ത്രിക്കുകയും നയിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ പ്രവർത്തനം വിവരണത്തിന്റെ ഓരോ ഘട്ടത്തിലും ദൃശ്യമാണ്. മനുഷ്യഹൃദയങ്ങളിൽ പ്രവർത്തിച്ചുകൊണ്ട് താൻ നിശ്ചയിച്ച ലക്ഷ്യത്തിലേക്ക് സംഭവങ്ങളെ തികച്ചും സ്വാഭാവികമെന്നു തോന്നാവുന്ന വിധത്തിൽ നയിക്കുന്ന ദൈവത്തിന്റെ പ്രവർത്തനം വിശദീകരിക്കുമ്പോൾ വി. ഗ്രന്ഥകാരൻ ദൈവത്തെയും ചരിത്രത്തെയും സംബന്ധിച്ച ഒരു പുതിയ കാഴ്ചപ്പാട് അവതരിപ്പിക്കുന്നു.

1-9 വാക്യങ്ങൾ തന്റെ മകനു ചേർന്ന ഒരു വധുവിനെ തിരഞ്ഞെടുക്കാൻ വേണ്ടി അബ്രാഹം നൽകുന്നു നിർദ്ദേശങ്ങളാണ് രേഖപ്പെടുത്തുന്നു. എല്ലാ കാര്യങ്ങളുടേയും മേൽനോട്ടക്കാരനായി വേലക്കാരൻ 15, 2ൽ സൂചിപ്പിച്ച എലെയാസർ തന്നെയാണെന്നു കരുതപ്പെടുന്നു. “തുടയുടെ കീഴിൽ കൈവയ്ക്കുക” എന്നത് ജനനേന്ദ്രിയത്തെ തൊടുക എന്നതിന്റെ സൂചനയാണ്. ശരീരത്തിലെ ഏറ്റെ വിശുദ്ധമായ അവയവമായി ജനനേന്ദ്രിയം കരുതപ്പെട്ടിരുന്നു. ചെയ്യുന്ന സത്യപ്രതിജ്ഞ ജീവൽപ്രധാനമാണെന്നു സൂചിപ്പിക്കാൻ വേണ്ടി അതിപുരാതനകാലത്തേ നിലവിലിരുന്ന

ഒരാചാരമായിരുന്നു ഇത് (ഉൽര 47, 29).

കാനാൻകാരികളിൽനിന്ന് തന്റെ പുത്രനു ഭാര്യയെ തിരുഞ്ഞെടുക്കരുത് എന്ന കല്പന വിഗ്രാഹാരാധനയിലേയ്ക്ക് വഴുതി വീഴാതിരിക്കാനുള്ള നിബന്ധനയാണ്. തന്റെ ബന്ധുക്കൾ സത്യദൈവവിശ്വാസത്തോട് കൂടുതൽ തുറവിയുള്ളവരായിരിക്കും എന്ന അബ്രാഹത്തിന്റ ബോധ്യമാണ് എലെയാസറിനെ ഹാരാനിലേക്കു പറഞ്ഞയക്കാൻ കാരണം. യാതൊരു കാരണവശാലും ഇസഹാക്കിനെ ഹാരാനിലേക്കു കൊണ്ടുപോകരുത് എന്ന കല്പന വാഗ്ദത്തഭൂമിയുപേക്ഷിച്ച് തിരിച്ചുപോകാൻ പാടില്ലെന്നു സൂചിപ്പിക്കുന്നു. കർത്താവ് തന്റെ ദൂതനെ അയച്ച് യാത്ര സഫലമാക്കും എന്ന അബ്രാഹത്തിന്റെ വിശ്വാസം ഇവിടെ ഊന്നിപ്പറയുന്നു. അബ്രാഹം തന്റെ മരണക്കിടക്കയിൽ വച്ചാണ് ഈ കല്പനകൾ നൽകുന്നതെന്നു തോന്നാവുന്ന വിധത്തിലാണ് വിവരണം. കാര്യസ്ഥന്റെ മടങ്ങവരവും പുത്രന്റെ വിവാഹവും കാണാൻ താൻ ജീവിച്ചിരിക്കില്ല എന്ന ബോധ്യം അദ്ദേഹത്തിന്റെ വാക്കുകളിൽ പ്രതിധ്വനിക്കുന്നുണ്ട്. 9-ാം വാക്യത്തിനു ശേഷം അബ്രാഹത്തിന്റെ മരണം വിവരിച്ചിരുന്നുവെന്നു പിന്നീടു കൂട്ടിച്ചേർത്ത പുരോഹിതരചനയുടെ ഭാഗമായ 25, 7-11നു വേണ്ടി അതു വിട്ടുകളഞ്ഞതാണെന്നും വ്യാഖ്യാതാക്കൾ കരുതുന്നു.

അബ്രാഹം തന്റെ സ്വത്തുമുഴുവൻ ഇസഹാക്കിനു കൊടുത്തിരിക്കുന്നു എന്ന് എലെയാസർ പ്രസ്താവിക്കുന്നതും (24, 36), ഇസഹാക്കിനെ തന്റെ യജമാനനായി പരിചയപ്പെടുത്തുന്നതു (24, 65). ഈ വിവരണത്തിൽ പിന്നീട് ഒരിക്കലും അബ്രാഹം പ്രത്യക്ഷപ്പെടാത്തതും അബ്രാഹത്തിന്റെ മരണശേഷമാണ് ഇസഹാക്കിന്റെ വിവാഹം നടന്നത് എന്നതിനുള്ള സൂചനകളാണ്. എന്നാൽ പുരോഹിതരചയിതാവ് നൽകുന്ന കാലത്തെ സംബന്ധിച്ചുള്ള സൂചനകൾ വ്യത്യസ്തമായൊരു കാഴ്ചപ്പാട് അവതരിപ്പിക്കുന്നു. രണ്ടു രചനകൾ കൂട്ടിച്ചേർത്തതിനാലുണ്ടായ പൊരുത്തക്കേടാണിത്.

10-14 വാക്യങ്ങൾ ആയിരത്തിൽ പരം കിലോമീറ്റർ അകലെയുള്ള നഗരത്തിലേക്ക് എലെയാസർ ചെയ്ത യാത്രയെക്കുറിച്ച് വളരെ ചുരുക്കമായി പ്രതിപാദിച്ചഷശേഷം ദീർഘമായൊരു പ്രാർത്ഥന അവതരിപ്പിക്കുന്നു. തികച്ചും സ്വാഭാവികമായൊരു അടയാളമാണ് എലെയാസർ ആവശ്യപ്പെടുന്നത്. അത്ഭുതത്തെക്കാൾ സാധാരണ സംഭവങ്ങളിൽ ദൈവത്തിന്റെ അദൃശ്യകരം കാണുന്നതാണ് ഈ പ്രാർത്ഥനയും അതിനു പിന്നിലുള്ള മനോഭാവവും.

15-27 വാക്യങ്ങൾ ഇസഹാക്കിനുവേണ്ടി ദൈവം നിശ്ചയിച്ച വധുവുമായുള്ള കണ്ടുമുട്ടൽ രേഖപ്പെടുത്തുന്നു. കാര്യസ്ഥൻ ആഗ്രഹിച്ച അടയാളങ്ങൾ പ്രതീക്ഷിച്ചതിനേക്കാൾ കൂടുതലായി അയാൾക്കു ലഭിച്ചു. റബേക്കായുടെ ദീനാനുകമ്പയും സേവനസന്നദ്ധതയും പ്രകടമാക്കുന്നതാണ് അവളുടെ വാക്കും പ്രവൃത്തിയും. ദൈവമാണു തന്നെ അബ്രാഹത്തിന്റെ ചാർച്ചക്കാരിയുടെ അടുത്തേക്കു നയിച്ചതെന്നു മനസ്സിലാക്കിയ എലെയാസർ കർത്താവിനു നന്ദി പറഞ്ഞു. യാചനയുടെയും കൃതജ്ഞതയുടെയും പ്രാർത്ഥനകൾ മനോഹരമായി ഇവിടെ അവതരിപ്പിച്ചിരിക്കുന്നു.

28-49 വാക്യങ്ങൾ പെൺകുട്ടിയുടെ കുടുംബാംഗങ്ങളുമായുള്ള കണ്ടുമുട്ടലാണ് വിവരിക്കുന്നത്. സഹോദരിയുടെ കൈവശം വിലപിടിപ്പുള്ള സമ്മാനങ്ങൾ കണ്ട്, ധനികനായി അതിഥിയെ സ്വീകരിക്കാൻ കിണറ്റുകരയിലേക്ക് ഓടുന്ന ലാബാൻ തന്റെ ധനമോഹവും സ്വാർത്ഥതാല്പര്യങ്ങളും പ്രകടമാക്കുന്നു. യാക്കോബുമായുള്ള ബന്ധത്തിൽ അയാളുടെ സ്വഭാവ സവിശേഷതകൾ കുടുതൽ വ്യക്തമാകും. സൽക്കാരം സ്വീകരിക്കുന്നതിനു മുമ്പേ, വന്ന കാര്യത്തിന്റെ തീരുമാനം അറിയാൻ ആഗ്രഹിക്കുന്ന എലെയാസർ ഉത്തരവാദിത്വത്തിന്റെ മാതൃകയാണ്.

50-61 വാക്യങ്ങൾ ബന്ധുക്കളുടെ ആശീർവാദത്തോടെ ഇസഹാക്കിനെ വരിക്കാനായി റബേക്കാ പുറപ്പെടുന്നത് വിവരിക്കുന്നു. എലെയാസർ എവിടെ നിന്നാണ് യാത്ര പുറപ്പെട്ടതെന്ന് വി. ഗ്രന്ഥകാരൻ പറയുന്നില്ല. ഹെബ്രോണിൽ നിന്നായിരിക്കും എന്നു സാഹചര്യത്തിൽ നിന്നനുമാനിക്കാൻ കഴിയും. എന്നാൽ തിരിച്ചുവരുന്നത് ബേർല്ഹായ്റോയിലേക്കാണ്. ഇസഹാക്ക് അവിടെ താമസിക്കുകയായിരുന്നു എന്ന പ്രസ്താവന അബ്രാഹം ഇതിനു മുമ്പേ മരിച്ചുപോയി എന്നു സൂചിപ്പിക്കുന്നു. വിവാഹത്തിനു മുമ്പ് വരൻ വധുവിന്റെ മുഖം കാണരുതെന്ന പുരാതനമായ ആചാരപ്രകാരമാണ് റബേക്കാ മുഖം മൂടുന്നത്. “അമ്മയുടെ വേർപാടിൽ ദുഃഖിച്ചിരുന്ന” എന്ന വിശേഷണം ആരംഭത്തിൽ “പിതാവിന്റെ വേർപാടിൽ” എന്നായിരുന്നെന്നും യാഹ്വിസ്റ്റ് രചനയെ പുരോഹിത രചനയോടു കൂട്ടിയോജിപ്പിച്ചവരാണ് ഈ മാറ്റം വരുത്തിയതെന്നു കരുതപ്പെടുന്നു. സാറാ മരിച്ച് വർഷങ്ങൾക്കുശേഷമാണ് ഇസഹാക്കിന്റെ വിവാഹം നടന്നത്. സാറായുടെ കൂടാരത്തിലേക്ക് ഇസഹാക്ക് റബേക്കായെ കൂട്ടിക്കൊണ്ടുപോകുന്നതിലൂടെ തലമുറകളുടെ പിന്തുടർച്ചയെ ഉറപ്പു വരുത്തുന്നു. വിവാഹത്തെക്കുറിച്ച് ഉൽപ 2, 22-23ൽ പറഞ്ഞ കാര്യങ്ങളെ അനുസ്മരിപ്പിക്കുന്നതാണ് സ്നേഹത്തേയും വിരഹദുഃഖത്തിൽനിന്നുള്ള ആശ്വാസത്തേയും കുറിച്ചുള്ള പരാമർശം.

**വിചിന്തനം:** അസാധാരണമായ അത്ഭുതങ്ങൾക്കു വേണ്ടി കാത്തിരിക്കാതെ, അനുദിനജീവിതത്തിൽ ദൈവത്തിന്റെ അദൃശ്യമായ പരിപാലനയുടെ കരം ദർശിക്കാൻ പരിശീലിക്കണം. ഹൃദയത്തിന്റെ ഉള്ളിൽ നിമന്ത്രിക്കുന്ന ദൈവാത്മാവിന്റെ സ്വരത്തിനു കാതോർക്കണം.

**3. വിശ്വാസിയുടെ ജീവിതത്തികവ് 25, 1-8 :** അബ്രാഹത്തക്കുറിച്ചുള്ള വിവരണത്തിന്റെ ഉപസംഹാരമായി രണ്ടു വംശാവലി പട്ടികകളും അവയ്ക്കു മധ്യേ അബ്രാഹത്തിന്റെ മരണവും വിവരിക്കുന്നു. കെത്തൂറായിൽ അബ്രാഹത്തിനു ജനിച്ച സന്തതികളെ കുറിച്ചുള്ള വിവരണം (25, 1-6) യാഹ്വിസ്റ്റിന്റേതാണ്, എന്നാണ് ഈ വിവാഹം നടന്നതെന്ന് വി. ഗ്രന്ഥകാരൻ പറയുന്നില്ല. സ്വതന്ത്രമായി നില നിന്ന ഒരു പട്ടികയാണിതെന്നു കരുതപ്പെടുന്നു. ഇസഹാക്കിന്റെ ജനനത്തെക്കുറിച്ചു സുദീർഘമായി പ്രതിപാദിക്കുമ്പോൾ മറ്റു മക്കളെ വെറും ഒരു പേരുവിവരപ്പട്ടികയിൽ മാത്രം ഒതുക്കുന്നതിലൂടെ രക്ഷാചരിത്രത്തിൽ അവർക്കുള്ള സ്ഥാനത്തിന്റെ വ്യത്യാസം വ്യക്തമാക്കുന്നു. ഇവിടെ എടുത്തുപറയുന്ന പേരുകൾ അധികപങ്കും ജനതകളെ സൂചിപ്പിക്കുന്നതാണ്. അബ്രാഹം അനേകം ജനതകളുടെ പിതാവാകും എന്ന വാഗ്ദാനത്തിന്റെ പൂർത്തീകരണം രേഖപ്പെടുത്തുന്നതോടൊപ്പം ഇസ്രയേൽ ജനത്തിന് ഇതര ജനതകളുമായുള്ള രക്തബന്ധവും ഇതു സൂചിപ്പിക്കുന്നു. ഉപനാരികളിൽ നിന്നു ജനിച്ച മക്കളെ സമ്മാനങ്ങളുമായി വിദൂരത്തേക്കു പറഞ്ഞയക്കുന്നതിലൂടെ ഇസഹാക്കിനെ മാത്രം വാഗാദനങ്ങളുടെ അവകാശിയായി ചിത്രീകരിക്കുന്നു.

7-11 വാക്യങ്ങളിൽ അബ്രാഹത്തിന്റെ മരണവും സംസ്കാരവും രേഖപ്പെടുത്തിയിരിക്കുന്നു. ഇതും തുടർന്നുള്ള ഇസ്മയേലിന്റെ വംശാവലിയും പുരോഹിതരചനയുടെ ഭാഗമാണ്. മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള വിശ്വാസം നിലവിലില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ വാർദ്ധക്യത്തിൽ മരിക്കുന്നത് ജീവിതത്തികവായി പരിഗണിക്കപ്പെടുന്നു. വാഗ്ദത്തഭൂമിയിൽ നൂറു വർഷം ജീവിച്ചതിനു ശേഷമാണ് അബ്രാഹം മരിച്ചതെന്ന സൂചനയാണ് പ്രായത്തെക്കുറിച്ചുള്ള പരാമർശത്തിൽ നിന്നു ലഭിക്കുക. ദൈവവുമൊന്നിച്ച് നടത്തിയ നൂറു വർഷത്തെ തീർത്ഥാടനം അബ്രാഹത്തെ സംബന്ധിച്ചിടത്തോളം കൃപയുടെയും അനുഗ്രഹങ്ങളുടെയും കാലമായിരുന്നു. പരീക്ഷണങ്ങളിലെല്ലാം വിജയിച്ച്, ദൈവത്തോടുള്ള വിശ്വസ്തതയിൽ ഉറച്ചു നിന്ന അദ്ദേഹത്തിന്റെ ജീവിതം കുറ്റമറ്റതും പൂർണ്ണവുമായിരുന്നു. വാഗ്ദാനങ്ങളുടെ പൂർത്തീകരണം ഭാഗികമായെങ്കിലും കണ്ടതിനു ശേഷമാണ് അബ്രാഹം മരിച്ചത്. ഹാഗാറിനേയും മകനേയും

ബഹിഷ്കരിച്ചതായി പുരോഹിത ഗ്രന്ഥകാരൻ പറയാത്തതിനാലാവാം അബ്രാഹത്തിന്റെ ശവസംസ്കാരത്തിൽ ഇസ്മായേലും പങ്കെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാലും അന്തിമമായി പ്രസാധനം ചെയ്യപ്പെട്ട രൂപത്തിൽ, പണ്ടേ പുറം തള്ളപ്പെട്ട ഇസ്മായേലും അവകാശിയായി ഇസഹാക്കും ഒരുമിച്ചു പിതാവിന്റെ മൃതദേഹം സംസ്കരിക്കുന്നത് രണ്ടു ജനതകൾ തമ്മിൽ നിലനിൽക്കേണ്ട ഐക്യത്തെ സൂചിപ്പിക്കുന്നു. ഇസഹാക്കിനു ലഭിച്ച ദൈവാനുഗ്രഹം അദ്ദേഹമാണ് വാഗ്ദാനങ്ങളുടെ അവകാശി എന്ന് ഒരിക്കൽ കൂടി ആവർത്തിച്ചുറപ്പിക്കുന്നു.

12-18 വാക്യങ്ങൾ ഇസ്മായേലിനെ 12 ഗോത്രങ്ങളുടെ പിതാവായി അവതരിപ്പിക്കുന്നു. ഇസ്രായേല്യരെ പോലെ ഇസ്മായേല്യരും 12 ഗോത്രങ്ങളായി വിഭജിക്കപ്പെട്ടിരുന്നു എന്ന സൂചനയാണിവിടെ ലഭിക്കുന്നത്. അറേബ്യൻ മരുഭൂമിയുടെ വടക്കു പടിഞ്ഞാറു വസിച്ചിരുന്ന ബെദുവിൻ ഗോത്രങ്ങളാണിവർ. ഇസ്മായേലിനെ കുറിച്ച് ഹാഗാറിന് ദൈവം നൽകിയ വാഗ്ദാനത്തിന്റെ പൂർത്തീകരണം (16, 10-12; 21, 18-21) ഇവിടെ കാണാം. ചാർച്ചക്കാരിൽ നിന്നകന്നു വസിക്കുന്നത് മരുഭൂമിയിലെ ബെദുവിൻ ജനതയുടെ പ്രത്യേക ജീവിതശൈലി സൂചിപ്പിക്കുന്നു.

## ചോദ്യങ്ങൾ

1. മക്പേലായിലെ ഗുഹയുടെ പ്രാധാന്യമെന്ത്?
2. അബ്രാഹം വാങ്ങിയ ശവപ്പറമ്പും ദൈവം നൽകിയ വാഗ്ദാനങ്ങളും തമ്മിലുള്ള ബന്ധമെന്ത്?
3. ഇസഹാക്കിന് ഭാര്യയെ കണ്ടെത്തുന്നതിൽ എപ്രകാരമാണ് ദൈവത്തിന്റെ പ്രവർത്തനം ദൃശ്യമായത്? ഇതിനു മറ്റു വിവരണങ്ങളിൽ നിന്നുള്ള വ്യത്യാസമെന്ത്?
4. അബ്രാഹം തന്റെ കാര്യസ്ഥനു നൽകിയ കല്പനകൾ ഏവ? എന്തായിരുന്നു അവയുടെ ഉദ്ദേശ്യം?
5. ഈ വിവരണത്തിൽ പ്രകടമാകുന്നു റബേക്കായുടെയും ലാബാന്റെയും സ്വഭാവവിശേഷതകൾ എന്തെല്ലാം?
6. ഇസഹാക്കിനെ തന്റെ അവകാശിയാക്കാൻ അബ്രാഹം എന്തു ചെയ്തു?

**ചർച്ചക്ക്:** എലയാസറിനെ നയിച്ച ദൈവികപരിപാലനയിൽ നിന്ന് എന്തു പ്രായോഗിക സന്ദേശമാണ് നിങ്ങൾക്കു ലഭിക്കുന്നത്?

**പ്രാർത്ഥന:** "ദൈവമേ, അങ്ങയുടെ കാരുണ്യം എത്ര അമൂല്യം! മനുഷ്യമക്കൾ അങ്ങയുടെ ചിറകുകളുടെ തണലിൽ അഭയം തേടുന്നു... അങ്ങിലാണ് ജീവന്റെ ഉറവ. അങ്ങയുടെ പ്രകാശത്തിലാണ് ഞങ്ങളുടെ പ്രകാശം" (സങ്കീ 36, 7-9).

# II. യാക്കോബ്

## ഉൽപത്തി 25, 19–36, 43

പൂർവ്വപിതാക്കന്മാരുടെ ചരിത്രത്തിന്റെ രണ്ടാം ഭാഗം മുഖ്യമായും യാക്കോബിനെ കുറിച്ചാണ് പ്രതിപാദിക്കുന്നത്. അബ്രാഹത്തിന്റെ മകനും യാക്കോബിന്റെ പിതാവുമായ ഇസഹാത്തിനെ കുറിച്ച് വളരെ കുറച്ച് കാര്യങ്ങളേ ബൈബിളിൽ പറയുന്നുള്ള. അതു തന്നെ അബ്രാഹത്തിനോടും യാക്കോബിനോടും ബന്ധപ്പെടുത്തി മാത്രമാണ്. 25,19 മുതൽ 36, 43 വരെയുള്ള അധ്യായങ്ങൾ ഒരു യൂണിറ്റായിട്ടാണ് ബൈബിളിൽ അവതരിപ്പിക്കുന്നത്. ഈ അധ്യായങ്ങളിലെ മുഖ്യ കഥാപാത്രം യാക്കോബായതിനാൽ ഈ ഭാഗത്തിന് "യാക്കോബ്" എന്ന പേരു കൊടുത്തിരുന്നു.

പൂർവ്വപിതാവായ യാക്കോബിനെ കുറിച്ചാണ് ഈ അധ്യാങ്ങളിൽ അധിക പങ്കം പ്രതിപാദിക്കുന്നതെങ്കിലും "അബ്രാഹത്തിന്റെ പുത്രനായ ഇസഹാക്കിന്റെ കുടുംബചരിത്രം" (25, 19) എന്ന മുഖവുരയുമാണ് തുടങ്ങുന്നത്യ 35, 27–29–ൽ ഇസഹാക്കിന്റെ മരണം രേഖപ്പെടുത്തിയിരിക്കുന്നു. 36–ാം അധ്യായംേ ഏസാവിന്റെ വംശാവലി അവതരിപ്പിക്കുന്നു. 37, 2ൽ "യാക്കോബിന്റെ കുടുംബചരിത്രം" എന്ന മുഖവുരയോടുകൂടു തുടങ്ങുന്ന വിവരണം അദ്ദേഹത്തിന്റെ മരണവും സംസ്കാരവും ചിത്രീകരിച്ചുകൊണ്ടാണ് (50, 1–14) അവസാനിക്കുന്നത്. മുഖ്യമായും ജോസഫിനെ കുറിച്ചു പ്രതിപാദിക്കുന്ന മൂന്നാം ഭാഗം (37–50) യാക്കോബിന്റെ കുടുംബചരിത്രമാണ്. ജോസഫ് മാത്രമല്ല, യാക്കോബിന്റെ മക്കൾ എല്ലാവരും അവിടെ പ്രതിപാദ്യവിഷയമാകുന്നു. ദൈവം പ്രത്യേകമായി തിരഞ്ഞെടുത്ത അബ്രാഹത്തിന്റെ സന്തതികുളുടെ കുടുംബചരിത്രമായിട്ടാണ് അദ്ദേഹത്തിന്റെ മരണശേഷമുള്ള ചരിത്രം അവതരിപ്പിക്കുന്നത്. അബ്രാഹത്തിനു ലഭിച്ച വാഗ്ദാനങ്ങൾ മക്കളിലൂടെ കൈമാറപ്പെടുകയും ആ മക്കളിൽ ഒരാൾ പ്രത്യേക ശ്രദ്ധാകേന്ദ്രമാവുകയും ചെയ്യുന്നു. ഒരാളിൽ ശ്രദ്ധകേന്ദ്രീകരിക്കുമ്പോഴും മറ്റുമക്കളും അവരിൽനിന്നു രൂപം കൊള്ളുന്ന ജനതകളും രക്ഷാചരിത്രത്തിൽ നിന്നു പുറന്തള്ളപ്പെടുന്നില്ല. ഒരാളിലൂടെ സാക്ഷാത്ക്കരിക്കപ്പെടുന്നു രക്ഷയിൽ എല്ലാവരും പങ്കുചേരുന്നു എന്ന സൂചനയാണ് ഈ അവതരണത്തിൽ നിന്നു ലഭിക്കുന്നത്.

ഒറ്റപ്പെട്ട അനേകം സംഭവങ്ങളുടെ സമാഹാരമായിട്ടാണ് യാക്കോബിന്റെ കഥ പ്രത്യക്ഷപ്പെടുന്നത്. J.E.P. എന്നീ മൂന്നു പാരമ്പര്യങ്ങളിൽ പെട്ട വിവരണങ്ങളും ഇവിടെ ഒരുമിച്ചു ചേർത്തിട്ടുണ്ട്. ഈ വിവരണങ്ങ

ളിലെ പ്രധാനപ്പെട്ട മുഹൂർത്തങ്ങളാണ് യാക്കോബും ദൈവവുമായുള്ള മൂന്നു കണ്ടുമുട്ടലുകൾ (28, 10–20; 2, 22–32; 35, 9–15) ആഴമേറിയ ഈ ദൈവാനുഭവങ്ങളെ കേന്ദ്രമാക്കിയാണ് യാക്കോബിന്റെ ജീവചരിത്രം അവതരിപ്പിച്ചിരിക്കുന്നത്.

കാനാനിൽനിന്നു ഹാരാനിലേക്കും, തിരിച്ചു കാനാനിലേക്കുമുള്ള യാത്രയായിട്ടാണ് ഈ അധ്യായങ്ങളിൽ യാക്കോബിന്റെ ജീവിതം വിവരിക്കുന്നത്. കാനാനിൽനിന്ന ഈജിപ്തിലേക്കുള്ള യാത്രയും ഈജിപ്തിൽ വെച്ചുള്ള മരണവും ജോസഫിനെ കേന്ദ്രമാക്കി തുടർന്നുള്ള അധ്യായങ്ങളിൽ വിവരിക്കുന്നു. സംഭവബഹുലവും സംഘർഷഭരിതവുമായ ഒരു ജീവിതമായിരുന്നു യാക്കോബിന്റേത്. മാതാവിന്റെ ഉദരത്തിൽ വച്ചുതന്നെ സഹോദരന്മാർ തമ്മിൽ തുടങ്ങിയ സംഘർഷം മൂർച്ഛിച്ച് വാഗ്ദത്തഭൂമി വിട്ടു പോകേണ്ടിവന്ന യാക്കോബിന് ഹാരാനിലും സ്വസ്ഥത ലഭിക്കുന്നില്ല. സഹോദരനെ ഭയന്ന് ഹാരാനിലേക്ക് ഒളിച്ചോടിയവൻ അമ്മായിഅപ്പനെ കബളിപ്പിച്ച് തിരിച്ച് കാനാനിലേക്ക് പലായനം ചെയ്യുന്നു. അവസാനം സഹോദരന്റേയും അമ്മായിയപ്പന്റേയും നടുവിൽ എങ്ങോട്ടു പോകണം എന്നറിയാതെ പകച്ചു നിൽക്കുന്ന യാക്കോബ് കുശാഗ്രബുദ്ധിയും സൂത്രശാലിയുമാണെങ്കിലും ഭീരുവാണ്. ഒളിച്ചോടാൻ ഇടമില്ലാതെ യാഥാർത്ഥ്യവുമായി ഏറ്റുമുട്ടാൻ നിർബന്ധിതനാകുമ്പോഴാണ് അയാൾ ശക്തിയാർജ്ജിക്കുന്നത്. യാക്കോബ് നദീതീരത്തു വച്ച ഒരു രാത്രി മുഴുവൻ നടത്തിയ മല്പിടുത്തം യാക്കോബിന്റെ ജീവിതത്തിലെ നിർണ്ണായകമായൊരു വഴിത്തിരിവായിരുന്നു.

മാനുഷികമായ അനേകം വൈകല്യങ്ങളും ബലഹീനതകളും ഈ വിവരണത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. നുണയുടെയും വഞ്ചനയുടെയും മത്സരത്തിന്റെയും ക്രൂരതയുടെയും പല സംഭവങ്ങൾ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു. സഹോദരനെ കബളിപ്പിച്ച് ജ്യേഷ്ഠസ്ഥാനം അപഹരിക്കുകയും പിതാവിനോടു നുണ പറഞ്ഞ് അനുഗ്രഹം വാങ്ങുകയും ചെയ്യുന്ന യാക്കോബും, വൃദ്ധനും അന്ധനുമായ പിതാവിനെ കബളിപ്പിക്കാൻ വഴിയൊരുക്കുന്ന റബേക്കായും, മരുമകനെ വഞ്ചിക്കുന്ന ലാബാനും, പിതാവിന്റെ കുലവിഗ്രഹങ്ങൾ മോഷ്ടിക്കുന്ന റാഹേലും, ഭർത്താവിന്റെ പ്രീതി നേടാൻ കിണഞ്ഞു പരിശ്രമിക്കുന്ന ലെയായും, ഷെക്കെം നിവാസികളെ വഞ്ചിച്ചു വധിക്കുകയും നഗരം കൊള്ളയടിക്കുകയും ചെയ്യുന്ന ശിമയോനും ലേവിയും എല്ലാം പച്ചയായ മനുഷ്യരാണ്. അവരാരും വിശുദ്ധരോ വീരപുരുഷന്മാരോ അല്ല പാപികളും ബലഹീനരും ഭീരുക്കളുമായ വെറും സാധാരണ മനുഷ്യരിലൂടെയാണ് ദൈവം പ്രവർത്തിക്കുന്നതെന്ന്

ഈ വിവരണങ്ങൾ വ്യക്തമാക്കുന്നു.

യാക്കോബിന്റെ ജീവിതം അവതരിപ്പിക്കുന്ന ഈ അധ്യായങ്ങളെ മൂന്നായി തിരിക്കാം.

1. സഹോദരന്മാർ തമ്മിൽ സംഘർഷം 25, 19-28, 9;
2. പ്രവാസം 28, 10-31, 55
3. വീണ്ടും വാഗ്ദത്ത ഭൂമിയിൽ 32, 22-36, 41

## 1. സഹോദരന്മാർ തമ്മിൽ സംഘർഷം 25,19-28,9

യാക്കോബിന്റെ ജനനം മുതൽ വാഗ്ദത്തഭൂമിയിൽ നിന്ന് ഹാരാനിലേക്ക് പലായനം ചെയ്യുന്നതുവരെയുള്ള സംഭവങ്ങളാണ് ഈ അധ്യായത്തിൽ വിവരിക്കുന്നത്. സഹോദരന്മാർ തമ്മിലുള്ള സംഘർഷം മൂർഛിച്ചപ്പോൾ വഞ്ചിതനായ ഏസാവിന്റെ കോപത്തെ ഭയന്ന് അമ്മാവനായ ലാബാന്റെ അടുക്കലേക്കു പലായനം ചെയ്യാൻ യാക്കോബ് നിർബന്ധിതനാകുന്നു. ഈ ഒളിച്ചോട്ടത്തിനിടയിൽ കർത്താവു പ്രത്യക്ഷപ്പെട്ട് തന്റെ സംരക്ഷണം വാഗ്ദാനം ചെയ്യുന്ന രംഗമാണ് ഈ വിവരണത്തിന്റെ ഉച്ചകോടി. സഹോദരന്മാർ തമ്മിലുള്ള സംഘർഷം വിവരിക്കുന്നതിനിടയിൽ പിതാവായ ഇസഹാക്കിന്റെ ചെയ്തികളെ ഹ്രസ്വമായി വിവരിച്ചിരിക്കുന്നു. ഈ ഭാഗത്തെ അഞ്ചായി തിരിക്കാം. 1. സഹോദരന്മാരുടെ ജനനം 2. കടിഞ്ഞൂലവകാശം 3. ഇസഹാക്കിന്റെ ചെയ്തികൾ. 4 പിതാവിന്റെ അനുഗ്രഹം 5. ഹാരാനിലേക്കു യാത്ര.

**1. സഹോദരന്മാരുടെ ജനനം 25, 19-26** (j-P) ഇസഹാക്കിന്റെ മക്കളായ ഏസാവിന്റെയും യാക്കോബിന്റെയും ജനനം വിവരിക്കുന്ന ഈ വാക്യങ്ങൾ ആ രണ്ടു സഹോദരങ്ങളുടേയും അവർ പ്രതിനിധാനം ചെയ്യുന്ന രണ്ടു ജനതകളുടെയും ജീവിതത്തേയും അവർ തമ്മിലുള്ള ബന്ധത്തേയും കുറിച്ച് ഒരു ഏകദേശരൂപം നൽകുന്നു. ആമുഖമായ 19-20 വാക്യങ്ങളും ഇസഹാക്കിന്റെ പ്രായത്തെ കുറിച്ചു പ്രതിപാദിക്കുന്ന 26-ാം വാക്യത്തിന്റെ രണ്ടാം പകുതിയും (26 b) പുരോഹിത രചയിതാവിന്റേതാണ്, ഇവയ്ക്കു മധ്യേയുള്ള വിവരണം യാഹ്വിസ്റ്റ് രചയിതാവിന്റേതും.

"അബ്രാഹത്തിന്റെ പുത്രനായ ഇസഹാക്കിന്റെ കുടുംബചരിത്രം" എന്ന ആമുഖം യാക്കോബിനെ കുറിച്ചുള്ള വിവരണങ്ങൾ മുഴുവൻ ഇസഹാക്കിന്റെ കുടുംബചരിത്രമായി അവതരിപ്പിക്കുന്നു. 35, 27-29ൽ പുരോഹിത ഗ്രന്ഥകാരൻ തന്നെ ഇസഹാക്കിന്റെ മരണം വിവരിക്കുന്നതിൽ നിന്ന് ഇതു കൂടുതൽ വ്യക്തമാകും. ഇസഹാക്കിന്റെ വിവാഹത്തെ കുറിച്ച് 24-ാം

അധ്യായത്തിൽ നൽകിയ സുദീർഘമായ വിവരണത്തിന്റെ രത്നച്ചുരുക്ക മാണ് ഇവിടെ അവതരിപ്പിക്കുന്നത്. റബേക്കായുടെ ജന്മസ്ഥലമായ ഹാരാനെ "ആരാമിന്റെ സമതലം" എന്നർത്ഥമുള്ള "പാദാൻ ആരാം" എന്ന പുരോഹിത ഗ്രന്ഥകാരൻ മാത്രമേ വിശേഷിപ്പിക്കുന്നുള്ളൂ. 28-ാം അധ്യാ യത്തിൽ വിവരിക്കുന്ന ഒളിച്ചോട്ടത്തിന് ഈ പരാമർശം വഴിയൊരുക്കു ന്നു. റബേക്കായി വന്ധ്യത്വവും അവൾക്കുവേണ്ടിയുള്ള ഇസഹാക്കിന്റെ പ്രാർത്ഥനയും സാറായുടെ വന്ധ്യത്വത്തെയും മകനുവേണ്ടിയുള്ള കാത്തി രിപ്പിനേയും കുറിച്ച് സുദീർഘമായി പ്രതിപാദിച്ചതിനെ അനുസ്മരിപ്പിക്കു ന്നു. ദൈവത്തിന്റെ പ്രത്യേക അനുഗ്രഹത്താലാണ് കുഞ്ഞു ജനിച്ചത് എന്ന് ഈ പരാമർശം സൂചിപ്പിക്കുന്നു.

കുഞ്ഞുങ്ങൾ മാതാവിന്റെ ഉദരത്തിൽ കിടന്നു മല്ലടിക്കുന്നത് അവർ തമ്മിലും അവരുടെ സന്തതികൾ തമ്മിലും ഉണ്ടാകാൻ പോകുന്ന സംഘർഷത്തിന്റേയും യുദ്ധങ്ങളുടേയും നാന്ദിയാണ്. കർത്താവിന്റെ തിരു മനസ്സറിയാൻ റബേക്കാ പ്രാർത്ഥിച്ചു എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രു വാക്യത്തിന്റെ വാച്യാർത്ഥം "കർത്താവിന്റെ ഹിതം അറിയാൻ അവൾ ചെന്നു ചോദിച്ചു" എന്നാണ്. എവിടെ ചെന്നാണ് ചോദിച്ചത് എന്നോ ആരു വഴിയാണ് ഉത്തരം ലഭിച്ചതെന്നോ വി. ഗ്രന്ഥകാരൻ പറയുന്നില്ല. അരുളപ്പാടുകൾ നൽകുന്ന ഏതെങ്കിലും ഒരു ആരാധനാ കേന്ദ്രത്തിൽ വച്ചായിരിക്കണം കർത്താവിന്റെ സന്ദേശം ലഭിച്ചത് എന്ന് അനുമാനിക്കാം.

23-ാം വാക്യത്തിലെ അരുളപ്പാട് തുടർന്നുള്ള വിവരണങ്ങളുടെ യെല്ലാം ഒരു രത്നച്ചുരുക്കമാണ്. വന്ധ്യക്ക് ഇരട്ട പിറക്കാൻ പോകുന്നു എന്നത് സന്തോഷകരമായ വാർത്തയത്രേ. എന്നാൽ അവർ തമ്മിലുള്ള ബന്ധം വലിയ ആശങ്ക ഉണർത്തുന്നു. "മൂത്തവൻ ഇളയവനു ദാസ്യ വൃത്തി ചെയ്യും." എന്ന നാട്ടുനടപ്പിനും പ്രതീക്ഷകൾക്കും വിരുദ്ധമായ പ്രവചനം ദൈവത്തിന്റെ പ്രവർത്തനശൈലിയിലേക്കു ശ്രദ്ധ തിരിക്കുന്നു. ദാവീദിന്റെ കാലത്ത് ഇസ്രായേൽക്കാർ അയൽക്കാരായ അദോമ്യരെ പൂർണ്ണമായി പരാജയപ്പെടുത്തി അടിമകളാക്കിയതിന്റെ ധ്വനി ഈ പ്രവച നത്തിലുണ്ട്.

ആദ്യം പുറത്തുവന്ന ശിശുവിന്റെ രണ്ടു വിശേഷണങ്ങൾ അയാ ളിൽ നിന്നുത്ഭവിക്കുന്ന ജനതയെ സൂചിപ്പിക്കുന്നു. "ചുവന്ന" എന്ന വിശേ ഷണത്തിന്റെ ഹീബ്രുമൂലം "ആദോം" എന്നാണ്. ഇതിന് "ഏദോം" എന്നു പേരുമായുള്ള സാമ്യം സ്പഷ്ടമത്രേ. ആദ്യപുത്രൻ ഏദോം എന്ന പേരു ലഭിച്ച മറ്റൊരു സാഹചര്യം 25, 30ൽ വിവരിക്കുന്നതിനാൽ ഇവിടെ

ആ പേര് ഉപയോഗിക്കുന്നില്ല. "രോമാവൃതൻ" എന്ന വിശേഷണത്തിന്റെ ഹീബ്രുമൂലം "സെയാർ" എന്നാണ്. ഏദോമ്യരുടെ വാസസ്ഥലം "സെയീർ" ആയിരുന്നു (ഉൽപ 32, 3; 36, 8; നിയ 2, 8). ഈ രണ്ടു പദങ്ങൾ തമ്മിൽ അടുത്ത സാമ്യമുണ്ട്. സെയീറിൽ പാർക്കുന്ന ഏദോമ്യരുടെ പിതാവാണ് ഇസഹാക്കിന്റെ ആദ്യജാതനായ ഏസാവ് എന്ന് ഈ വിശേഷണങ്ങൾ സൂചിപ്പിക്കുന്നു.

മൂത്തവന്റെ കുതികാലിൽ പിടിച്ചുകൊണ്ട് ഇളയവൻ പുറത്തുന്നു എന്ന വിവരണവും അതിന്റെ അർത്ഥം വിശദമാക്കുന്ന യാക്കോബ് എന്ന പേരും ഇളയവൻ മൂത്തവന്റെ അവകാശം പിടിച്ചെടുക്കും എന്ന സൂചന നൽകുന്നു. കുതികാൽ എന്നർത്ഥമുള്ള "ആക്കെബ്" എന്ന ഹീബ്രു പദത്തിൽ നിന്നാണ് യാക്കോബ് എന്ന പേരുണ്ടായത് എന്ന ധാരണയിൽ "സ്ഥാനം കരസ്ഥമാക്കുന്നവൻ" എന്ന അർത്ഥമാണ് യാക്കോബ് എന്ന പേരിന് ഈ വിവരണത്തിൽ നൽകിയിരിക്കുന്നത്. എന്നാൽ "ദൈവം നിന്നെ സംരക്ഷിക്കട്ടെ" എന്നർത്ഥമുള്ള "യാക്കോബേൽ" എന്ന പേരിന്റെ ഹ്രസ്വരൂപമാണ് "യാക്കോബ്" എന്നു പൊതുവേ കരുതപ്പെടുന്നു. ഇസഹാക്കിന്റെ അറുപതാം വയസിലാണ് മക്കൾ ജനിച്ചത് എന്ന പ്രസ്താവന റബേക്കായുടെ വന്ധ്യത്വത്തെയും 20 വർഷം ദീർഘിച്ച കാത്തിരിപ്പിനേയും കുറിച്ചുള്ള പുരോഹിത ഗ്രന്ഥകാരന്റെ സൂചനയാണ്.

**2. കടിഞ്ഞൂലവകാശം 25, 27-34** (j) യാക്കോബിന്റേയും ഏസാവിന്റെയും സ്വഭാവസവിശേഷതകളും അവർ തമ്മിലുള്ള സംഘർഷവും വിശദമാക്കുന്ന ഈ വിവരണം യാഹ്‌വിസ്റ്റ് രചനയുടെ ഭാഗമാണ്. രണ്ടു സഹോദരന്മാരുടെ തൊഴിലിനേയും ജീവിതശൈലിയേയും കുറിച്ചുള്ള വിവരണങ്ങൾ കായേനെയും ആബേലിനെയും അനുസ്മരിപ്പിക്കുന്നു. പുരാതന കാലത്തു നിലവിലിരുന്ന രണ്ടു വർഗ്ഗങ്ങളുടെ ചിത്രീകരണമാണ് നായാട്ടുകാരനായ ഏസാവിന്റെയും ആട്ടിടയനായ യാക്കോബിന്റേയും ജീവിതശൈലിയെ കുറിച്ചുള്ള വിവരണങ്ങളിൽ പ്രതിപാദിക്കുന്നത്.

27-ാം വാക്യത്തിലെ ചിത്രീകരണം ഏസാവിനെ തുറസ്സായ സ്ഥലങ്ങൾ ഇഷ്ടപ്പെടുന്ന ഒരു നായാട്ടുവീരനായി അവതരിപ്പിക്കുന്നു. "വെളിമ്പ്രദേശത്തിന്റെ മനുഷ്യൻ" എന്ന ഹീബ്രുമൂലം "കൃഷിക്കാരൻ" എന്നു വിവർത്തനം ചെയ്യുന്നതു ശരിയല്ല. മൃഗങ്ങളെ വേട്ടയാടിപ്പിടിച്ച് ഉപജീവനം കഴിക്കുന്ന പ്രാകൃതമനുഷ്യനാണ് ഏസാവ്. അയാളുടെ സംസാരവും പ്രവൃത്തിയും തീരുമാനങ്ങളുമെല്ലാം കാടത്തത്തിന്റെ ലാളിത്യം പ്രകടമാക്കുന്നു. ആട്ടിടയനായ യാക്കോബ് കൂടുതൽ പരിഷ്കൃതനായ മനു

ഷ്യനാണ്. കൂടാരങ്ങളിൽ വസിക്കുന്ന അയാൾ ഏസാവിനേക്കാൾ കുശാ ഗ്രബുദ്ധിയും ഭാവിയെക്കുറിച്ചു ചിന്തയുള്ളവനുമാണ്. അവർ തമ്മിലുള്ള സംഘർഷം പ്രാകൃതവേട്ടക്കാരന്റെ മേൽ പരിഷ്കൃതനായ ഇസ്രയേൽ നേടുന്ന വിജയത്തിന്റെ ചിത്രീകരണമാണ്. ഇസ്രായേല്യരും ഏദോന്യരും തമ്മിൽ നിലനിന്ന ശത്രുതയുടെ പ്രതിഫലനം ഈ വിവരണത്തിൽ കാണാം. കാട്ടിറച്ചി തിന്നാൽ കൊതിയുള്ള ഇസഹാക്ക് വേട്ടക്കാരനായ മകനെ കൂടുതൽ സ്നേഹിച്ചത് തികച്ചും സ്വാഭാവികമായിരുന്നു. സൗമ്യനും കൂടാരത്തിൽ വസിക്കാൻ തല്പരനുമായ ആട്ടിടയനോട് അമ്മയ്ക്ക് കൂടുതൽ താല്പര്യമുണ്ടാവുക സ്വാഭാവികമത്രെ. ഈ വ്യത്യസ്ത താല്പര്യങ്ങൾ സഹോദരങ്ങൾ തമ്മിലുള്ള ശത്രുതക്കു കാര ണമാകുന്നു. 27-ാം അധ്യായത്തിൽ വിവരിക്കുന്ന സംഭവങ്ങൾക്ക് ഇതു വഴിയൊരുക്കുന്നു.

വിശന്ന് തളർന്ന് വരുന്ന ഏസാവിന് തന്റെ വിശപ്പടക്കുകയാണ് പരമപ്രധാനമായി തോന്നിയത്. അയാൾ യാക്കോബിനോടു നടത്തുന്ന അഭ്യർത്ഥന ഹാസ്യരൂപത്തിലാണ് വി. ഗ്രന്ഥകാരൻ അവതരിപ്പിക്കുന്ന ത്. "ആ ചുവന്ന സാധനം എനിക്കു വിഴുങ്ങാൻ തരൂ" എന്നാണ് അയാ ളുടെ വാക്കുകളുടെ വാച്യാർത്ഥം. പായസം എന്ന പദം ഹീബ്രുമൂലത്തി ലില്ല. "ചുവന്ന" എന്ന വിശേഷണം ചുവന്ന ശരീരമുള്ള ഏസാവിന്റെ തന്നെ വിശേഷണമാണെന്നും അതിനാൽ അയാൾക്കു ഏദോം എന്ന പേരു ണ്ടായി എന്നും തുടർന്നു വിവരിക്കുന്നു. "ഹാ ആദോം, ഹാ ആദോം" എന്നാണ് ഹീബ്രുവിൽ. ആദോം എന്ന വിശേഷണത്തിൽ നിന്നാണത്രേ "ഏദോം" എന്ന പേരുണ്ടായത്. പാകം ചെയ്യുന്നത് എന്തെന്നറിയാതെ ആ ചുവന്നത് എന്നു രണ്ടു തവണ ആവർത്തിച്ചതുകൊണ്ട് അയാളുടെ പ്രാകൃതസ്വഭാവവും ആർത്തിയും പ്രകടമാക്കുന്നു.

കടിഞ്ഞൂലവകാശത്തെ കുറിച്ചുള്ള ചർച്ച ഹിത്യരുടെ ഇടയിൽ നില വിലിരുന്നതും നുസിയിൽ നിന്നു ലഭിച്ച കളിമൺ ഫലകങ്ങളിൽ രേഖപ്പെ ടുത്തിയിരുന്നതുമായ നിയമങ്ങളിൽ നിന്നും ഗ്രഹിക്കാനാവും. ആ നിയമ മനുസരിച്ച് പിതാവിന്റെ സ്വത്ത് ആൺമക്കൾക്കു തുല്യമായി വീതിച്ച് ആദ്യ ജാതനു രണ്ടു പങ്കു കൊടുക്കണം. എന്നാൽ ആദ്യജാതനു പിതൃസ്വത്തി ലുള്ള തന്റെ അവകാശം ആർക്കു വേണമെങ്കിലും വിൽക്കാനുള്ള അധി കാരമുണ്ടായിരുന്നു. ശപഥപൂർവ്വം നൽകുന്ന വാഗ്ദാനം അലംഘനീയ മാണ്. അതിനാൽ ഏസാവിന് ഇനി കടിഞ്ഞൂലവകാശത്തിന് അർഹത യുണ്ടാവില്ല. യാക്കോബിന്റെ ബുദ്ധികൂർമ്മതയുള്ള കണക്കുകൂട്ടലുകളും വ്യക്തമാക്കുന്നതാണ് അയാൾ വയ്ക്കുന്ന നിബന്ധന. തങ്ങളുടെ പൂർവ്വീ

കന്റെ കൗശലവും സാമർത്ഥ്യവും ശത്രുക്കളായ ഏദോമ്യരുടെ പൂർവ്വീകന്റെ ഭോഷത്വവും ഉയർത്തിക്കാട്ടാൻ ഈ കഥ ഇസ്രായേൽക്കാർക്കു സഹായകമായി.

**വിചിന്തനം:** അവകാശത്തിനു വില കല്പിക്കാത്തവന് അതു ലഭിക്കാൻ അർഹതയില്ല. ഏത് അവകാശത്തെ സംബന്ധിച്ചും ഇത് ബാധകമാണ്. താല്ക്കാലികമായ സംതൃപ്തിക്കുവേണ്ടി കടിഞ്ഞൂലവകാശം വിറ്റ ഏസാവ് ഏവർക്കും ഒരു മുന്നറിയിപ്പായി നില കൊള്ളുന്നു (ഹെബ്ര 12, 16-17). നൈമിഷിക സുഖങ്ങൾക്കു വേണ്ടി നിത്യഭാഗ്യം നഷ്ടമാക്കുന്നവരുടെ മുന്നോടിയാണ് ഏസാവ്.

3. **ഇസഹാക്കിന്റെ ചെയ്തികൾ 26, 1-35** (J-P) ഇസഹാക്കിനെ കുറിച്ചുമാത്രം പ്രതിപാദിക്കുന്ന ഏക അധ്യായമാണിത്. വ്യത്യസ്ത സാഹചര്യങ്ങളിൽ രൂപം കൊണ്ട അനേകം വിവരണങ്ങൾ ഇവിടെ ഒരുമിച്ചു ചേർത്തിരിക്കുന്നു. ഇസഹാക്ക് എന്ന വ്യക്തിയാണ് ഈ സംഭവങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നത്. പുരോഹിത രചനയും ഭാഗമായ 34-35 വാക്യങ്ങൾ ഒഴികെ ബാക്കി മുഴുവൻ യാഹ്വിസ്റ്റ് ഗ്രന്ഥകാരന്റേതായി കരുതപ്പെടുന്നു.

ദേശത്തുണ്ടാ ക്ഷാമത്താൽ ഇസഹാക്ക് നാടു വിട്ടു പോകുവാൻ നിർബ്ബന്ധിതനാവുകയും അതുവഴി പൂർവ്വമാതാവായ റബേക്കാ അപകടത്തിൽ പെടാനുള്ള സാധ്യതയുണ്ടാവുകയും ചെയ്ത ഒരു സംഭവമാണ് (26, 1-11) ആദ്യമേ വിവരിക്കുന്നത്. ഈജിപ്തിലേക്കു പോകാൻ ഒരുങ്ങിയാണ് ഇസഹാക്ക് ഗൊരാറിൽ എത്തിയതെങ്കിലും ദൈവം കല്പിച്ചതനുസരിച്ച് അദ്ദേഹം അവിടെത്തന്നെ താമസമുറപ്പിക്കുന്നു. "ഫിലിസ്ത്യരുടെ രാജാവ്" എന്ന വിശേഷണം ചരിത്രപരമായ ഒരു പ്രമാദമാണ്. പന്ത്രണ്ടാം നൂറ്റാണ്ടിലായിരുന്നു ഫിലിസ്ത്യർ കാനാന്റെ തെക്കു പടിഞ്ഞാറ് ആധിപത്യമുറപ്പിച്ചത്. പത്താം നൂറ്റാണ്ടിൽ എഴുതുന്ന വി. ഗ്രന്ഥകാരൻ തന്റെ അനുവാചകർക്കു പരിചിതമായ ഒരു ജനതയെ ഗൊരാറിന്റെ അധിപതിയായി ചിത്രീകരിക്കുന്നു.

3-5 വാക്യങ്ങൾ ദൈവം ഇസഹാക്കിനു നൽകിയ വാഗ്ദാനം വിവരിക്കുന്നു. അബ്രാഹത്തിനു പലപ്പോഴായി നൽകിയ വാഗ്ദാനങ്ങളുടെ രത്നച്ചുരുക്കമാണിത്. ഇതിനു സമാനമായൊരു വാഗ്ദാനം വീണ്ടും 24-ാം വാക്യത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അസംഖ്യം സന്തതികളും അവർക്കു സ്വന്തമായൊരു ദേശവും ആണ് വാഗ്ദാനത്തിന്റെ സംഗ്രഹം. കർത്താവിന്റെ നിരന്തരമായ സംരക്ഷണം വാഗ്ദാനം ചെയ്യുന്നതാണ് "ഞാൻ

നിന്നോടുകൂടെ ആയിരിക്കും നിന്നെ അനുഗ്രഹിക്കുകയും ചെയ്യും" എന്ന ആമുഖം. കർത്താവിന്റെ പരിപാലനയും അനുഗ്രഹവും ഇസഹാക്കിന് ഏപ്പോഴും കൂട്ടായി ഉണ്ടായിരിക്കും. അബ്രാഹത്തോടു ചെയ്ത വാഗ്ദാനമാണ് ഇസഹാക്കിനോട് ആവർത്തിക്കുന്നത്. അബ്രാഹത്തിന്റെ അനുസരണം ഇസഹാക്കിനു മാതൃകയും വാഗ്ദാനപൂർത്തീകരണത്തിനു കാരണവുമായി അവതരിപ്പിച്ചിരിക്കുന്നു.

പൂർവ്വമാതാവ് അപകടത്തിൽ പെട്ടതിന്റെ മൂന്നാമത്തെ വിവരണമാണ് 6-11 വാക്യങ്ങളിൽ അവതരിപ്പിക്കുന്നത്. മറ്റു വിരണങ്ങളെ അപേക്ഷിച്ച് (12, 10-20; 20, 1-8) കൂടുതൽ സ്വാഭാവികവും അതിനാൽത്തന്നെ കുടുതൽ പുരാതനവുമാണ് ഈ വിവരനം എന്ന് വിഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു. തന്റെ ജനത്തിന്റെ മേൽ വ്യഭിചാരക്കുറ്റം നിപതിച്ചേക്കാമായിരുന്നു എന്നു മനസ്സിലാക്കി, ഇസഹാക്കിനെ കുറ്റപ്പെടുത്തുകയും പ്രജകൾക്കു താക്കീതു നൽകുകയും ചെയ്യുന്ന അബിമെലെക് ദൈവഭയവും നീതിബോധവുമുള്ള രാജാവായി പ്രത്യക്ഷപ്പെടുന്നു. പ്രത്യേകം എടുത്തു പറയുന്നില്ലെങ്കിലും, ദൈവം വാഗ്ദാനം ചെയ്ത സംരക്ഷണം ഇസഹാക്കിനും ഭാര്യക്കും ഇവിടെ അനുഭവവൈദ്യമാകുന്നതായി കാണാം. അബ്രാഹത്തെയും സാറായേയും കുറിച്ച് പ്രതിപാദിച്ചപ്പോൾ ഈ സംരക്ഷണം കൂടുതൽ വിശദമായി അവതരിപ്പിച്ചിട്ടുണ്ട്.

12-22 വാക്യങ്ങൾ ഇസഹാക്കിന്റെ അഭിവൃദ്ധിയും തന്മൂലം തദ്ദേശവാസികൾക്കുണ്ടാകുന്ന അസൂയയും തുടർന്ന് കിണറുകളെ ചൊല്ലിയുണ്ടാകുന്ന തർക്കങ്ങളും രേഖപ്പെടുത്തുന്നു. ഒരിടത്തും സ്ഥിരവാസമാക്കാതെ ആടുകൾക്കു തീറ്റ തേടി അലയുന്നവരായിരുന്നു ഇടയന്മാരെങ്കിലും കാലാവിസ്ഥ്യും മറ്റു സാഹചര്യങ്ങലും അനുകൂലമാകുമ്പോൾ അവർ ധാന്യങ്ങൾ കൃഷി ചെയ്യാറുണ്ടായിരുന്നു. ജലക്ഷാമമുള്ള പ്രദേശത്ത് കിണറുകളെ ചൊല്ലി തർക്കമുണ്ടാവുക സാധാരണമാണ്. അബ്രാഹം കുഴിച്ച കിണറുകളെ കുറിച്ചുള്ള 15-18 വാക്യങ്ങളിലെ പരാമർശം അബ്രാഹം അബിമെലെക്കിന്റെ മുമ്പിൽ അവതരിപ്പിച്ച പരാതിയെ (21, 25-32) അനുസ്മരിപ്പിക്കുന്നു. വാഗ്ദത്ത ഭൂമിയുടെ അവകാശിയാണെങ്കിലും തദ്ദേശ വാസികളാൽ പുറത്താക്കപ്പെടുന്ന ഇസഹാക്ക് പരദേശിയായിട്ടാണ് കഴിയുന്നത്.

കിണറുകളുടെ പേരിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള വിവരണം വാഗ്ദത്ത ഭൂമിയും പൂർവ്വപിതാക്കന്മാരും തമ്മിലുള്ള ബന്ധം അനുസ്മരിപ്പിക്കുന്നു. വി. ഗ്രന്ഥകാരന്റെ കാലത്തു നിലവിലുള്ള പേരുകളായിരി

ക്കണം ഇവ. ഓരോ പേരും കേൾക്കുമ്പോൾ പിതാക്കന്മാരുടെ അനുഭവം അനുവാചകരുടെ മനസ്സിൽ തെളിയാൻ വേണ്ടിയാണ് ഈ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. "എസെക്ക്" എന്ന ഹീബ്രുനാമത്തിന് "കലഹം" എന്നും "സിത്നാ"യ്ക്ക് "ശത്രുത" എന്നും "റെഹോബോത്തി"ന് "വിശാലമായ ഇടം" എന്നുമാണ് അർത്ഥം. നാട്ടുകാർ കലഹമുണ്ടാക്കി പുറത്താക്കിയാലും ദൈവം തങ്ങൾക്കു വളർന്നു വികസിക്കാൻ വിശാലമായ പ്രദേശം നൽകിയിരിക്കുന്നു എന്ന വിശ്വാസം ഏറ്റുപറയുന്നുതാണ് റെഹോബോത്ത് എന്ന പേര്.

23-25 വാക്യങ്ങൾ ബേർഷെബായിൽ വച്ച് ഇസഹാക്കിനു ലഭിച്ച ദൈവികദർശനവും വാഗ്ദാനവും രേഖപ്പെടുത്തുന്നു. അബ്രാഹത്തിനു നൽകിയ വാഗ്ദാനവും ദൈവിക വെളിപാടും (15, 1-7) അനുസ്മരിപ്പിക്കുന്നതാണ് ഈ വാക്യങ്ങൾ. "പിതാവായ അബ്രാഹത്തിന്റെ ദൈവം" എന്ന വിശേഷണം വ്യക്തിയുടെ അനുഭവങ്ങളിലൂടെ സ്വയം വെളിപ്പെടുത്തുന്ന ചരിത്രനിയന്താവായ ദൈവത്ത സൂചിപ്പിക്കുന്നു. അബ്രാഹത്തിനുണ്ടായ നിരവധി ദൈവാനുഭവങ്ങളെ സംക്ഷിപ്തമായി അവതരിപ്പിക്കുന്നതാണ് ഈ വിശേഷണം. "ഭയപ്പെടേണ്ടാ ഞാൻ നിന്നോടു കൂടെ ഉണ്ടായിരിക്കും" എന്ന വാഗ്ദാനം പിതാക്കന്മാരോടൊത്തു യാത്ര ചെയ്ത ദൈവം ഇന്നു നമ്മോടു കൂടെയുണ്ടായിരിക്കും എന്ന വിശ്വാസം അനുവാചകരിൽ ഉറപ്പിക്കുന്നു. അബ്രാഹത്തിനു നൽകിയ വാഗ്ദാനവും അബ്രാഹത്തിന്റെ അനുസരണവും അനുസ്മരിച്ചുകൊണ്ട് പുത്രനായ ഇസഹാക്കിനെ അനുഗ്രഹിക്കും എന്നാണ് "അബ്രാഹത്തെ പ്രതി" എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ബലിപീഠം നിർമ്മിച്ച് കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നതിലൂടെ ദൈവികവെളിപാടിനും വാഗ്ദാനത്തിനും നന്ദി രേഖപ്പെടുത്തുന്നു.

26-33 വാക്യങ്ങളിൽ വിവരിക്കുന്ന സമാധാനോടമ്പടി അബിമെലെക്ക് രാജാവ് അബ്രാഹവുമായി നടത്തി ഉടമ്പടിയെ (21, 22-32) അനുസ്മരിപ്പിക്കുന്നു. രാജാവും സേനാധിപൻ ഫിക്കോളും അബ്രാഹവുമായി നടത്തിയ ഉടമ്പടിയിലും സന്നിഹിതരായിരുന്നു ആലോചനക്കാരനായ അഹൂസ്സത്ത് ഇവിടെ മാത്രമേ പ്രത്യക്ഷപ്പെടുന്നുള്ളൂ. ഇസഹാക്കിന് അഭിവൃദ്ധിയുണ്ടാകാൻ കാരണം കർത്താവിന്റെ സംരക്ഷണമാണെന്ന് അംഗീകരിക്കാൻ രാജാവും ജനങ്ങളും നിർബന്ധിതരാകുന്നു (26, 28-29). അതിനാലാണ് പരസ്പരം ഉപദ്രവിക്കാതെ സമാധാനത്തിൽ കഴിയാം എന്ന് ഉടമ്പടി ഉറപ്പിക്കുന്നതിന്റെ അടയാളമായിരുന്നു ഒരുമിച്ചു ഭക്ഷിച്ച വിരുന്ന്. "ബേർഷെബാ" എന്ന പേരിന്റെ ഉത്ഭവത്തെ കുറിച്ചുള്ള മൂന്നാമത്തെ വിശ

ദീകരണമാണ് ഇവിടെ നൽകുന്നത് (21, 27-31). ഒരു ആരാധനാകേന്ദ്ര മെന്ന നിലയിൽ ബേർഷെബായ്ക്ക് ഇസ്രയേൽ ചരിത്രത്തിലുണ്ടായിരുന്ന പ്രാധാന്യം ഇതിൽ നിന്നു വ്യക്തമാകുന്നു. ശപഥത്തിന്റെ കിണർ എന്ന വ്യാഖ്യാനമാണ് പേരിന് ഇവിടെയും നൽകിയിരിക്കുന്നത്.

34-35 വാക്യങ്ങളിലെ ഏസാവിന്റെ ഹിത്യരായ ഭാര്യമാരെ കുറിച്ചുള്ള പരാമർഷം പുരോഹിതരചനയുടെ ഭാഗമാണ്. 27, 46ൽ പ്രതിപാദിക്കാൻ പോകുന്ന യാക്കോബിന്റെ യാത്രയ്ക്ക് ഇതു കളമൊരുക്കുന്നു. കാനാന്യ സ്ത്രീകളുമായുള്ള വിവാഹബന്ധങ്ങൾ ഇസ്രയേലിനെ വിഗ്രാഹാധനയിലേക്കു നാശത്തിലേക്കും നയിച്ചു എന്നതിന്റെ സൂചനയും ഈ വിവരണത്തിലുണ്ട്.

**വിചിന്തനം:** കർത്താവു കൂടെയുണ്ട് എന്ന ബോധ്യം എല്ലാ ഭയത്തിൽ നിന്നും മോചനം നൽകുന്നു. എന്നെ വിളിച്ചവൻ എന്നെ സംരക്ഷിക്കാൻ കഴിവുള്ളവനാണ്. ഒരിക്കലും എന്നെ കൈവിടുകയില്ല. അഭയാർത്ഥിയായി അലയേണ്ടി വന്ന ഇസഹാക്കിനെ രാജാക്കന്മാർ പോലും ഭയപ്പെടാനും മാനിക്കാനും മാത്രം ശക്തനാക്കിയ ദൈവം എല്ലാ അഭയാർത്ഥികൾക്കും സംരക്ഷണം നൽകുന്നവനാണ്. പാർക്കാനിടമില്ലാത്ത പരദേശികളെ ദ്രോഹിക്കുന്നവർ ദൈവത്തെത്തന്നെയാണ് ദ്രോഹിക്കുന്നത്. ദൈവം അതിനു കണക്കു ചോദിക്കും.

താൻ കുഴിച്ച കിണറുകളെച്ചൊല്ലി വഴക്കിനു വന്ന ഇടയന്മാരോട് ഇസഹാക്ക് എടുത്ത സമീപനം ദുർബ്ബലന്റെ ഭീരുത്വമല്ല, ക്ഷമിക്കുന്ന സ്നേഹത്തിന്റെ മാതൃകയാണ്. ശത്രുത ഒഴിവാക്കാനും സംഘർഷമുണ്ടാകുമ്പോൾ സംയമനം പാലിച്ചുകൊണ്ട് വിട്ടുവീഴ്ചകൾക്കു തയ്യാറാകാനും ഇതു പഠിപ്പിക്കുന്നു.

**4. പിതാവിന്റെ അനുഗ്രഹം 27, 1-45:** (ഖ) അബ്രാഹത്തിനു ദൈവം നൽകിയ വാഗ്ദാനങ്ങളും അവകാശം യാക്കോബിന്റെ രണ്ടു മക്കളിൽ ഒരുവന് കൈമാറുന്നതിൻരെ ഈ വിവരണം മുഴുവനായും യാഹ്വിസ്റ്റ് രചനയാണ്. പിതാവിന്റെ അന്തിമാനുഗ്രഹത്തിലൂടെ ലഭിക്കുന്ന അവകാശം നേടിയെടുക്കാനുള്ള ശ്രമത്തിൽ സഹോദരന്മാർ തമ്മിലുള്ള സംഘർഷം അതിന്റെ ഉച്ചകോടിയിലെത്തുന്നു. ഇസഹാക്കിന് മൂത്തമകനായ ഏസാവിനോടും റബേക്കായ്ക്ക് ഇളയ മകനായ യാക്കോബിനോടും ഉള്ള പ്രത്യേക സ്നേഹം 25, 27-28ൽ വിവരിച്ചുകൊണ്ട് വി. ഗ്രന്ഥകാരൻ ഈ സംഘർഷത്തിനു വഴിയൊരുക്കിയിരുന്നു. യാക്കോബ് കടിഞ്ഞൂലവകാശം വിലയ്ക്കു വാങ്ങിയതിന്റെ തുടർച്ചയാമ് പിതാവിന്റെ

അനുഗ്രഹത്തിന് വേണ്ടിയുള്ള മത്സരം. ആദ്യസംഭവത്തിൽ സഹോദര ന്മാർ മാത്രമായിരുന്നു കഥാപാത്രങ്ങൾ. എന്നാൽ ഇവിടെ കുടുംബം മുഴു വൻ മത്സരത്തിൽ മുഴുകി തകരുന്ന ചിത്രമാണ് അവതരിപ്പിക്കുന്നത്.

തികച്ചും നാടകീയമായ ഈ അവതരണം സംഭവത്തെ അഞ്ചു രംഗ ങ്ങളായി തിരിക്കുന്നു. ഓരോ രംഗത്തും രണ്ടുപേർ മാത്രമേ പ്രത്യക്ഷ പ്പെടുന്നുള്ളൂ. സംഭവങ്ങൾക്കും സംഭാഷണങ്ങൾക്കും തുല്യപ്രാധാന്യം നൽകിയിരിക്കുന്നു. മാതാവും പിതാവും രണ്ടു പുത്രന്മാരും അടങ്ങുന്ന കുടുംബം. വൃദ്ധനും അന്ധനുമായ പിതാവും, ശക്തനും വിചാരശൂന്യ നുമായി മൂത്ത മകനും ഒരു വശത്ത്. തന്റെ പദ്ധതി നടപ്പിലാക്കാൻ വേണ്ടി ഏതു സാഹസത്തിനും മുതിരുന്ന കുശാഗ്രബുദ്ധിയായ മാതാവും ദുർബ്ബ ലനും ഭീരുവുമെങ്കിലും സൂത്രശാലിയായ ഇളയമകനും മറുവശത്ത്. ഇവർ മാറി മാറി രംഗത്തു വരുന്നു. പിതാവിന്റെ അന്തിമാനുഗ്രഹം ആർക്കു ലഭിക്കും എന്നതാണ് പ്രമേയം.

പിതാവ് മൂത്ത മകനു നൽകാൻ ആഗ്രഹിച്ച അനുഗ്രഹം മാതാവ് കുത്സിത മാർഗ്ഗങ്ങളിലൂടെ ഇളയ മകനു വാങ്ങിക്കൊടുക്കുന്നു. പക്ഷേ, വഞ്ചനയിലൂടെ നേടിയ അനുഗ്രഹം അനുഗ്രഹമാകുമോ. അവസാനം വരെ ആകാംക്ഷ നില നിർത്തുന്ന ഈ വിവരണം ധാർമ്മികതയെ സംബ ന്ധിച്ച പല പ്രശ്നങ്ങളും ഉന്നയിക്കുന്നുണ്ട്. കഥാപാത്രങ്ങളുടെ വാക്കും പ്രവൃത്തിയും വി. ഗ്രന്ഥകാരൻ വിലയിരുത്തുന്നില്ല. സംഭവങ്ങൾ ഒരു വെള്ളിത്തിരയിലെന്നപോലെ കൺമുന്നിൽ അവതരിപ്പിക്കുന്നതേയുള്ളൂ. പല ധ്വനികളും വ്യാഖ്യാന സാധ്യതകളുമുള്ളതാണ് ഓരോ കഥാപാത്ര ത്തിന്റേയും ചിത്രീകരണം. അതിനാൽ സംഭവത്തിന്റെ പൊതുവായ നീക്ക ത്തിലും വിശദാംശങ്ങളിലും ശ്രദ്ധിക്കേണ്ടതുണ്ട്.

**എ. യാക്കോബും ഏസാവും 27, 1-4:** സ്ഥലകാലങ്ങളെ കുറിച്ചു യാതൊരു സൂചനയും നൽകാതെ, ഇതുവരെ പറഞ്ഞതുമായി ബന്ധ പ്പെടുത്താതെ, പൊടുന്നനെ വിവരണം ആരംഭിക്കുന്നു. വൃദ്ധനും അന്ധ നുമായ ഇസഹാക്ക് മരണാസന്നനായിരിക്കുന്നു എന്ന സൂചനയാണ് ഈ വിവരണത്തിൽ നിന്നു ലഭിക്കുന്നത്. എന്നാൽ 35, 27-29 ലെ വിവരണ പ്രകാരം ഇരുപതിൽപരം വർഷങ്ങൾക്കു ശേഷമാണ് ഇസഹാക്കു മരി ച്ചത്യ രണ്ടു പാരമ്പര്യങ്ങളിൽപ്പെട്ടവ ആയതിനാലാണ് ഈ പൊരുത്ത ക്കേട്. ഇവ രണ്ടും തമ്മിൽ സമന്വയിപ്പിക്കാൻ ശ്രമിക്കുന്നത് പാഴ്വേല യായിരിക്കും.

“മരിക്കുന്നതിനു മുമ്പേ നിന്നെ ഞാൻ അനുഗ്രഹിക്കട്ടെ” എന്ന് അവ

സാനത്തെ വാചകമാണ് ഈ ഭാഗത്ത് ഏറ്റം പ്രധാനം. അനുഗ്രഹത്തെയും അതിന്റെ ശക്തിയെയും കുറിച്ച് പൂർവ്വികരുടെ ഇടയിൽ നിലവിലിരുന്ന വിശ്വാസത്തിൽ നിന്നേ ഇതിന്റെ അർത്ഥം ഗ്രഹിക്കാൻ കഴിയൂ. മരണക്കിടക്കയിൽ വച്ചു നൽകുന്ന അനുഗ്രഹം ഒരു വില്പത്രം പോലെയാണ്. ഇന്ന വിൽപത്രം മരണത്തിനു മുമ്പ് എത്ര തവണ വേണമെങ്കിലും മാറ്റിയെഴുതാം. എന്നാൽ അനുഗ്രഹത്തെക്കുറിച്ചുള്ള പൂർവ്വീകരുടെ വിശ്വാസം മറിച്ചായിരുന്നു. ഒരിക്കൽ പറഞ്ഞാൽ പിന്നെ കൂട്ടാനോ കുറക്കാനോ ആവില്ല. ജീവശക്തി മുഴുവനായി കൈമാറുന്നതു പോലെയാണ് മരണക്കിടക്കയിൽ വച്ചു നല്കുന്ന അനുഗ്രഹം. ശരീരത്തിനു ശക്തിയും മനസ്സിന് സന്തോഷവും ഉന്മേഷവും ഉണ്ടെങ്കിലേ താൻ ആഗ്രഹിക്കുന്ന വിധത്തിൽ അനുഗ്രഹത്തിന്റെ അരുളപ്പാടു നൽകാൻ കഴിയൂ എന്നു മനസ്സിലാക്കിയതിനാലാവാം തനിക്ക് ഏറ്റം ഇഷ്ടമുള്ള ഭക്ഷണം തയ്യാറാക്കാൻ തന്റെ പുത്രനോട് ഇസഹാക്ക് ആവശ്യപ്പെട്ടത്. തനിക്കുള്ളതെല്ലാം അതിന്റെ പൂർണ്ണതയിൽ കൈമാറാൻ ഇസഹാക്ക് ആഗ്രഹിച്ചു.

നുസിയിൽ നിന്നു കണ്ടെത്തിയ ലിഖിതങ്ങളിൽ നിന്ന് ഇതിനെ സംബന്ധിച്ച രണ്ട് ഉൾക്കാഴ്ചകൾ ലഭിക്കുന്നു. 1. പിതാവു നൽകുന്ന അന്തിമാനുഗ്രഹം മുദ്രവെച്ച ഒരു വിൽപത്രം പോലെ സാധുവായിരിക്കും. അത് അലംഘനിയമാണ്. 2. തന്റെ അന്തിമാനുഗ്രഹം ആർക്കു നൽകണമെന്നു നിശ്ചയിക്കാൻ പിതാവിന് അവകാശമുണ്ട്. ആദ്യ ജനിച്ചയാൾ അവകാശിയാകണമെന്നില്ല. ഈ നിയമപ്രകാരം ഇസഹാക്ക് ഏസാവിനെ അനുഗ്രഹിക്കാൻ തീരുമാനിച്ചത് അയാളുടെ അധികാരപരിധിയിൽപ്പെട്ട കാര്യമായിരുന്നു. മൂത്തമകൻ എന്ന സ്ഥാനം ഏസാവ് അനുജനു വിറ്റതും ഇവിടെ ബാധകമല്ലാതാകുന്നു. ഈ സാഹചര്യത്തിലാണ് ഇളയമകനു വേണ്ടി റബേക്കാ രംഗത്തു വരുന്നത്.

**ബി. റബേക്കായും യാക്കോബും 27, 5-17:** മുത്തമകന് നൽകാൻ പിതാവു തീരുമാനിച്ച അനുഗ്രഹം ഇളയ മകനു നേടിക്കൊടുക്കാൻ വേണ്ടി മാതാവ് ആസൂത്രണം ചെയ്ത പദ്ധതിയാണ് അടുത്തതായി വിവരിക്കുന്നത്. താൻ ചെയ്യുന്ന പ്രവൃത്തിയുടെ ധാർമ്മികതയെക്കുറിച്ച് അമ്മയോ മകനോ ചിന്തിക്കുന്നതായി വി. ഗ്രന്ഥകാരൻ രേഖപ്പെടുത്തുന്നില്ല. ചെയ്യാൻ പോകുന്ന തെറ്റിനെ കുറിച്ചുള്ള ആകുലതയല്ല, കണ്ടു പിടിക്കപ്പെട്ടാൽ സംഭവിക്കാവുന്ന വിപത്തിനെ കുറിച്ചുള്ള ഭയം മാത്രമാണ് യാക്കോബിന്റെ ചോദ്യത്തിലുള്ളത്. അന്ധനായ പിതാവിനെ കബളിപ്പിക്കാൻ വേണ്ട തന്ത്രങ്ങൾ അമ്മതന്നെ വിഭാവനം ചെയ്യുന്നു. വസ്ത്രമില്ലാത്ത ശരീരഭാഗങ്ങൾ ആട്ടിൻ തോലിൽ പൊതിഞ്ഞ്, കാട്ടിറച്ചിക്കു പകരം

ആട്ടിറച്ചിയുമായി, പേടിച്ചു വിറച്ച് അപ്പനെ സമീപിക്കുന്ന യാക്കോബിന്റെ ചിത്രം അനുവാചകരിൽ ആകാംക്ഷയുണർത്തുന്നു.

തന്റെ ഇഷ്ടപുത്രനു വേണ്ടി അനുഗ്രഹം നേടിയെടുക്കാൻ ശ്രമിക്കുന്ന തത്വദീക്ഷയില്ലാത്ത മാതാവിന്റെ കുതന്ത്രമായിട്ടാണ് ഈ പ്രവൃത്തി ആദ്യവായനയിൽ അനുഭവപ്പെടുക. എന്നാൽ ശ്രദ്ധിച്ചു വായിച്ചാൽ ഇതിനു പിന്നിലുള്ള ദീർഘവീക്ഷണവും ത്യാഗസന്നദ്ധതയും മനസിലാക്കാനാവും. ശക്തനായ മൂത്ത മകന് വൃദ്ധനായ പിതാവ് സകല അവകാശങ്ങളും നൽകാൻ തീരുമാനിച്ചു കഴിഞ്ഞു. ഇളയവനും ദുർബ്ബലനുമായി യാക്കോബ് പൂർണ്ണമായി പുറന്തള്ളപ്പെടാൻ പോകുന്നത് കനത്ത അനീതിയായി കണ്ട മാതാവ് തനിക്കുള്ള സകല കഴിവും ഉപയോഗിച്ച് അതിനെ ചെറുക്കാൻ ശ്രമിക്കുന്നു. തന്റെ പദ്ധതി പൂർണ്ണമായും വിജയിക്കുമോ എന്ന് അവൾക്ക് തീർച്ചയില്ല. എന്നാലും അനീതിക്കെതിരായ ഈ സമരത്തിൽ പിതാവിന്റെ ശാപമേൽക്കാൻ പോലും അവൾ സന്നദ്ധയാണ്. ഇളയവനോടുള്ള പ്രത്യേക താൽപര്യം മാത്രമല്ല റബേക്കായെ ഇത്തരമൊരു സാഹസത്തിനു പ്രേരിപ്പിക്കുന്നത്.

അവൾക്കു ലഭിച്ചതായി 25, 23ൽ രേഖപ്പെടുത്തിയിരിക്കുന്ന അരുളപ്പാട് ഈ പ്രവർത്തനത്തിനു പ്രേരകമായി നിൽക്കുന്നു. "മൂത്തവൻ ഇളയവനു ദാസവൃത്തി ചെയ്യും" എന്ന ദൈവിക നിശ്ചയത്തെ മറികടന്ന് ഇസഹാക്ക് ഏസാവിനെ അനുഗ്രഹിക്കാൻ തീരുമാനിച്ചത് നാട്ടുനടപ്പനുസരിച്ചും സ്വാഭാവിക സ്നേഹം മൂലവുമാണ്. എന്നാൽ ദൈവിക പദ്ധതി മറിച്ചാണെന്നു മനസ്സിലാക്കിയ മാതാവ് ഇതിനെ എതിർക്കുന്നു. ഹാഗാറിനെയും ഇസ്മായേലിനെയും പുറന്തള്ളാൻ ആവശ്യപ്പെട്ട സാറായിൽ പ്രകടമായ അതേ വികാരമാണ് റബേക്കായിലും പ്രതിഫലിക്കുന്നത്. നിസ്വാർത്ഥമായ പുത്രവാത്സല്യത്തിന്റെയും ദൈവിക പദ്ധതിയോടുള്ള വിധേയത്വത്തിന്റെയും അനീതിക്കെതിരായ ശക്തമായ എതിർപ്പിന്റെയും ഉദാത്തമായ മാതൃകയാണ് റബേക്കാ. എന്നാൽ അവൾ ആസൂത്രണം ചെയ്ത പദ്ധതിയിലെ വക്രതയും വഞ്ചനയും വി. ഗ്രന്ഥകാരൻ മറച്ചുവയ്ക്കുന്നില്ല. എങ്ങോട്ടാണ് ഈ പദ്ധതി നയിക്കുക എന്ന് സാവധാനമേ വെളിപ്പെടുകയുള്ളൂ.

**സി. യാക്കോബും ഇസഹാക്കും 27, 18--29:** പിതാവിനെ വഞ്ചിച്ച് യാക്കോബ് അനുഗ്രഹം നേടിയെടുക്കുന്നതാണ് ഈ രംഗത്ത് അവതരിപ്പിക്കുന്നത്. കാഴ്ച നഷ്ടപ്പെട്ടെങ്കിലും കേൾവിക്കു മാന്ദ്യം സംഭവിക്കാത്ത ഇസഹാക്ക് പഞ്ചേന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന വൈരുദ്ധ്യമാർന്ന സന്ദേശ

ങ്ങളാൽ ആശയക്കുഴപ്പത്തിലാകുന്നു. മകൻ സത്യം ചെയ്തിട്ടും വിശ്വാസമാകാതെ ഉടുപ്പു മണത്തു നോക്കുകകൂടി ചെയ്തതിനു ശേഷമാണ് അനുഗ്രഹം നൽകാൻ തീരുമാനിക്കുന്നത്. അമ്മയും മകനും കൂടി ആസൂത്രണം ചെയ്ത വഞ്ചനക്ക് ഇരയായിത്തീർന്ന വൃദ്ധനാണ് ഇസഹാക്ക്.

27-29 വാക്യങ്ങളിൽ പിതാവിന്റെ അനുഗ്രഹം വിശദമായി രേഖപ്പെടുത്തുന്നു. താൻ നേടിയെടുത്ത സമ്പത്തല്ല, അബ്രാഹത്തിനു ദൈവം നൽകിയ വാഗ്ദാനങ്ങളുടെ അവകാശമാണ് ഇസഹാക്ക് അനുഗ്രഹത്തിലൂടെ തന്റെ മകനു കൈമാറുന്നത്. ഫലപുഷ്ടിയും ആധിപത്യവും എന്ന രണ്ടു ഘടകങ്ങൾ ഈ അനുഗ്രഹത്തിലുണ്ട്. ഫലപുഷ്ടിയെക്കുറിച്ചുള്ള പരാമർശം കൃഷിക്കാരുടേതായ ജീവിതശൈലിയെ സൂചിപ്പിക്കുന്നു. ജനതകളുടെയും രാജ്യങ്ങളുടെയും സഹോദരങ്ങളുടെയും മേലുള്ള ആധിപത്യം രാജാധികാരത്തെയാണ് സൂചിപ്പിക്കുന്നത്. ഇതു രണ്ടും യാക്കോബ് എന്ന വ്യക്തിയെയല്ല, അയാളിൽ നിന്നു പുറപ്പെടുന്ന ജനതയെ ലക്ഷ്യം വെച്ചാണു നൽകുന്നത് എന്നതിൽ സംശയമില്ല. തേനും പാലും ഒഴുകുന്ന (പുറ 3, 8) കാനാൻ ദേശത്ത് രാജാധികാരം സ്ഥാപിച്ച്, ചുറ്റുമുള്ള ജനതകളെ കീഴടക്കി ഭരണം നടത്തിയ ദാവീദിന്റേയും സോളമന്റേയും കാലത്തെ ഇസ്രായേൽ ജനതയുടെ ചിത്രം ഈ അനുഗ്രഹത്തിൽ പ്രതിഫലിക്കുന്നു. ഏസാവിനു നൽകുന്ന അനുഗ്രഹത്തിൽ നിന്ന് ഇതു കൂടുതൽ വ്യക്തമാകും.

“നിന്നെ ശപിക്കുന്നവൻ ശപ്തനും അനുഗ്രഹിക്കുന്നവൻ അനുഹിതനുമാകട്ടെ” എന്ന ആശംസ 12, 3 ലെ അനുഗ്രഹത്തെ അനുസ്മരിപ്പിക്കുന്നു. അബ്രാഹത്തെയും ഇസഹാക്കിനെയും ദൈവം നേരിട്ട് അനുഗ്രഹിച്ചതായി വിവരിച്ച വി. ഗ്രന്ഥകാരൻ ഇവിടെ യാക്കോബിനെ ഇസഹാക്ക് അനുഗ്രഹിക്കുന്നതായി പ്രതിപാദിക്കുന്നു എന്നതും ശ്രദ്ധേയമത്രേ. പിതാക്കന്മാരിലൂടെ ദൈവത്തിന്റെ അനുഗ്രഹം പിൻതലമുറകൾക്കു കൈമാറപ്പെടുന്നു എന്ന് ഇതു സൂചിപ്പിക്കുന്നു. ദൈവം നേരിട്ടു യാക്കോബിനെ അനുഗ്രഹിക്കുന്നതായി പിന്നീടു വിവരിക്കുന്നുണ്ട്.

**ഡി. ഏസാവും ഇസഹാക്കും 27, 30-34:** കാട്ടിറച്ചിയുമായി ഏസാവ് മടങ്ങിയെത്തുന്നതോടെ അടുത്ത രംഗം ആരംഭിക്കുന്നു. കബളിപ്പിക്കപ്പെട്ടു എന്നു മനസിലാക്കുന്ന ഇസഹാക്കിന്റെ പരിഭ്രമവും വഞ്ചിതനായി എന്നറിയുന്ന ഏസാവിന്റെ നിലവിളിയും വിവരണങ്ങളെ ഉച്ചകോടിയിലെത്തിക്കുന്നു. നിരാശനായ ഏസാവിന്റെ ദയനീയമായ ചോദ്യങ്ങളും നിസ്സഹായനായ പിതാവിന്റെ മറുപടികളും അനുഗ്രഹത്തെ സംബന്ധിച്ച് മുൻപു സൂചിപ്പിച്ച കാര്യങ്ങൾ വ്യക്തമാക്കുന്നു.

എന്നെയും അനുഗ്രഹിക്കുക എന്നു പറഞ്ഞു പൊട്ടിക്കരയുന്ന ഏസാവിനു പിതാവു നൽകുന്ന അനുഗ്രഹങ്ങൾ അനുഗ്രഹത്തെക്കാൾ ശാപമായാണു പ്രത്യക്ഷപ്പെടുന്നത്. മണ്ണിനു നൽകുന്ന വിശേഷണം ഏദോമ്യർ വസിച്ചിരുന്ന, പ്രായേണ ഫലശൂന്യമായ ഭൂപ്രദേശത്തെ അനുസ്മരിപ്പിക്കുന്നു. "വാളുകൊണ്ടു ജീവിക്കും" എന്ന പ്രവചനം നിലനില്പിനുവേണ്ടി നിരന്തരം യുദ്ധങ്ങളിൽ ഏർപ്പെടാൻ നിർബ്ബന്ധിതരാകുന്ന ഒരു ജനതയുടെ വിശേഷണമാണ്. "നിന്റെ സഹോദരനു നീ ദാസവൃത്തി ചെയ്യും, സ്വതന്ത്രനാകുമ്പോൾ ആ നുകം നീ തകർത്തുകളയും" എന്ന പ്രവചനം ഇസ്രയേല്യരും ഏദോമ്യരും തമ്മിൽ നിലനിന്ന ബന്ധത്തെ സൂചിപ്പിക്കുന്നു. ബി. സി. 13-ാം നൂറ്റാണ്ടിൽ ഇസ്രായേൽക്കാർ ഈജിപ്തിൽ നിന്നു മോചിതരാകുന്നതിനു മുമ്പേ ഏദോമ്യർ സാമാന്യം ശക്തമായൊരു രാജ്യമായിരുന്നു. ഫലപുഷ്ടി കുറഞ്ഞതെങ്കിലും പല തരം ലോഹങ്ങളാൽ സമൃദ്ധമായിരുന്നു അവരുടെ രാജ്യം. ദാവീദാണ് അവരെ തോല്പിച്ച് ഇസ്രായേലിന്റെ ആധിപത്യത്തിൻ കീഴിലാക്കിയത് (2 സാമു 8, 13-14). സോളമന്റെ അവസാനകാലത്ത് ഏദോമ്യർ കലാപത്തിനു മുതിർന്നെങ്കിലുംഏകദേശം നൂറു വർഷങ്ങൾക്കു ശേഷം യൂദരാജാവായ യോറാമിന്റെ കാലത്താണ് അവർക്കു സ്വതന്ത്രരാകാൻ കഴിഞ്ഞത്. (2 രാജാ 8, 20-22) സോളമന്റെ കാലത്ത് എഴുതുന്ന യാഹ്വിസ്റ്റ് ഗ്രന്ഥകാരൻ ഈ ചരിത്രവസ്തുതകളെ മുന്നിൽ കണ്ടുകൊണ്ടാവണം ഏസാവിനു ലഭിച്ച അനുഗ്രഹത്തെ പ്രവചനരൂപേണ അവതരിപ്പിക്കുന്നത്.

**ഇ. യാക്കോബും റബേക്കായും 27, 41-45:** വഞ്ചിതനായ ഏസാവ് സഹോദരനെ വധിക്കാൻ തീരുമാനിക്കുന്നതോടെ സംഭവങ്ങൾ അപ്രതീക്ഷിതമായൊരു ദിശയിലേക്കു നീങ്ങുന്നു. ഇളയ സഹോദരനെ വധിക്കാൻ തീരുമാനിക്കുന്ന ഏസാവിനു പിന്നിൽ കായേന്റെ ചിത്രം പ്രതിഫലിക്കുന്നതു കാണാം. പിതാവിനെ കബളിപ്പിച്ചു വാങ്ങിയ അനുഗ്രഹം ശാപമായി തീരാൻ പോകുന്നു എന്നു മനസ്സിലാക്കിയ റബേക്കാ പുതിയ പദ്ധതിക്കു രൂപം കൊടുക്കുന്നു. ഹാരാനിലേക്ക് ഒളിച്ചോടാൻ അവൾ തന്റെ ഇഷ്ടപുത്രനെ നിർബന്ധിക്കുന്നു. ക്ഷിപ്രകോപിയായ ജേഷ്ഠൻ വേഗം ശാന്തനാകുകയും എല്ലാം മറക്കുകയും ചെയ്യും എന്ന പ്രതീക്ഷയോടെയാണ് റബേക്കാ മകനെ പറഞ്ഞയക്കുന്നത്. അമ്മയും മകനും ഇനി ഒരിക്കലും ജീവനോടെ കണ്ടുമുട്ടുകയില്ല എന്ന് അവൾക്ക് അറിയാൻ കഴിഞ്ഞില്ല.

"ഒരു ദിവസം തന്നെ നിങ്ങൾ രണ്ടുപേരും എനിക്ക് നഷ്ടപ്പെടുന്നതെന്തിന്" എന്ന ചോദ്യം അഗാധദുഃത്തിലാണ്ട മാതൃഹൃദയത്തിന്റെ വേദന

വിളിച്ചറിയിക്കുന്നു, വേദന വിളിച്ചറിയിക്കുന്നു. ഏസാവ് അനുജനെ കൊന്നാൽ കൊലപാതകത്തിന്റെ പേരിൽ അവനും കൊല്ലപ്പെടും എന്ന ഭയമാണ് അമ്മയ്ക്കുള്ളത്. ഇളയവനായ യാക്കോബിനു വേണ്ടി നില കൊണ്ടെങ്കിലും ഇളയവനായ യാക്കോബിനു വേണ്ടി നിലകൊണ്ടെങ്കിലും മൂത്തവനായ ഏസാവും തന്റെ മകൻ തന്നെയാണെന്നും അവനേയും താൻ സ്നേഹിക്കുന്നുണ്ടെന്നും റബേക്കാ അംഗീകരിക്കുന്നതാണ് ഈ ചോദ്യം. ഇതോടെ പിതാവിന്റെ അനുഗ്രഹത്തെ സംബന്ധിച്ച വിവരണം അവസാനിച്ചു.

**വിചിന്തനം:** നുണയുടെയും വഞ്ചനയുടെയും പക്ഷപാതത്തിന്റെയും ഈ കഥയിൽ നിന്നു ശ്രദ്ധേയമായി ചില പാഠങ്ങൾ നമുക്കു ലഭിക്കുന്നുണ്ട്. 1. മാതാപിതാക്കന്മാർ ചില മക്കളോടു കാണിക്കുന്ന പ്രത്യേക സ്നേഹം കുടുംബകലഹത്തിനും വലിയ നാശത്തിനും കാരണമാകും. 2. സ്വാർത്ഥ പരവും പക്ഷപാതപരവും അനീതി നിറഞ്ഞതുമായ മനുഷ്യന്റെ പ്രവൃ ത്തികളിലൂടെയും ദൈവം തന്റെ രക്ഷാകര പദ്ധതി നടപ്പിലാക്കും. 3. മനുഷ്യൻ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചല്ല ദൈവം പ്രവർത്തി ക്കുന്നത്. ഇളയവർക്കു എളിയവർക്കും അവിടുന്നു പ്രത്യേകം സംര ക്ഷണം നൽകുന്നു. എന്നാലും മൂത്തവരേയും ശക്തരേയും അവഗണി ക്കുന്നില്ല. 4. ചെയ്യുന്ന പ്രവൃത്തികളുടെ ഉത്തരവാദിത്വം ഓരോരുത്തർക്കും ഉണ്ട്. ലക്ഷ്യം മാർഗ്ഗത്തെ ന്യായീകരിക്കുന്നില്ല. 5. വഞ്ചനയിലൂടെ നേടിയെടുത്ത അനുഗ്രഹം അമ്മയ്ക്കു മകനും അനുഗ്രഹമായില്ല. ഇരു പതിൽ പരം വർശം യാക്കോബിനു പരദേശവാസിയായി കഴിയേണ്ടിവ ന്നു. അമ്മയ്ക്കു തന്റെ മകനെ എന്നേയ്ക്കുമായി നഷ്ടപ്പെട്ടു. എന്നാൽ കബളിപ്പിക്കപ്പെട്ട ഏസാവ് സ്വന്തം വീട്ടിലും നാട്ടിലും താമസിച്ചു. അനു ഗൃഹീതമായ യാക്കോബിന്റെ മക്കൾ തമ്മിൽ കലഹിക്കുകയും അവസാനം ഈജിപ്തിൽ അടിമകളാവുകയും ചെയ്തപ്പോൾ ഏസാവിന്റെ മക്കൾ സ്വന്തമായ ദേശത്തു വസിച്ചു. ഇസ്രായേൽക്കാർ ഏദോമ്യരെ കീഴടക്കി യെങ്കിലും പിന്നീട് അവർ സ്വതന്ത്രരായി. പുതിയ നിയമം ആരംഭിക്കു മ്പോൾ ഏദോമ്യരായ അന്തിപ്പാത്തറിന്റെ മകൻ ഹേറോദേസാണ് ഇസ്ര യേലിന്റെ രാജാവായിരുന്നത്.

മാനുഷികമായി ചിന്തിക്കുമ്പോൾ യാക്കോബിനു ലഭിച്ച അനുഗ്രഹം അയാൾക്കോ, മാതാവിനോ, മക്കൾക്കോ, അനുഗ്രഹമായില്ല. എന്നാൽ ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ ആ അനുഗ്രഹം ഫലമണിഞ്ഞു. യാക്കോബിന്റെ സന്തതിപരമ്പരയിൽ നിന്നാണ് രക്ഷകനായ യേശു ക്രിസ്തു ജനിച്ചത്. അവിടുന്നു നൽകുന്ന രക്ഷയിൽ യാക്കോബിന്റെ

മക്കൾ മാത്രമല്ല, ലോകജനതകൾ മുഴുവൻ പങ്കുചേരുന്നു.

**5. ഹാരാനിലേക്കു യാത്ര 27, 46–29 (P):** ഏസാവിന്റെ കോപത്തിൽ നിന്ന് യാക്കോബിനെ രക്ഷിക്കാൻ വേണ്ടി താൻ എടുത്ത തീരുമാനത്തെ ഇസഹാക്കിന്റെ മുമ്പിൽ ന്യായീകരിക്കാനായി റബേക്കാ നടത്തുന്ന ഒരു ശ്രമവും അതിന്റെ പ്രതികരണവുമാണ് ഈ ഭാഗത്തു വിവരിക്കുന്നതെന്നു പ്രത്യക്ഷത്തിൽ തോന്നാം. 27, 46ൽ "അതു കഴിഞ്ഞു റബേക്കാ ഇസഹാക്കിനോടു പറഞ്ഞു" എന്ന മലയാള വിവർത്തനം ഈ പ്രതീതി വർദ്ധിപ്പിക്കുന്നു. എന്നാൽ അടുത്തു പരിശോധിക്കുമ്പോൾ 27, 46ൽ ഒരു പുതിയ വാവരണം ആരംഭിക്കുന്നതായി കാണാം. "അതു കഴിഞ്ഞ്" എന്ന കാലസൂചന ഹീബ്രുമൂലത്തിലില്ല. കഴിഞ്ഞ അധ്യായത്തിൽ വിവിരിച്ച സംഘർഷവുമായി യാതൊരു ബന്ധവുമില്ലാത്ത വിധത്തിലാണ് ഇവിയെ യാക്കോബിന്റെ യാത്രയ്ക്കുള്ള ഒരുക്കം വിവരിക്കുന്നത്. ഇതു പുരോഹിതരചനയുടെ ഭാഗമാണ്.

27, 46ൽ റബേക്കാ തന്റെ ക്ലേശങ്ങളും, യാക്കോബ് ഒരു കാനാൻകാരിയെ വിവാഹം ചെയ്താൽ ഉണ്ടാകാവുന്ന ഭവിഷ്യത്തും ഭർത്താവനോടു വിവരുക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. 26, 34–35ൽ വിവരിച്ചതിന്റെ തുടർച്ചയാണിത്. 28, 1–2ൽ ഇസഹാക്ക് യാക്കോബിനു നൽകുന്ന ഉപദേശം അബ്രാഹം എലെയാസറിനു നൽകിയ കല്പനയെ (24, 37) അനുസ്മരിപ്പിക്കുന്നു. പ്രവാസാനന്തരം ഇസ്രായേൽ നേരിട്ട വലിയൊരു പ്രശ്നമായിരുന്നു വിജാതീയരുമായുള്ള മിശ്രവിവാഹം (എസ്രാ 9–10). ബാബിലോണിൽ നിന്നു മടങ്ങിവന്ന യഹൂദ നേതാക്കന്മാർ മിശ്രവിവാഹത്തിനെതിരെ കർശനമായ നടപടിയെടുത്തത് പിതാക്കന്മാരുടെ വിശ്വാനം അഭംഗുരം കാത്തുസൂക്ഷിക്കാൻ വേണ്ടിയായിരുന്നു. കാനാൻകാരികൾ മൂലമുണ്ടായ ക്ലേശങ്ങളെ വർണ്ണിക്കുകയും ബന്ധുക്കളിൽ നിന്നു മാത്രം ഭാര്യയെ കണ്ടെത്താൻ യാക്കോബിനെ പറഞ്ഞയച്ചത് വിവരിക്കുകയും ചെയ്യുന്ന പുരോഹിതഗ്രന്ഥകാരൻ തന്റെ സമകാലികർക്ക് വ്യക്തമായ ഒരു നിർദ്ദേശം നൽകുന്നു. അജപാലനപരമായൊരു ദൗത്യമാണ് ഇതുവഴി നിർവ്വഹിക്കുന്നത്. യാഹ്വിസ്റ്റ് രചയിതാവ് ലാബാന്റെ നാടിനെ ഹാരാൻ എന്നു വിളിക്കുമ്പോൾ പുരോഹിത ഗ്രന്ഥകാരൻ പാദാൻ ആരാം എന്നു വിളിക്കുന്നു. പാദാൻ ആരാം എന്ന പ്രദേശത്തെ പ്രാധാന നഗരമായിരുന്നു ഹാരാൻ.

28, 2–4ൽ ഇസഹാക്ക് യാക്കോബിനു നൽകിയ അനുഗ്രഹം വിവരിക്കുന്നു. കഴിഞ്ഞ അധ്യായത്തിൽ പിതാവ് തന്റെ ജീവശക്തി പുത്രന്

അന്തിമാനുഗ്രഹത്തിലൂടെ കൈമാറിയതായി വിവരിച്ചു. അബ്രാഹത്തിനു നൽകിയ വാഗ്ദാനങ്ങൾ അനുഗ്രഹത്തിന്റെ പശ്ചാത്തലമായി നിന്നതേയുള്ളൂ. എന്നാൽ ഇവിടെ നേരിട്ട് ഇസഹാക്ക് അനുഗ്രഹം നല്കുകയല്ല, സർവ്വശക്തനായ ദൈവം അനുഗ്രഹിക്കട്ടെ എന്നാശംസിക്കുക മാത്രമാണു ചെയ്യുന്നത്. "അബ്രാഹത്തിന്റെ അനുഗ്രഹം" എന്നു വ്യക്തമായ പറയുന്നതിനു പുറമേ, "ധാരാളം സന്തതികളും സ്വന്തമായ ദേശവും" എന്ന് അനുഗ്രഹത്തെ നിർവ്വചിക്കുകയും ചെയ്യുന്നു. വഞ്ചനയിലൂടെ നേടിയെടുത്തതല്ല, പിതാവു കനിഞ്ഞ് പൂർണ്ണമായ അറിവോടും സ്വന്തന്ത്രമായ മനസ്സോടും കൂടെ യാക്കോബിനും നൽകുന്നതാണ് ഈ അനുഗ്രഹം. യാക്കോബ് ഒളിച്ചോടുകയല്ല പിതാവിന്റെ ആജ്ഞയനുസരിച്ച് യാത്ര പുറപ്പെടുകയാണ്.

28,6-9 വാക്യങ്ങൾ ഏസാവ് ഇസ്മയേലിന്റെ മകളെ വിവാഹം ചെയ്യുന്നത് വിവരിക്കുന്നു. സഹോദരനമാർ തമ്മിലുള്ള ശത്രുതയെ കുറിച്ച് ഇവിടെ ഒരു സൂചന പോലുമില്ല. തന്നെയുമല്ല, മാതാപിതാക്കളുടെ ഹിതം അനുസരിച്ച് ഏസാവും സ്വജനത്തിൽ നിന്ന് ഒരാളെ ഭാര്യയായി സ്വീകരിക്കാൻ തയ്യാറാക്കുന്നു. യാഹ്വിസ്റ്റ് രചനയിൽ കണ്ടു ദുർമാതൃകാപരവും അസ്വീകാര്യവുമായ സ്വഭാവ സവിശേഷതകളും സംഭവങ്ങലും എല്ലാം പുരോഹിത രചനയിൽ അപ്രത്യക്ഷമായിരിക്കുന്നു. ഇവിടെ പ്രത്യക്ഷപ്പെടുന്ന കഥാപാത്രങ്ങളെല്ലാം അനുകരണാർഹരായ മാതൃകാപുരുഷന്മാരാണ്. പരുക്കൻ കഥയിൽ നിന്ന് ദൈവശാസ്ത്ര വിചിന്തനത്തിലേക്കും ധാർമ്മികോപദേശത്തിലേയ്ക്കും കടക്കുന്ന പ്രതീതിയാണ് ഈ രണ്ടു വിവരണങ്ങൾ വായിക്കുമ്പോൾ ഉണ്ടാവുക. രണ്ടു വിവരണങ്ങളും നൽകുന്ന സന്ദേശങ്ങൾ പരസ്പര പൂരകങ്ങളാണ്.

**വിചിന്തനം :** സ്ത്രീപുരുഷന്മാരുടെ ജീവിതത്തെ വിവാഹം നിർണ്ണായകമായി സ്വാധീനിക്കുന്നു. അതിനാൽ ആരെയാണു വിവാഹം കഴിക്കുക എന്നത് ജീവൽപ്രധാനമാണ്. മാതാപിതാക്കൾ മക്കൾക്കുവേണ്ടിയോ മക്കൾ നേരിട്ടോ ജീവിതപങ്കാളിയെ തേടുമ്പോൾ സൗന്ദര്യത്തിനും സാമ്പത്തിക പരിഗണനകൾക്കും അപ്പുറത്ത് കുടുംബത്തിന്റെയും വ്യക്തികളുടെയും സ്വഭാവശുദ്ധിയും വിശ്വാസവും ധാർമ്മികബോധവും കണക്കിലെടുക്കണം. അല്ലെങ്കിൽ ജീവിതം ക്ലേശപൂർണ്ണമായിരിക്കും.

## ചോദ്യങ്ങൾ

1. റബേക്കായ്ക്കു ലഭിച്ച അരുളപ്പാടെന്ത്? അത് എപ്രകാരമാണ് തുടർന്നുള്ള സംഭവങ്ങളെ സ്വാധീനിച്ചത്?
2. ഏസാവ്, യാക്കോബ് എന്നീ പേരുകളുടെ അർത്ഥമെന്ത്?

3. ഏസാവ്, ഏദോം, സെയിർ എന്നീ പേരുകൾ തമ്മിലുള്ള ബന്ധമെന്ത്?
4. കടിഞ്ഞൂലവകാശം വിറ്റ ഏസാവിൽ നിന്ന് എന്തു പാഠമാണ് നിങ്ങൾക്കു ലഭിക്കുന്നത്?
5. ദൈവം ഇസഹാക്കിനു നല്കിയ വാഗ്ദാനം എന്ത്? വാഗ്ദാനത്തിനു കാരണമായി എന്താണ് അവതരിപ്പിച്ചിരിക്കുന്നത്?
6. ഗെരാറിൽ വച്ച് റബേക്കാ നേരിട്ട അപകടത്തോടു സാമ്യമുള്ള മറ്റു രണ്ടു സംഭവങ്ങൾ ബൈബിളിൽ വിവരിക്കുന്നുണ്ട്. ഏവ? ഇവ തന മ്മിലുള്ള സാമ്യവും വ്യത്യാസങ്ങളും ഏവ?
7. തന്നെ വെറുക്കുകയും പീഡിപ്പിക്കുകയും ചെയ്ത ഫിലിസ്ത്യരോട് ഇസഹാക്ക് എന്തു ചെയ്തു? എന്തു സന്ദേശമാണ് ഇതിൽ നിന്നു ലഭിക്കുന്നത്?
8. പിതാവിന്റെ അനുഗ്രഹത്തെ സംബന്ധിച്ച വിവരണത്തിൽ ഇസ്രയേൽ ചരിത്രത്തിന്റെ സ്വാധീനം ദൃശ്യമാണ്. വിശദമാക്കുക.
9. 27, 28 അധ്യായങ്ങളിൽ അനുഗ്രഹത്തെക്കുറിച്ചു നൽകിയിരിക്കുന്ന വിവരണങ്ങൾ തമ്മിൽ താരതമ്യം ചെയ്യുക.

**ചർച്ചക്ക്:** വഞ്ചനയിലൂടെ നേടി. അനുഗ്രഹം യാഥാർത്ഥത്തിൽ അനുഗ്ര ഹമോ? ഈ സംഭവത്തിലെ നാലു കഥാപാത്രങ്ങളുടേയും സ്വഭാവ ത്തെയും പർത്തനങ്ങളെയും അവർക്കു സംഭവിച്ചവയെയും വിശകലനം ചെയ്തു വിലയിരുത്തുക.

**പ്രാർത്ഥന:** "കർത്താവേ, അവിടുത്തെ കല്പനകളുടെ വഴിയിലൂടെ എന്നെ നയിക്കണമേ. ധനലാഭത്തിലേക്കല്ല, അങ്ങയുടെ കല്പനകളി ലേക്ക് എന്റെ ഹൃദയത്തെ തിരിക്കണമേ" (സങ്കീ 119, 35-36).

## 2. പ്രവാസം 28, 10-31, 55

യാക്കോബിന്റെ പരദേശവാസമാണ് ഈ ഭാഗത്തു വിവരിക്കുന്നത്. ഇതിനെ മൂന്നായി തിരിക്കാം. 1. ബേഥേലിലെ ദർശനം. 2. ലാബാന്റെ വീട്ടിൽ. 3. ഒളിച്ചോട്ടം.

**1. ബേഥേലിലെ ദർശനം 28, 10-22 (J) :** ബന്ധുക്കളിൽ നിന്ന് വധു വിനെ കണ്ടെത്താനായി യാക്കോബിനെ ഹാരാനിലേയ്ക്ക് അനുഗ്രഹിച്ച യച്ചത് എന്ന് 28, 1-5ൽ പറഞ്ഞു വച്ചെങ്കിലും തുടർന്നുള്ള സംഭവങ്ങൾ ഒരു ഒളിച്ചോട്ടത്തിന്റെ രൂപത്തിലാണ് ചിത്രീകരിച്ചിരിക്കുന്നത്. 27, 41-45ൽ വിവരിച്ചതിന്റെ തുടർച്ചയാണിത്. ഈ വിവരണം യാഹ്വിസ്റ്റ് രചനയുടെ

ഭാഗമായി കരുതപ്പെടുന്നു.

സഹോദരന്റെ കോപത്തെ ഭയന്ന് ജീവൻ രക്ഷിക്കാൻവേണ്ടി ഒളിച്ചോടുന്ന കുറ്റവാളിയും ഭീരുവുമായ യാക്കോബിനെ ദൈവം കൈവെടിയുന്നില്ല. വാഗ്ദത്തഭൂമിയിൽ നിന്നു പുറത്ത കടക്കുന്നതിനു മുമ്പേ ഒരു ദർശനത്തിലൂടെ ദൈവം അയാൾക്കു സംരക്ഷണം വാഗ്ദാനം ചെയ്യുന്നു. ബേർഷെബായിൽ നിന്ന് ഹാരാനിലേക്കുള്ള യാത്ര ആബ്രാഹം നടന്ന വഴിയിലൂടെ ഒരു തിരിച്ചുപോകലാണ്. ബേർഷെബായിൽനിന്ന് ഏകദേശം നൂറു കിലോമീറ്റർ വടക്കാണ് ബേഥേൽ. അതിനടുത്ത് അബ്രാഹം ബലിപീഠം പണത് ബലിയർപ്പിച്ചായിരുന്നു (ഉൽപ 12, 8).

ഭീരുവും ഭയചകിതനുമായ യാക്കോബിന്റെ ദയനീയാവസ്ഥ 10-11 വാക്യങ്ങൾ അവതരിപ്പിക്കുന്നു. വഴിവക്കിൽ തളർന്നു വീണവനെ തൊട്ടുണർത്തി ശക്തി പകർന്നു പുതിയ മനുഷ്യനാക്കുന്ന ദൈവത്തിന്റെ പ്രവൃത്തിയാണ് തുടർന്ന് വിവരിക്കുന്നത്. ഉറങ്ങിക്കിടക്കുന്നവന് ലഭിക്കുന്ന ദർശനം സ്വപ്നത്തെ സൂചിപ്പിക്കുന്നു. മനുഷ്യനെയും ദൈവത്തെയും തമ്മിൽ ബന്ധിപ്പിക്കുകയും രമ്യതപ്പെടുത്തുകയും ചെയ്യുന്ന രക്ഷാകര പദ്ധതിയുടെ പ്രതീകമാണ് ഭൂമിയിൽ ഉറപ്പിച്ചതും ആകാശം മുട്ടി നിൽക്കുന്നതുമായ ഗോവണി. അതിലൂടെ കയറുകയും ഇറങ്ങുകയും ചെയ്യുന്ന ദൈവദൂതന്മാർ ദൈവത്തിന്റെ ഹിതം മനുഷ്യരെ അറിയിക്കുകയും ചെയ്യുന്ന സന്ദേശവാഹകരാണ്. യാക്കോബിനും അദ്ദേഹത്തിന്റെ സന്തതികളായ ഇസ്രായേൽജനത്തിനും രക്ഷാകര പദ്ധതിയിലുള്ള പ്രത്യേക സ്ഥാനം ഇതു വെളിപ്പെടുത്തുന്നു. യാക്കോബിന്റെ സന്തതി പരമ്പരയിൽ ഒരുവനായ യേശുക്രിസ്തുവിലാണ് സ്വർഗ്ഗവും ഭൂമിയും പൂർണ്ണമായ രമ്യതയിൽ എത്തുന്നത് (യോഹ 1, 51).

ആകാശം മുട്ടുന്ന ഗോവണിയുടെ ചരിത്രപശ്ചാത്തലം പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു. മെസൊപ്പോട്ടേമിയായിലെ സിഗുറാത്ത് എന്ന പേരിൽ അറിയപ്പെട്ടിരുന്ന ക്ഷേത്രഗോപുരങ്ങളെ കുറിച്ച് ബാബേൽ ഗോപുരത്തിന്റെ കഥയിൽ നാം കണ്ടു. ഉന്നതമായ ഗോപുരത്തിന്റെ ഏറ്റം മുകളിലത്തെ നില ദൈവത്തിന്റെ അധിവാസസ്ഥലമായി പരിഗണിക്കപ്പെട്ടിരുന്നു. അങ്ങോട്ടു കയറിച്ചെല്ലാനുള്ള നടകളുടെ ചിത്രമാണ് ഈ ദർശനത്തിലെ ഗോവണിയിൽ പ്രതിഫലിക്കുന്നത്. മർദൂക്ക് ദേവനെ ആരാധിച്ചിരുന്നവർ ആഗ്രഹിച്ചതും ലക്ഷ്യം വെച്ചതുമായ ദൈവമനുഷ്യബന്ധം യാക്കോബിലൂടെയും അയാളുടെ സന്തതികളിലൂടെയും ആയിരിക്കും സാക്ഷാൽക്കരിക്കപ്പെടുക എന്ന് ഇത് സൂചിപ്പിക്കുന്നു.

ഗോവണിയുടെ മുകളിൽ കർത്താവു പ്രത്യക്ഷപ്പെടുന്നത് സ്വർഗ്ഗം തുറക്കപ്പെടുന്നതിന്റെ സൂചനയാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള അടുപ്പവും അകൽച്ചയും ഒരേ സമയം വെളിപ്പെടുത്തുന്നതാണ് ഈ ചിത്രം. 13-14 വാക്യങ്ങളിൽ യാക്കോബിനു നൽകുന്ന വാഗ്ദാനങ്ങൾ "സ്വന്തമായ ദേശവും അസംഖ്യമായ സന്തതിപരമ്പരയും" ഇതിനകം അനേകം തവണ ആവർത്തിക്കപ്പെട്ടുകഴിഞ്ഞു. സാർവ്വത്രികരക്ഷയെ കുറിച്ചുള്ള പരാമർശം 12, 3 ൽ നൽകിയ വാഗ്ദാനത്തെ അനുസ്മരിപ്പിക്കുന്നു. ഇത് ലോകജനതകളോടു മുഴുവനുമുള്ള തന്റെ ഉത്തരവാദിത്വത്തെ കുറിച്ച് യാക്കോബിനെ ബോധവാനാക്കുന്നു. 15-ാം വാക്യത്തിലൂടെ യാക്കോബിനു വാഗ്ദാനം ചെയ്ത വ്യക്തിപരമായ സംരക്ഷണം അദ്ദേഹത്തിനു ശക്തിയും പ്രത്യാശയും പ്രദാനം ചെയ്യുന്നു. ഈ വാഗ്ദാനത്തിലൂടെ ഭീരുവിന്റെ ഒളിച്ചോട്ടം ഒരു വിശ്വാസിയുടെ തീർത്ഥാടനമായി മാറുന്നു.

**വിചിന്തനം:** തികച്ചും അപ്രതീക്ഷിതമായ സാഹചര്യങ്ങളിലും വിധത്തിലും ആയിരിക്കും ദൈവം നമുക്കു പ്രത്യക്ഷപ്പെടുക. കുറ്റബോധവും ഭീതിയും മനസിനെ തളർത്തുകയും ജീവിതം തന്നെ വഴി മുട്ടിയെന്നു തോന്നുകയും ചെയ്യുമ്പോൾ തലയ്ക്കു മുകളിൽ സ്വർഗ്ഗം വിടരുകയും ദൈവം പുതിയ വാതിലുകൾ തുറക്കുകയും ചെയ്യും എന്ന യാക്കോബിന്റെ അനുഭവം പഠിപ്പിക്കുന്നു. കുറ്റബോദത്തിന്റെ ഭാരം ഹൃദയത്തിൽ പേറി, സ്വാർത്ഥതയുടെ വഴിവക്കിൽ തളർന്നു കിടക്കാനല്ല എണീറ്റ ദൈവമനുഷ്യരമ്യതയുടെ ദൂതന്മാരായി യാത്ര ചെയ്യാനാണ് ദൈവം ആവശ്യപ്പെടുന്നത്. ആ യാത്രയിൽ ആകാശം മുട്ടുന്ന ഗോവണിയുടെ മുകളിൽ മാത്രമല്ല യാത്രക്കാരന്റെ മുമ്പിലും ദൈവം ഉണ്ടായിരിക്കും.

16-17 വാക്യങ്ങൾ യാക്കോബിന്റെ പുതിയ ദൈവാവബോധം വിവരിക്കുന്നു. കർത്താവിന്റെ സാന്നിധ്യത്താൽ വിശുദ്ധമായ സ്ഥലത്താണ് താൻ വിചാരശൂന്യനായി കടന്നുവന്നതും കിടന്നുറങ്ങിയതും എന്ന അറിവ് അയാളെ സംഭീതനാക്കുന്നു. ഈ ഭയം മരണത്തിലേക്കല്ല ദൈവവുമായുള്ള വ്യക്തിപരമായ ബന്ധത്തിലൂടെ പുതിയൊരു ജീവിതത്തിലേക്കാണു നയിക്കുന്നത്. ദൈവവും മനുഷ്യനും തമ്മിൽ കണ്ടുമുട്ടുന്ന ഇടമാണ് സ്വർഗ്ഗകവാടം. 18-ാം വാക്യത്തിൽ വിവരിക്കുന്ന യാക്കോബിന്റെ പ്രവൃത്തി അസാധാരണ ദൈവാനുഭവത്തിലേക്കു കടന്നുവന്ന മനുഷ്യന്റ് നൈസർഗ്ഗിമായ പ്രതികരണം വെളിപ്പെടുത്തുന്നു. അഗാധമായ ദൈവൈവബോധം ആരാധനയിലേക്കു നയിക്കുന്നു. ആത്മീയമായ ആരാധന ബാഹ്യമായ പ്രകടിപ്പിക്കുന്ന അടയാളമാണ് നാട്ടിനിർത്തിയ കല്ലിൽ എണ്ണ

യൊഴിക്കുന്നത്. ഇപ്രകാരമുള്ള പ്രതിഷ്ഠകളും അഭിഷേകങ്ങളും പല പുരാതന മതങ്ങളിലും നിലവിലുണ്ടായിരുന്നു. ഇന്നും നിലനിൽക്കുകയും ചെയ്യുന്നു. നാട്ടി നിർത്തിയ കല്ല് സ്രഷ്ടാവായ ദൈവത്തിന്റെ ശക്തിയുടെ അടയാളമാണ്. കല്ലല്ല, അതു പ്രതിനിധാനം ചെയ്യുന്ന ദൈവത്തിൻരെ സാന്നിധ്യവും ശക്തിയുമാണ് പ്രധാനം. എന്നാൽ പലപ്പോഴും യാഥാർത്ഥ്യം മറന്ന് പ്രതീകങ്ങൾക്ക് അമിതപ്രാധാന്യം നൽകാനുള്ള പ്രവണത പ്രത്യക്ഷപ്പെടാറുണ്ട്. അപ്പോൾ പ്രതീകങ്ങൾ വിഗ്രഹങ്ങളായിത്തീരുന്നു. ഇപ്രകാരമുള്ള വിഗ്രഹാരാധനയ്ക്കെതിരെയാണ് പിന്നീട് പ്രവാചകന്മാർ ശക്തമായി പ്രതികരിച്ചത്.

19-ാം വാക്യത്തിലെ പേരു നൽകൽ, ബേഥേൽ എന്ന സ്ഥലത്തിന്റെയും അവിടെയുണ്ടായിരുന്ന ആരാധാനാകേന്ദ്രത്തിന്റെയും പ്രാധാന്യം എടുത്തുകാട്ടുന്നു. ഇസ്രായേലിലെ അതിപ്രധാനമായ ഒരു ആരാധനാകേന്ദ്രമായിരുന്നു ബേഥേൽ. പൂർവ്വപിതാവായ യാക്കോബിനു ലഭിച്ച ദൈവാനുഭവവുമായി ബന്ധപ്പെടുത്തുന്നതിലൂടെ ബേഥേലിന്റെ പ്രാധാന്യത്തിനു ദൈവശാസ്ത്രപരമായ അടിത്തറ നൽകുന്നു. "ദൈവത്തിന്റെ ഭവനം" എന്നാണ് ബേഥേൽ എന്ന പേരിന്റെ അരർത്ഥം. വാഗ്ദത്തഭൂമിയിലേക്കു തിരിച്ചു വരുന്ന യാക്കോബ് വീണ്ടു ബേഥേലിൽ വരുന്നതായി 35-ാം അധ്യായത്തിൽ വിവരിക്കുന്നുണ്ട്.

20-22 വാക്യങ്ങൾ യാക്കോബിന്റെ പ്രതിജ്ഞയാണ് വിവരിക്കുന്നത്. ദൈവം നൽകിയ വാഗ്ദാനങ്ങൾ എടുത്തു പറഞ്ഞുകൊണ്ട് ദൈവം വിശ്വസ്തത പാലിച്ചാൽ താനും വിശ്വസ്തനായിരിക്കും എന്ന് യാക്കോബ് പ്രതിജ്ഞ ചെയ്യുന്നു. തന്റെ ആവശ്യങ്ങൾ നിറവേറ്റിത്തരുന്നവനെ മാത്രമേ ദൈവമായി അംഗീകരിക്കാൻ യാക്കോബ് സന്നദ്ധനാകുന്നുള്ളൂ. ഇതൊരു വെല്ലുവിളി പോലെയാണ്. കർത്താവ് വെല്ലുവിളി സ്വീകരിക്കുകയും വാക്കു പാലിക്കുകയും ചെയ്തുവെന്ന് തുടരന്നുള്ള വിവരണങ്ങളിൽനിന്ന് ഗ്രഹിക്കാനാവും. ദശാംശത്തെ കുറിച്ചുള്ള പരാമർശം ആരാധനാകേന്ദ്രങ്ങളിൽ ഇസ്രയേൽക്കാർ നൽകാൻ ബാധ്യസ്ഥരായിരുന്ന ദശാശത്തെ സംബന്ധിച്ച നിയമത്തിന് സാധൂകരണം നൽകുന്നു.

**വിചിന്തനം:** യാക്കോബിന്റെ പ്രാർത്ഥനയും വാഗ്ദാനവും തികച്ചു ഭൗതികവും കച്ചവടമനോഭാവം പ്രകടിപ്പിക്കുന്നതും ആയി തോന്നിയേക്കാം. ആധ്യാത്മികതയിലേക്കുള്ള ഉണർവ്വിന്റെ തുടക്കമാണിത്. സ്വാർത്ഥത മറച്ചുവച്ച്, നുണയായി പറയുന്ന ഭംഗിവാക്കുകൾ നിറഞ്ഞ പ്രാർത്ഥനയേക്കാൾ എത്ര മനോഹരമാണ് ഹൃദയം തുറന്ന് ആവശ്യങ്ങളും ആഗ്രഹ

ങ്ങളും ഉണർത്തിക്കുന്ന ആത്മാർത്ഥമായ ഈ സംഭാഷണം. പത്തി ലൊന്നു മാത്രം ദൈവത്തിനു നൽകാൻ തയ്യാറാകുന്നത് അത്ര ഉദാരമല്ലാ യെന്നു കരുതുന്നെങ്കിൽ ദൈവത്തിനും ദൈവികകാര്യങ്ങൾക്കുമായി നാം നമ്മുടെയും നമുക്കുള്ളതിന്റെയും എത്ര ശതമാനം മാറ്റിവെയ്ക്കുന്നു എന്നു ചിന്തിക്കേണ്ടതുണ്ട്.

**2. ലാബാന്റെ വീട്ടിൽ 29, 1-20, 4, 43** (JE): ബേഥേലിലെ ദർശനത്തിൽ നിന്നു ശക്തിയാർജ്ജിച്ച യാക്കോബ് തന്റെ ബന്ധുവായ ലാബാന്റെ വീട്ടിൽ വാസമുറപ്പിക്കുകയും അയാളുടെ രണ്ട് പുത്രിമാരെ വിവാഹം ചെയ്ത് പന്ത്രണ്ടു മക്കളുടെ പിതാവാകുകയും ധാരാളം സ്വത്തു സമ്പാദിക്കുകയും ചെയ്തതിന്റെ വിവരണമാണ് തുടർന്നു നൽകുന്നത്. ഖള്ള രചനകൾ സംയോജിപ്പിച്ചതാണ് ഈ അധ്യായങ്ങൾ എന്നു കരുതപ്പെടുന്നു. എന്നാൽ ഓരോ രചനയുടേയും ഭാഗങ്ങൾ കൃത്യമായി വേർതിരിക്കുക എളുപ്പമല്ല.

**എ. റാഹേലുമായുള്ള കണ്ടുമുട്ടൽ 29, 1-14:** ദീർഘമായ യാത്രയെ കുറിച്ച് യാതൊന്നും പറയാതെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നതിന്റെ വിവരണമാണ് അവതരിപ്പിച്ചിരിക്കുന്നത്. "കിഴക്കുള്ളവരുടെ ദേശം" എന്ന പൊതുവായ വിശേഷണം കാനാനു കിഴക്കുള്ള അരമായരുടെ ദേശം എന്നാണ് അർത്ഥമാക്കുന്നത്. ജലക്ഷാമമുള്ള പ്രദേശങ്ങളിൽ എല്ലാ വർക്കും തുല്യമായ അവകാശം ഉറപ്പുവരുത്തുന്നതിനുവേണ്ടി കിണറു കൾ വലിയ കല്ലുകൊണ്ടു മൂടിവെക്കുക പുരാതനകാലത്ത് പതിവായിരു ന്നു. ഇടയന്മാരെല്ലാം ആടുകളുമായി എത്തിയ ശേഷമേ കല്ലുരുട്ടിമാറ്റി ആടുകൾക്കു വെള്ളം കൊടുക്കൂ. ഒറ്റയ്ക്ക് കല്ലുരുട്ടി മാറ്റിയ യാക്കോബ് അതീവശക്തിമാനായിരുന്നു എന്ന സൂചന ഇവിടെയുണ്ട്.

കിണറ്റുകരയിൽ വച്ച് റാഹേലുമായുള്ള കണ്ടുമുട്ടൽ എലെയാസർ റബേക്കായെ കണ്ടുമുട്ടിയതിനെ അനുസ്മരിപ്പിക്കുന്നു. എന്നാൽ രണ്ടും തമ്മിലുള്ള വ്യത്യാസവും ശ്രദ്ധേയമത്രേ. എലെയാസറിന്റേതു പോലുള്ള പ്രാർത്ഥനയോ അടയാളമോ നന്ദിപ്രകടനമോ ഒന്നു ഇവിടെയില്ല. ജ്യേഷ്ഠനെ ഭയന്ന് ഏകാകിയായി ഒളിച്ചോടിയ യുവാവിന് ഒരു ബന്ധു വിനെ കണ്ടെത്തിയതിലുള്ള സന്തോഷം മാത്രമാണ് ഇവിടെ വിവരിക്കു ന്നത്. മരുമകനെ കുറിച്ചു കേട്ട് കിണറ്റുകരയിലേക്ക് ഓടിയെത്തിയ ലാബാന്റെ പ്രതികരണവും വ്യത്യസ്തമാണ്. ധനികനായ ഒരു ബന്ധു വിനെയല്ല, വെറുംകൈയോടെ അഭയാർത്ഥിയായി വന്നിരിക്കുന്ന ഒരു ചെറു പ്പക്കാരനെയാണ് ലാബാൻ കാണുന്നത്. "അസ്ഥിയുടെ അസ്ഥിയും മാംസ ത്തിന്റെ മാംസവും," (ഉൽപ 2,23) എന്നു പറഞ്ഞുകൊണ്ട് യാക്കോബിനെ

തന്റെ കുടുംബാംഗമായി അയാൾ അംഗീകരിക്കുന്നു. എന്നാൽ ഏറെ താമസിയാതെ ഈ ബന്ധത്തിന് ഉലച്ചിൽ തട്ടുന്നതു കാണാം.

**ബി. വിവാഹം 29, 15-30:** ഒരു മാസത്തെ വാസത്തിനു ശേഷം യാക്കോബനോടു ചോദിക്കുന്ന ചോദ്യം ലാബാന്റെ ഉദ്ദേശ്യശുദ്ധിയുടെ അടയാളമാണെന്നു തോന്നാം. എന്നാൽ ജോലിക്കു പ്രതിഫലം നിശ്ചയിക്കാൻ ശ്രമിക്കുന്നതിലൂടെ യാക്കോബിനെ ബന്ധുവിന്റെ സ്ഥാനത്തുനിന്നു മാഖി ഒരു വേലക്കാരൻ ഒരു വേലക്കാരൻ മാത്രമായിട്ടാണ് അയാൾ കണക്കാക്കുന്നത് എന്നു സൂചിപ്പിക്കുന്നു. സുന്ദരിയായ റാഹേലിൽ അനുരക്തനായ യാക്കോബ് അവൾക്കുവേണ്ടി ഏഴു വർഷം വേല ചെയ്യാമെന്ന് വാഗ്ദാനം ചെയ്യുന്നു. വധുവിന്റെ പിതാവിനു വരൻ നൽകേണ്ട തുകയ്ക്കു പകരമാണ് ഈ ഏഴുവർഷത്തെ അദ്ധ്വാനം. അസാധാരണമാം വിധം വലിയൊരു തുകയാണ് യാക്കോബു വച്ചുനീട്ടുന്നത്. ലാബാന്റെ കൗശലം പ്രകടമാക്കുന്നതാണ് അയാൾ നൽകുന്ന മറുപടി. റാഹേലിനെ യാക്കൊബിനു ഭാര്യയായി നൽകാം എന്നു തെളിച്ചു പറയുന്നില്ല. വിവാഹസമയത്തു നടന്ന വഞ്ചനയിൽനിന്ന് അയാളുടെ ഉദ്ദേശ്യം വ്യക്തമാകുന്നു,

ദേഹം മുഴുവൻ മൂടുന്ന പർദ്ദ അണിയിച്ചാണ് വധുവിനെ വരന്റെ കൂടാരത്തിലേക്ക് ആനയിക്കുക. ദീർഘമായ വിരുന്നും അമിതമായ വീഞ്ഞും കൂടാരത്തിലെ ഇരുട്ടും പർദ്ദയുമെല്ലാം യാക്കോബിന് ആളെ തിരിച്ചറിയുന്നതിന് തടസ്സമായി നിന്നു. പ്രഭാതത്തിൽ വഞ്ചന മനസ്സിലാക്കിയ യാക്കോബിന്റെ ന്യായമായ പ്രതിഷേധത്തിന് ലാബാൻ നൽകുന്ന ഉത്തരം നാട്ടുനടപ്പനുസരിച്ചു ശരിയാണെങ്കിലും അത് അയാളുടെ പ്രവർത്തനത്തെ ന്യായീകരിക്കുന്നില്ല. “മൂത്തവൾ നിൽക്കെ ഇളയവളെ വിവാഹം ചെയ്തു കൊടുക്കുക പതിവില്ല” എന്ന ലാബാന്റെ മറുപടി മൂത്തവന്റെ സ്ഥാനം അപഹരിച്ച യാക്കോബിന്റെ വഞ്ചനക്കെതിരേയുള്ള പരോക്ഷമായ വിമർശനവും ഉൾക്കൊള്ളുന്നു. വിവാഹാഘോഷം ഒരാഴ്ചത്തേക്കു നീണ്ടുനിൽക്കുക സാധാരണമായിരുന്നു (ന്യായാ 14, 12; തോബി 11, 18).

ഏഴുവർഷം കൂടെ ജോലിചെയ്യണം എന്ന വ്യവസ്ഥയിൽ റാഹേലിനെയും യാക്കോബിനു ഭാര്യയായി നൽകുന്നതിലൂടെ ലാബാൻ തന്റെ ചൂഷണപാടവം പ്രകടമാക്കുന്നു. ധനമോഹം കുടുംബബന്ധങ്ങളെ തകർക്കുന്നതിന്റെ ഉദാഹരണമാണിത്. ഏകാകിയും പരദേശിയും കൂലിവേലക്കാരുനുമായ യാക്കോബിനു തന്റെ അവകാശങ്ങൾ സംരക്ഷിക്കാനോ വാക്കുമാറ്റിയ ഉടമയ്ക്കെതിരേ എന്തെങ്കിലും ചെയ്യാനോ കഴിയുന്നില്ല. സഹായത്തിനാളില്ലാത്ത സാധുക്കളെക്കൊണ്ട് വേലചെയ്യിച്ച് ലാഭമുണ്ടാ

ക്കുകയും അർഹമായ കൂലികൊടുക്കാതെ അവരെ വഞ്ചിക്കുകയും ചെയ്തിട്ട് നാട്ടുകാർക്കു വിരുന്നു നടത്തി മാന്യനാകുന്ന വഞ്ചകനാണ് ലാബാൻ. ഈ സംഭവത്തിൽ ലാബാനാണ് വിജയം. ചൂഷണം ചെയ്യപ്പെട്ട യാക്കോബ് ബാഹ്യമായി കീഴടങ്ങുന്നെങ്കിലും മനസ്സ് അടിയറ വയ്ക്കാതെ റാഹേലിനോടുള്ള സ്നേഹം കാത്തു സൂക്ഷിക്കുന്നു. "ലെയായെക്കാൾ കൂടുതൽ റാഹേലിനെ സ്നേഹിച്ചു" എന്ന പ്രസ്താവന അവർ ഇരുവരും തമ്മിലുള്ള മത്സരത്തിനു വഴിയൊരുക്കുന്നു.

**സി. യാക്കോബിന്റെ മക്കൾ 29, 31–30, 24:** നാലു സ്ത്രീകളിൽ നിന്നു യാക്കോബിനു പതിനൊന്നു പുത്രന്മാരും ഒരു പുത്രിയും ജനിച്ചത് ഈ വാക്യങ്ങളിൽ വിവരിക്കുന്നു. ഭർത്താവിന്റെ സ്നേഹം പിടിച്ചു പറ്റാൻ വേണ്ടി ഭാര്യമാർ തമ്മിൽ നടത്തുന്ന കടുത്ത മത്സരമായിട്ടാണ് മക്കളുടെ ജനനം ചിത്രീകരിച്ചിരിക്കുന്നത്. സന്താനപുഷ്ടി ദൈവാനുഗ്രഹമായും വന്ധ്യത്വം ശാപമായും കരുതിയിരുന്ന പശ്ചാത്തലത്തിൽ വേണം ഈ മത്സരത്തെ മനസിലാക്കാൻ.

മൂത്തവളും ആദ്യഭാര്യയെങ്കിലും ഭർത്താവിനാൽ അവഗണിക്കപ്പെട്ടവളായ ലെയായെ കർത്താവു പ്രത്യേകം പരിഗണിക്കുന്നു. എളിയവരും, അവഗണിക്കപ്പെട്ടവരുമായവരോടുള്ള ദൈവത്തിന്റെ പ്രത്യേക സ്നേഹം പ്രകടമാക്കുന്നതാണ് ലെയായെ കുറിച്ചുള്ള വിവരണം. ആറു പുത്രന്മാരുടേയും ഒരു പുത്രിയുടെയും അമ്മയാകാൻ കഴിഞ്ഞു എന്നതു തന്നെ ലെയാക്കു ലഭിച്ച ദൈവാനുഗ്രഹത്തിന്റെ അടയാളമാണ്. മാത്രമല്ല, ഇസ്രായേലിന്റെ ഏറ്റവും പ്രധാനപ്പെട്ട രണ്ടു ഗോത്രങ്ങൾ അവളുടെ മക്കളായ് ലേവിയിൽനിന്നു യൂദായിൽ നിന്നുമാണ് ഉത്ഭവിച്ചത്. ഇസ്രായേലിന്റെ വിമോചകനായ മോശയും പ്രഥമ പുരോഹികനായ് അഹറോനും ലേവിയിൽനിന്നു ജനിച്ചു. ഇസ്രായേലിനെ ശക്തമായ ഒരു സാമ്രാജ്യമാക്കി ഉയർത്തിയ ദാവീദ് യൂദാ ഗോത്രജനാണ്. ലോകരക്ഷകനായ യേശുക്രിസ്തു ജനിച്ചതും യൂദായുടെ ഗോത്രത്തിൽ നിന്നത്രേ.

ഭർത്താവിന്റെ പ്രത്യേക സ്നേഹത്തിനു പാത്രീഭൂതയായ റാഹേൽ ദീർഘകാലം വന്ധ്യയായി കഴിയേണ്ടിവന്നു. തനിക്കു സന്താനഭാഗ്യം നിഷേധിക്കപ്പെട്ടിരിക്കുന്നുവന്നു മനസ്സിലാക്കിയ അവൾ സഹോദരി ലെയായോട് അസൂയാലുവാകുന്നു. "മക്കളെ തരുക, അല്ലെങ്കിൽ ഞാൻ മരിക്കും" എന്ന അവളുടെ വിലാപം മാത്ൃത്വം എത്ര വിലപ്പെട്ടതാണെന്ന് വ്യക്തമാക്കുന്നു. കർത്താവാണ് അവളരുടെ പ്രാർത്ഥന കേട്ട് വന്ധ്യത്വം അവസാനിപ്പിക്കുന്നതും രണ്ടു പുത്രന്മാരെ നൽകുന്നതും രണ്ടാമത്തെ

മകനായ ബഞ്ചമിന്റെ ജനനത്തോടെ അവൾ മരിക്കുന്നതായി 3, 16–19 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. റാഹേലിനെ എന്നതുപോലെ അവളുടെ മക്കളെയും യാക്കോബ് പ്രത്യേകമായി സ്നേഹിച്ചെങ്കിലും ആ സ്നേഹം അവർക്കു പ്രത്യേക നന്മയൊന്നും ചെയ്തില്ല എന്നു മാത്രമല്ല, മറ്റു സഹോദരന്മാരുടെ അസൂയക്കും തന്മൂലം ജോസഫിൻരെ ക്ലേശങ്ങൾക്കും കാരണമാവുകയും ചെയ്തു.

റാഹേലും ലെയായും തങ്ങളുടെ ദാസിമാരെ യാക്കോബിനു നൽകുകയും അവരിൽനിന്നു ജനിച്ച മക്കൾക്ക് പേരിടുകയും ചെയ്തത് അന്നു നിലവിലിരുന്ന നിയമമനുസരിച്ചായിരുന്നു. ദാസിമാരുടെ മക്കളെ തങ്ങളുടെ തന്നെ മക്കളായി അവർ കരുതി. ഈ വിവരണത്തിലൂടനീളം യാക്കോബിന് സന്താനോല്പാദത്തിൽ കവഞ്ഞ് യാതൊരു പ്രാധാന്യവും നൽകിയിട്ടില്ല. തന്നെയുമല്ല, അയാൾ താൻ സ്നേഹിച്ച ഭാര്യയായ റാഹേലിന്റെ അടിമയായിത്തീർന്നു എന്ന പ്രതീതിയാണു ലഭിക്കുക. ലെയായുടെ മകൻ റൂബെൻ വയലിൽ നിന്നു കൊണ്ടുവന്ന ദുദായ്പ്പഴത്തിന്റെ സംഭവത്തിൽ ഇതു കൂടുതൽ വ്യക്തമാകുന്നു. ഗർഭധാരണശേഷി വർദ്ധിപ്പിക്കാൻ കഴിവുള്ള ഒരു പച്ചമരുന്നായി ദൂദായ്പ്പഴം കരുതപ്പെട്ടിരുന്നു. വയലിൽ വളരുന്ന ഒരു ചെടിയുടെ കിഴങ്ങാണ് "ദൂദായ് പഴം" എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. ഇതിന്റെ ഉപയോഗം മനസ്സിലാക്കിയിട്ടാവണം ലെയായും റാഹേലും തമ്മിൽ ഇതിനെച്ചൊല്ലി തർക്കമുണ്ടായത്. എന്റെ ഭർത്താവിനെ കൈയടക്കി വെച്ചിരിക്കുന്നതു പോരേ?" എന്ന ലെയായുടെ ആരോപണവും "നിന്റെ മകന്റെ ദൂദായ് പഴത്തിനു പകരമായി അദ്ദേഹം ഇന്നു രാത്രി നിന്റെ കൂടെ ശയിച്ചുകൊള്ളട്ടെ" എന്ന മറുപടിയും "ഞാൻ അങ്ങയെ വാങ്ങിയിരിക്കുകയാണ്" എന്ന ലെയായുടെ പ്രസ്താവനയും യാക്കോബിനെ കൂലിക്കു കൈമാറപ്പെടുന്ന വെറും ഒരു വേലക്കാരനായി ചിത്രീകരിക്കുന്നു.

യാക്കോബിനു ജനിച്ച മക്കൾക്കു പേരിടുന്നത് ഭാര്യമാരാണെന്നത് ലാബാന്റെ വീട്ടിൽ അയാൾക്കുണ്ടായിരുന്ന വേലക്കാരന്റെ സ്ഥാനം വീണ്ടും സൂചിക്കുന്നു. സ്ത്രീകൾക്ക് സമൂഹത്തിൽ വലിയ സ്ഥാനവും അവകാശവും ഉള്ള ഒരു പശ്ചാത്തലമാണ് ഇതിലൂടെ വെളിപ്പെടുന്നത്. ഓരോ പേരിനും നൽകുന്ന വ്യാഖ്യാനം ആ പേരിന്റെ വാച്യാർത്ഥത്തെക്കാൾ മക്കളുടെ ജനനത്തോടു ബന്ധപ്പെട്ട മാതാക്കളുടെ മാനസീകാവസ്ഥയും പ്രതീക്ഷകളും വെളിപ്പെടുത്തുന്നതാണ്. ഓരോ പേരും അതിനു ബൈബിളിൽ തന്നെ നൽകിയിരിക്കുന്ന വ്യാഖ്യാനവും താഴെ കൊടുക്കുന്നു. 1. റൂബെൻ – അവൻ എന്റെ കഷ്ടത കണ്ടു; 2.

ശിമയോൻ - അവൻ കേട്ടു; 3. ലേവി - ചേർന്നു നിൽക്കുന്നവൻ, 4. യൂദാ - സ്തുതി, 5. ദാൻ - വിധിക്കുക, 6. നഫ്ത്താലി - ഞാൻ മത്സരിച്ചു, 7. ഗാദ - ഭാഗ്യം, 8. ആഷേർ - സന്തോഷം, 9. ഇസ്സാക്കർ - കൂലി ക്കെടുത്തു, 10, സെബുലൂമ് - സമ്മാനം, 11. ജോസഫ് - വർദ്ധിപ്പിക്കുക, 12, ദീനാ - വ്യാഖ്യാനം നൽകുന്നില്ല. "വിധിക്കുക" എന്നർത്ഥമുള്ള ദാൻ എന്ന ക്രിയയിൽ നിന്നു തന്നെയാണ് ദീനാ എന്ന പേരും ഉണ്ടായത്.

**വിചിന്തനം:** ഒരു പുരുഷനെയും ഒരു സ്ത്രീയെയും തമ്മിൽ മരണം വരെ അവിഭാജ്യമായി ബന്ധിപ്പിക്കുന്ന കൂദാശയാണ് വിവാഹം. ബഹുഭാര്യാത്വവും ബഹുഭർതൃത്വവും ഒരുപോലെ നിഷിദ്ധവും നാശകരവുമാണെന്ന് സാവധാനമാണ് വെളിപ്പെടുത്തപ്പെട്ടത്. ഭാര്യമാർ തമ്മിലും പിന്നീട് അവരുടെ മക്കൾ തമ്മിലും ഉണ്ടായ കലഹം യാക്കോബിന്റെ ജീവിതത്തെ ദുഃഖപൂരിതമാക്കിയതായി ചിത്രീകരിക്കുന്ന വി. ഗ്രന്ഥകാരൻ ബഹുഭാര്യാത്വത്തിനെതിരേ ശക്തമായ താക്കീതു നൽകുന്നു.

ഡി. യാക്കോബിന്റെ സമ്പത്ത് 30, 25-43: തന്ത്രപൂർവ്വമായി നീക്കങ്ങളിലൂടെ യാക്കോബ് വലിയ സമ്പന്നനായിത്തീരുന്നതാണ് ഈ വാക്യങ്ങൾ. ചിത്രീകരിക്കുന്നത്. 25-34 വാക്യങ്ങൾ യാക്കോബും ലാബാനും തമ്മിൽ വേതനത്തെ സംബന്ധിച്ചു നടന്ന ചർച്ചയും തീരുമാനവും 35-43 വാക്യങ്ങൾ യാക്കോബ് സമ്പന്നനായ വിധവും വിവരിക്കുന്നു. ഭാര്യമാരെയും മക്കളെയും കൂട്ടി സ്വന്തം നാട്ടിലേക്ക് തിരിച്ചുപോകാൻ അനുവാദം ചോദിച്ചുകൊണ്ടാണ് യാക്കോബ് സംഭാഷണം ആരംഭിക്കുന്നത്. യാക്കോബും ലാബാനും തമ്മിൽ നിലനിന്ന ബന്ധത്തിന്റെ നൈയാമികവശം ഇവിടെ ശ്രദ്ധേയമാണ്.

ലാബാൻ വിലയ്ക്കു വാങ്ങിയതല്ലെങ്കിലും യാക്കോബ് ലാബാൻരെ വിട്ടിൽ ഒരു വേലക്കാരനായിട്ടാണ് ജീവിച്ചത്. സ്വന്തമായി വസ്തുവകകൾ ഒന്നുമില്ലാത്ത അയാൾ ലാബാന്റെ ആശ്രിതനാണ്. അടിമകളെ സംബന്ധിച്ചു നിലവിലിരുന്ന നിയമമാണ് (പുറ 21, 1-6) ഈ ബന്ധത്തിൽ ലാബാൻ പരിഗണിക്കുന്നതെന്ന് 31, 43ൽ നിന്നു തോന്നും. യജമാനൻ തന്റെ ദാസന് ഭാര്യയെ നൽകുകയും ദാസന് മക്കൾ ജനിക്കുകയും ചെയ്താൽ ഭാര്യയും മക്കളും യജമാനന്റേതായിരിക്കും. ദാസൻ സ്വതന്ത്രനായി പോകുന്നെങ്കിൽ ഭാര്യയെയും മക്കളെയും കൂടെ കൊണ്ടുപോകാൻ അയാൾക്ക് അവകാശമുണ്ടായിരിക്കുകയില്ല. ഈ നിയമത്തിൻരെ വെളിച്ചത്തിലായിരിക്കണം യാക്കോബ് അനുവാദം ചോദിക്കുന്നത്.

നുസിയിൽ നിന്നു കണ്ടുകിട്ടിയ ഹിത്യരുടെ ദത്തെടുക്കൽ നിയമത്തെ സംബന്ധിച്ച ഒരു രേഖ ഈ വിഷയത്തിലേക്കു കൂടുതൽ വെളിച്ചം വീശുന്നു. "അർഷെന്നിയുടെ മകൻ നഷ്വി, പുഹിഷെന്നിയുടെ മകനായ വുള്ളുവിനെ ദത്തെടുത്തു സംബന്ധിച്ച രേഖ നഷ്വി ജീവിക്കുന്നിടത്തോളം കാലം വുള്ളു അയാൾക്ക് ഭക്ഷണവും വസ്ത്രവും നൽകണം. നഷ്വി മരിക്കുമ്പോൾ വുള്ളു അയാളുടെ സ്വത്തിന് അവകാശിയായിരിക്കും. നഷ്വിക്കു സ്വന്തമായി ഒരു പുത്രൻ ജനിച്ചാൽ സ്വത്ത് അവനും വുള്ളുവിനും തുല്യമായി വീതിക്കണം. എന്നാൽ നഷ്വിയുടെ ദൈവങ്ങൾ അവന്റെ മകനുള്ളതായിരിക്കും. നഷ്വിക്ക് പുത്രനില്ലെങ്കിൽ അവന്റെ ദൈവങ്ങളെ വുള്ളുവിന് എടുക്കാവുന്നതാണ്. നഷ്വി തന്റെ മകളാ നഹൂയയെ വുള്ളുവിന് ഭാര്യയായി നൽകിയിരിക്കുന്നു. വുള്ളു മറ്റൊരുവളെ സ്വീകരിച്ചാൽ നഷ്വിയുടെ സ്വത്തിന്മേലുള്ള അവകാശം അയാൾക്കു നഷ്ടപ്പെടുന്നതായിരിക്കും. ഈ കരാർ ലംഘിക്കുന്ന ആൾ ഒരു മീനാ (1/2 കിലോ) വെള്ളിയും ഒരു മീനാ സ്വർണ്ണവും പിഴയൊടുക്കണം. (James B. Pritchard, Ancient Near Eastern Texts, Princeton 1969, pp, 219-220). ഈ രേഖയിലെ പേരുകളുടെ സ്ഥാനത്ത് ലാബാന്റെയും യാക്കോബിന്റെയും പേരുകൾ ചേർത്തു വായിക്കുന്നത് അർത്ഥം ഗ്രഹിക്കാൻ സഹായിക്കും.

ഈ നിയമപ്രകാരം ലാബാൻ മരിക്കുന്നതുവരെ അയാളെ പരിപാലിക്കാനുള്ള ഉത്തരവാദിത്വം യാക്കോബിനുണ്ട്. ലാബാന്റെ മരണത്തിനു ശേഷമേ എന്തെങ്കിലും അവകാശം ലഭിക്കുകയുള്ളൂ. ലാബാൻ യാക്കോബിനെ ദത്തെടുത്തതായോ അവകാശം വാഗ്ദാനം ചെയ്തതായോ ബൈബിൾ പറയുന്നില്ലെങ്കിലും അവർ തമ്മിലുള്ള ബനധത്തിൽ ഈ നിയമത്തിന്റെ സ്വാധീനം ദൃശ്യമാണ്.

എതിരാളിയെ കബളിപ്പിച്ച് സ്വന്തം ലാഭം വർദ്ധിപ്പിക്കാൻ ശ്രമിക്കുന്ന രണ്ടുപേർ തമ്മിലുള്ള വില പേശലായിട്ടാണ് കൂലിയെക്കുറിച്ചുള്ള ചർച്ച അവതരിപ്പിച്ചിരിക്കുന്നത്. രണ്ടു പേരുടേയും യഥാർത്ഥ ഉദ്ദേശ്യം സാവധാനമേ വെളിപ്പെടുത്തുന്നുള്ളൂ. ഭാര്യമാരെയും മക്കളെയും കൂട്ടി നാട്ടിലേക്കു പേകാനുള്ള അനുവാദമാണ് യാക്കോബ് ആദ്യം ചോദിക്കുന്നത്. യാക്കോബിനെ പ്രതി കർത്താവു തന്നെ അനുഗ്രഹിച്ചിരിക്കുന്നു എന്ന് ഏറ്റു പറയുന്ന ലാബാൻ അയാളുടെ സേവനം തുടർന്നു ലഭിക്കാൻ ആഗ്രഹിക്കുന്നു. അതിനായി എന്തു പ്രതിഫലവും നൽകാൻ തയ്യാറാണ്. അടുത്തപടി യാക്കോബ് നാടുവിട്ടു പോകുന്ന ആവശ്യം വിട്ട് തനിക്കായി എന്തെങ്കിലും സമ്പാദിക്കാനുള്ള ആഗ്രഹം

പ്രകടമാക്കുന്നു.

"അങ്ങ് എനിക്ക് ഒന്നും തരേണ്ടാ" എന്നു പറഞ്ഞിട്ട് ഉയനെ യാക്കോബ് വേതന വ്യവസ്ഥ നിർദ്ദേശിക്കുന്നു. ചെമ്മരിയാടുകൾ പൊതുവെ വെളുത്തതും കോലാടുകൾ കറുപ്പോ തവിട്ടു നിറമോ ഉള്ളതും ആകയാൽ യാക്കോബിന്റെ നിർദ്ദേശം പ്രത്യക്ഷത്തിൽ ലാബാനു വളരെ ലാഭകരമാണ്. അതിനാൽ അയാൾ ഉടനെ സമ്മതിക്കുന്നു. എന്നാൽ തുടർന്നുള്ള അയാളുടെ പ്രവർത്തനം വഞ്ചന നിറഞ്ഞതാണ്. ലാബാന്റെ ആട്ടിൻകൂട്ടത്തിൽ നിന്ന് കറുത്ത ചെമ്മരിയാടുകളെയും പൊട്ടോ പുള്ളിയോ ഉള്ള കോലാടുകളെയും തനിക്കു വേതനമായി മാറ്റിനിർത്താം എന്ന് യാക്കോബ് നിർദ്ദേശിച്ചത് ലാബാൻ സമ്മതിച്ചു. പക്ഷെ, ലാബാൻ തന്നെ ഇപ്രകാരമുള്ള ആടുകളെ തിരഞ്ഞു പിടിച്ച് തന്റെ മക്കളെ ഏല്പിക്കുകയും ആട്ടിൻ കൂട്ടങ്ങളെ തമ്മിൽ മൂന്നു ദിവസത്തെ യാത്രാദൂരത്തിൽ അകറ്റിനിർത്തുകയും ചെയ്യുന്നതിലൂടെ യാക്കോബിനെ ശരിക്കും കബളിപ്പിച്ചു എന്ന് അയാൾ കരുതി. എന്നാൽ ഈ പ്രവൃത്തിയിലൂടെ ലാബാൻ തന്നെയാണ് കബളിപ്പി ലാബാൻ തന്നെയാണ് കബളിപ്പിക്കപ്പെട്ടതെന്ന് തുടർന്നുള്ള സംഭവങ്ങൾ വ്യക്തമാക്കുന്നു. മൂന്നു ദിവസത്തെ അകലം തന്റെ തന്റെ പദ്ധതികൾ നടപ്പാക്കാൻ യാക്കോബിനു സൗകര്യം നൽകി.

ഗർഭധാരണസമയത്ത് മാതാവിനുണ്ടാകുന്ന അനുഭവങ്ങൾ ശിശുവിനെ ബാധിക്കുന്നുവെന്ന പൊതുവായ ധാരണയുടെ വെളിച്ചത്തിൽ യാക്കോബിന്റെ പ്രവൃത്തി മനസ്സിലാക്കാനാവും. ശ്രദ്ധാപൂർവ്വം പ്രയോഗിച്ച തന്ത്രങ്ങളിലൂടെ യാക്കോബ് വലിയ സമ്പന്നനായിത്തീരുന്നു. യാക്കോബ് ധനികനായതിന്റെ മറ്റൊരു വിശദീകരണം 31, 10-12 ൽ കൊടുത്തിട്ടുണ്ട്. ഏകനും പരദേശിയുമെങ്കിലും ചൂഷകനായ ഉടമസ്ഥന്റെമേൽ വിജയം കൈവരിക്കുന്ന ബുദ്ധിമാനായി തൊഴിലാളിയുടെ ചിത്രമാണ് ഇവിടെ തെളിഞ്ഞുവരുന്നത്.

**വിചിന്തനം:** സത്യസന്ധതയും ആത്മാർത്ഥതയുമില്ലാത്ത പെരുമാറ്റം സ്ഥായിയായ നന്മ പ്രദാനം ചെയ്യുകയില്ല. വഞ്ചിക്കുന്നവൻ വഞ്ചനക്ക് ഇരയായിത്തീരും

**3. ഒളിച്ചോട്ടം 31, 1-55 (JE)** ഭാര്യമാരും മക്കളും താൻ നേടിയെടുത്ത സകല സമ്പത്തുമായി യാക്കോബ് ഹാരാനിൽ നിന്ന് ഒളിച്ചോടുന്നതിന്റെ വിവരണമാണ് ഈ അധ്യായത്തിലുള്ളത്. വാഗദത്തഭൂമിയെ ലക്ഷ്യം വെച്ചു യാത്ര തിരിക്കുന്നതിലൂടെ യാക്കോബിന്റെ വിദേശവാസം അവസാനിക്കുന്നു. ഈ അധ്യായത്തെ മൂന്നായി തിരിക്കാം. എ. ഒളിച്ചോട്ട

ത്തിന് ഒരുക്ക ബി. ഒളിച്ചോട്ടം. സി. ലാബാനുമായി ഉടമ്പടി. മൂൻ അധ്യായങ്ങളിലെന്നപോല ഇവിടെയും JE രചനകൾ ഇടകലർത്തി അവ തരിപ്പിച്ചിരിക്കുന്നു.

**എ. ഒളിച്ചോട്ടത്തിന് ഒരുക്കം 31, 1–16:** ഹാരാനിൽ നിന്നു പുറപ്പെടാൻ യാക്കോബു തീരുമാനിച്ചതിനു മൂന്നു കാരണങ്ങളാണ് 1–13 വാക്യങ്ങളിൽ നൽകിയിരിക്കുന്നത്. ലാബാന്റെ തന്നെ താല്പര്യക്കുറവും പ്രകടമായ കാരണങ്ങളാണ്. ഇതിനു പുറമെ, അബ്രാഹത്തിന്റെ വിളിയെ അനുസ്മരിപ്പിക്കുന്ന കർത്താവിന്റെ കല്പനയും വാഗ്ദത്തഭൂമിയിലേയ്ക്കു പുറപ്പെടാൻ യാക്കോബിനെ പ്രേരിപ്പിക്കുന്നു.

4–13 വാക്യങ്ങൾ യാക്കോബ് തന്റെ ഭാര്യമാർക്കു നൽകുന്ന വിശദീകരണം വിവരിക്കുന്നു. ഒളിച്ചോടാൻ തീരുമാനിക്കുന്നതിനു മുമ്പേ അവരുടെ സമ്മതം ലഭിക്കുക ആവശ്യമായിരുന്നു. യാക്കോബിന്റെ ഭാര്യമാരാണെങ്കിലും അവർ ലാബാന്റെ അധീനതയിലുള്ള മക്കളായിരുന്നു. സ്വമനസ്സാ കൂടെ പോകുന്നില്ലെങ്കിൽ യാക്കോബിന് അവരെ നിർബ്ബന്ധിക്കാൻ കഴിയുമായിരുന്നില്ല. തന്റെ സത്യസന്ധതയും കഠിനാദ്ധ്വാനവും ലാബാന്റെ വഞ്ചനയും അനുസ്മരിപ്പിച്ചുകൊണ്ട് ഭാര്യമാരിൽ തന്നോട് അനുകൂലമായ മനോഭാവം സൃഷ്ടിക്കാൻ യാക്കോബ് ശ്രമിക്കുന്നു. പത്തു തവണ കൂലിയിൽ മാറ്റം വരുത്തി എന്ന പ്രസ്താവന 41-ാം വാക്യത്തിൽ വീണ്ടും ആവർത്തിക്കുന്നുണ്ട്. 30, 31–34ൽ അവതരിപ്പിച്ച വേതന വ്യവസ്ഥയിൽ പിന്നീടു പലപ്പോഴും മാറ്റം വരുത്തി എന്ന സൂചനയാണ് ഇതിൽ നിന്നു ലഭിക്കുക. കർത്താവിന്റെ കാരുണ്യമാണ് ലാബാന്റെ വഞ്ചനകളിൽ നിന്നു തന്നെ കാത്തു സൂക്ഷിച്ചതെന്നു യാക്കോബ് ഏറ്റു പറയുന്നു. 10–12 വാക്യങ്ങളിൽ ചിത്രീകരിക്കുന്ന ദർശനം 30, 37–40ൽ വിവരിച്ച യാക്കോബിന്റെ തന്ത്രത്തിന്റെ മറ്റൊരു വിവരണമാണ്. രണ്ടും രണ്ടു പാരമ്പര്യങ്ങളിൽ പെടുന്നു. മർദ്ദിതരുടെ ക്ലേശങ്ങൾ കാണുന്നവനാണ് ദൈവം എന്ന് ഇവിടെ പ്രത്യേകം എടുത്തു പറയുന്നു. 13-ാം വാക്യത്തിൽ "ബേഥേലിലെ ദൈവം" എന്ന വിശേഷണം 28, 10–20ൽ വിവരിച്ച ദർശനത്തെയും യാക്കോബിന്റെ പ്രതിജ്ഞയെയും അനുസ്മരിപ്പിക്കുന്നു. 31, 3ൽ നൽകിയ കല്പന ഒരിക്കൽ കൂടി ആവർത്തിച്ചുകൊണ്ട് ഈ വാക്യങ്ങളെ മുഴുവൻ ഒറ്റ യൂണിറ്റായി അവതരിപ്പിക്കുന്നു.

14–16 വാക്യങ്ങൾ ഭാര്യമാരുടെ പ്രതികരണം രേഖപ്പെടുത്തുന്നു. അവർ തമ്മിലുള്ള അസൂയയോ മത്സരത്തേയോ കുറിച്ച് യാതൊരു സൂചനയും ഇവിടെയില്ല. ഭർത്താവു പറഞ്ഞതിനോടെല്ലാം പരിപൂർണ്ണമായി

യോജിച്ചുകൊണ്ട് തങ്ങളുടേതായ അനുഭവങ്ങൾ അവർ കൂട്ടിച്ചേർക്കു ന്നു. മക്കളുടേതായ അവകാശങ്ങളെല്ലാം നിഷേധിച്ച്, വെറും അടിമക ളെപ്പോലെയാണ് പിതാവ് തങ്ങളെ പരിഗണിക്കുന്നതെന്നും തങ്ങളെ വിറ്റു കിട്ടിയ തുക തിന്നു നശിപ്പിച്ചെന്നും പിതാവിനെതിരേ ശക്തമായ ആരോ പണങ്ങളാണ് അവർ ഉന്നയിക്കുന്നത്. പെൺമക്കൾക്കു പിതാവിന്റെ സ്വത്തിൽ അവകാശമുണ്ടെന്നും സ്ത്രീധനത്തുകയുടെ ഒരു ഭാഗം അവർക്ക് അവകാശപ്പെട്ടതാണെന്നും ഉള്ള സൂചനകൾ ഈ ആരോപ ണങ്ങളിൽ കാണാം. പിതാവു തങ്ങളെ വിറ്റു കഴിഞ്ഞതിനാൽ ഇനി തങ്ങലുടെ മേൽ യാതൊരധികാരവും ഇല്ല എന്നും ഈ വാക്കുകൾ സൂചി പ്പിക്കുന്നു.

യാക്കോബിനെയും ഭാര്യമാരെയും പൂർണ്ണമായി ന്യായീകരിക്കുന്ന ഈ വിവരണം അനുവാചകരുടെ മനസ്സിൽ അവരോട് അനുഭാവവും ചൂഷ കനും വഞ്ചകനുമായ ലാബാനോട് അമർഷവും ജനിപ്പിക്കുന്നു. ഇതു മുഴുവൻ ഏലോഹിസ്റ്റ് രചനയുടെ ഭാഗമാണ്. കുറ്റകരവും ഉതപ്പുളവാ ക്കുന്ന പരാമർശങ്ങളെല്ലാം ഉപേക്ഷിച്ചും ആവശ്യമായ വിശദീകരണങ്ങൾ നൽകിയും പൂർവ്വികരെ മാതൃകാവ്യക്തികളായി ചിത്രീകരിക്കുക ഏലോ ഹിസ്റ്റ് രചനയുടെ ഒരു പ്രത്യേകതയാണ്.

**ബി. ഒളിച്ചോട്ടം 31, 17-25:** ലാബാന്റെ മക്കളുടെയും യാക്കോബിന്റെയു ആട്ടിൻകൂട്ടങ്ങൾ തമ്മിലുണ്ടായിരുന്ന അകലം ഒളിച്ചോട്ടത്തിനു സഹായ കമായി. ആടുകളുടെ രോമം കത്രിക്കൽ വലിയൊരു ആഘോഷമായി രുന്നു (1 സാമു 25, 2-23; 2 സാമു, 13, 23-29). ഇത് യാക്കോബിന് അനുകൂ ലമായ അവസരമായിരുന്നു. റാഹേൽ പിതാവിന്റെ കുലവിഗ്രഹങ്ങൾ കട്ടെ ടുത്തത് എന്തിനു വേണ്ടിയാണെന്ന കാര്യത്തിൽ ഭിന്നാഭിപ്രായങ്ങളുണ്ട്. ദൈവങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്താൻ വേണ്ടിയാണിത്ു ചെയ്ത തെന്ന് ചിലർ കരുതുന്നു. ദത്തവകാശത്തെ പറ്റിയുള്ള ഹിത്യരുടെ നിയ മപ്രകാരം കുലദൈവവിഗ്രഹങ്ങൾ പിതൃസ്വത്തിന്റെ അവകാശിക്കുള്ളതാ ണ്. പിതാവിന്റെ സ്വത്തിന് മേൽ തനിക്കുള്ള അവകാശത്തിന്റെ അടയാ ളമായിട്ടാണ് റാഹേൽ വിഗ്രഹങ്ങൾ മോഷ്ടിച്ചത് എന്നു മറ്റുചിലർ കരുതു ന്നു. യാക്കോബിനെതിരെ ലാബാൻ ഉന്നയിക്കുന്ന ആരോപണങ്ങളിൽ വിഗ്രഹമോഷണത്തിനു നൽകുന്ന പ്രാധാന്യത്തിൽനിന്ന് രണ്ടാമത്തെ അഭി പ്രായമാണ് കൂടുതൽ സ്വീകാര്യം എന്നു കാണാം. യൂഫ്രട്ടീസ് നദിക ടന്ന് യാക്കോബും സംഘവും കാനാൻ ലക്ഷ്യമാക്കി യാത്ര തിരിച്ചു.

മൂന്നു ദിവസത്തിനു ശേഷം വിവരം അറിഞ്ഞ ലാബാൻ തന്റെ

സഹോദരങ്ങളെയും കൂട്ടി യാക്കോബിനെ പിന്തുടർന്നു. സംഖ്യാബലത്താൽ ശക്തനായ ലാബാൻ യാക്കോബിനെ ഉപദ്രവിക്കാതിരിക്കാൻ ദൈവം തന്നെ അയാൾക്കു താക്കീതു നല്കുന്നു. സ്വപ്നത്തിലൂടെ സന്ദേശം അറിയിക്കുന്നത് ഏലോഹിസ്റ്റ് രചനയുടെ ഒരു പ്രത്യേകതയാണ്. നല്ലതോ ചീത്തയോ ആയ ഒരു വാക്കു പോലും പറയരുത് എന്ന കല്പന സർവ്വസാധാരണമായൊരു ശൈലിയാണ്. ഒരു നല്ല വാക്കുപോലും പറയരുതെന്നല്ല, ഉപദ്രവിക്കാൻ മുതിരരുത് എന്നു മാത്രമേ ഇത് അർത്ഥമാക്കുന്നുള്ളൂ. ബലഹീനർക്കു ദൈവം നൽകുന്ന സംരക്ഷണത്തിന്റെ ഉദാരഹണമാണിത്.

**സി. ഉടമ്പടി 31, 26-55:** ലാബാന്റെ ആരോപണങ്ങളും യാക്കോബിന്റെ പ്രത്യാരോപണങ്ങളും അവസാനം ഒരു കരാറിലേയ്ക്കു നയിക്കുന്നു. യാക്കോബിനെതിരേ ലാബാൻ നിരത്തുന്ന ആരോപണങ്ങൾ പ്രത്യക്ഷത്തിൽ തികച്ചും നീതിയുക്തമാണ്. കൂട്ടുകുടുംബത്തിന്റെ സംരക്ഷണമില്ലാത്തവർ അക്രമങ്ങളെയും അപകടങ്ങളെയും നേരിടേണ്ടിവരും. പിതൃഭവനം വിട്ടു പോവുകയാണെങ്കിൽത്തന്നെ രമ്യതയിലാണു പിരിയുന്നതെങ്കിൽ ബന്ധുക്കളുടെ സംരക്ഷണം അവകാശപ്പെടാം. ഇതൊന്നും കണക്കിലെടുക്കാതെ ഒളിച്ചോടിയതിനു ശിക്ഷിക്കുവാൻ തനിക്കു കഴിയുമെങ്കിലും സ്വപ്നത്തിൽ ലഭിച്ച ദൈവകല്പന അതു വിലക്കുന്നു. എന്നാൽ മക്കളുടെ സുരക്ഷിതത്വത്തെക്കാൾ കുലദൈവവിഗ്രഹങ്ങളാണ് ലാബാനു വിലപ്പെട്ടതെന്നു തുടർന്നുള്ള ആരോപണത്തിൽ നിന്നു വ്യക്തമാകുന്നു. റാഹേൽ വിഗ്രങ്ങൾ മോഷ്ടിച്ചതറിയാതെ യാക്കോബ് വധശിക്ഷ പ്രഖ്യാപിക്കുന്നത് അനുവാചകരുടെ ആകാംക്ഷ വർദ്ധിപ്പിക്കുന്നു. ആർത്തവത്താൽ മലിനയായ റാഹേൽ (ലേവ്യ 15, 19-20) വിഗ്രഹങ്ങളുടെ മുകളിൽ കയറിയിരിക്കുന്ന ചിത്രം വിഗ്രഹങ്ങൾക്കും വിഗ്രാഹരാധനയ്ക്കും എതിരെയുള്ള വ്യക്തമായ പരിഹാസമാണ്.

തന്റെ ആരോപണങ്ങൾ തെളിയിക്കാൻ കഴിയാത്ത ലാബാനെതിരെ യാക്കോബു തൊടുത്തു വിടുന്ന കുറ്റാരോപണങ്ങൾ ആട്ടിയന്മാരുടെ ക്ലേശപൂർണ്ണമായ ജീവിതത്തെ വ്യക്തമായി ചിത്രീകരിക്കുന്നു. താൻ അനുഭവിക്കേണ്ടി വന്ന കഷ്ടതകളെയും ചൂഷണങ്ങളെയും കുറിച്ച് അയാൾ നൽകുന്ന വിവരണത്തിൽ പ്രവാചക ശബ്ദത്തിന്റെ പ്രതിധ്വനി കേൾക്കാം. മർദ്ദിതന്റെ പക്ഷം ചേർന്നു നീതിയെ വിജയത്തിലെത്തിക്കുന്ന ദൈവത്തിന്റെ പ്രവർത്തനമാണ് യാക്കോബിന്റെ വാദത്തിൽ തെളിഞ്ഞു നിൽക്കുന്നത്. ഇവിടെ യാക്കോബ് ഒളിച്ചോടുന്ന ഭീരുവും മോഷ്ടാവുമല്ല, തന്റെ

അവകാശം പിടിച്ചെടുക്കുകയും ദൈവനാമത്തിൽ ചൂഷകനെ നേരിടുകയും ചെയ്യുന്നു ചൂഷിതനാണ്. കായബലവും ആയുധശേഷിയുമുണ്ടെങ്കിലും നീതിയുടെ ബലവും ദൈവത്തിന്റെ പിന്തുണയുമില്ലാത്ത ലാബാൻ ഒരു സമാധാന ഉടമ്പടിക്കു തയ്യാറാകുന്നു.

44-55 വാക്യങ്ങൾ വിവരിക്കുന്ന ഉടമ്പടി രണ്ടു കാര്യങ്ങൾ ഉൾക്കൊള്ളുന്നു. 1. ലാബാന്റെ പുത്രിമാർക്ക് യാക്കോബു സംരക്ഷണം നൽകണം. 2. പരസ്പരം അതിർത്തികൾ മാനിക്കണം. രണ്ട് അടയാളങ്ങലസും (31, 45-46.51) രണ്ടു വിരുന്നുകളും (31, 46-54) രേഖപ്പെടുത്തുയിരിക്കുന്നതിനാൽ രണ്ടു വ്യത്യസ്ത ഉടമ്പടികൾ സംയാജിപ്പിച്ചതാണ് ഈ വിവരണം എന്നു വ്യാഖ്യാതാക്കൾ കരുതുന്നു. ആദ്യത്തേത് കുടുംബബന്ധത്തെ സംബന്ധിച്ചതും, രണ്ടാമത്തേത് ഇസ്രായേല്യരും അരമായരും തമ്മിലുള്ള രാജ്യാതിർത്തിയെ സംബന്ധിച്ചതും. പരസ്പരം അക്രമിക്കുകയില്ല എന്ന രണ്ടാമത്തെ ഉടമ്പടിക്ക് അബ്രാഹവും അബിമെലേക്കും തമ്മിൽ ചെയ്ത ഉടമ്പടിയോട് (ഉൽപ. 21, 23-24) സാമ്യമുണ്ട്. ഉടമ്പടിയുടെ അടയാളമായി കൽക്കൂമ്പാരത്തിനു രണ്ടു പേരുകൾ നൽകുന്നു. ''യേഗേർ സഹദൂത്താ'' എന്ന അരമായ നാമത്തിന്റെ അർത്ഥം ''സാക്ഷിയുടെ കൂമ്പാരം'' എന്നാണ്. ''ഗേലേദ്'' എന്ന ഹെബ്രായ നാമത്തിനും അതേ അർത്ഥമാണുള്ളത്. കൽത്തൂണിനു നൽകുന്ന ''മിസ്പാ'' എന്ന പേരിന്റെ അർത്ഥം ''കാവൽക്കാരൻ'' എന്നാണ്. നാട്ടി നിർത്തിയ കല്ല് എന്നർത്ഥമുള്ള ''മസേബാ'' എന്ന പേരിനോട് ഇതിനു സാമ്യമുണ്ട്. ബലിയർപ്പണവും വിരുന്നും ഉടമ്പടി ഉറപ്പിക്കുന്നതിന്റെ ഭാഗമാണ്. ശത്രുതയും സംഘട്ടനവും അവസാനിപ്പിച്ച്, മക്കളെയും മക്കളുടെ മക്കളെയും അനുഗ്രഹിച്ചിട്ട് ലാബാൻ തിരിച്ചു പോകുന്നതോടെ യാക്കോബിന്റെ പ്രവാസവും ഒളിച്ചോട്ടവും അവസാനിക്കുന്നു. ഇനി വാഗ്ദത്തഭൂമിയിലേക്കുള്ള തിരിച്ചുവരവാണ്.

**വിചിന്തനം:** ചൂഷിതന്റെ കൗശലത്തേക്കാൾ ശക്തന്റെ ചൂഷണത്തെ ദൈവം വെറുക്കുന്നു. ചൂഷകർക്കെതിരെ ചൂഷിതർക്കു സംരക്ഷണം നൽകുന്നവനാണ് ദൈവം. മർദ്ദിതരുടെ പക്ഷം ചേരുന്ന ദൈവത്തിന്റെ ചിത്രം ഇവിടെ പ്രകടമാകുന്നു. വഞ്ചനയും ചൂഷണവും അവസാനിപ്പിച്ച് എല്ലാവരും നീതിയിലും സാഹോദര്യത്തിലും കഴിയണം എന്ന് അവിടുന്ന ആഗ്രഹിക്കുന്നു. ഇരുപതു വർഷത്തെ പ്രവാസവും ആ കാലഘട്ടത്തിൽ

അനുഭവിക്കേണ്ടി വന്ന ദുരിതങ്ങളും യാക്കോബിനെ തന്റെ സ്വാർത്ഥത യിലും വഞ്ചനാ മനോഭാവത്തിലും നിന്ന് ശുദ്ധീകരിക്കാനായി ദൈവം നൽകിയ ശിക്ഷണമായി കരുതാനാവും. അസംഖ്യം സന്തതികളെക്കുറിച്ച് അബ്രാഹത്തിനും ഇസഹാക്കിനും ദൈവം നൽകിയ വാഗ്ദാനം പൂർത്തീ കരിക്കാനുള്ള ഒരുക്കമാണ് ഈ പ്രവാസത്തിൽ വച്ചുനടന്നത്. പ്രവാസം ശിക്ഷയായി തോന്നാമെങ്കിലും അതിനു രക്ഷണീയശക്തിയുണ്ട്.

**ചോദ്യങ്ങൾ**

1. ബേഥേലിലെ ദർശനത്തിൽ നിന്ന് ദൈവത്തെയും തന്റെ ദൗത്യ ത്തെയും കുറിച്ച് യാക്കോബിന് എന്തുൾക്കാഴ്ചയാണു ലഭിച്ചത്?
2. എലെയാസറിന്റെയും യാക്കോബിൻരെയും ഹാരാനിലേക്കുള്ള യാത്രയും ലാബാന്റെ വീട്ടിൽ അവർക്കു ലഭിച്ച സ്വീകരണവും താര തമ്യം ചെയ്യുക.
3. വഞ്ചിക്കുന്നവൻ വഞ്ചിതനാകും. യാക്കോബിന്റെയും ലാബാന്റെയും അനുഭവത്തിന്റെ വെളിച്ചത്തിൽ സമർത്ഥിക്കുക.
4. ലെയായുടെയും റാഹേലിന്റെയും അനുഭവത്തിൽ നിന്ന് എന്തു പാഠ മാണ് നിങ്ങൾക്ക് ലഭിക്കുന്നത്?
5. ലാബാൻ യാക്കോബിനെ ഉപദ്രവിക്കാതിരുന്നത് എന്തുകൊണ്ട്? എന്തു സന്ദേശമാണ് അതിൽനിന്നു ലഭിക്കുന്നത്?
6. യാക്കോബും ലാബാനും തമ്മിൽ ചെയ്ത ഉടമ്പടിയിൽ രണ്ടു ഘടക ങ്ങൾ ഉൾക്കൊള്ളുന്നു. ഏവ?

**ചർച്ചക്ക്:** തന്റെ പെൺമക്കളോടും യാക്കോബിനോടും ഉള്ള ലാബാന്റെ പെരു മാറ്റത്തിൽ നിന്ന് എന്തു പ്രായോഗികപാഠമാണ് നിങ്ങൾക്കു ലഭിക്കുന്നത്.

**പ്രാർത്ഥന:** "കർത്താവേ, അങ്ങയുടെ കാരുണ്യം ഞങ്ങളിൽ ചൊരിയ ണമേ. ഞങ്ങൾക്കു രക്ഷ പ്രദാനം ചെയ്യണമേ" (സങ്കീ 85, 7).

## 3. വീണ്ടും വാഗ്ദത്തഭൂമിയിൽ 32,1–33,17 (JE)

ഹാരാനിൽ നിന്ന് ഒളിച്ചോടിയ യാക്കോബ് ലാബാനുമായി രമ്യത യിൽ പിരിഞ്ഞ് സമാധാനത്തിൽ യാത്ര തുടർന്നെങ്കിലും വാഗ്ദത്ത ഭൂമി യിൽ പ്രവേശിക്കുന്നതിനു മുമ്പേ വലിയൊരു പ്രതിസന്ധിയെ നേരിടേ

ണ്ടിവരുന്നു. തന്നെ വധിക്കാൻ തീരുമാനിച്ചിരുന്ന സഹോദരൻ ഇരുപതു വർഷങ്ങൾക്കു ശേഷം ശത്രുത മറന്നോ എന്നു തീർച്ചയില്ലാത്തതിനാൽ വലിയ ഭയത്തോടും കരുതലോടും കൂടിയാണ് യാക്കോബ് അയാളെ കണ്ടുമുട്ടാൻ തയ്യാറാകുന്നത്.

**എ. ഒരുക്കം 32, 1-21:** വാഗ്ദത്തഭൂമിയുടെ പടിവാതിൽക്കൽ വെച്ച് യാക്കോബിനുണ്ടായ ദൈവദർശനമാണ് 1-2 വാക്യങ്ങളിൽ വിവരിക്കുന്നത്. ഇത് ഏലോഹിസ്റ്റ് രചനയുടെ ഭാഗമാണ്. യാക്കോബിനു ലഭിച്ച ദൈവദൂതന്മാരുടെ ദർശനത്തിന്റെ അർത്ഥം എന്തെന്ന കാര്യത്തിൽ വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. ദൈവത്തിന്റെ പ്രത്യേക സംരക്ഷണമുള്ള ദേശത്തേയ്ക്കാണ് താൻ പ്രവേശിക്കുന്നത് എന്ന അവബോധം യാക്കോബിനു നൽകുന്നതാണ് ഈ ദർശനം എന്നു ചിലർ കരുതുന്നു. ദൈവത്തിന്റെ സൈന്യമാണിത് എന്ന ാക്കോബന്റെ സ്വാഗതവും ആ സ്ഥലത്തിനു നൽകുന്ന "പട്ടാളത്താവളം" അഥവാ "പാളയം" എന്നർത്ഥമുള്ള ''മഹനായീം" എന്ന പേരും ഈ വ്യാഖ്യാനത്തിനു വിശ്വാസ്യതപകരുന്നു. യാക്കോബിനു ദൈവത്തിന്റെ സംരക്ഷണം ഉറപ്പുവരുത്തുക മാത്രമല്ല, താൻ എന്തു ചെയ്യണം എന്നതിനെക്കുറിച്ചു വ്യക്തമായ സൂചന നൽകുകകയും ഈ ദൂതന്മാരുടെ ദൗത്യമാണെന്നു മറ്റുചിലർ കരുതുന്നു.

ഏസാവിനെ കണ്ടുമുട്ടാനുള്ള രണ്ടു ഘട്ടമായിട്ടാണ് വിവരിച്ചിരിക്കുന്നത്. 3-13എ വാക്യങ്ങൾ യാഹ്വിസ്റ്റ് രചനയുടെയും 13ബി -21 വാക്യങ്ങൾ ഏലോഹിസ്റ്റ് രചനയുടെയും ഭാഗങ്ങളായി കരുതപ്പെടുന്നു. ആദ്യത്തേത് ദൂതന്മാർ വഴി സഹോദരനോടു ദയക്കുവേണ്ടി യാചിക്കുമ്പോൾ രണ്ടാമത്തേത് സമ്മാനങ്ങൾ വഴി സഹോദരനെ പ്രീതിപ്പെടുത്താൻ ശ്രമിക്കുന്നതായി ചിത്രീകരിക്കുന്നു.

3-4 വാക്യങ്ങൾ ദൂതും മറുപടിയും വിവരിക്കുന്നു.. ഏസാവിനെ യജമാനനെന്നും സ്വയം ദാസനെന്നും വിളിക്കുക വഴി യാക്കോബ് തന്റെ വിധേയത്വവും എളിമയും വെളിപ്പെടുത്തുന്നു. സമ്പത്തിനെ പറ്റിയുള്ള പരാമർശം പിതൃസ്വത്തിൽ തനിക്ക് പങ്ക ആവശ്യമില്ലെന്നു മാത്രമല്ല, സഹോദരനു സമ്മാനങ്ങൾ നൽകാനും താൻ തയ്യാറാണെന്നു സൂചിപ്പിക്കുന്നു. മറുപടിയായി ഏസാവിന്റെ ഒരു വാക്കുപോലും രേഖപ്പെടുത്തിയിട്ടില്ല. നാന്നൂറാളുകളുടെ അകമ്പടിയോടെ കാണാൻ വരുന്നതിന്റെ ഉദ്ദേശ്യം എന്തെന്നറിയാത്തതിനാൽ യാക്കോബിന്റെ ഭയവും അനുവാച

കരുടെ ആകാംഷയും വർദ്ധിക്കുന്നു.

7-8 വാക്യങ്ങൾ യാക്കോബിന്റെ തയ്യാറെടുപ്പു വിവരിക്കുന്നു. ശക്തനായ സഹോദരനെ നേരിടാൻ കഴിയാതെ, വേണ്ടിവന്നാൽ ഒളിച്ചോടാനാണ് യാക്കോബ് ഒരുങ്ങുന്നത്. ആസന്നമായിരിക്കുന്ന അപകടത്തെകുറിച്ചുള്ള ഭയം ഹൃദയത്തിൽ നിറഞ്ഞപ്പോൾ പ്രാർത്ഥനയിലൂടെ കർത്താവിൽ അഭയം തേടുന്നതാണ് 9-12 വാക്യങ്ങൾ രേഖപ്പെടുത്തുന്നത്. കർത്താവിന്റെ വാഗ്ദാനങ്ങളും ഇതുവരെ ലഭിച്ച അനുഗ്രഹങ്ങളും നന്ദിയോടെ ഏറ്റു പറഞ്ഞുകൊണ്ട് ഇപ്പോൾ നേരിടുന്ന പ്രതിസന്ധിയിൽ നിന്നു രക്ഷിക്കാൻ മുട്ടിപ്പായി പ്രാർത്ഥിക്കുന്നു. "അന്നു പാത്രി അവിടെ താവളമടിച്ചു" എന്ന 13-ാം വാക്യത്തിലെ ആദ്യഭാഗത്തെ പ്രസ്താവനയോടെ ഒരുക്കം അവസാനിച്ചതായി തോന്നും.

13ബി - 21 വാക്യങ്ങൾ മറ്റൊരു ഒരുക്കം വിവരിക്കുന്നു. അനേകം മൃഗങ്ങളെ തനിക്കു മുമ്പേ അയയ്ക്കുന്നതിലൂടെ യാക്കോബിന്റെ ബുദ്ധികൂർമ്മതയും കൗശലവും പ്രകടമാകുന്നു. (സുഭാ 18, 16; 19, 20, 21, 14) "പ്രീതിപ്പെടുത്താനാവും" എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രു പദത്തിന്റെ വാച്യാർത്ഥം "മുഖം മറയ്ക്കാൻ കഴിയും" എന്നർത്ഥമുള്ള കാപ്പർ എന്ന ഹീബ്രു പദമാണ് ഇവിടെ ഉപയോഗിക്കുന്നത്. ഇതിൽ നിന്നാണ് പാപപരിഹാരദിനം എന്നർത്ഥമുള്ള "യോം കിപ്പൂർ" എന്ന പദമുണ്ടായത്. ബലിയർപ്പണത്തിലൂടെ പാപത്തിൽ നിന്ന് ദൈവത്തിന്റെ മുഖം മറയ്ക്കുക, അഥവാ പാപങ്ങൾ പരിഗണിക്കാതിരിക്കാൻ ഇടയാക്കുക എന്ന ആശയമാണ് ഈ സാങ്കേതിക നാമത്തിനു പിന്നിലുള്ളത്. സമ്മാനങ്ങളിലൂടെ തന്റെ തെറ്റിന് പരിഹാരം ചെയ്യുകയും സഹോദരനുമായി രമ്യതയിയലെത്തുകയും ചെയ്യാൻ കഴിയും എന്ന് യാക്കോബ് പ്രതീക്ഷിക്കുന്നു. അവൻ അന്നു രാത്രി കൂടാരത്തിൽ തങ്ങി എന്ന പ്രസ്താവന ഏലോഹിസ്റ്റ് വിവരണത്തിലെ ഒരുക്കത്തിന്റ സമാപനമാണ്.

**ബി. മല്പിടുത്തം 32, 22-32:** യാക്കോബിന്റെ ജീവിതത്തിലെയെന്നല്ല, രക്ഷാചരിത്രത്തിലെ തന്നെ വളരെ പ്രധാനപ്പെട്ട ഒരു സംഭവമാണ് യാഹ്വിസ്റ്റ് ഗ്രന്ഥകാരൻ വിവരിക്കുന്ന യാക്കോബിന്റെ മല്പിടുത്തം. എന്നാൽ ആരുമായാണ് യാക്കോബ് മല്പിടുത്തം നടത്തിയതെന്നോ എന്താണ് ഈ വിവരണത്തിന്റെ അർത്ഥമെന്നോ ഉള്ള കാര്യത്തിൽ തികച്ചു തൃഫ്തികരമായ ഉത്തരം ഇനിയും ലഭ്യമല്ല. വിവരണത്തിലെ ഏതെ

ങ്കിലും ഒരു കാര്യത്തിനുമാത്രം പ്രാധാന്യം നൽകിക്കൊണ്ട് പല തരത്തിലുള്ള വ്യാഖ്യാനങ്ങൾ നിലവിലുണ്ട്.

"പെനുവേൽ" എന്ന സ്ഥലപ്പേരു വിശദീകരിക്കാനായി ആരോ കെട്ടിച്ചമച്ച ഒരു കഥയായി ഇതിനെ കരുതുന്നവരുമുണ്ട്. "നേരം പുലരുകയാണ് ഞാൻ പോകട്ടെ" എന്ന മല്പിടുത്തക്കാരന്റെ വാക്കുകളിൽ നിന്ന് അത് രാത്രിയിൽ മാത്രം ശക്തിയുള്ള ഏതോ ഒരു ഭൂതമായിരുന്നു എന്നു ചിലർ കരുതുന്നു. പുഴയുടെ കാവൽക്കാരനായ ഭൂതം രാത്രിയിൽ വഴി തടഞ്ഞതിന്റെ ഒരു പുരാണകഥ യാക്കോബുമായി ബന്ധപ്പെടുത്തു അവതരിപ്പിക്കുന്നതാണത്രേ. യാക്കോബ് തന്റെ തന്നെ ഭയത്തോട് മല്ലിട്ട് വിജയിച്ചതിന്റെ ചിത്രീകരണമാണെന്ന മനശാസ്ത്രപരമാ വ്യാഖ്യാനത്തിന് വലിയ പിന്തുണയുണ്ട്. അഗാധമായ ഒരു ആധ്യാത്മികാനുഭവം (ഒരു മിസ്റ്റിക് അനുഭൂതി) ആണ് ഇവിടെ വിവരിക്കുന്നതെന്ന് മറ്റുചിലർ കരുതുന്നു. സത്യത്തിന്റെ ഒരംശം ഈ വ്യാഖ്യനങ്ങളിലെല്ലാം കണ്ടേക്കാമെങ്കിലും ഇവയൊന്നും തന്നെ തികച്ചും തൃപ്തികരമാണെന്നു പറയാനാവില്ല. വിവരണത്തിന്റെ വിശദാംശങ്ങളും ഇതിന്റെ പൊതുവായ സാഹചര്യവും സൂക്ഷ്മമായി പരിശോധിച്ചാൽ പ്രധാനപ്പെട്ട ചില ഉൾക്കാഴ്ചകൾ ലഭിക്കും.

ഏസാവുമായി കണ്ടുമുട്ടുന്നതിനുള്ള ഒരുക്കവും കണ്ടുമുട്ടലും രണ്ടായി തിരിച്ച് അതുനു മധ്യേ തിരുകിയതു പോലെയാണ് ഈ സംഭവം വിവരിച്ചിരിക്കുന്നത്. ഏസാവിന്റെ ദയയ്ക്കുവേണ്ടി ദൂതന്മാർ വഴി നടത്തിയ ശ്രമം പരാജയപ്പെട്ടു. സമ്മാനങ്ങൾ നൽകി അയാളെ പ്രീതിപ്പെടുത്താൻ സാധിക്കുമോ എന്നു തീർച്ചയില്ല. തന്റെ സമ്പത്തു മുഴുവൻ രണ്ടു ഗണമായി തിരിച്ച് പകുതിയെങ്കിലും രക്ഷിക്കാൻ ഒരു അവസാനശ്രമവും യാക്കോബു നടത്തി. എന്നാൽ അതും പരാജയപ്പെട്ടേക്കാം എന്നു ഭയന്ന്, വീണ്ടും പുഴകടന്ന് തനിച്ച് പിന്തിരഞ്ഞോടാൻ തയ്യാറായി നിൽക്കുന്ന യാക്കോബിന്റെ ചിത്രമാണ് മല്പിടുത്തത്തിനു തൊട്ടുമുമ്പ് കാണുന്നത്. രാത്രിയിലെ സംഘട്ടനത്തിനു ശേഷം നിർഭയനായി അയാൾ ഏസാവിനെ കണ്ടു. സമാധാനത്തിൽ പിരിയുകയും ചെയ്തു. രാത്രിയിലെ മൽപിടുത്തത്തിലൂടെയാണ് യാക്കോബിന് ഈ മാറ്റമുണ്ടായത് എന്ന് വി. ഗ്രന്ഥകാരൻ എടുത്തുകാട്ടുന്നു. ഭീരുവിനു ധൈര്യവും ദുർബലനു ശക്തിയും പ്രദാനം ചെയ്തതാണ് ഈ മല്പിടുത്തം.

ഇതുവരെയുള്ള യാക്കോബിന്റെ ജീവിതം നിരന്തരമായൊരു ഒളിച്ചോട്ടമായിരുന്നു. ഏസാവിനെ ഭയന്ന് ഹാരാനിലേക്ക്, ലാബാനെ ഭയന്ന് കാനാനിലേക്ക്. ഇപ്പോൾ ഏസാവിനും ലാബാനും മധ്യേ ഒളിച്ചോടാൻ ഇടമില്ലാതെ രാത്രിയിൽ പുഴക്കരയിൽ പകച്ചുനിൽക്കുന്ന യാക്കോബിന്റെ മാനസികാവസ്ഥ ഈ സംഘട്ടനത്തിൽ പ്രതിഫലിക്കുന്നുണ്ട്. എന്നാൽ യാക്കോബല്ല മല്പിടുത്തം ആരംഭിച്ചത്. "ഒരാൾ" അയാളെ കടന്നാക്രമിക്കുകയായിരുന്നു. ഗത്യന്തകമില്ലാതെ വന്നപ്പോഴാണ് യാക്കോബു പൊരുതാൻ തയ്യാറയാത്യ യാക്കോബിനെ സംബന്ധിച്ചിടത്തോളം അതൊരു ജീവന്മരണ പോരാട്ടമായിരുന്നു. അരക്കെട്ടിൽനിന്ന് തുടയെല്ല് തെന്നിമാറിയിട്ടും അസഹ്യമായ വേദന സഹിച്ചുകൊണ്ട് അയാൾ മല്പിടുത്തം തുടർന്നു. ആ പോരാട്ടത്തിലാണ് യാക്കൊബിന് തന്റെയുള്ളിൽ ഉറങ്ങിക്കിടന്ന ശക്തിയെ അറിയാനും ഉണർത്താനും കഴിഞ്ഞത്.

എതിരാളി ആരെന്നറിയാതെയാണ് യാക്കോബ് പോരാട്ടം ആരംഭിച്ചത്. എന്നാൽ പോരാട്ടത്തിന്റെ അവസാനം അതു ദൈവമായിരുന്നുവെന്ന് അയാൾക്കു മനസ്സിലായി. അനുഗ്രഹം യാചിക്കുന്നതും "ദൈവത്തെ മുഖാഭിമുഖം കണ്ടു" എന്നു പറയുന്നതും ഈ അവബോധത്തിൽനിന്നാണ്. ദൈവത്തെ മനുഷ്യരൂപത്തിൽ ചിത്രീകരിക്കുക യാഹ്വിസ്റ്റ് രചനയുടെ പ്രത്യേകതയാണെന്ന് ഇതിനകം നാം കണ്ടുകഴിഞ്ഞു. ദൈവം ശക്തനായ ശത്രുവായി ആരംഭത്തിൽ യാക്കോബിന് അനുഭവപ്പെട്ടു. എന്നാൽ തന്നെ തകർത്തു നശിപ്പിക്കുന്നതല്ല, ശക്തനും ധീരനുമാക്കുന്നതാണ് ദൈവത്തിന്റെ ദൈവത്തിന്റെ ശക്തി എന്ന് അയാൾ അനുഭവിച്ചറിഞ്ഞു. കർത്താവന്റെ വാഗ്ദാനങ്ങളിൽ ഉറച്ചു വിശ്വസിച്ചുകൊണ്ട് നടത്തിയ നിരന്തരവും തീവ്രവുമായ പ്രാർത്ഥനയുടെ പ്രതീകാത്മകമായ ചിത്രീകരണമായും ഇതിനെ മനസ്സിലാക്കാനാവും. യേശുവിൻരെ ഗദ്സെമെനിയിലെ പ്രാർത്ഥനയോട് ഇതിനുള്ള സാമ്യവും ശ്രദ്ധേയമത്രേ.

യാക്കോബിനു ദൈവം നൽകുന്ന "ഇസ്രായേൽ" എന്ന പുതിയ പേരും "ദൈവത്തോടും മനുഷ്യനോടും നീ മല്ലിട്ടു ജയിച്ചിരിക്കുന്നു" എന്ന പേരിന്റെ വ്യാഖ്യാനവും ഈ സംഭവത്തിന് യാക്കോബിന്റെ വ്യക്തിപരമായ ജീവിത സാഹചര്യത്തെ മറികടക്കുന്ന വിശാലമായൊരു മാനം നൽകുന്നു. വാഗ്ദത്തഭൂമി കൈവശപ്പെടുത്താൻ വേണ്ടി ഇസ്രയേൽ ജനം നടത്തേണ്ടി വരുന്ന പോരാട്ടത്തിന്റെ ഒരു മുൻസൂചന ഇതിൽ കാണാം. യുദ്ധം ചെയ്യാനുള്ള വൈമുഖ്യവും പിന്തിരഞ്ഞോടാനുള്ള പ്രവണതയും

യാക്കോബിലെന്നതുപോലെ ഇസ്രായേൽ ജനത്തിലും ഉണ്ടായിരുന്നു. എന്നാൽ പോരാട്ടത്തിലൂടെ മാത്രമേ വാഗ്ദത്തഭൂമിയിൽ പ്രവേശിച്ചു വാസമുറപ്പിക്കാൻ കഴിയൂ. 32, 1ൽ കണ്ട ദൈവത്തിന്റെ സൈന്യവും ജോഷ്വാ 5, 1-15ലെ സൈന്യാധിപനും തമ്മിലുള്ള ബന്ധവും ഇവിടെ ശ്രദ്ധയർഹിക്കുന്നു. യാക്കോബിന്റെ പോരാട്ടം ഇസ്രായേൽ ജനത്തിന്റെ തന്നെ പോരാട്ടമാണ്. ദൈവമാണ് രണ്ടിനും ശക്തി പകരുന്നത്.

പോരാട്ടത്തിൽ യാക്കോബ് വിജയിച്ചെങ്കിലും വിജയം പൂർണ്ണമായിരുന്നില്ല. മുടന്തനായിട്ടാണ് അയാൾ വാഗ്ദത്തഭൂമിയിൽ പ്രവേശിക്കുന്നത്. ദൈവത്തിന്റെ പേരറിയാൻ അയാൾക്കു കഴിഞ്ഞതുമില്ല. പ്രാർത്ഥനയിലൂടെ ദൈവത്തിന്റെ മേൽ സ്വാധീനം ചെലുത്താൻ കഴിയുമെങ്കിലും ആധിപത്യം സ്ഥാപിക്കാൻ കഴിയുകയില്ല. തനിക്കു ലഭിച്ച അഗാധമായ ദൈവാനുഭവത്തെയും അതോടൊപ്പം തന്റെ പരിമിതികളെയും അനുസ്മരിപ്പിക്കുന്നതാണ് ഈ മുടന്ത്. ഇസ്രായേൽ എന്ന് പേരു ലഭിച്ചെങ്കിലും യാക്കോബ് എന്ന പേരു പൂർണ്ണമായി മാറ്റപ്പെടുന്നില്ല. യാക്കോബ് എന്ന വ്യക്തിയുടെയും ഇസ്രയേൽ ജനത്തിന്റെയും ചരിത്രത്തെയും സ്വഭാവത്തെയും സൂചിപ്പിക്കുന്നതാണ് ഈ രണ്ടു പേരുകൾ, ശക്തിയും ദൗർബ്ബല്യവും, ധൈര്യവും ഭീരുത്വവും, വിശ്വസ്തതയും അവിശ്വസ്തതയും മാറി മാറി അതിൽ പ്രതിഫലിക്കും. സൂര്യോദയത്തെക്കുറിച്ചുള്ള പരാമർശം യാക്കോബിന്റെ മാനസികാവസ്ഥയിൽ വന്ന മാറ്റത്തിലേക്കു വിരൽ ചൂണ്ടുന്നു. ഭീതിയുടെ അന്ധകാരം നീങ്ങി, പ്രത്യാശയോടെ ധീരമായി മുന്നോട്ടു നീങ്ങുന്നതിന്റെ സൂചനയാണ് സൂര്യോദയത്തിൽ നിന്നു ലഭിക്കുന്നത്. "പെനുവേൽ" എന്ന പേരിന് ദൈവത്തിന്റെ മുഖം എന്നാണർത്ഥം. പൂർവ്വ പിതാവിന്റെ ദൈവാനുഭവത്തെകുറിച്ച് പിൻതലമുറകളെ ഈ പേര് അനുസ്മരിപ്പിക്കുന്നു. സ്നായുവിനെ കുറിച്ചുള്ള പരാമർശവും ഇതേ ആശയം തന്നെ സൂചിപ്പിക്കുന്നു.

**വിചിന്തനം:** ദൈവരാജ്യത്തിന്റെ പ്രതീകമാണ് വാഗ്ദത്തഭൂമി. കടുത്ത പോരാട്ടത്തിലൂടെ മാത്രമേ അതിൽ പ്രവേശിക്കാൻ കഴിയൂ (മത്താ 17, 12; ലൂക്കാ 16, 16). ഭീരുക്കൾക്കു അതിൽ പ്രവേശനമില്ല (വെളി 21സ 8). പേടിച്ചു പിന്തിരിയാൻ വേണ്ടിയല്ല, ആക്രമിച്ചു കീഴടക്കാൻ വേണ്ടിയാണ് ജീവിതയാത്രയിൽ ദൈവം പ്രതിബന്ധങ്ങൾ വയ്ക്കുന്നത്. തിന്മക്കെതിരേ സർവ്വശക്തിയും ഉപയോഗിച്ചുപോരാടാൻ തയ്യാറാകുന്നവർക്ക് ദൈവം തുണയുണ്ടായിരിക്കും. നമ്മുടെ ഉള്ളിൽ നിക്ഷേപിച്ചിരിക്കുന്ന ശക്തി പുറത്തുകൊണ്ടുവരാൻ വേണ്ടിയാണ് ദൈവം ചിലപ്പോൾ ശത്രുവിനെപ്പോലെ

നമ്മെ എതിരിടുകയും കടുത്ത പരീക്ഷണങ്ങളിലൂടെ കടത്തിവിടുകയും ചെയ്യുന്നത്. വിശ്വാസത്തോടു കൂടിയ നിരന്തരവും തീക്ഷ്ണവുമായ പ്രാർത്ഥന ദൈവത്തോടു നടത്തുന്ന ഒരു മല്പിടുത്തം പോലെയാണ്. ഇപ്രകാരമുള്ള പ്രാർത്ഥനയ്ക്കു വഴങ്ങാൻ ദൈവം ആഗ്രഹിക്കുന്നുവെന്ന് യാക്കോബിന്റെ അനുഭവവും യേശുവിന്റെ വാക്കുകളും (ലൂക്കാ 11, 5-13; 18, 1-18) പഠിപ്പിക്കുന്നു.

**കണ്ടുമുട്ടൽ 33, 1-17:** സഹോദരന്മാർ തമ്മിൽ കണ്ടുമുട്ടി രമ്യതയിൽ പിരിയുന്നതിന്റെ ഈ വിവരണം യാഹ്‌വിസ്റ്റ് രചനയാണ്. രാത്രിയിലുണ്ടായ ദൈവാനുഭവത്തിൽ നിന്നു ശക്തിയാർജ്ജിച്ച യാക്കോബ് ഏതു പ്രതിസന്ധിയേയും നേരിടാൻ തയ്യാറായാണ് ഏസാവിനെ സമീപിക്കുന്നത്. ഭാര്യമാരെയും മക്കളെയും അണിനിരത്തുന്ന ക്രമത്തിൽ അവരോടുള്ള സ്നേഹവും അടുപ്പവും കാണാന്ഡ കഴിയും. ഏറ്റവും സ്നേഹിച്ച റാഹേലിനെയും മകൻ ജോസഫിനെയും ഏറ്റവും പിന്നിൽ നിർത്തിയത് വേണ്ടിവന്നാൽ അവർക്കു രക്ഷപ്പെടാൻ അവസരം നൽകുന്നതിനു വേണ്ടിയാവണം. എന്നാൽ യാക്കോബ് അവരുടെ മുമ്പേ ഏസാവിന്റെ അടുക്കലേക്ക് നീങ്ങുമ്പോൾ അയാൾ നേടിയെടുത്ത ധീരത പ്രകടമാകുന്നു. ഏഴു തവണ നിലം മുട്ട് താണു വണങ്ങിയത് ഏറ്റവും വലിയ ആദരവിന്റെ സൂചനയാണ്. "സഹോദരന്മാർ നിന്റെ മുമ്പിൽ തല കുനിക്കട്ടെ" എന്ന് ഇസഹാക്ക് യാക്കോബിന് നൽകിയ അനുഗ്രഹത്തിന്റെ വിപരീതമാണിവിടെ സംഭവിക്കുന്നത്. ജ്യേഷ്ഠസ്ഥാവും പിതാവിന്റെ അനുഗ്രഹവും അന്യായമായി നേടിയെടുത്തതിന്റെ പരിഹാരമായും ഈ പ്രവൃത്തിയെ കാണാനാവും.

ഏസാവിന്റെ പ്രതികരണം പ്രതീക്ഷിച്ചതിനു വിപരീതമായിരുന്നു. കെട്ടിപ്പിടിച്ചു ചുംബിക്കുകയും പൊട്ടിക്കരയുകയും ചെയ്യുന്ന അയാൾ പൂർവ്വ വൈരാഗ്യമെല്ലാം മറന്ന് സഹോദരനോടുള്ള വാത്സല്യവും അവനെ കണ്ടതിലുള്ള സന്തോഷവും പ്രകടമാക്കുന്നു. യാക്കോബിന്റെ ഓരോ നീക്കവും ഓരോ വാക്കു കണക്കു കൂട്ടിയുള്ളതാണ്. "യജമാനനേ" എന്ന അഭിസംബോധന, തന്നെക്കുറിച്ച് "ദാസൻ" എന്ന പരാമർശം, "പ്രീതി നേടുക" എന്ന ലക്ഷ്യം ഇതെല്ലാം വളരെ ശ്രദ്ധയോടെ അവതരിപ്പിച്ചിരിക്കുന്നു.. "ദൈവത്തിന്റെ മുഖം കണ്ടാലെന്നതുപോലെയാണ് ഞാൻ അങ്ങയുടെ മുഖം കണ്ടത്" എന്ന പ്രസ്താവനക്കു ദ്വയാർത്ഥമുണ്ട്. ദൈവിക ദർശനം ഭീതിജനകവും മാരകവുമാണ് എന്ന വിശ്വാസത്തിന്റെ

പശ്ചാത്തലത്തിൽ വേണം ഈ പ്രസ്താവന മനസ്സിലാക്കാൻ. രാത്രിയിൽ നദീതീരത്തു വച്ചുണ്ടായ അനുഭവത്തിനുശേഷം "ദൈവത്തെ ഞാൻ മുഖാമുഖം കണ്ടു എന്നിട്ടും ജീവനോടെ ഇരിക്കുന്നല്ലോ" എന്ന യാക്കോബു പറഞ്ഞ വാക്കുകൾക്ക് ഈ പ്രസ്താവനയുമായുള്ള സാമ്യവും. ബന്ധവും വ്യക്തമാക്കുന്നു. ഭയത്തോടെ സമീപിച്ചെങ്കിലും ദയയോടെ സ്വീകരിക്കപ്പെട്ടു എന്ന് ഏറ്റുപറഞ്ഞുകൊണ്ട് സഹോദരനുമായി രമ്യതയിലെത്താൻ തീവ്രശ്രമം നടത്തുകയാണ് യാക്കോബ്. സമ്മാനങ്ങൾ സ്വീകരിക്കുന്നത് പരസ്പരം അംഗീകരിക്കുന്നതിനെ സൂചിപ്പിക്കുന്നു.

ഇത്രയുമായിട്ടും യാക്കോബിന് സഹോദരനെ വിശ്വാസമായില്ല. ഏസാവിന്റെ ഓരോ വാക്കും നീക്കവും സംശയത്തോടെയാണ് അയാൾ വീക്ഷിക്കുന്നത്. അതിനാൽ ഏസാവിന്റെ കൂടെ പോകാനോ അകമ്പടി സ്വീകരിക്കാനോ അയാൾ തയ്യാറാകുന്നില്ല. തികച്ചും സാധുവായി ന്യായങ്ങൾ ഉന്നയിച്ചുകൊണ്ട് സഹോദരൻ വച്ചുനീട്ടിയ രണ്ടു നിർദ്ദേശങ്ങളും അയാൾ വിനയപൂർവ്വം തിരസ്കരിച്ചു. സാവകാശം സെയിറിൽ എത്തിക്കൊള്ളാമെന്നു പറഞ്ഞെങ്കിലും ഒരിക്കലും വാക്കു പാലിച്ചതുമില്ല. ഏസാവ് സെയിറിലേക്കും യാക്കോബ് സൂക്കോത്തിലേക്കും പോയി. "കൂടാരങ്ങൾ" എന്നാണ് "സുക്കോത്ത്" എന്ന പേരിന്റെ അർത്ഥം. ജോർദ്ദാൻ നദിക്കു കിഴക്ക്, യാബോക്ക് നദീതീരത്തിലെ ഒരു നഗരമാണ് സുക്കോത്ത് (ജോഷ്വാ 13, 27; ന്യായ 8, 5). ഫലപുഷ്ടിയുള്ള ഒരു താഴ്‌വരയായി സങ്കീർത്തനങ്ങളിൽ സുക്കോത്ത് പരാമർശിക്കപ്പെടുന്നുണ്ട് (സങ്കീ 60, 6; 108, 7).

**വിചിന്തനം:** യാക്കോബു ഭയപ്പെട്ടതൊന്നും സംഭവിച്ചില്ല. സഹോദരനുമായി രമ്യതയിലെത്താൻ ദൈവം അയാൾക്ക് ഇടവരുത്തി. ഹൃദയം നൊന്തുള്ള പ്രാർത്ഥനയുടെ ഫലമായിരുന്നു അത്. ഉള്ളുരുകിയുള്ള പ്രാർത്ഥന കർത്താവു കേൾക്കും എന്നതിനു തെളിവാണ് യാക്കോബിന്റെ ഈ അനുഭവം. അതേ സമയം ഭാവിയെക്കുറിച്ച് ഭയവും ആകലതയും വേണ്ടാ എന്നും ഇതു പഠിപ്പിക്കുന്നു. സംഭവിച്ചേക്കാവുന്ന വിപത്തിനെ കുറിച്ച് ഉത്ക്കണ്ഠാകുലരാകാതെ ഓരോ ദിവസവും വിവേകത്തോടെ നിർഭയരായി ജീവിക്കാനാണ് ദൈവം ആവശ്യപ്പെടുന്നത്(മത്താ 6, 34).

**2. മാനഹാനിയും പ്രതികാരവും 33, 18–34, 3** (JEP) യാക്കോബ് കുടും

ബസമേതം കാനാൻ ദേശത്തെ ഷെക്കെമിൽ വന്നു വാസമുറപ്പിക്കുന്നതു വിവരിക്കുന്ന 33, 18-20 വാക്യങ്ങൾ ഏസാവുമായുള്ള കണ്ടുമുട്ടലിന്റെ ഉപ സംഹാരവും ഷെക്കെമിലെ സംഭവത്തിന്റെ ആമുഖവുമാണ്. 18-ാം വാക്യം പുരോഹിതരചനയുടെയും 19-20 വാക്യങ്ങൾ ഏലോഹിസ്റ്റ് രചനയുടെയും ഭാഗങ്ങളായി കരുതപ്പെടുന്നു. ഇസ്രായേൽ ചരിത്രത്തിൽ വളരെ പ്രാധാ ന്യമുള്ള ഒരു നഗരമാണ് ഗരിസിം മലയുടെയും ഏബാൽ മലയുടെയും മധ്യേയുള്ള ചരിവിൽ സ്ഥിതി ചെയ്തിരുന്ന ഷെക്കെം നഗരം (ഉൽപ 12, 6: ജോഷ്വാ 24, 25: 1 രാജാ 12, 1). ഇവിടെയും തുടർന്നുള്ള വിവരണ ത്തിലും ഷെക്കെം എന്നത് ഒരു വ്യക്തിയുടെയും നഗരത്തിന്റെയും പേരായി ഉപയോഗിച്ചിരിക്കുന്നു. യാക്കോബ് ഷെക്കെമിൽ പറമ്പു വാങ്ങിയത് അബ്രാഹം ഹെബ്രോണിൽ സ്ഥലം വാങ്ങിയതിനെ ഉൽപ 23) അനുസ്മ രിപ്പിക്കുന്നു. വാഗ്ദത്തഭൂമിയിൽ അവകാശം ലഭിക്കുന്നതിന്റെ സൂചന യാണിത്. താൻ വാങ്ങിയ സ്ഥലത്തിന് യാക്കോബ് നൽകിയ ഏൽ - ഏലോഹെയ് - ഇസ്രായേൽ എന്ന പേരിന് ഇസ്രായേലിന്റെ ദൈവമായ ദൈവമ എന്നാണ് അർത്ഥം. കാനാൻകാർ ആരാധിച്ചിരുന്ന ഏലിനെ യാക്കോബപും ദൈവമായി അംഗീകരിച്ച് ആരാധിച്ചു എന്ന് ഈ പേരു സൂചിപ്പിക്കുന്നു.

ഷെക്കെമിൽ വച്ചു യാക്കോബിന്റെ മകളായ ദീനായ്ക്കു സംഭവിച്ച മാനഹാനിയും അതിന്റെ പേരിൽ അവളുടെ സഹോദരന്മാർ എടുത്ത പ്രതികാരനടപടിയുമാണ് 34-ാം അദ്ധ്യയത്തിൽ വിവരിക്കുന്നത്. JE രച നകൾ സംയോജിപ്പിച്ചതാണ് ഈ വിവരണം എന്നു പൊതുവേ കരുത പ്പെടുന്നു. ഇതിലൂടെ വി. ഗ്രന്ഥകാരൻ അവതരിപ്പിക്കുന്ന സന്ദേശം ഗ്രഹി ക്കാൻ ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. പട്ടണത്തിന ടുത്ത് വാസമുറപ്പിച്ച യാക്കോബിന്റെ മക്കളാണ് അധർമ്മത്തിനിരയാവു കയും അക്രമത്തിനു വഴുങ്ങുകയും ചെയ്യുന്നത്. കായേന്റെ നാഗരികത യെക്കുറിച്ച് ആദിചരിത്രത്തിൽ പറഞ്ഞുവച്ച കാര്യങ്ങളും നാഗരികതയിൽ ആകൃഷ്ടനായ ലോത്തിന്റെ അനുഭവവും സോദോമിന്റെ ദുരന്തവുമെല്ലാം ഇവിടെ കണക്കിലെടുക്കേണ്ടതുണ്ട്. നഗരം അധാർമ്മികതയുടെ വിളനി ലമാണെന്ന് കാഴ്ചപ്പാട് ഇവിടെ വീണ്ടും പ്രത്യക്ഷപ്പെടുന്നു.

കാനാൻകാരി സ്ത്രീകളെ സന്ദർശിക്കാൻ പോയ ദീനായാണ് മാന ഹാനിക്കിരയാകുന്നത്. അവളെ വിവാഹം കഴിക്കാനാഗ്രഹിച്ച ഷെക്കെം തങ്ങളുടെ സ്ത്രീകളെ യാക്കോബിന്റെ പുത്രന്മാർക്കു ഭാര്യമാരായി

കൊടുക്കാം എന്നു വാഗ്ദാനം ചെയ്യുന്നു. അവരുമായി സന്ധിചെയ്ത് ഒരു ജനമായിത്തീരാൻ നഗരവാസികളും സമ്മതിക്കുന്നു. ഇപ്രകാരമൊരു സന്ധിയും മിശ്രവിവാഹവും ഇസ്രായേലിനു നിഷിദ്ധമാണെന്ന് ഈ സംഭവത്തിലൂടെ വി. ഗ്രന്ഥകാരൻ എടുത്തുകാട്ടുന്നു. (നിയ 7, 2-3). തങ്ങളുടെ തനിമയും വ്യതിരിക്തതയും നഷ്ടപ്പെടുത്തുകയും ദൗത്യം പരാജയപ്പെടുത്തുകയും ചെയ്യുന്നതാണ് ഇപ്രകാരമുള്ള പ്രവൃത്തികൾ. ഇത് ഇസ്രായേലിന് എന്നു ഒരു പ്രലോഭനമായിരുന്നു.

ജോഷ്വായുടെ കാലത്ത് വാഗ്ദത്തഭൂമി പങ്കുവച്ചപ്പോൾ ശിമയോന്റെ ഗോത്രത്തിനു പങ്കു ലഭിച്ചെങ്കിലും കാലക്രമത്തിൽ അത് യൂദാഗോത്രത്തിൽ ലയിച്ച് അപ്രത്യക്ഷമായി. ലേവീ ഗോത്രത്തിനു പങ്കു ലഭിച്ചതുമില്ല. അതിന്റെ കാരണമായിട്ടാണ് ഷെക്കെമിൽ അവർ നടത്തിയ വഞ്ചനയും ക്രൂരതയും വിവരിച്ചിരിക്കുന്നത്. മരണക്കിടക്കയിൽ വച്ച് മക്കളെ അനുഗ്രഹിച്ചപ്പോൾ യാക്കോബ് ഇക്കാര്യം അനുസ്മരിക്കുകയും ഇതിന്റെ പേരിൽ ശിമയോനെയും ലേവിയെയും ശപിക്കുകയും ചെയ്തു (ഉൽപ 49, 5-7).

കുടുംബം നേരിട്ട പ്രതിസന്ധിയിൽ തീരുമാനം എടുക്കാനോ മക്കളെ നിയന്ത്രിക്കാനോ കഴിവില്ലാത്ത ഒരു പിതാവായിട്ടാണ് യാക്കോബ് ഇവിടെ പ്രത്യക്ഷപ്പെടുന്നത്. സമയത്തു തീരുമാനമെടുക്കാതെ നീട്ടിവച്ചിട്ട്, മക്കൾ അക്രമം കാണിക്കുമ്പോൾ നിസ്സഹായനായി വിലപിക്കുക മാത്രമാണ് അയാൾ ചെയ്യുന്നത്. മക്കളെ ശാസിക്കുന്നത് തന്നെ അവർ ചെയ്ത പ്രവൃത്തിയുടെ അധാർമ്മികതയെ കുറിച്ചല്ല, അതുമൂലെ തനിക്കു സംഭവിച്ചേക്കാവുന്നു നഷ്ടത്തെയും നാശത്തെയും ഭയന്നാണ്. ഇനി അങ്ങോട്ടുള്ള ജീവിതത്തിൽ യാക്കോബ് ഏറെ കണ്ണീർ ചിന്തേണ്ടി വരുന്നതായി കാണാം.

ദീനായെ മാനഭംഗപ്പെടുത്തിയ ഷെക്കെമിന്റെയും ചതിയിലൂടെ പ്രതികാരം ചെയ്ത സഹോദരന്മാരുടെയും പ്രവൃത്തികളെ വി. ഗ്രന്ഥകാരൻ ന്യായീകരിക്കുന്നില്ല. ഷെക്കെം ചെയ്തതു മ്ലേഛതായമഎന്ന് വ്യക്തമായി പറയുന്നു. എന്നാൽ സഹോദരന്മാർ ചെയ്തതിനെക്കുറിച്ച് ഇപ്രകാരമൊരു വിലയിരുത്തൽ നടത്തുന്നില്ല. പ്രതികാരത്തിന്റെ നിയമയമാണ് അന്നു നിലവിലിരുന്നത്. എന്നാൽ മുൻ സൂചിപ്പിച്ച യാക്കോബിന്റെ അനുഗ്രഹത്തിൽ (ഉൽപ 49, 5-7) ഈ പ്രവൃത്തിയെ എടുത്തു പറഞ്ഞ് ശാസിക്കുന്നതിലൂടെ ഇതിന്റെ അധാർമ്മികത വ്യക്തമാകുന്നു. ശത്രുക്കൾക്കെതിരേ

പ്രതികാരം ചെയ്യാതെ അവരെ സ്നേഹിക്കാൻ യേശുവാണ് പഠിപ്പിച്ചത്. ആ പഠനത്തിന്റെ വെളിച്ചത്തിലായിരിക്കണം ഈ സംഭവത്തെ മനസ്സിലാക്കുന്നത്.

ഷെക്കെം നിവാസികൾക്കെതിരേ യാക്കോബിന്റെ മക്കൾ എടുത്ത പ്രതികാരനടപടികൾ ചരിത്രവസ്തുതകൾക്ക് നിരക്കാത്തതായി വ്യാഖ്യാതാക്കൾ കരുതുന്നു. ദീനായുടെ മാനഹാനിയെ തുടർന്ന് പ്രതികാരമായി ഷെക്കെമിനെയും കുടുംബത്തെയും ചതിയിൽ കൊന്ന് സഹോദരിയെ മോചിപ്പിച്ച സംഭവമായിരിക്കണം പിന്നീട് ന്യായാധിപന്മാരുടെ കാലത്തെ യുദ്ധങ്ങളെ അനുസ്മരിപ്പിക്കുന്ന വിധത്തിലുള്ള ഒരു യുദ്ധത്തിന്റെ വിവരണമായി വികസിച്ചത്.

**വിചിന്തനം:** മാതാപിതാക്കന്മാർ മക്കളെ ശാസിച്ചും ശിക്ഷിച്ചും ധാർമ്മികതയിൽ വളർത്തിയില്ലെങ്കിൽ ഏറ ദുഃഖിക്കേണ്ടിവരും. വഞ്ചനയും ചതിയും പ്രതികാരവും ഒരിക്കലും നന്മയിലേക്കു നയിക്കുകയില്ല.

### 3. വാഗ്ദത്ത ഭൂമിയിൽ തീർത്ഥാടകൻ 35, 1-36, 43 (JEP)

കാനാനിൽ നിന്ന് ഒളിച്ചോടുമ്പോൾ ബേഥേലിൽ വച്ചുണ്ടായ ദർശനത്തെ തുടർന്നു ചെയ്ത വാഗ്ദാനം (ഉൽപ 28, 20-22) യാക്കോബു പൂർത്തിയാക്കുന്നതാണ് 1-15 വാക്യങ്ങളിൽ വിവരിക്കുന്നത്. 16-19 വാക്യങ്ങളിൽ ബഞ്ചമിന്റെ ജനനവും രാഹേലിന്റെ മരണവും രേഖപ്പെടുത്തിയിരിക്കുന്നു. വാഗ്ദത്തഭൂമിയിലൂടെ നിരന്തരം യാത്രചെയ്യുന്ന ഒരു തീർത്ഥാടകന്റെ ചിത്രമാണ് ഈ വിവരണങ്ങളിൽ നിന്നു ലഭിക്കുക. 23-26 വാക്യങ്ങൾ യാക്കോബിന്റെ പുത്രന്മാരുടെ ഒരു പട്ടികയും 27-29 വാക്യങ്ങൾ ഇസഹാക്കിന്റെ മരണവും രേഖപ്പെടുത്തിയിരിക്കുന്നു. 36-ാം അദ്ധ്യായം ഏസാവിന്റെ സന്തതികളുടെ പട്ടിക അവതരിപ്പിക്കുന്നു.

**എ. ബേഥേലിലെ ബലിയർപ്പണം - 35, 1-15:** കർത്താവിന്റെ കല്പനയനുസരിച്ച് യാക്കോബ് ബേഥേലിലേക്ക് വന്ന് ബലിയർപ്പിക്കുന്നതിന്റെ ഈ വിവരണം ഏലോഹിസ്റ്റ് രചയിതാവന്റേതാണ്. അതിനു മധ്യേ ദൈവത്തിന്റെ വാഗ്ദാനം വിവരിക്കുന്ന പുരോഹിതരചനയായ 9-13 വാക്യങ്ങൾ ചേർത്തിരിക്കുന്നു. യാക്കോബ് തന്റേ ക്ലേശകാലക്ക് ചെയ്ത വാഗ്ദാനം വിസ്മരിക്കുകയോ നിറവേറ്റാൻ വൈകുകയോ ചെയ്ത പ്രതീതിയാണ് ഒന്നാം വാക്യത്തിൽ നിന്നു ലഭിക്കുന്നത്. ഹാരാനിൽ നിന്നു കാനാനിൽ തിരിച്ചെത്തിയിട്ടും ബേഥേലിലേക്കു പോകാതെ ഷെക്കെമിലാണ് അയാൾ വാസമുറപ്പിച്ചത്. അതിന്റെ ദുരന്തഫലങ്ങൾ നാം കണ്ടുകഴിഞ്ഞു.

ദൈവകല്പനയനുസരിച്ച് ബേഥേലിലേക്കു യാത്ര ചെയ്യാനുള്ള ഒരുക്കം ഒരു തീർത്ഥാടനത്തിന്റെ ശൈലിയാണ് വിവരിക്കുന്നത്. ഒരുക്കത്തിന്റെ ഭാഗമായി മൂന്നു കാര്യങ്ങൾ ആവശ്യപ്പെടുന്നു. 1. അന്യദേവന്മാരെ ദൂരെ കളയുക. മെസൊപ്പൊട്ടേമിയായിൽ നിന്നു വന്നവർ വിഗ്രഹങ്ങളെയും അനേകം ദേവന്മാരെയും ആരാധിക്കുന്നവരായിരുന്നു. വിഗ്രഹാരാധനയിൽ നിന്നു പിതാക്കന്മാർക്കു പ്രത്യക്ഷപ്പെട്ട ഏകദൈവമായ കർത്താവിലേക്കു തിരിയാനുള്ള ആഹ്വാനമാണിത്. ഷെക്കെമിലെ ഉടമ്പടിയുടെ അവസരത്തിൽ ജോഷ്വാ നൽകുന്ന നിർദ്ദേശവുമായി (ജോഷ്വാ 24, 14) ഇതിനു സാമ്യമുണ്ട്. റാഹേൽ മോഷ്ടിച്ച കുലവിഗ്രഹങ്ങളായിരിക്കണം ഇവിടെ മുഖ്യമായും ഉദ്ദേശിക്കുന്നത്. കർണ്ണാഭരണങ്ങൾ ചന്ദ്രാരാധനയുടെ പ്രതീകങ്ങളായ അർദ്ധചന്ദ്രാകൃതിയിലുള്ള ആഭരണങ്ങളാണെന്നു കരുതപ്പെടുന്നു. 2. ശുദ്ധി വരുത്തുക. കുളിച്ചു ശരീരശുദ്ധി വരുത്തുക എന്നതാണ് പ്രത്യക്ഷത്തിൽ ഇതിന്റെ അർത്ഥം. എന്നാൽ ബലിയർപ്പിക്കാനായി ദൈവഭവനത്തിലേക്കു പോകുന്നവർക്ക് ഹൃദയശുദ്ധിയാണ് കൂടുതൽ ആവശ്യം. 3. വസ്ത്രങ്ങൾ മാറുക. മനസ്സിന്റെ നവീകരണത്തിലൂടെ പുതിയ മനുഷ്യരായി മാറാനുള്ള നിർദ്ദേശം ഇതിൽ അടങ്ങിയിട്ടുണ്ട് (പുറ 19, 10; ജോഷ്വാ 7, 13; 1 സാമു 16, 5).

"നമുക്കു ബേഥേലിലേക്കു പോകാം" എന്ന ആഹ്വാനം ഒരു തീർത്ഥാടനത്തിന്റെ തുടക്കത്തെ സൂചിപ്പിക്കുന്നു (സങ്കീ 122, 1; 1 സാമു 1, 13) ദൈവത്തിനു കൃതജ്ഞതാബലിയർപ്പിക്കാൻ വേണ്ടിയാണ് തീർത്ഥാടനം നടത്തുന്നത് എന്നു തുടർന്നു വിശദീകരിക്കുന്നു. രണ്ടു കാര്യങ്ങളാണ് യാക്കോബ് നന്ദിയോടെ അനുസ്മരിക്കുന്നത് 1. ദൈവം പ്രാർത്ഥന ചെവിക്കൊണ്ടു. 2. തന്റെ യാത്രകളിലെല്ലാം തന്നോടുകൂടെ ഉണ്ടായിരുന്നു. ചുറ്റുമുള്ള നഗരങ്ങളിൽ ഉണ്ടായ ദൈവഭീതി ഷെക്കെമിലെ സംഭവത്തിന്റെ ഫലമാണെന്നു കരുതപ്പെടുന്നു. ഇത് യാക്കോബിനും കുടുംബത്തിനും ദൈവം നൽകിയ പ്രത്യേക സംരക്ഷണത്തെ സൂചിപ്പിക്കുന്നു (പുറ 23, 27; ജോഷ്വാ 10,10).

6-7 വാക്യങ്ങൾ യാക്കോബ് തന്റെ നേർച്ച നിറവേറ്റുന്നതായി രേഖപ്പെടുത്തുന്നു. ബേഥേലിന്റെ ദൈവം എന്നാണ് "ഏൽബേഥേൽ" എന്ന പേരിന് അർത്ഥം. ഇത് ഒരു അസാധാരണനാമമായി കരുതപ്പെടുന്നു. യാതൊരു ഒരുക്കവും കൂടാതെയാണ് 8-ാം വാക്യക്കിൽ ദെബോറായുടെ മരണത്തെക്കുറിച്ചു പ്രതിപാദിക്കുന്നത്. റബേക്കായുടെ പരിചാരിക എന്നു വിവർത്തനം ചെയ്തിരിക്കുന്ന ഹീബ്രുവാക്കിന്റെ അർത്ഥം "ആയ" അഥവാ

"പോറ്റമ്മ" എന്നാണ്. 24, 59ൽ റബേക്കായ്ക്കു തോഴിയെ നൽകി എന്നു പറയുന്നിടത്തും ഇതേ പദം തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്. റബേക്കായെ പോറ്റി വളർത്തിയ ദബോറ എങ്ങനെ ഇപ്പോൾ യാക്കോബിന്റെ കൂടെ വന്നു എന്ന് വി. ഗ്രന്ഥകാരൻ പറയുന്നില്ല. എന്നാൽ അവളുടെ മരണവും സംസ്കാരവും കണ്ണീരിന്റെ ഓക്കുമരം എന്നർത്ഥമുള്ള അലോൺബാക്കൂത്ത് എന്ന പേരും ആ പോറ്റമ്മയ്ക്കു കല്പിക്കുന്ന പ്രാധാന്യം വ്യക്തമാക്കുന്നു.

സാഹചര്യവുമായി യാതൊരു ബന്ധവുമില്ലാത്ത വിധത്തിലാണ് പുരോഹിതരചനയുടെ ഭാഗമായ 9–13 വാക്യങ്ങൾ ഇവിടെ ചേർത്തിരിക്കുന്നത്. അബ്രാഹത്തിന് ഉടമ്പടിയിലൂടെ നൽകിയ വാഗ്ദാനത്തോട് (17, 1–8) ഇതിന് അടുത്ത സാമ്യമുണ്ട്. ഇസ്രയേൽ എന്നു പേരു നൽകിയിതിന്റെ ഒരു വിവരണം 32, 28ൽ നാം കണ്ടു കഴിഞ്ഞു. പന്ത്രണ്ടു മക്കളുടെ പിതാവായി യാക്കോബിനു നൽകുന്ന ''സന്താനപുഷ്ടിയുള്ളവായി പെരുകുക" എന്ന അനുഗ്രഹം സന്ദർഭം തെറ്റിയാണ് ഇവിടെ അവതരിപ്പിക്കുന്നത്. സന്തതികളെയും ദേശത്തെയും കുറിച്ചുള്ള വാഗ്ദാനം പിതാക്കന്മാർക്കു നൽകി വാഗ്ദാനങ്ങളുടെ സംഗ്രഹമാണ്. 14–15 വാക്യങ്ങൾ 28, 18–19ന്റെ ആവർത്തനമത്രേ.

**വിചിന്തനം:** ലഭിച്ച അനുഗ്രഹങ്ങൾ അനുസ്മരിച്ച് ദൈവത്തിനു നന്ദിപറയാനും ചെയ്യുന്നു പ്രതിജ്ഞകൾ നിറവേറ്റാനും കടമയുണ്ട്. തീർത്ഥാടനങ്ങളും ബലിയർപ്പണങ്ങളും ഇപ്രകാരമുള്ള നന്ദിപ്രകടനങ്ങളാകണം. കർത്താവിന്റെ ഭവനത്തിലേക്കു ബലിയർപ്പണത്തിനായി പോകുന്നവർ ആത്മാവും ശരീരവും ശുദ്ധിയാക്കി പുതിയ മനുഷ്യരായി മാറണം.

**ബി. ജനനവും മരണവും 25, 16–20:** ബഞ്ചമിന്റെ ജനനവും റബേക്കായുടെ മരണവും വിവരിക്കുന്ന16–20 വാക്യങ്ങൾ ഏലോഹിസ്റ്റ് രചയിതാവിന്റേതാണ്. യാക്കോബിനെ വീണ്ടും യാത്രക്കാരനായിട്ടാണ് ഇവിടെ അവതരിപ്പിക്കുന്നത്. യാത്രാമധ്യേ യാക്കോബിന്റെ ഇഷ്ടഭാര്യ റാഹേൽ പ്രസവത്തോടെ മരിച്ചു. മരിക്കുന്നതിനു മുൻപ് തന്റെ കുഞ്ഞിനെ അവൾ നൽകുന്ന "ബെനോനി" എന്ന പേരിന് "എന്റെ ദുഃഖത്തിന്റെ പുത്രൻ" എന്നാണർത്ഥം. ജനനസാഹചര്യത്തെ അനുസ്മരിപ്പിക്കുന്നതാണ് ഇതെങ്കിലും പേര് വ്യക്തിയുടെ സ്വഭാവത്തെയും ഭാവിയേയും നിർണ്ണയിക്കുന്നു എന്ന വിശ്വാസത്തിൽ യാക്കോബ് വേറൊരു പേരു നൽകുന്നു. "ബിൻയാമീൻ" എന്ന പേരാണ് ബഞ്ചമിൻ എന്നു പറയുന്നത്. വലതുവസം എന്നാണ് "യാമീൻ" എന്ന ഹീബ്രു വാക്കിന്റെ അർത്ഥം. വലതുഭാഗം

ശക്തിയുടെയും ഭാഗ്യത്തിന്റെയും അടായളമായി കരുതപ്പെട്ടിരുന്നതിനാൽ ഭാഗ്യപുത്രൻ എന്ന അർത്ഥം ലഭിക്കുന്നു.

റാഹേലിന്റെ ശവകുടീരം ജറുസലെമിനു വടക്ക് ബഞ്ചമിൻ ഗോത്രത്തിന്റെ പ്രദേശത്തുള്ള റാമാ എന്ന നഗരത്തിനു സമീപത്തായിരുന്നു എന്ന സൂചനയാണ് 1 സാമു 10, 2; ജറെ 31, 15 ൽ നിന്നു ലഭിക്കുക. അതിനാൽ എപ്രാത്തായും ബേത്ലെഹെമും ഒന്നു തന്നെ എന്ന വിശദീകരണം പില്ക്കാലത്തു കൂട്ടിച്ചേർക്കപ്പെട്ടതായി വ്യാഖ്യാതാക്കൾ കരുതുന്നു. ജറുസലെമിനു തെക്കാണ് ബേത്ലെഹെം. മിക്കാ 5, 2ൽ ബേത്ലേഹം - എഫ്രാത്താ ഒരു നഗരമായിട്ടാണ് കാണുന്നത്. മത്താ 2, 6-18 മിക്കായുടെയും ജറെമിയായുടെയും പ്രവചനങ്ങളെ സംയോജിപ്പിച്ചിരിക്കുന്നു. ബേത്ലെഹത്തു നിന്ന് ഏകദേശം ഒരു കിലോമീറ്റർ വടക്കായി ഇന്ന് റാഹേലിന്റെ ശവകുടീരം എന്നറിയപ്പെടുന്ന മുസ്ലീങ്ങളുടെ വകയായ ഒരു സ്മാരകമുണ്ട്.

21-22 വാക്യങ്ങൾ യാഹ്വിസ്റ്റിന്റേതാണ്. യാക്കോബിന് രണ്ടുതവണ ഇസ്രായേൽ എന്ന പേരുപയോഗിച്ചിരിക്കുന്നു. റുബെന്റെ മ്ലേച്ഛമായ പ്രവൃത്തി യാക്കോബ് അറിഞ്ഞു എന്നല്ലാതെ യാകൊരു പ്രതികരണവും രേഖപ്പെടുത്തിയിട്ടില്ല. ഷെക്കെമിലെ സംഭവത്തിലെന്നപോലെ ഇവിടെയും നിസ്സഹായനു നിഷ്ക്രിയനുമായ ഒരു പിതാവിന്റെ ചിത്രമാണ് കാണുന്നത്. എന്നാൽ മരണശയ്യയിൽ വച്ചു മക്കളെ അനുഗ്രഹിക്കുമ്പോൾ ഈ സംഭവം അനുസ്മരിച്ചുകൊണ്ട് റൂബെന് കടിഞ്ഞൂലവകാശം നിഷേധിച്ചതായി ഉൽപ 49, 3-4ൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രത്യേകാനുഗ്രഹത്തിന് യൂദായെ തിരഞ്ഞെടുക്കുന്നതിന്റെ വിശദീകരണമായി ഈ സംഭവങ്ങൾ കാണാനാവും. നാലാമത്തെ മകനായ യൂദായിലൂടെയാണ് പിതാക്കന്മാർക്കും ലഭിച്ച വാഗ്ദാനം പൂർത്തിയാകുന്നത്.

23-26 വാക്യങ്ങൾ അവതരിപ്പിക്കുന്ന യാക്കോബിൻരെ പന്ത്രണ്ടു പുത്രന്മാരുടെ പട്ടിക പുരോഹിത രചനയുടെ ഭാഗമാണ്. ഈ പട്ടിക അനുസരിച്ച് ബഞ്ചമിനും പാദാൻ ആരാമിൽ വച്ചാണ് ജനിച്ചത്. ദീനായെക്കുറിച്ച് ഒന്നും പറയുന്നില്ല എന്നതും ശ്രദ്ധേയമത്രേ. ഈ പന്ത്രണ്ടു പേരുകൾ ഇസ്രയേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളെയാണ് സൂചിപ്പിക്കുക. പന്ത്രണ്ട് എന്ന സംഖ്യക്ക് രക്ഷാചരിത്രത്തിൽ വലിയ പ്രാധാന്യമുണ്ട്. അത് ദൈവജനത്തിന്റെ പൂർണ്ണതയെ സൂചിപ്പിക്കുന്ന. പന്ത്രണ്ടു ഗോത്രങ്ങളുടെ സ്ഥാനത്ത് യേശു പന്ത്രണ്ട് അപ്പസ്തോലന്മാരെ തിരഞ്ഞെടുത്തുകൊണ്ട് തന്റെ സഭയെ യഥാർത്ഥ ഇസ്രയേലും വാഗ്ദാനങ്ങളുടെ

അവകാശിയുമായി സ്ഥാപിച്ചു.

27–29 വാക്യങ്ങൾ പുരോഹിതരചനയുടെ ഭാഗമാണ്. അബ്രാഹവും ഇസഹാക്കും വസിച്ചിരുന്നിടത്തുതന്നെ യാക്കോബും വാസമുറപ്പിച്ചു. ഇസഹാക്കിന്റെ മരണവും സംസ്കാരവും വിവരിക്കുന്നത് അബ്രാഹത്തിന്റെ മരണവും സംസ്കാരവും വിവരിച്ചതിനോട് (ഉൽ 25, 7–9) സമാനമായിട്ടാണ്. രമ്യതയിലെത്തിയ ഏസാവും യാക്കോബും പിതാവിനെ മക്പേലാ ഗുഹയിൽ സംസ്കരിക്കുന്നതോടെ (ഉൽപ 35,29; 49,31)) യാക്കോബിനെ കേന്ദ്രമാക്കിയുള്ള വിവരണം അവസാനിച്ചു.

**സി. ഏസാവിന്റെ സന്തതിപരമ്പര 36, 1–43)** (P) യാക്കോബിനെ കുറിച്ചുള്ള വിവരണത്തിനുശേഷം ജോസഫിന്റെ കഥ ആരംഭിക്കുന്നതിനു മുമ്പേ ഏസാവിന്റെ സന്തതിപരമ്പരയുടെ പട്ടിക അവതരിപ്പിക്കുന്ന ഈ അധ്യായം മുഴുവനായും പുരോഹിതരചനയാണ്. ഏസാവിന്റെ വംശാവലി എന്ന ആമുഖവുമായി ആരംഭിക്കുന്ന ഈ അധ്യായം ആറു പട്ടികകളുടെ സാമഹാരമാണ്: 1–8, 9–14, 15–19, 20–30, 31–39, 40–43.

മൂന്നു കാനാന്യ ഭാര്യമാരിൽ നിന്ന് ഏസാവിനു ലഭിച്ച അഞ്ചു മക്കളുടെ പേരുവിവരമാണ് ആദ്യത്തെ പട്ടികയിലുള്ളത്. 6–8 വാക്യങ്ങൾ ഏസാവും കുടുംബവും സെയിറിലേക്കു മാറി താമസിച്ചതിന്റെ സാഹചര്യം വിവരിക്കുന്നു. സഹോദരന്മാർ തമ്മിലുണ്ടായ സംഘർഷത്തെക്കുറിച്ച് യാതൊരു സൂചനയുമില്ല. അബ്രാഹവും ലോത്തും തമ്മിൽ പിരിഞ്ഞതിനെ അനുസ്മരിപ്പിക്കുന്നതാണ് ഏസാവിന്റെ പിരിഞ്ഞുപോകൽ.

9–14 വാക്യങ്ങളിലെ രണ്ടാമത്തെ പട്ടികയിൽ ആദ്യത്തേതിലെ ഭാര്യമാരുടെയും പുത്രന്മാരുടെയും പേരുകൾ ആവർത്തിക്കുന്നതിനു പുറമേ പേരക്കിടാങ്ങളുടെ പേരു വിവരവും നൽകിയിരിക്കുന്നു. 15–19 വാക്യങ്ങളിലെ മൂന്നാമത്തെ പട്ടികയിൽ രണ്ടാമത്തേതിലെ പേരുകൾ തന്നെ ആവർത്തിക്കുന്നു. അവർ ഏസാവിന്റെ മക്കളിൽ പ്രധാനരായിരുന്നു എന്ന ഒരു വിശേഷണം മാത്രമേ കൂടുതലായുള്ളൂ. 20–30 വാക്യങ്ങളിലെ നാലാമത്തെ പട്ടിക ആദ്യത്തെ മൂന്നിൽ നിന്നും വ്യത്യസ്തമാണ്. സെയിർ നിവാസികളായ ഹോര്യരുടെ വംശാവലിയാണ് ഇതിലുള്ളത്. 24–ാം വാക്യത്തിലെ ചൂടുറവകളെക്കുറിച്ചുള്ള പാരമാർശം ചാവുകടലിന്റെ പ്രാന്തപ്രദേശങ്ങളെ സൂചിപ്പിക്കുന്നു.

31–39 വാക്യങ്ങളിൽ അഞ്ചാമത്തെ പട്ടിക ഏദോമിലെ എട്ടു രാജാക്കന്മാരുടെ പേരുവിവരം രേഖപ്പെടുത്തിയിരിക്കുന്നു. ഇസ്രായേലിൽ രാജ

ഭരണ ആരംഭിക്കുന്നതിന് മുമ്പ് ഏദോം ഭരിച്ചിരുന്നവരാണ് ഇവര്‍ എന്ന് 31-ാം വാക്യത്തില്‍ ആമുഖമായി പറഞ്ഞിരിക്കുന്നു. പിതാവില്‍നിന്നു പുത്ര നിലേക്കു രാജാധികാരം കൈമാറുന്ന രാജവംശമോ, സ്ഥിരമായൊരു തല സ്ഥാനമോ ഇവര്‍ക്കില്ല എന്നതു ശ്രദ്ധേയമത്രേ. ഈ സംവിധാനത്തെ അനുകരിച്ചായിരിക്കണം ഇസ്രായേലില്‍ രാജഭരണം ആരംഭിച്ചത്. സാവൂ ളിനു ശേഷം അയാളുടെ മകനല്ല അന്യനായ ദാവീദാണ് രാജാവായത്. എന്നാല്‍ ദാവീദ് ഒരു രാജവംശം സ്ഥാപിച്ചു.

**വിചിന്തനം:** ഏസാവും ഏദോമും ഒരാള്‍ തന്നെയെന്ന് പലതവണ ആവര്‍ത്തിക്കുന്നതിലൂടെ ഇതിനു മുമ്പോ വിവരിച്ച ഏസാവിന്റെ ചരിത്ര ത്തിലേക്കു വി. ഗ്രന്ഥകാരന്‍ ശ്രദ്ധ ക്ഷണിക്കുന്നു. ജേഷ്ഠനെയും പിതാ വിനെയും കബളിപ്പിച്ച് ജ്യേഷ്ഠസ്ഥാനവും അനുഗ്രഹവും തട്ടിയെടുത്തെ ങ്കിലും യാക്കോബിനോ മക്കള്‍ക്കോ അതു ഗുണം ചെയ്തില്ല. വഞ്ചിത നായ ഏസാവിന്റെ മക്കള്‍ അനുഗൃഹീതനായ യാക്കോബിനെക്കാള്‍ മുമ്പേ ശക്തമായ ഒരു രാജ്യമായിത്തീര്‍ന്നു. വഞ്ചനയിലൂടെ ലഭിക്കുന്ന അനു ഗ്രഹം അനുഗ്രഹമാവില്ല എന്നും ദൈവം എല്ലാവരെയും പരിപാലിക്കു ന്നുവെന്നു ഈ വംശാവലി പഠിപ്പിക്കുന്നു.

## ചോദ്യങ്ങള്‍

1. ഏസാവുമായുള്ള കണ്ടുമുട്ടലിന് യാക്കോബു നടത്തിയ ഒരുക്കത്തെക്കു റിച്ച് രണ്ടു പാരമ്പര്യങ്ങളില്‍ നിന്നുള്ള രണ്ടു വിവരണങ്ങളുണ്ട്. ഏവ?
2. 9-12 വാക്യങ്ങളിലെ യാക്കോബിന്റെ പ്രാര്‍ത്ഥനയുടെ ഘടന കണ്ടുപി ടിക്കുക. ഈ പ്രാര്‍ത്ഥനക്ക് ബേഥേലിലെ ദര്‍ശനവും പ്രതിജ്ഞയു മായി എന്തു ബന്ധമുണ്ട്?
3. മുന്‍പേ അയച്ച സമ്മാനങ്ങള്‍ വഴി യാക്കോബി എന്താണ് പ്രതീക്ഷി ച്ചത്?
4. യാക്കോബിന്റെ മല്പിടുത്തത്തിലൂടെ അവതരിപ്പിക്കുന്ന പ്രധാന ആശ യങ്ങള്‍ ഏവ?
5. കണ്ടുമുട്ടലിന്റെ വിവരണത്തിലെ യാക്കോബിന്റേയും ഏസാവിന്റെയും സമീപനങ്ങള്‍ തമ്മില്‍ താരതമ്യം ചെയ്യുക.
6. ഷെക്കെമിലെ സംഭവത്തില്‍ നിന്ന് എന്തു പാഠമാണ് ലഭിക്കുന്നത്?
7. യാക്കോബിന്റെ ബേഥേല്‍ സന്ദര്‍ശനം തീര്‍ത്ഥാടനത്തെ കുറിച്ച് എന്തു

പഠിപ്പിക്കുന്നു?

8. ഏസാവിന്റെ വംശാവലിയിൽ എത്ര പട്ടികകളുണ്ട്? ഈ പട്ടികകളി ലൂടെ നൽകുന്ന സന്ദേശമെന്ത്?

**ചർച്ചക്ക്:** യാക്കോബിന്റെ പ്രാർത്ഥനയും മല്പിടുത്തവും നിങ്ങൾക്ക് എന്തു സന്ദേശമാണ് നൽകുന്നത്? പ്രാർത്ഥനാപൂർവ്വം നേരിട്ടപ്പോൾ പ്രതി സന്ധികൾ ഭയപ്പെട്ടിരുന്നത്ര പ്രയാസമില്ലാത്തതായി നിങ്ങൾക്ക് അനുഭ വപ്പെട്ടിട്ടുണ്ടോ? അനുഭവം പങ്കു വയ്ക്കുക.

**പ്രാർത്ഥന:** യാക്കോബിന്റെ പ്രാർത്ഥനയെ അനുകരിച്ച് നിങ്ങളുടെ ജീവിത സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി സ്വന്തമായ ഒരു പ്രാർത്ഥന എഴുതുക.

# III. ജോസഫ്

## ഉൽപത്തി 37 –50

പൂർവ്വപിതാക്കന്മാരുടെ ചരിത്രത്തിന്റെ അവസാനഭാഗം യാക്കോബിന്റെ മക്കളിൽ ഒരാളായ ജോസഫിന്റെ ചരിത്രമായി അവതരിപ്പിച്ചിരിക്കുന്നു. ഈ ഭാഗത്തെ മുഖ്യകഥാപാത്രം ജോസഫാണെങ്കിലും യാക്കോബിന്റെ കുടുംബചരിത്രമാണിത്(37,2) എന്ന ആമുഖത്തോടെ തുടങ്ങി യാക്കോബിന്റെയും ജോസഫിന്റെയും മരണത്തോടെ അവസാനിക്കുന്നു. വി.ഗ്രന്ഥകാരൻ തന്നെ നല്കുന്ന സൂചനയനുസരിച്ച് ഇത് ഒരു കുടുംബകഥയാണ്. സഹോദരന്മാർ തമ്മിലുള്ള ബന്ധമാണ് ഇതിന്റെ മുഖ്യ പ്രമേയം.

ഒരു മകനോടു പിതാവ് പ്രകടിപ്പിക്കുന്ന സ്നേഹവും ആ മകന്റെ ചില പ്രവൃത്തികളും അവകാശവാദങ്ങളും മറ്റു സഹോദരങ്ങളുടെ അസൂയയ്ക്കും വിദ്വേഷത്തിനും കാരണമാകുന്നു. ഇളയ സഹോദരനെ വധിക്കാൻ തീരുമാനിക്കുന്ന മൂത്ത സഹോദരന്മാർ അവസാനനിമിഷത്തിൽ ആശയം മാറ്റി അവനെ അടിമയായി വിലക്കുന്നു. ഇപ്രകാരം തകരുന്ന കുടുംബബന്ധങ്ങളുടെ ചിത്രം അവതരിപ്പിച്ചു കൊണ്ടാണ് കഥ ആരംഭിക്കുന്നത്. അപ്രതീക്ഷിതവും ആകാംക്ഷാഭരിതവുമായ അനേകം സംഭവപരമ്പരകളിലൂടെ കടന്ന് അവസാനം സഹോദരന്മാർ തമ്മിൽ രമ്യതയിലെത്തുകയും പിതാവും മക്കളും വീണ്ടും ഒരുമിക്കുകയും ചെയ്യുന്നതോടെ കഥ അവസാനിക്കുന്നു. മുറിവേറ്റ സാഹോദര്യത്തിന്റെ മുറിവുണക്കുകയും അറ്റുപോയ കുടുംബബന്ധത്തിന്റെ കണ്ണികൾ വിളക്കിച്ചേർക്കുകയും ചെയ്യുന്നതിന്റെ കഥയാണ് ജോസഫിന്റെ കഥ.

ഒരു കുടുംബകഥ എന്ന നിലയിൽ ഇതിന് അബ്രാഹത്തിന്റെയും യാക്കോബിന്റെയും കഥയോടു സാമ്യമുണ്ട്. എന്നാൽ ഇവിടെ കുടുംബബന്ധങ്ങൾ കൂടുതൽ വിശാലമായ പശ്ചാത്തലത്തിലാണ് ചിത്രീകരിക്കുന്നത്. ഒരു സഹോദരന് മറ്റു സഹോദരങ്ങളുടെ മേൽ ആധിപത്യം ലഭിക്കുന്നതിന്റെ വിവരണമാണ് ഇവിടെയുള്ളത്. ഇസഹാക്ക് യാക്കോബിനു നല്കിയ അനുഗ്രഹത്തിൽ (27,29) ഇതിനെ കുറിച്ചു സൂചനയുണ്ടായിരുന്നു. ഇവിടെ അത് ഒരു പ്രധാന പ്രമേയമായി അവതരിപ്പിച്ചിരിക്കുന്നു. കുടുംബത്തിന്റെ പശ്ചാത്തലത്തിൽ നിന്നു വിട്ട് രാഷ്ട്രീയ മേഖലയിലാണ് ഈ ആധിപത്യം യഥാർത്ഥ്യമായിത്തീരുന്നത്. ഈജിപ്തിലെ

ഫറവോയുടെ സർവ്വാധിക്കാര്യക്കാരനായി ഉയർത്തപ്പെട്ട ജോസഫിനു മുമ്പിൽ നിലംപറ്റെ താണു വണങ്ങുമ്പോൾ സഹോദരങ്ങളിൽ ഒരുവൻ മറ്റുള്ളവരുടെ മേൽ അധിപതിയായിത്തീരുന്നു. ഇസ്രായേലിൽ നിലവിൽ വന്ന രാജഭരണത്തിന്റെ ഒരു സൂചനയാണ് ഈ ചിത്രത്തിൽ നിന്നു ലഭിക്കുന്നത്. ജോസഫിന്റെ കഥ ഇസ്രായേലിന്റെ കഥയുടെ ഒരു പ്രതീകവും മുന്നോടിയുമായി ഇവിടെ അവതരിപ്പിച്ചിരിക്കുന്നു.

ഈജിപ്തിലെ അടിമത്തത്തിൽ നിന്നു മോചനം നേടി രാജഭരണത്തിൽ കീഴിൽ ശക്തമായൊരു രാജ്യമായിത്തീർന്ന ജനതയാണ് ഇസ്രായേൽ. ആ ജനതയുടെ ചരിത്രത്തിന്റെ ഒരു ചെറിയ പതിപ്പ് ഈജിപ്തിലെ തടവറയിൽ നിന്ന് സിംഹാസനം വരെ ഉയർന്ന ജോസഫിന്റെ കഥയിൽ കാണാം. സ്വന്തമായ എന്തെങ്കിലും കുറ്റത്താലല്ല ഇസ്രായേൽ ഈജിപ്തിൽ അടിമയായിത്തീർന്നത്. സ്വന്തം ശക്തിയാലല്ല അവർ മോചനം നേടിയത്. രണ്ടിലും ദൈവത്തിന്റെ പ്രവർത്തനം ദൃശ്യമാണ്. അതുപോലെ തന്നെ ജോസഫിന്റെ അടിമത്തത്തിലും മോചനത്തിലും ഉയർച്ചയിലും ദൈവിക പരിപാലനയുടെ പ്രവർത്തനം കാണാം.

തികച്ചും അനുകരണാർഹനായ ഒരു മാതൃകാ പുരുഷന്റെ ചിത്രമാണ് ജോസഫിന്റേത്. വിശ്വാസികളുടെ പിതാവ് എന്നറിയപ്പെടുന്ന അബ്രാഹാം സാഹചര്യത്തിന്റെ സമ്മർദ്ദത്തിനു വഴങ്ങി സത്യം മറച്ചുവച്ച് സ്വന്തം ജീവൻ രക്ഷിക്കാൻ വേണ്ടി ഭാര്യയെ വിട്ടു കൊടുക്കാൻ തയ്യാറായി. വാഗ്ദാനത്തിന്റെ പൂർത്തികരണത്തിനായി സ്വന്തം പദ്ധതികൾ ആസൂത്രണം ചെയ്തു പരാജയപ്പെട്ടു. കാര്യലാഭത്തിനായി വളഞ്ഞ മാർഗ്ഗങ്ങൾ ഉപയോഗിക്കാൻ യാക്കോബു മടിച്ചില്ല. എന്നാൽ ജോസഫിൽ ഇപ്രകാരമുള്ള യാതൊരു കുറവുകളും കാണുന്നില്ല. ദൈവത്തിന്റെ കരങ്ങളിൽ പൂർണ്ണമായി വിട്ടു കൊടുത്തതായിരുന്നു അയാളുടെ ജീവിതം. തന്നെ അടിമയായി വിറ്റവരോടു പകയില്ല. ജീവൻ തന്നെയും നഷ്ടപ്പെടുമായിരുന്നിട്ടും തിന്മയ്ക്കു വഴങ്ങിയില്ല. സിംഹാസനം വരെ ഉയർന്നിട്ടും അഹങ്കരിച്ചില്ല. പ്രതികാരം ചെയ്യാൻ അവസരം കിട്ടിയപ്പോൾ ഹൃദയപൂർവ്വം ക്ഷമിച്ചു.

ജ്ഞാനിയും സാത്വികനുമായ ഒരു മനുഷ്യനാണ് ഈ വിവരണങ്ങളിലെ ജോസഫ്. ക്ഷടതകളിൽ സമചിത്തതപാലിച്ചും പ്രതിസന്ധികളിൽ വിവേകത്തോടെ പ്രവർത്തിച്ചും അനുകൂലസാഹചര്യത്തിൽ ബുദ്ധി

പൂർവ്വം കാര്യങ്ങൾ ക്രമീകരിച്ചും ജീവിതവിജയം നേടിയ വ്യക്തിയാണ യാൾ. പിതാവിനെ ഗാഢമായി സ്നേഹിക്കുകയും വാർധക്യത്തിൽ പരി പാലിക്കുകയും ചെയ്യുന്ന പുത്രൻ , മനപൂർവ്വം തന്നെ ദ്രോഹിച്ച സഹോ ദരങ്ങളോടു ക്ഷമിച്ച് അവരുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്ന സഹോദരൻ, ദീർഘവീക്ഷണവും പ്രജാക്ഷേമതാല്പര്യവുമുള്ള ഭരണ കർത്താവ് എന്നീ നിലകളിലെല്ലാം ജോസഫിന്റെ ജ്ഞാനവും വിവേകവും പ്രത്യക്ഷമാകുമാകുന്നു.

വ്യക്തിയുടെ ചിത്രീകരണത്തിൽ മാത്രമല്ല, വിവരണത്തിന്റെ ശൈലി യിലും ദൈവശാസ്ത്രപരമായ കാഴ്ചപ്പാടിലും മറ്റു പിതാക്കന്മാരുടേതിൽ നിന്നും ജോസഫിന്റെ കഥ വ്യത്യസ്തമാണ്. ഒറ്റപ്പെട്ട അനേകം സംഭവ ങ്ങളുടെ വിവരണമോ പാരമ്പര്യങ്ങളുടെ സമാഹാരമോ അല്ല, തുടർച്ച യായ ഒറ്റ വിവരണമാണ് ജോസഫിന്റെ കഥ.

ഹിക്സോസ് ഭരണകാലത്ത് ഈജിപ്തിൽ നിലവിലിരുന്ന ജീവി തസാഹചര്യങ്ങൾ ഈ വിവരണത്തിൽ വ്യക്തമായി പ്രതിഫലിക്കുന്നു ണ്ട്. ഇവിടെ വിവരിക്കുന്നവയെല്ലാം അതേപടി സംഭവിച്ചതാകണമെന്നി ല്ല. എന്നാൽ അവയ്ക്കു പിന്നിലുള്ള ചരിത്ര വസ്തുതകൾ ആർക്കും നിഷേ ധിക്കാനാവില്ല. വളരെ വ്യക്തമായൊരു ലക്ഷ്യത്തോടെ ചരിത്രപുരുഷന്മാ രെയും സംഭവങ്ങളെയും ആധാരമാക്കി നോവലിന്റെ രൂപത്തിൽ രചിച്ചി രിക്കുന്നതാണ് ജോസഫിന്റെ കഥ എന്നു പൊതുവെ കരുതപ്പെടുന്നു.

പൂർവപിതാക്കന്മാരുടെ ജീവിതത്തിൽ ദൈവം നേരിട്ടു പ്രത്യക്ഷ പ്പെട്ടതും മാലാഖമാർ വഴിയും സംഭവങ്ങളെ നയിക്കുകയും നിയന്ത്രിക്കു കയും ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള ദൈവത്തിന്റെ ഇടപെടലുകൾ ഒന്നും തന്നെ ജോസഫിന്റെ കഥയിലില്ല. സംഭവങ്ങളുടെ കാര്യകാരണങ്ങൾ വിശദീകരിക്കുന്നില്ല. വ്യക്തികളെയും സംഭവങ്ങളെയും ഉള്ളിൽ നിന്നു നിയന്ത്രിക്കുന്ന ദൈവത്തിന്റെ അദൃശ്യ മായ പ്രവർത്തനങ്ങൾ വിവരണങ്ങളുടെ അന്തർധാരയായി നിലകൊള്ളു ന്നു. പ്രത്യക്ഷത്തിൽ സാധാരണവും സ്വാഭാവികവും എന്നു തോന്നുന്ന സംഭവങ്ങളിൽ ദൈവത്തിന്റെ കരം കാണാൻ കഴിയുന്നവർക്കേ ഈ വിവ രണങ്ങളിൽ ദൈവത്തിന്റെ പ്രവർത്തനം ദൃശ്യമാകൂ.

ഘടന തുടർച്ചയായ ഒരു വിവരണമാകയാൽ അബ്രാഹത്തിന്റെയും യാക്കോബിന്റെയും കഥകൾ പോലെ ഇതിനെ വിഭജിക്കുക എളുപ്പമല്ല. എന്നാലും പഠനത്തിനുള്ള സൗകര്യത്തിനുവേണ്ടി ഈ വിവരണത്തെ മൂന്നായി തിരിക്കാം.

1. തടവറയിൽ നിന്ന് സിംഹാസനത്തിലേക്ക് 37-41
2. സഹോദരന്മാർ തമ്മിൽ അനുരഞ്ജനം 42-45
3. ഇസ്രായേൽ ഈജിപ്തിൽ 46-50

## 1. തടവറയിൽ നിന്ന് സിംഹാസനത്തിലേക്ക് 37-41

സഹോദരന്മാരുടെ അസൂയയാൽ അടിമയായി വില്ക്കപ്പെട്ട ജോസഫ് അടിമത്തത്തിൽ നിന്നു തടവറയിലേക്കും അവിടെ നിന്ന് അധികാരത്തിന്റെ ഉന്നതസോപാനത്തിലേക്കും എത്തുന്നതിന്റെ ചരിത്രം വിവരിക്കുന്ന ഈ ഭാഗത്തെ നാലായി തിരിക്കാം. എ. അടിമത്തത്തിലേക്ക് ബി. യൂദായും തമാറും സി. നീതിക്കുവേണ്ടി പീഡനം. ഡി. ജ്ഞാനിയുടെ മോചനവും മഹത്വീകരണവും.

**എ. ജോസഫ് അടിമത്തത്തിലേക്ക് 37, 1-36:** സഹോദരന്മാർക്കു ജോസഫിനോടുള്ള അസൂയയും വിദ്വേഷവും അവതരിപ്പിച്ചുകൊണ്ടാണ് കഥ ആരംഭിക്കുന്നത്. അവരുടെ അസൂയക്ക് മൂന്നു കാരണങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. പുരോഹിത രചനയായ 1-2 വാക്യങ്ങൾ ജോസഫ് സഹോദരങ്ങളുടെ കുറ്റങ്ങൾ പിതാവിനെ അറിയിച്ചതായി രേഖപ്പെടുത്തുന്നു. യാഹ് വിസ്റ്റ് രചനയായ 3-4 വാക്യങ്ങളിൽ പിതാവിനു ജോസഫിനോടുള്ള പ്രത്യേക സ്നേഹമാണ് സഹോദരന്മാരുടെ വിദ്വേഷത്തിനു കാരണം. കൈ നീളമുള്ള കുപ്പായം രാജകീയ വേഷമാണ്. 5-11 വാക്യങ്ങൾ ഏലോഹിസ്റ്റ് രചനയാണ്. ഇവിടെ ജോസഫിന്റെ സ്വപ്നങ്ങളാണ് വിദ്വേഷത്തിനു കാരണമായിത്തീരുന്നത്. ജോസഫ് വ്യാഖ്യാനമൊന്നും നല്കുന്നില്ലെങ്കിലും സഹോദരങ്ങളുടെയും മാതാപിതാക്കളുടെയും മേൽ തനിക്ക് ആധിപത്യമുണ്ടാകും എന്ന സൂചനയാണ് ഈ സ്വപ്നങ്ങൾ നൽക്കുന്നതെന്ന് അവർ മനസ്സിലാക്കുന്നു. സന്ദേശത്തിന്റെ പ്രാധാന്യവും സുനിശ്ചിത്ത്വവും ഉറപ്പിക്കാൻ വേണ്ടിയാണ് രണ്ട് സ്വപ്നങ്ങൾ. ഫറവോയുടെ കാര്യത്തിലും രണ്ടു സ്വപ്നങ്ങൾ വിവരിക്കുന്നുണ്ട്. സ്വപ്നത്തിന്റെ പേരിൽ മകനെ ശകാരിച്ചെങ്കിലും യാക്കോബ് അതിനെകുറിച്ച് ഗാഢമായി ചിന്തിച്ചു കൊണ്ടിരുന്നു. (ലൂക്കാ, 2,51), വരാനിരിക്കുന്ന കാര്യങ്ങൾ ദൈവം മുൻകൂട്ടി അറിയിക്കുന്നു എന്നകാഴ്ചപ്പാടാണ് ഈ വിവരണത്തിലുള്ളത്.

സഹോദരങ്ങൾക്കു ജോസഫിനോടുള്ള വിദ്വേഷത്തെക്കുറിച്ച് അറിവില്ലാഞ്ഞിട്ടാവണം തന്റെ വാസസ്ഥലമായ ഹെബ്രോണിൽ നിന്ന് ഏകദേശം 100 കിലോമീറ്റർ വടക്കുള്ള ഷെക്കെമിലേക്ക് അവരുടെ ക്ഷേമം അന്വേഷിക്കാനായി ജോസഫിനെ തനിയെ പറഞ്ഞയക്കുന്നത്. ഷെക്കെ

മിൽ നിന്ന് ഏകദേശം 35 കിലോമീറ്റർ വടക്കാണ് ദോത്താൻ. ജോസഫ് ആരംഭത്തിലെ അപകടങ്ങൾ നേരിടുന്നതിന്റെ സൂചനയാണ് ഏകനായി വയലിൽ അലയുന്നതിന്റെ വിവരണത്തിൽ നിന്നു ലഭിക്കുന്നത്.

സഹോദരന്മാരുടെ പ്രതികരണത്തിൽ പൊരുത്തക്കേടുകളുണ്ട്. അവർ ജോസഫിനെ കൊല്ലാൻ ആഗ്രഹിച്ചെങ്കിലും കുപ്പായം ഊരിയെടുത്തിട്ട് പൊട്ടക്കിണറ്റിൽ തട്ടുകയും പിന്നീട് പൊക്കിയെടുത്ത് അടിമയായി വിലക്കുകയും ചെയ്തു. എന്നാൽ കൊലപാതകം ഒഴിവാക്കിയത്. റൂബെൻ ആണെന്ന് 21-ാം വാക്യത്തിൽ പറയുമ്പോൾ 26-ാം വാക്യത്തിൽ യൂദായാണ് ഈ ആശയം അവതരിപ്പിക്കുന്നത്. ജോസഫിനെ ഇസ്മായേല്യർക്കു വിറ്റെന്ന് 25.28 വാക്യങ്ങളിൽ പറയുമ്പോൾ മിദിയാൻകാർ ജോസഫിനെ മോഷ്ടിച്ചു എന്ന പ്രതീതിയാണ് 28.36 വാക്യങ്ങളിലും 40,15 ലും ലഭിക്കുന്നത്. ജെഇ പാരമ്പര്യങ്ങളിലെ രണ്ടു വിവരണങ്ങൾ സംയോജിപ്പിച്ചതാണ് ഈ പൊരുത്തക്കേടിനു കാരണമെന്നു കരുതപ്പെടുന്നു. അനുജനെ കാണാതായപ്പോൾ റൂബെനും, മകൻ കൊല്ലപ്പെട്ടു എന്നു കരുതി യാക്കോബും ഉടുപ്പു വലിച്ചു കീറുന്നത് കഠിനമായ ദുഖത്തിന്റെ പ്രകടനമാണ്. ജോസഫിനെ ഈജിപ്തിൽ ഫറവോയുടെ കാവൽപ്പടനായകനു വിറ്റതിനെക്കുറിച്ചുള്ള പരാമർശനം അടുത്ത സംഭവങ്ങൾക്കു വഴിയൊരുക്കുന്നു.

വിചിന്തനം. തകരുന്ന കുടുംബബന്ധങ്ങളാണ് ഈ അധ്യായത്തിൽ ചിത്രീകരിച്ചിരിക്കുന്നത്. ഒരു പുത്രനോടുള്ള പിതാവിനെ പ്രത്യേകസ്നേഹം മറ്റു മക്കളിൽ അസൂയ ജനിപ്പിക്കുന്നു. സഹോദരന്മാരുടെ അസൂയയും വിദ്വേഷവും മൂലം ഇരുപതു വെള്ളി നാണയത്തിന് വിലക്കപ്പെട്ട ജോസഫ് തന്റെ ഉറ്റസ്നേഹിതനാൽ 30 വെള്ളിനാണയത്തിന് ഒറ്റിക്കൊടുക്കപ്പെടുകയും തന്റെ ജനമായ യഹൂദരാൽ തിരസ്ക്കരിക്കപ്പെടുകയും ചെയ്ത യേശുക്രിസ്തുവിന്റെ പ്രതീകമാണ്.

**ബി. യൂദായും താമറും 38,1-30** (J): ജോസഫിനെ കുറിച്ചുള്ള വിവരണത്തിനു മധ്യേ അതുമായി ബന്ധമില്ലാത്ത ഒരു സംഭവം രേഖപ്പെടുത്തിയിരിക്കുന്നു. യാഹ് വിസ്റ്റ് രചനയുടെ ഭാഗമായ ഈ അധ്യായം ഇസ്രായേലിലെ പ്രമുഖ ഗോത്രമായ യൂദായുടെ പിൻതുടർച്ചയുടെ വിവരണമാണ്. കുടുംബബന്ധങ്ങളാണ് ഇവിടെയും മുഖ്യപ്രമേയം. യൂദായുടെയും താമാറിന്റെയും പ്രവർത്തനങ്ങളെ ഇവിടെ ധാർമ്മികമായി വിലയിരുത്തുന്നില്ല. എന്നാൽ വിജാതീയ സ്ത്രീയിൽ നിന്ന്, അതും അമ്മായിയപ്പനും മരുമ

കളും തമ്മിലുള്ള അവിഹിതബന്ധത്തിൽ നിന്ന്, ജനിച്ചവനാണ് ഇസ്രാ യേൽ രാജാവായ ദാവീദിന്റെ പൂർവ്വികൻ എന്ന് ഈ  വിവരണം എടുത്തു കാട്ടുന്നുണ്ട്. മനുഷ്യന്റെ പാപങ്ങളെയും വീഴ്ചകളെയും അതിജീവിച്ച് പാപിയായ മനുഷ്യനിലൂടെ തന്നെ ദൈവം തന്റെ രക്ഷാപദ്ധതി നടപ്പിലാ ക്കുന്നു എന്ന പാഠമാണ് പ്രത്യക്ഷത്തിൽ അധാർമ്മികവും ഉതപ്പുളവാ ക്കുന്നതുമായ ഈ വിവരണത്തിലൂടെ നല്കുന്നത്. തങ്ങളുടെ തിരഞ്ഞെ ടുപ്പിനേയോ ഇസ്രായേൽജനത്തിലും രക്ഷാചരിത്രത്തിലും തങ്ങൾക്കുള്ള സ്ഥാനത്തേയോ കുറിച്ച് യൂദാഗോത്രത്തിന് അഹങ്കരിക്കാൻ യാതൊരു കാരണവുമില്ലെന്നും ഈ വിവരണം വ്യക്തമാക്കുന്നു.

സഹോദരന്മാരെ വിട്ട് കാനാൻകാരുടെ ഇടയിൽ വാസമുറപ്പിക്കു കയും കാനാൻകാരിയെ വിവാഹം കഴിക്കുകയും ചെയ്ത യൂദാ താനറി യാതെ കാനാൻകാരുടെ മ്ലേഛതയിൽ വീഴുന്നു. അബ്രാഹത്തിൽനിന്ന് അകന്ന് സോദോമിൽ താമസമാക്കിയ ലോത്തിനു സംഭവിച്ചതിനോട് ഈ സംഭവത്തിനുസാമ്യമുണ്ട്. (ഉൽപ 19,30-38). താമാറുമായുള്ള അവിഹിത വേഴ്ചയുടെ പശ്ചാത്തലമാണ് 1-11 വാക്യങ്ങൾ വിവരിക്കുന്നത്.മൂത്ത മക നായ ഏർ ചെയ്ത തെറ്റ് എന്തെന്ന് വി.ഗ്രന്ഥകാരൻ വിവരിക്കുന്നില്ല. ചെറു പ്പത്തിലേ മരിച്ചത് വലിയൊരു തെറ്റിന്റെ തെളിവായി മാത്രം ചിത്രീകരിച്ചി രിക്കുന്നു. അന്നു നിലവിലരുന്നനാട്ടുനടപ്പും നിയമവും അനുസരി ച്ചാണ്(നിയ 25, 5-6)യൂദായുടെ രണ്ടാമത്തെ മകൻ ഓനാൻ സഹോദരഭാ ര്യയെ വിവാഹം ചെയ്യുന്നത്. എന്നാൽ അവളിൽ ജനിക്കുന്ന പുത്രൻ തന്റെ യല്ല, സഹോദരന്റെ അവകാശിയായിരിക്കും എന്നതിനാൽ സംയോഗത്തിൽ നിന്നു കുഞ്ഞു ജനിക്കാതിരിക്കാൻ അയാൾ ശ്രദ്ധിച്ചു. ഭർതൃസഹോദര ധർമ്മം നിർവഹിച്ചില്ല എന്നതാണ് ഇവിടെ മരണശിക്ഷയർഹിക്കുന്ന പാപ മായി പരിഗണിക്കപ്പെട്ടത്. അവശേഷിച്ചിരുന്ന മൂന്നാമത്തെ മകനും മരി ച്ചേക്കുമോ എന്നു ഭയന്ന് യൂദാ മരുമകളോടു കപടമായി പെരുമാറി. സ്വന്തം പിതാവിന്റെ ഭവനത്തിലേയ്ക്ക് തിരിച്ചുപോയെങ്കിലും വിധവയെന്നതിനേ ക്കാൾ ഷേലായുമായി വിവാഹവാഗ്ദാനം ചെയ്തവളായിട്ടാണ് അവൾ പരിഗണിക്കപ്പെടുന്നത്.

താൻ അവഗണിക്കപ്പെട്ടു എന്നു മനസിലാക്കിയ താമാർ ഒരു പുത്രനെ ലഭിക്കാൻ വേണ്ടി വേശ്യാവേഷം കെട്ടുന്നു. ദേവദാസി എന്നാണ് വേശ്യ എന്നു വിവർത്തനം ചെയ്യുന്നഹീബ്രുമൂലപദത്തിന്റെ അർത്ഥം. പറ ഞ്ഞൊത്ത പണം കൊടുത്താൽ പിന്നെ കുഴപ്പമൊന്നുമില്ല എന്നു കരു തിയ യൂദാ മരുമകൾ ഗർഭിണിയാണെന്നറിഞ്ഞപ്പോൾ രോഷാകുലനായി

മരണശിക്ഷ പ്രഖ്യാപിക്കുന്നു. എന്നാൽ തന്റെ തന്നെ അപരാധത്തെക്കുറിച്ചു ബോധ്യമായപ്പോൾ താമാർ തന്നെക്കാൾ നീതിയുള്ളവളാണെന്നു സമ്മതിക്കാൻ അയാൾ തയ്യാറായി. താമാറിനു ജനിച്ച ഇരട്ടകൾ റബേക്കായുടെ രണ്ടുമക്കളെ അനുസ്മരിപ്പിക്കുന്നു. രണ്ടിടത്തും ഇളയവൻ മൂത്തവനു മൂമ്പനാകുന്നു. പഴുതുണ്ടാക്കുക എന്നർത്ഥമുള്ള പാരസ് എന്ന ഹീബ്രുവാക്കിൽനിന്നാണ് പേരെസ് എന്ന പേരുണ്ടായത്.

**വിചിന്തനം.** അമ്മായിയപ്പൻ താമാറിനെ അവഗണിച്ചെങ്കിലും ദൈവം അവളെ അവഗണിച്ചില്ല. മരണത്തിൽ നിന്നു രക്ഷിക്കുക മാത്രമല്ല, ഇസ്രായേൽ രാജാവായ ദാവീദിന്റെയും ലോകരക്ഷനായ യേശുക്രിസ്തുവിന്റെയും മാതാമഹിയാകാനുള്ള ഭാഗ്യവും അവൾക്കു നല്കി മനുഷ്യൻ കാണുന്നതുപോലെയല്ല ദൈവം കാണുന്നതും വിധിക്കുന്നതും പരിത്യക്ത്യർക്ക് അവിടുന്ന് പ്രത്യേകപരിഗണനയും സംരക്ഷണവും നല്കുന്നു.

**സി. നീതിക്കുവേണ്ടി പീഡനം 39, 1–23** (J): യൂദായെയും താമാറിനെയും കുറിച്ചുള്ള വിവരണം കൊണ്ട് ഇടമുറിഞ്ഞുപോയ ജോസഫിന്റെ കഥ ഇവിടെ തുടരുന്നു. 37, 36ൽ പറഞ്ഞുവച്ചത് ആവർത്തിച്ചുകൊണ്ടാണ് വിവരണം ആരംഭിക്കുന്നത്. ഈ അധ്യായം മുഴുവൻ യാഹ് വിസ്റ്റ് രചനയാണ്. ജോസഫിന്റെ ജ്ഞാനവും വിവേകവും ദൈവഭീതിയും ധർമ്മനിഷ്ഠയും ഇവിടെ പ്രത്യേകം എടുത്തുകാട്ടുന്നു. നീതിക്കു വേണ്ടി പീഡനം ഏല്ക്കാൻ തയ്യാറാകുന്ന ജോസഫ് ദൈവത്തിൽ ആശ്രയിക്കുന്ന നീതിമാനായ മനുഷ്യനാണ്. കർത്താവ് ജോസഫിനോട് കൂടെ ഉണ്ടായിരുന്നു. (39,23.5.21)എന്ന ആവർത്തിച്ചുള്ള പ്രസ്താവന ജോസഫിന്റെ വിജയരഹസ്യം വെളിപ്പെടുത്തുന്നു. കർത്താവാണ് ജോസഫിനെപ്രതി പൊത്തിഫാറിനെ അനുഗ്രഹിക്കുകയും സകല പ്രതിസന്ധികളിലും ജോസഫിനെ നയിക്കുകയും ചെയ്തത്. ജോസഫ് അടിമയുടെ അവസ്ഥയിൽ നിന്ന് കാര്യസ്ഥന്റെ സ്ഥാനത്തേയ്ക്കു ചെന്നെത്തുന്നതിന്റെ വിവരണമാണ് 1–6 വാക്യങ്ങളിൽ നല്കിയിരിക്കുന്നത്. ഭക്ഷണകാര്യത്തിൽ മാത്രമേ പൊത്തിഫാറിനു ശ്രദ്ധിക്കേണ്ടിയിരുന്നുള്ളൂ എന്ന പ്രസ്താവന ജോസഫിനു നല്കിയ അധികാരത്തിന്റെ വ്യാപ്തിയും അയാളുടെ കാര്യക്ഷമതയും വ്യക്തമാക്കുന്നതിനോടൊപ്പം ഈജിപ്തുകാരനായ യജമാനന്റെ ഭക്ഷണകാര്യങ്ങളിൽ ജോസഫ് ശ്രദ്ധിക്കേണ്ടതില്ലായിരുന്നുവെന്ന സൂചനയും നല്കുന്നു. ഹെബ്രായരുടെ കൂടെ ഭക്ഷണം കഴിക്കുന്നതു മ്ലേഛമായി ഈജിപ്തുകാർ പരിഗണിച്ചിരുന്നു. (ഉൽപ 43,32) എന്ന പ്രസ്താവന ഇവിടെ ശ്രദ്ധേയമത്രേ.

യജമാനന്റെ ഭാര്യയിൽ നിന്നു നേരിടുന്ന പ്രലോഭനത്തെ ചെറുത്തു നിലക്കുമ്പോൾ ജോസഫിന്റെ സ്വഭാവശുദ്ധിയും ദൈവഭീതിയും പ്രകടമാകുന്നു. അന്യന്റെ ഭാര്യയോടൊത്തു ശയിക്കുന്നത് അവളുടെ ഭർത്താവിന്റെ അവകാശത്തിന്മേലുള്ള കടന്നാക്രമണം എന്ന നിലയിലാണ് മാരകപാപമായി ഇവിടെ ചിത്രീകരിക്കുന്നത്. ഇപ്രകാരം ഒരനീതിയിലൂടെ തന്റെ യജമാനനും ദൈവത്തിനും എതിരേ പാപം ചെയ്യുന്നതിനേക്കാൾ എന്തു പീഡനവും സഹിക്കാൻ ജോസഫ് തയ്യാറായി. ജോസഫിന്റെ വസ്ത്രം ഈ വിവരണത്തിലെ ഒരു പ്രധാന ഘടകമാണ്, 37-ാം അധ്യായത്തിൽ പിതാവു നല്കിയ കുപ്പായം എന്നതുപോലെ, പുറുങ്കുപ്പായം എന്നു വിവർത്തനം ചെയ്തിരിക്കുന്നത് വാസ്തവത്തിൽ അരക്കച്ചയായിരുന്നുവെന്നു വ്യാഖ്യാതാക്കൾ കരുതുന്നു. ഈജിപ്തുകാർ വീട്ടിലായിരിക്കുമ്പോൾ അരക്കച്ച മാത്രമേ ധരിക്കാറുണ്ടായിരുന്നുള്ളൂ. കുറ്റകൃത്യത്തിനു തെളിവായി പൊത്തിഫാറിന്റെ ഭാര്യ ജോസഫ് ഉപേക്ഷിച്ചുപോയ അരക്കച്ച കാണിക്കുന്നത് ആരോപണത്തിനു കൂടുതൽ വിശ്വാസ്യത പകരുന്നു. ഭാര്യയുടെ ആരോപണവും വസ്ത്രത്തിന്റെ തെളിവും വേലക്കാരുടെ സാക്ഷ്യവും ഉണ്ടായിരുന്നിട്ടും കുപിതനായ യജമാനൻ ജോസഫിനെ മരണശിക്ഷയർഹിക്കുന്ന കുറ്റത്തിന് തടവിലാക്കുക മാത്രമേ ചെയ്യുന്നുള്ളൂ. രാജാവിന്റെ തടവുകാരെക്കുറിച്ചുള്ള പരാമർശം അടുത്ത സംഭവങ്ങൾക്കു വഴിയൊരുക്കുന്നു. തടവറയിലും ജോസഫിന് അഭിവൃദ്ധിയുണ്ടാകുന്നു. ഇതിനെല്ലാം കാരണം കർത്താവ് അയാളുടെ കൂടെ ഉണ്ടായിരുന്നതാണ്

ഈജിപ്തിൽ പ്രചാരത്തിലിരുന്ന ഒരു കഥയോട് ഈ സംഭവത്തിനു സാമ്യമുണ്ട്. അനൂബിസ് എന്ന മൂത്ത സഹോദരന്റെ കാര്യസ്ഥനായിരുന്നു അനുജനായ ബാറ്റാ. ജ്യേഷ്ഠന്റെ ഭാര്യ അനുജനിൽ അനുരക്തയായി. ജ്യേഷ്ഠൻ വയലിലായിരിക്കെ വീട്ടിൽ പ്രവേശിച്ച ബാറ്റായെ തന്നോടൊത്തു ശയിക്കാൻ അവൾ പ്രേരിപ്പിച്ചു. എന്നാൽ അയാൾ വഴങ്ങിയില്ല. ഭർത്താവു തിരിച്ചെത്തിയപ്പോൾ അനുജൻ തന്നെ ബലാൽസംഗം ചെയ്യാൻ ശ്രമിച്ചതായി അവൾ ആവലാതിപ്പെട്ടു. തന്നെ വധിക്കാനൊരുങ്ങിയ ജ്യേഷ്ഠനിൽ നിന്ന് അനുജൻ രക്ഷപ്പെട്ടു. വളരെക്കാലത്തിനു ശേഷം അയാൾ ഈജിപ്തിലെ ഫറവോയുടെ ദത്തുപുത്രനും പിന്നീട് രാജാവുമായി ഉയർത്തപ്പെട്ടു. ജോസഫിനെ കുറിച്ചുള്ള വിവരണത്തിൽ ഈ കഥയുടെ സ്വാധീനം ദൃശ്യമാണ്.

**വിചിന്തനം:** നീതിയും ധർമ്മനിഷ്ഠയും പാലിക്കുന്നതിനു വേണ്ടി താല്ക്കാ

ലിക ലാഭങ്ങളും ഭൗതികസുഖസന്തോഷങ്ങളും ഉപേക്ഷിക്കുക മാത്രമ ല്ല. പീഡനങ്ങളും, മരണം തന്നെയും ഏറ്റെടുക്കാൻ തയ്യാറാകുന്നവനാണ് നീതിമാൻ. കർത്താവ് അവനോടുകൂടെ ഉണ്ടായിരിക്കും.

**ഡി. മോചനവും മഹത്വീകരണവും 40,1-57.** കുടുംബത്തിന്റെ പശ്ചാ ത്തലത്തിൽ നിന്ന് രാഷ്ട്രീയ തലത്തിലേയ്ക്കു ശ്രദ്ധ തിരിക്കുന്നു. 40-41 അധ്യായങ്ങളിൽ വിവരിക്കുന്ന സംഭവങ്ങൾ, സഹോദരങ്ങളുമായി രമ്യത യിലെത്തി, തകർന്ന കുടുംബബന്ധങ്ങൾ വിളക്കിച്ചേർക്കാനും പരാജയ ത്തിന്റെ പടുകുഴിയിൽ നിന്ന് മഹത്വത്തിന്റെ ഉച്ചക്കോടിയിലേക്ക് കയറാനും ജോസഫിന് സാഹചര്യം ഒരുക്കുന്നു. ദൈവം നല്കിയ ജ്ഞാനവും വിവേ കവുമാണ് അതിന് അയാളെ ശക്തനാക്കുന്നത്.

ഫറവോയുടെ സേവകരുടെ സ്വപ്നവും അതിനു ജോസഫ് നല്കുന്നവ്യാഖ്യാനവും വിവരിക്കുന്ന 40-ാം അധ്യായം മുഴുവനായും ഏലോഹിസ്ററ് രചനയാണ്.

ഈ സംഭവം 41-ാം അധ്യായത്തിൽ വിവരിക്കുന്ന സംഭവത്തിന് വഴിയൊരുക്കുന്നു. രാജാവിനെ പാനപാത്രവാഹകനും പാചകക്കാരനും കൊട്ടാരത്തിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരായിരുന്നു. അവർ ചെയ്ത തെറ്റ് എന്താണെന്നു വിവരിക്കുന്നില്ല. വിചാരണചെയ്തു വിധി പ്രസ്താവിക്കു ന്നതിനു മുമ്പുള്ള കരുതൽ തടങ്കലാണ് ഇവിടെ പരാമർശിക്കുന്നത്. രാജ സേവകരുടെ സേവകനായി ജോസഫ് നിയമിതനാകുന്നതിലൂടെ ഫറവോ യുടെ ശ്രദ്ധയിൽ പെടാനുള്ള വഴി തുറക്കുന്നു.

രാജസേവകരുടെ മുഖം മ്ലാനമായിരുക്കുന്നതു കണ്ട് അതിനെക്കുറിച്ച് അന്വേഷിക്കുന്ന ജോസഫ് മറ്റുള്ളവരുടെ കാര്യത്തിൽ തനിക്കുള്ള ശ്രദ്ധയും താൽപ്പര്യവും പ്രകടമാക്കുന്നു. ഈ താൽപ്പര്യമാ ണ്. അയാളുടെ മോചനത്തിനു വഴിയൊരുക്കുന്നത്. സ്വപ്നവ്യാഖ്യാനം ഈജിപ്തിലെ വലിയൊരു ശാസ്ത്രശാഖയായിരുന്നു. ഇതിൽ പ്രാവീണ്യം സിദ്ധിച്ചവർ ജ്ഞാനികളായി പരിഗണിക്കപ്പെട്ടിരുന്നു. സ്വപ്നവ്യാ ഖ്യാനത്തിനു സഹായകമായ പാഠപുസ്തകങ്ങൾ ഈജിപ്തിൽ നിലവി ലിരുന്നു. ബി.സി. 13-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഇപ്രകാരമൊരു പുസ്ത കത്തിന്റെ കൈയ്യെഴുത്തുപ്രതി കണ്ടുകിട്ടിയിട്ടുണ്ട്. രാജസേവകന്മാരുടെ സ്വപ്നങ്ങൾ വ്യാഖ്യാനിക്കുകയും വ്യാഖ്യാനമനുസരിച്ച് സംഭവിക്കുകയും ചെയ്യുന്നതിലൂടെ ജോസഫ് വലിയ ജ്ഞാനിയായി പ്രത്യക്ഷപ്പെടുന്നു. എന്നാൽ താൻ നേടിയെടുത്ത ജ്ഞാനമല്ല. ദൈവം നല്കിയ ദാനമാണ്

സ്വപ്നം വ്യാഖ്യാനിക്കുവാനുള്ള കഴിവ് എന്ന ജോസഫ് ഏറ്റുപറയുന്നു (40,80. പാനപാത്രവാഹകനിൽ നിന്നു കരുണ യാചിച്ചെങ്കിലും അയാൾ ജോസഫിനെ മറന്നുകളഞ്ഞു എന്ന പ്രസ്താവനയിലൂടെ തടവുകാരനായ ജോസഫിന് എന്തു സംഭവിക്കും എന്ന ആകാംക്ഷ നിലനിർത്തികൊണ്ടാണ് ഈ അധ്യായം അവസാനിക്കുന്നത്.

**വിചിന്തനം.** മറ്റുള്ളവരുടെ ക്ഷേമത്തെക്കുറിച്ച് അന്വേഷിച്ചതാണ് ജോസഫിനു മോചനത്തിനു കാരണമായത്. ആത്മാർത്ഥതയോടെ കേൾക്കാനും ക്ഷേമത്തിനു വേണ്ടി കഴിയുന്നതെന്തും ചെയ്യാനും ഉള്ള താൽപ്പര്യവും സന്നദ്ധതയും കൂടാതെയുള്ള ക്ഷേമാന്വേഷണം അർത്ഥശൂന്യമായ ഒരു ചടങ്ങായിത്തീരുന്നു.

41-ാം അധ്യായം ഫറവോയുടെ രണ്ടു സ്വപ്നങ്ങളും അതിനു ജോസഫിനു ലഭിക്കുന്ന ഉന്നതാധികാരവും വിവരിക്കുന്നു. ഇതും ഏലോഹിസ്ററ് രചനയാണ്. നൈൽനദിയാണ് ഈജിപ്തിന്റെ ഫലപുഷ്ടിക്കു നിദാനം. നദീതീരത്തു വച്ചു നടക്കുന്ന സംഭവങ്ങൾ നാടിന്റെ ഫലപുഷ്ടിയെ സംബന്ധിക്കുന്നതാണെന്ന സൂചന ആരംഭത്തിലേ നല്കുന്നു. രാജാവിനുണ്ടായ സ്വപ്നം രാജ്യത്തെ മുഴുവൻ ബാധിക്കുന്നതാണെന്നും സുചിപ്പിക്കുന്നു. ഈജിപ്തിലെ ജ്ഞാനികളിൽ ആർക്കും വ്യാഖ്യാനിക്കുമ്പോൾ ജോസഫ് ഏറ്റം വലിയ ജ്ഞാനിയായി പ്രത്യക്ഷപ്പെടുന്നു. സ്വപ്നങ്ങളും അവയുടെ വ്യാഖ്യാനങ്ങളും ദൈവമാണ് നല്കുന്നതെന്നും ആസന്നഭാവിയിൽ സംഭവിക്കാനിരിക്കുന്നവ ദൈവം മുൻകൂട്ടി അറിയിച്ചിരിക്കുന്നുവെന്നും പ്രസ്താവുക്കുക വഴി താൻ ദൈവകരങ്ങളിലെ ഒരു ഉപകരണം മാത്രമാണെന്ന് ജോസഫ് പറയുന്നു. സ്വപ്നം വ്യാഖ്യാനിച്ചതിനു ശേഷം നല്കുന്ന നിർദ്ദേശങ്ങൾ ജോസഫിന്റെ ജ്ഞാനവും ദീർഘവീക്ഷണവും ഭരണപാടവും വ്യക്തമാക്കുന്നു. ഈജിപ്തിന്റെ അധിപനുണ്ടായിരിക്കേണ്ട ഗുണങ്ങളായി 33-ാം വാക്യത്തിൽ എടുത്തു കാണിക്കുന്ന വിവേകവും ബുദ്ധിയും ജോസഫിന്റെ തന്നെ വിശേഷണങ്ങളാണ്. ഫറവോ ഈ സത്യം അംഗീകരിക്കുകയും ദൈവം തന്നെയാണ് ജോസഫിനെ നയിക്കുന്നതെന്ന് ഏറ്റു പറയുകയും ചെയ്യുന്നു.

ഫറവോയുടെ പ്രതിനിധിയായി രാജ്യം ഭരിക്കാനുള്ള അധികാരമാണ് ജോസഫിനു നല്കുന്നത്. മുദ്രമോതിരം നല്കുന്നത് അധികാരം ഏല്പ്പിക്കുന്നതിനുള്ള അടയാളമാണ്. ദൈവം പറയുന്നു അവൻ ജീവിക്കുന്നു എന്നർത്ഥമുള്ള സാഫ്നത് ഫാനെയാ എന്ന പുതിയ പേരും വിവാ

ഹവും ജോസഫിനെ ഒരു പൂർണ്ണഈജിപ്തുകാരനായി ചിത്രീകരിക്കുന്നു. ഹിക്സോസ് രാജവംശം ഈജിപ്തു ഭരിച്ചിരുന്നതിനാലാണ് കാനാൻകാരനായ ജോസഫിന് ഈജിപ്തിലെ ഉന്നതാധികാരിയായി ഉയരാന് കഴിഞ്ഞത്.

46-ാം വാക്യത്തിലെ ജോസഫിന്റെ പ്രായത്തക്കുറിച്ചുള്ള പരാമർശനം പുരോഹിത രചനയുടെ ഭാഗമായി കരുതപ്പെടുന്നു. 13 വർഷം ദീർഘ ക്ലേശങ്ങൾക്കു ശേഷമാണ് ജോസഫ് പൊടുന്നനേ മഹത്വത്തിത്തിന്റെ ഉച്ചകോടിയിലേക്ക് ഉയർത്തപ്പെട്ടത്. 47-49 വാക്യങ്ങൾ ക്ഷാമത്തെ നേരിടാനുള്ള ജോസഫിന്റെ പദ്ധതി വിവരിക്കുന്നു. 50-52 വാക്യങ്ങൾ പുത്രന്മാർക്കു നല്കുന്ന പേരിലുള്ള ജോസഫിന്റെ ദൈവത്തിലുള്ള ആശ്രയവും ഭക്തിയും വ്യക്തമാക്കുന്നു. 53-57 വാക്യങ്ങളിലെ ക്ഷാമത്തിന്റെ വിവരണം സഹോദരങ്ങൾ തമ്മിൽ കണ്ടുമുട്ടുന്നതിനു വഴിയൊരുക്കുന്നു.

**വിചിന്തനം:** വലിയ കാര്യങ്ങൾക്കായി താൻ തിരഞ്ഞെടുക്കുന്ന വരെ ദൈവം വലിയ ക്ലേശങ്ങളിലൂടെ ഒരുക്കുന്നു. അനുഭവിക്കേണ്ടി വന്ന കഷ്ടതകളുടെ കാരണമോ അർത്ഥമോ അറിവില്ലാതിരുന്നപ്പോഴും ജോസഫ് ആരെയും പഴിച്ചില്ല. പ്രതിസന്ധികളെയും അത്യാഹിതങ്ങളെയും നേരിടുന്നതിന്റെ മാതൃക ജോസഫിൽ കാണാം.

### ചോദ്യങ്ങൾ

1. സഹോദരങ്ങൾ ജോസഫിനെ വെറുക്കാൻ കാരണമെന്ത്.
2. ജോസഫിനുണ്ടായ സ്വപ്നങ്ങളും അവയുടെ അർത്ഥവും വിവരിക്കുക.
3. താമറിന് രക്ഷാചരിത്രത്തിലുള്ള സ്ഥാനമെന്ത്.
4. ജോസഫ് ദൈവഭക്തനും ജ്ഞാനിയുമായ ഒരു മനുഷ്യനായിരുന്നു. വിശദീകരിക്കുക

**ചർച്ചക്ക്:** അകാരണമായി ശിക്ഷിക്കപ്പെടുകയോ അപ്രതീക്ഷിതമായി അത്യാഹിതങ്ങൾ സംഭവിക്കുകയോ ചെയ്യുമ്പോൾ നിങ്ങൾ എപ്രകാരമാണു പ്രതികരിക്കുക. ജോസഫിന്റെ മാതൃകയിൽ നിന്ന് എന്തു പ്രചോദനമാണ് ലഭിക്കുക

**പ്രാർത്ഥന:** ദൈവം അനാഥർക്കു പിതാവും വിധവകൾക്കു സംരക്ഷണവുമാണ്. അഗതികൾക്കു വസിക്കാൻ ദൈവം ഇടം കൊടുക്കുന്നു. തടവു

കാരെ മോചിപ്പിച്ച് ഐശ്വര്യത്തിലേക്കു നയിക്കുന്നു. (സങ്കീ 68, 5-6)

## 2. അനുരഞ്ജനം 42 -45

സഹോദരന്മാർ തമ്മിൽ രമ്യതയിലെത്തുന്നതിന്റെ വിവരണമാണ്. ഈ അധ്യായങ്ങളിൽ നല്കിയിരിക്കുന്നത്. ദേശത്തെ മുഴുവൻ ബാധിക്കുന്ന പ്രദേശങ്ങളിൽ നിന്ന് വീണ്ടും യാക്കോബിന്റെ കുടുംബപ്രശ്നങ്ങളിലേയ്ക്ക് വി. ഗ്രന്ഥകാരൻ ശ്രദ്ധ തിരിക്കുന്നു. 37-ാം അധ്യായത്തിൽ പറഞ്ഞു നിർത്തിയതിന്റെ തുടർച്ചയാണ് ഈ വിവരണം . യാക്കോബിന്റെ പുത്രന്മാർ ഈജിപ്തിലേയ്ക്കു നടത്തിയ രണ്ടു യാത്രകളും ജോസഫും സഹോദരന്മാരും തമ്മിലുള്ള മൂന്നു കണ്ടുമുട്ടലുകളും ഈ ഭാഗത്തു വിവരിക്കുന്നു.

**എ. ഒന്നാം യാത്ര 42,1-38 (E)** ഈജിപ്തിലേയ്ക്കുള്ള ആദ്യത്തെ യാത്ര വിവരിക്കുന്ന 42-ാം അധ്യായം മുഖ്യമായും ഏലോഹിസ്റ്റ് രചനയാണ്. ക്ഷാമകാലത്തു ധാന്യം വാങ്ങാൻ കാനാൻദേശത്തു നിന്ന് ആളുകൾ ഈജിപ്തിലേയ്ക്കു പോകുക പതിവായിരുന്നു എന്ന് പുരാതന ലിഖിതങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. യാക്കോബ് തന്റെ മറ്റു പുത്രന്മാരുടെ കൂടെ ബഞ്ചമിനെ ഈജിപ്തിലേയ്ക്കു പറഞ്ഞയ്ക്കാത്തത് ആടു മേയ്ക്കാൻ ജോസഫിനെ അവരുടെ കൂടെ അയ്ക്കിതിരുന്നതിനെ അനുസ്മരിപ്പിക്കുന്നു. ബഞ്ചമിനെ വീട്ടിൽ നിർത്തുന്നത് അവനോടുള്ള പ്രത്യേക സ്നേഹം പ്രകടമാക്കുന്നതോടൊപ്പം തുടർന്നുള്ള സംഭവങ്ങൾക്കു വഴിയൊരുക്കുകയും ചെയ്യുന്നു. യാക്കോബിന് ഇസ്രായേൽ എന്ന പേരുപയോഗിക്കുന്ന 5-ാം വാക്യം യാഹ്വിസ്റ്റിന്റേതായി കരുതപ്പെടുന്നു.

ഈജിപ്തിലെത്തിയ സഹോദരങ്ങൾ ജോസഫിന്റെ മുമ്പിൽ നിലംപറ്റെ താണു വണങ്ങുമ്പോൾ ജോസഫിന്റെ സ്വപ്നം (37,5-8) പൂർത്തിയായതായി വി.ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു. സഹോദരന്മാരെ തിരിച്ചറിഞ്ഞ ജോസഫ് അവരോടു പരുഷമായി പെരുമാറുന്നത് പ്രതികാരമായി തോന്നിയേക്കാം. ജോസഫിന്റെ ഉദ്ദേശ്യം അതായിരുന്നില്ല എന്ന് സാവധാനമേ മനസ്സിലാകൂ. അവർ ചാരന്മാരാണെന്നു മൂന്നുതവണ ആവർത്തിക്കുന്ന ആരോപണം നിഷേധിക്കാൻ വേണ്ടി അവർ തങ്ങളുടെ കുടുംബചരിത്രം ചുരുക്കമായി അവതരിപ്പിക്കുന്നു. തന്നോടു കാണിച്ച അസൂയയും പകയും അവർക്കു തന്റെ അനുജനായ ബഞ്ചമിനോടും ഉണ്ടോ എന്നറിയാൻ വേണ്ടിയാണ് ജോസഫ് ഇളയ സഹോദരനെ കൊണ്ടുവരാൻ ആവശ്യപ്പെട്ടത്. ഫറവോയുടെ ജീവനെ പ്രതി രണ്ടു തവണ സത്യം ചെയ്യുമ്പോൾജോസഫ് ഒരു തനി ഈജിപ്തുകാരനായി പ്രത്യക്ഷപ്പെടു

ന്നു.

ഒരാളെ പറഞ്ഞയച്ച് ഇളയ സഹോദരനെ കൂട്ടിക്കൊണ്ടുവരാൻ ആദ്യം ആവശ്യപ്പെട്ടെങ്കിലും പിന്നീട് ഒരാളെ മാത്രം തടവിൽ പാർപ്പിക്കാൻ തീരുമാനിക്കുന്നതിലൂടെ ജോസഫ് അവരോട് കരുണ കാട്ടുന്നു. 21-22 വാക്യങ്ങൾ സഹോദരന്മാരുടെ പശ്ചാത്താപം രേഖപ്പെടുത്തുന്നു. ശിക്ഷ കിട്ടിയപ്പോഴാണ് അവർക്കു തങ്ങളുടെ തെറ്റിനെക്കുറിച്ച് അനുതാപമുണ്ടായത്. പണം ചാക്കിൽതന്നെ വയ്ക്കാൻ ഏർപ്പാടു ചെയ്യുന്നതിലൂടെ വീണ്ടും ജോസഫിനു സഹോദരന്മാരോടുള്ള സ്നേഹവും കരുണയും പ്രകടമാക്കുന്നു.

വഴിക്കു വച്ച് ചാക്കഴിഞ്ഞപ്പോൾ പണം കണ്ടെത്തുകയും അതിനെക്കുറിച്ചു സംഭ്രമിക്കുകയും ചെയ്തായി വിവരിക്കുന്ന 27-28 വാക്യങ്ങൾ യാഹ് വിസറ്റിന്റേതാണെന്നു കരുതപ്പെടുന്നു. 35-ാം വാക്യം അനുസരിച്ച് വീട്ടിൽ വച്ചാണ് അവർ പണം കണ്ടെത്തുന്നത്. ഈജിപ്തിലെ അനുഭവങ്ങളും ഭരണാധിപന്റെ കല്പനയും കേട്ട യാക്കോബ് പുത്രനഷ്ടത്തെ ഓർത്തു വിലപിക്കുന്നു. 37-ാം അധ്യായത്തിൽ ജോസഫിനെ രക്ഷിക്കാൻ ശ്രമിച്ച റൂബെൻ ഇപ്പോൾ ബഞ്ചമിനു വേണ്ടി ജാമ്യം നിലയാക്കാൻ തയ്യാറാകുന്നെങ്കിലും യാക്കോബു വഴങ്ങാതെ വിലപിക്കുകയാണ്. ശിമയോൻ നഷ്ടപ്പെടുന്നതിനേക്കാൾ കൂടുതൽ ദുഖം ബഞ്ചമിന് ഏന്തെങ്കിലും ആപത്തു സംഭവിച്ചേക്കുമോ എന്ന ഭയത്തിൽ നിന്നാണുണ്ടാകുന്നത്. മനുഷ്യൻ ഏതവസ്ഥയിൽ മരിക്കുന്നോ അതേ അവസ്ഥയിൽ എന്നേയ്ക്കും പാതാളത്തിൽ കിടക്കും എന്ന പുരാതനവിശ്വാസമാണ് 38-ാംവാക്യത്തിൽ പ്രതിഫലിക്കുന്നത്.

**ബി. രണ്ടാം യാത്ര 43, 1-34 (J)** ഇവിടെ യൂദായാണ് പ്രധാന വക്താവ്. യാക്കോബിനെ ഇസ്രായേൽ എന്ന പേരിൽ വിളിക്കുന്നു. ചാക്കിലെ പണം വഴിടമ്പലത്തിൽ വച്ചാണ് കണ്ടെത്തിയത്. കഴിഞ്ഞ അധ്യായത്തിൽ കണ്ടത്തിൽ നിന്നും വ്യത്യസ്തമായ ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇതു യാഹ് വിസ്റ്റ് രചനയായി കരുതപ്പെടുന്നു. രൂക്ഷമായ ക്ഷാമത്തിൽ നിർബന്ധിതനായിട്ടാണ് യാക്കോബ് ബഞ്ചമിനെ പറഞ്ഞയയ്ക്കാൻ തയ്യാറാകുന്നത്. യൂദാ അനുജന്റെ പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ജീവൻ കൊടുത്തും അവനെ സംരക്ഷിക്കുമെന്നു ശപഥപൂർവ്വം ഉറപ്പു നൽക്കുകയും ചെയ്യുമ്പോൾ സഹദോരങ്ങൾ തമ്മിലുള്ള ബന്ധം അരക്കിട്ടുറപ്പിക്കുന്നു. ജോസഫ് ആഗ്രഹിച്ചതും ഇതുതന്നെയാണ്. ഭരണാധി

പനെ പ്രീതിപ്പെടുത്താൻ യാക്കോബു നൽക്കുന്ന നിർദ്ദേശങ്ങൾ അദ്ദേഹ ത്തിന്റെ പ്രായോഗിക ബുദ്ധിയെ വെളിപ്പെടുത്തുന്നു. തനിക്കു നിയന്ത്രി ക്കാനാവാത്ത വിധിയുടെ മുമ്പിൽ പ്രാർത്ഥനാപൂർവ്വം കീഴടങ്ങുന്ന യാക്കോബ് ദുഖങ്ങളിലൂടെ ശുദ്ധീകരിക്കപ്പെടുകയാണ്.

ജോസഫുമായുള്ള രണ്ടാമത്തെ കണ്ടുമുട്ടൽ ആദ്യത്തേതിനേക്കാൾ സന്തോഷപ്രദമാണ്. എന്നാൽ എന്താണു തങ്ങൾക്കു സംഭവിക്കാൻ പോകുന്നത് എന്നതിനെ കുറിച്ച് അവർക്കു വലിയ ആകുലതയും ഉൽക്ക ണ്ഠയുമുണ്ട്. 18-19 വാക്യങ്ങളിലെ സഹോദരന്മാരുടെ സംഭാഷണം അവ രുടെ ഭയവും അൽപ്പത്വവും വെളിപ്പെടുത്തുന്നു. തങ്ങളുടെ നിരപരാധിത്വം തെളിയിക്കാൻ വേണ്ടി കാര്യസ്ഥനോടു സംസാരിക്കുമ്പോൾ അവർക്കു ലഭിക്കുന്ന ശാന്തരായിരിക്കുവിൻ, ഭയപ്പെടേണ്ട, എന്ന മറുപടിക്ക് ഒരു ദൈവിക അരുളപ്പാടിന്റെ സ്വഭാവമുണ്ട്. പണം താൻ കൈപ്പറ്റിയതാണെന്ന അയാളുടെ പ്രസ്താവന അവർക്കു ധൈര്യം പകരുന്നു. ശിമയോനെ അവ രുടെ അടുത്തേയ്ക്കു കൊണ്ടു വന്നതായി പറയുന്ന വാക്യശകലം (23) ഏലോഹിസ്റ്റിന്റേതായു കരുതപ്പെടുന്നു. കാല് കഴുകാൻ വെള്ളവും കഴു തകൾക്കു തീറ്റിയും കൊടുക്കുന്നത് ചാരന്മാരാണെന്ന സംശയം നീങ്ങി. അവരെ അതിഥികളായി സ്വീകരിക്കുന്നതിന്റെ സൂചനയാണ്.

വികാരമടക്കാൻ കഴിയാതെ പല തവണ രഹസ്യമായി മുറിയിൽ കയറി കരയുന്ന ജോസഫിന്റെ ചിത്രം അയാൾക്കു സഹോദരങ്ങളോടു ള്ള സ്നേഹാതിരേകത്തിന്റെ അടയാളമാണ്. എന്നാൽ ഈജിപ്തുകാരുടെ പതിവനുസരിച്ച് അവർക്കു വേറെ ഭക്ഷണം വിളമ്പുന്നതുവഴി ജോസഫ് തന്റെ പരീക്ഷണം അവസാനിപ്പിച്ചിട്ടില്ല എന്നു സൂചിപ്പിക്കുന്നു. മൂപ്പനു സരിച്ച് ഇരുത്തുകയും ഏറ്റം ഇളയവന് ഏറ്റം മെച്ചയായ സ്ഥാനം നൽകു കയും ചെയ്യുമ്പോൾ രഹസ്യങ്ങൾ അറിയാനുള്ള ജോസഫിന്റെ കഴിവിനെ കുറിച്ച് സഹോദരന്മാർ അത്ഭുതപ്പെടുന്നു. ബഞ്ചമിന് അഞ്ചിരട്ടി കൊടു ക്കുന്നത് അടുത്ത സംഭവത്തിനുള്ള ഒരുക്കമാണ്.

**സി. സഹോദരനു വേണ്ടി ജാമ്യം 44,1-34:** കഴിഞ്ഞ അധ്യായത്തിലെ സംഭവങ്ങളുടെ തുടർച്ച വിവരിക്കുന്ന ഈ അധ്യായം യാഹ് വിസ്റ്റ് രചയി താവിന്റേതാണ്. സഹോദരന്മാരുടെ സാഹോദര്യത്തിന്മേൽ ജോസഫ് നട ത്തിയ പരീക്ഷണമാണ് വളരെ നാടകീയമായി ഇവിടെ അവതരിപ്പിച്ചിരി ക്കുന്നത്. ജോസഫും യൂദായുമാണ് മുഖ്യ കഥാപാത്രങ്ങൾ, പാവപ്പെട്ടവ രുടെ ജീവിതം ഇഷ്ടം പോലെ കശക്കിയെറിയാൻ കഴിവുള്ള സർവ്വാധികാ

രിയായ ജോസഫ് ഒരുവശത്ത് അധികാരിയൊരുക്കിയ കെണിയിൽപ്പെട്ടു പിടയുകയും അറിയാതെ സഹോദരനു മരണശിക്ഷ വിധിക്കുകയും അവസാനം ശിക്ഷ സ്വയം ഏറ്റെടുക്കാൻ തയ്യാറാവുകയും ചെയ്യുന്ന യൂദാ മറുവശത്ത്. കഥയറിയാതെ പകച്ചു നിൽക്കുന്ന ബാലൻ ബഞ്ചമിൻ നടുവിൽ, മക്കളെ കാണാതെ കണ്ണീരെഴുക്കുന്ന വൃദ്ധപിതാവ് പശ്ചാത്തലത്തിൽ.

ബഞ്ചമിന്റെ ചാക്കിൽ വെള്ളിക്കപ്പ് ഒളിച്ചുവച്ചതാ സഹോദരന്മാർക്ക് അവനോടുള്ള മനോഭാവം എന്തെന്ന് പരീക്ഷിക്കാൻ വേണ്ടി ആണ്. എന്നാൽ സഹോദരന്മാർക്കും അനുവാചകർക്കുപോലും ഈ സത്യം അവസാനം മാത്രം വെളിപ്പെടുത്തിയ വിധത്തിലാണ് സംഭവത്തിന്റെ അവതരണം പാനപാത്രത്തിൽ വെള്ളത്തിനു മുകളിൽ എണ്ണയൊഴിച്ച് എണ്ണയുടെ രൂപങ്ങൾ പരിശോധിച്ചും മറ്റും ഭാവി പറയുക പുരാതന കാലത്ത് ഈജിപ്തിൽ സാധാരണമായിരുന്നു. ഇപ്രകാരമുള്ള ഒരു പാനപാത്രമാണ് അവർ മോഷ്ടിച്ചതെന്ന് കാര്യസ്ഥൻ ആരോപിക്കുന്നു.

തങ്ങളുടെ നിരപരാധിത്വം ഏറ്റു പറയുന്നതിനു പുറമേ ആരെങ്കിലും ഒരാൾ കുറ്റക്കാരനായി കണ്ടെത്തിയാൽ അയാളുടെ കുറ്റത്തിന്റെ ഉത്തരവാദിത്വം എല്ലാവരും ഏറ്റെടുക്കാൻ തയ്യാറാകുകയും ചെയ്യുമ്പോൾ സഹോദരന്മാർ തമ്മിലുള്ള ബന്ധത്തിന്റെ ഉറപ്പ് അവർ പ്രകടമാക്കുന്നു. ബഞ്ചമിന്റെ ചാക്കിൽ കപ്പു കണ്ടെത്തിയപ്പോൾ എല്ലാവരും വസ്ത്രം കീറുന്നതും ഈ സഹോദര്യത്തിന്റെ തെളിവാണ്. ബഞ്ചമിന്റെ മേൽ അന്യായമായി ആരോപിക്കപ്പെട്ട കുറ്റത്തിന് ശിക്ഷ ഏറ്റെടുക്കാനുള്ള എല്ലാവരുടെയും സന്നദ്ധത ജോസഫിന്റെ മുമ്പിൽ അവരുടെ വക്താവെന്ന നിലയിൽ യൂദാ ഏറ്റു പറയുന്നു. കുറ്റക്കാരൻ മാത്രം ശിക്ഷയേറ്റാൽ മതിയെന്നുള്ള ജോസഫിന്റെ നിലപാട് അവരുടെ ഹൃദയപരിവർത്തനത്തിന്റേയും സാഹോദര്യത്തിന്റേയും ആഴം അളക്കാൻ വേണ്ടിയായിരുന്നു. അതിനു യൂദാ നൽക്കുന്ന മറുപടിയാണ് ഈ നാടകത്തിന്റെ ഏറ്റം വികാര സാന്ദ്രമായ മുഹൂർത്തം. തങ്ങളുടെ കുടുംബചരിത്രം ചുരുക്കിപ്പറഞ്ഞതിനു ശേഷം ബാലനു പകരം അങ്ങയുടെ അടിമയായി നിലയ്ക്കാൻ എന്നെ അനുവദിക്കണം എന്ന യൂദായുടെ യാചന സാഹോദര്യത്തിന്റെ ഏറ്റം ഉദാത്തമായ പ്രകടനമാണ്.

ഇളയ സഹോദരനായ ബഞ്ചമിനോടുള്ള സ്നേഹവും വൃദ്ധനായ പിതാവിന്റെ കാര്യത്തിലുള്ള ശ്രദ്ധയും കുടുംബചരിത്രത്തിന്റെ വിവരണത്തിലും അപേക്ഷയിലും യൂദാ പ്രകടമാക്കുന്നു. സഹോദരനു വേണ്ടി

സ്വയം അടിമത്തം ഏറ്റെടുക്കാൻ തയ്യാറാകുമ്പോൾ ജോസഫിനെ അടിമയായി വിറ്റതിലുള്ള ദുഖവും അതിനു പരിഹാരം അനുഷ്ടിക്കാനുള്ള സന്നദ്ധതയുമാണ് തെളിയുന്നത്. ഇത് അറിയാൻ വേണ്ടിയായിരുന്നു ആരംഭം മുതലേ ജോസഫ് അവരെ പരീക്ഷിച്ചത്.

ക്ഷമിക്കുന്ന സ്നേഹം 45,1-28. സഹോദരങ്ങൾ തമ്മിൽ പൂർണ്ണമായ രമ്യതയിലെത്തുന്നതു വിവരിക്കുന്ന ഈ അധ്യായം (ജെ ഇ) രചനകൾ സംയോജിപ്പിച്ചതാണെന്നു കരുതപ്പെടുന്നു. സഹോദരങ്ങളുടെ ആത്മാർത്ഥമായ അനുതാപത്തെയും അവർ തമ്മിലുള്ള ഗാഢമായ സ്നേഹത്തെയും കുറിച്ചു ബോധ്യമായ ജോസഫ് വികാരാധീനനായി അവർക്കു സ്വയം വെളിപ്പെടുത്തുന്നു. ഈജിപ്തുകാരെ രംഗത്തു നിന്ന് പുറത്താക്കുന്നതിലൂടെ കുടുംബാന്തരീക്ഷം സംജാതമാകുന്നു.

അനുരഞ്ജനത്തിന്റെ യഥാർത്ഥരൂപമാണ് ജോസഫിന്റെ വാക്കിലും പ്രവൃത്തിയിലും പ്രതിഫലിക്കുന്നത്. കഴിഞ്ഞ കാര്യങ്ങൾ മറക്കുകയോ മറച്ചുവയ്ക്കുകയോ ചെയ്യുന്നില്ല. നിങ്ങൾ ഈജിപ്തുകാർക്കു വിറ്റ നിങ്ങളുടെ സഹോദരൻ ജോസഫാണു ഞാൻ. എന്ന പ്രസ്താവന തങ്ങളുടെ ഹീനവും ക്രൂരമായ പ്രവൃത്തിയെക്കുറിച്ച് ഒരിക്കൽ കൂടി അവരെ ബോധവാനാമാരാക്കുന്നു. ഈ പുതിയ അറിവിൽ ഭയന്നു വിറക്കുന്നവരെ തന്റെ അധികാരവും ശക്തിയും ഉപയോഗിച്ചു തകർക്കുകയല്ല, ഹൃദയം തുറന്ന് ക്ഷമിച്ച്, തന്റെ സഹോദരങ്ങളായി ഏറ്റു പറഞ്ഞ് സ്വീകരിക്കുകയാണ് ജോസഫ് ചെയ്യുന്നത്. സഹോദരങ്ങളുടെ പ്രവൃത്തിയുടെ ഉത്തരവാദിത്വം നിഷേധിക്കാതെതന്നെ, അതിലൂടെ തന്റെ പദ്ധതി നടപ്പിലാക്കുന്ന ദൈവത്തിന്റെ അദൃശ്യമായ പരിപാലനയ്ക്കു ശ്രദ്ധ തിരിക്കുന്നു.

തികച്ചും അപ്രതീക്ഷിതവും◌ വേദനാകരവുമായ സംഭവപരമ്പരകളിലൂടെ ദൈവമാണ് തങ്ങളെ നയിച്ചത് എന്നതിന് ജോസഫിന്റെ ഇപ്പോഴത്തെ സ്ഥാനവും ഭാവിയെക്കുറിച്ചുള്ള അറിവും സാക്ഷ്യം വഹിക്കുന്നു. ഫറവോയുടെ ഭവനത്തിലും രാജ്യത്തിലും ഉള്ള അധികാരത്തെ സൂചിപ്പിക്കുന്നതാണ് പിതാവ് എന്ന വിശേഷണം. തന്റെ പിതാവിനെ കാണാനും കുടുംബാംഗങ്ങൾക്കു സുരക്ഷിത്വം ഉറപ്പുവരുത്താനുമുള്ള ജോസഫിന്റെ തീവ്രമായ ആഗ്രഹം ഓരോ വാക്കിലും പ്രതിഫലിക്കുന്നുണ്ട്. നൈൽനദീതടത്തിൽ വടക്കു കിഴക്കുള്ള സമതലപ്രദേശമാണ് ഗോഷെൽ എന്ന പേരിൽ അറിയപ്പെട്ടിരുന്നത്. അത് ഈജിപ്തിലെ ഏറ്റം നല്ല മേച്ചിൽ സ്ഥലമായിരുന്നു. പൂർണ്ണമായ അനുരഞ്ജനത്തിന്റെ അടയാളമാണ്

സഹോദരങ്ങളുടെ ആലിംഗനവും കണ്ണീരോടുള്ള ചുംബനവും.

ഫറവോയ്ക്കു ജോസഫിനോടുള്ള സ്നേഹവും താൽപ്പര്യവും പ്രകടമാക്കുന്നതാണ് അദ്ദേഹത്തിന്റെ സന്തോഷവും പിതാവിനും സഹോദരങ്ങൾക്കും നല്കുന്ന ഹൃദ്യമായ സ്വാഗതവും. ഫറവോയുടെ കല്പനയനുസരിച്ച് ഒരുക്കുന്ന സമ്മാനങ്ങളും യാത്രാസന്നാഹങ്ങളും ജോസഫിന്റെ ഈജിപ്തിലെ സ്ഥാനത്തെക്കുറിച്ച് യാക്കോബിനെ ബോധ്യപ്പെടുത്താൻ സഹായിക്കും. അവർക്കു നല്കുന്ന പുതിയ വസ്ത്രത്തെക്കുറിച്ചുള്ള പരാമർശനത്തിൽ അവർ പിടിച്ചു പറിച്ച ജോസഫിന്റെ വസ്ത്രത്തക്കുറിച്ചുള്ള ഒരു സൂചന കാണാം. വഴിക്കു വച്ചു ശണ്ഠകൂടരുത് എന്ന ഉപദേശം പഴയ സ്വഭാവത്തിലേയ്ക്കു തിരിച്ചുപോകാതിരിക്കാനുള്ള താക്കീതാണ്. തന്റെ മകൻ ജോസഫ് ജീവിച്ചിരിക്കുന്നു എന്നറിയുമ്പോൾ യാക്കോബിന്റെ പ്രതികരണം 37,35,42,38,43,14 വാക്യങ്ങളിൽ വിവരിച്ച ദുഖത്തിന്റെയും വിലാപത്തിന്റെയും പശ്ചാത്തലത്തിൽ പ്രത്യേകം ശ്രദ്ധാർഹമായിത്തീരുന്നു.

**വിചിന്തനം:** വിദ്വേഷവും പ്രതികാരചിന്തയും അജ്ഞതയിൽ നിന്നാണുറവെടുക്കുന്നത്. ഓരോ വ്യക്തിക്കും സംഭവിക്കുന്ന എല്ലാ കാര്യങ്ങൾക്കും പിന്നിൽ ദൈവപരിപാലനയുടെ അദൃശ്യകരങ്ങളുണ്ടായിരിക്കും. പ്രത്യക്ഷത്തിൽ മനുഷ്യരുടെ അസൂയയും ദുഷ്ടതയും സ്വാർത്ഥതയുമൊക്കെയായിരിക്കും ഓരോ ക്ലേശത്തിനും കാരണം. എന്നാൽ അവയെല്ലാം നമ്മെ ശുദ്ധീകരിക്കാനായി ദൈവം ഉപയോഗിക്കുന്ന ഉപകരണങ്ങൾ മാത്രമാണെന്ന് ജോസഫിന്റെ അനുഭവം പഠിപ്പിക്കുന്നു. “നിങ്ങളല്ല, ദൈവമാണ് എന്നെ ഈജിപ്തിലേയ്ക്കച്ചത്” എന്ന കാഴ്ചപ്പാടിൽ പ്രതികാരചിന്ത അർത്ഥശൂന്യമായിത്തീരുന്നു. നിരുപാധികം ക്ഷമിക്കുന്നതും ശത്രുക്കളെ സ്നേഹിക്കുന്നതും ദൗർബല്യമല്ല, വലിയ ആത്മശക്തിയാണ് പ്രകടമാക്കുന്നത്.

## ചോദ്യങ്ങൾ

1. ബഞ്ചമിനെ ഈജിപ്തിലേയക്കാൻ യാക്കോബ് വിസമ്മിച്ചതി എന്തുകൊണ്ട്?
2. എന്തിനു വേണ്ടിയാണ് ജോസഫ് തന്റെ സഹോദരങ്ങളോട് പരുഷമായി പെരുമാറുകയുും അന്യായമായി അവരുടെമേൽകുറ്റം ആരോപിക്കുകയും ചെയ്ത്ത്.
3. അനുരഞ്ജനത്തെ കുറിച്ച് ഈ വിവരണങ്ങളിൽ നിന്ന് എന്തുപാഠ

മാണ് ലഭിക്കുന്നത്.

**ചർച്ചയ്ക്ക്:** സഹോദരന്മാരോടുള്ള ജോസഫിന്റെ പെരുമാററത്തിൽ നിന്ന് നിങ്ങളുടെ ജീവിതത്തിൽ എന്തി പ്രായോഗിക സന്ദേശമാണു ലഭിക്കുന്നത്.

**പ്രാർത്ഥന:** ഉരുകിയ മനസ്സാണ് ദൈവത്തിനു സ്വീകാര്യമായ ബലി. ദൈവമേ, നുറുങ്ങിയ ഹൃദയത്തെ അങ്ങു നിരസിക്കുകയില്ല. (സങ്കീ 51,17).

## 3. ഇസ്രയേൽ ഈജിപ്തിൽ 46-50

പൂർവ്വപിതാക്കന്മാരുടെ ചരിത്രത്തിന്റെ ഉപസംഹാരമാണ്. ഉൽപ്പത്തി. പുസ്തകത്തിന്റെ അവസാനത്തെ ഈ അഞ്ച് അധ്യായങ്ങൾ. ഇവിടെ ജോസഫിന്റെയും ം യാക്കോബിന്റെയും കുടുംബചരിത്രങ്ങൾ ഒരുമിച്ച് അവതരിപ്പിക്കുന്നു. അതേസമയം ഇസ്രായേൽ കുടുംബചരിത്രം ഈജിപ്തുദേശത്തിന്റെ ചരിത്രവുമായി ബന്ധിപ്പിച്ചുകൊണ്ട് ഇസ്രായേൽ ഈജിപ്തിൽ ഒരു വലിയ ജനതയുമായി വളരുന്നതിനുള്ള പശ്ചാത്തലമൊരുക്കുകയും ചെയ്യുന്നു. ഇസ്രായേലിന്റെ ചരിത്രത്തിലെ എന്നല്ല, രക്ഷാചരിത്രത്തിലെ തന്നെനിർണ്ണായക സംഭവമായ പുറപ്പാടിന്റെ പശ്ചാത്തലമാണ് ഈ അധ്യായങ്ങളിൽ വിവരിക്കുന്നത്. യാത്രവിവരണവും ദൈവികദർശനങ്ങളും വാഗ്ദാനങ്ങളും ആശീർവാദങ്ങളും വംശാവളികളും ഉൾക്കൊളളുന്ന ഈ ഭാഗത്ത് JEP എന്ന മൂന്നു രചനകളുടെയും ഭാഗങ്ങളുണ്ട്. ഈ അധായങ്ങളെ നാലായി തിരിക്കാം. എ. യാത്ര ബി. ഈജിപ്തിലെ വാസം സി. അനുഗ്രഹങ്ങൾ ഡി. മരണവും സംസ്ക്കാരവും.

**എ. ഈജിപ്തിലേയ്ക്കുള്ള യാത്ര 46,1-34** (1aJ;1b-5aE; 5b-27P)

തന്റെ സ്വത്തുക്കളെല്ലാം ശേഖരിച്ച് ഇസ്രായേൽ യാത്ര തിരിച്ചു." J മാത്രമേ യാക്കോബിന് ഇസ്രായേൽ എന്ന പേരുപയോഗിക്കുന്നുള്ളു. യാത്രാമധ്യേ ബേർഷെബായിലെത്തി ബലിയർപ്പിച്ചതിനുശേഷം അവിടെ വച്ച് സ്വപ്നത്തിലൂടെ ഉണ്ടായ ദൈവത്തിന്റെ അരുളപ്പാട് ദൈവികദർശനത്തെയും വാഗ്ദാനത്തെയും കുറിച്ച് പൂർവപിതാക്കന്മാരുടെ ചരിത്രത്തിലെ അവസാനത്തെ പരാമർശമാണ്. ഇതു പോലൊരു സാഹചര്യത്തിൽ ഇസഹാക്കിനോട് ഈജിപ്തിലേയ്ക്കു പോകരുത് എന്നു കല്പിച്ച ദൈവം തന്നെയാണ് യാക്കോബിനെ ഒരു വലിയ ജനതയാക്കി വളർത്താൻ വേണ്ടി ഈജിപ്തിലേയ്ക്കു അയക്കുന്നത്. സ്ഥലകാലങ്ങൾക്ക് അതീതനായ ദൈവം യാക്കോബിനെയും സന്തതികളെയും നിരന്തരം കാത്തുപാലിക്കാം എന്ന ഉറപ്പാണ്

ബേർഷെബായിലെ ദർശനത്തിലൂടെ നല്കുന്നത്. തിരികെ കൊണ്ടു വരും എന്ന വാഗ്ദാനം യാക്കോബിന്റെ സന്തതികൾ കാനാനിലേയ്ക്കു മടങ്ങിവരുന്ന പുറപ്പാടു സംഭവത്തെ സൂചിപ്പിക്കുന്നു.

1-ാം വാക്യത്തിൽ ചുരുക്കിപ്പറഞ്ഞ കാര്യങ്ങൾ 5ബി-28 വാക്യങ്ങളിൽ വിശദമായി വിവരിക്കുന്നു. JEവിവരണങ്ങളിൽ യാക്കോബ് വാസമുറപ്പിച്ചിരിക്കുന്ന ഹെബ്രോണിൽ നിന്നാണ് യാത്ര പുറപ്പെട്ടത്. Pയുടെ വിവരണത്തിൽ ബേർഷെബായിൽ നിന്നാണ് യാത്രയുടെ തുടക്കം എന്നു തോന്നും. യാക്കോബ് കുടുംബസമേതം ഈജിപ്തിലെത്തിയത് രക്ഷാചരിത്രത്തിലെ ഒരു പ്രധാന മുഹൂർത്തമായതിനാൽ ഇവിടെ ഒരു വംശാവലിചേർത്തിരിക്കുന്നു. ഈജിപ്തിലെത്തിയത് രക്ഷാചരിത്രത്തിലെ ഒരു പ്രധാന മുഹൂർത്തമായതിനാൽ ഇവിടെ ഒരു വംശാവലി ചേർത്തിരിക്കുന്നു. ഈജിപ്തിലേയ്ക്കു വന്നത് ആകെ എഴുപതു പേരായിരുന്നു എന്നതിന് വലിയ പ്രാധാന്യം നല്കിയിരിക്കുന്നു. (46,27, പുറ 1,5).എഴുപത് ബൈബിളിൽ പൂർണ്ണതയെ സൂചിപ്പിക്കുന്ന സംഖ്യ ആയതിനാലാണ് ഈ പ്രധാന്യം. യാക്കോബും കുടുംബാംഗങ്ങൾ മുഴുവനും ഈജിപ്തിൽ എത്തി എന്നു മാത്രമല്ല, അവർ ഒരു ജനസമൂഹമായി വളരാൻ തുടങ്ങി എന്നും ഈ സംഖ്യ സൂചിപ്പിക്കുന്നു.

പത്തുമക്കളുടെ പിതാവായ ബഞ്ചമിന്റെ ചിത്രം മുൻവിവരണങ്ങളിൽ കണ്ട ബാലന്റേതുമായി പൊരുത്തപ്പെടില്ല. രണ്ടു പാരമ്പര്യങ്ങളിൽ നിന്നായതുകൊണ്ടാണ് ഈ പൊരുത്തക്കേട്. (ബഞ്ചമിന്റെ മക്കളിൽ ഏഹി, റോഷ് എന്ന രണ്ടു പേരുകൾ ഒന്നായടി പി.ഒ.സി. ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത് അക്ഷരപിശകാണ്.) വംശാവലികൊണ്ട് മുറിഞ്ഞുപോയ JE രചനകളിലെ യാത്രാവിവരണം 28-ാം വാക്യത്തിൽ വീണ്ടും തുടരുന്നു. ഈജിപ്തിന്റെ വടക്കുകിഴക്കെ അതിർത്തിയിലുള്ള ഗോഷേൻ പ്രദേശം തങ്ങൾക്കു കിട്ടുക എളുപ്പമല്ല എന്ന സൂചന ജോസഫ് നൽകുന്ന ഉപദേശത്തിൽ കാണാം. അന്യനാട്ടിൽ നിന്നും വന്നവരെ അതിർത്തിപ്രദേശത്തു കുടിയിരുത്തുക ദേശത്തിന്റെ സുരക്ഷിതത്വത്തിന് അപകടമായിരിക്കും. ഇടയന്മാരോട് ഈജിപ്തുകാർക്ക് അവജ്ഞയായിരുന്നതിനാൽ ഈജിപ്തുകാരുടെ മധ്യേ വസിക്കുകയും പ്രയാസമായിരിക്കും. ഈ പ്രതിസന്ധിയെ തന്ത്രപൂർവ്വം നേരിടുന്നതിലൂടെ ജോസഫിന്റെ നയതന്ത്രപാടവം പ്രകടമാകുന്നു.

**ബി. ഈജിപ്തിലെ വാസം 47,1-31** (1-6J;7-11P; 12-26J; 27-28P; 29-31J)

യാക്കോബിന്റെ കുടുംബം ഗോഷേൻ പ്രദേശത്തു വാസമുറപ്പിക്കുന്നത് 1-11 വാക്യങ്ങളിൽ വിവരിക്കുന്നു. പ്രതീക്ഷയെ മറി കടക്കുന്നത്ര ഹൃദ്യമായ സ്വീകരണമാണ് ഫറവോ ജോസഫിന്റെ സഹോദരങ്ങൾക്കും പിതാവിനും നൽകുന്നത്. ജോസഫിന്റെ സ്വാധീനവും വിവേകപൂർവ്വമായ നീക്കങ്ങളും സർവ്വോപരി ദൈവത്തിന്റെ പരിപാലനയും ഇതിനു കാരണമായി. ഗോഷൻ പ്രദേശത്തു വസിക്കാൻ അനുവദിക്കുക മാത്രമല്ല, ഫറവോ അവരെ രാജാവിന്റെ കന്നുകാലികളുടെ ചുമതല ഏല്പിച്ച് രാജകീയോദ്യോഗസ്ഥന്മാരായി നിയമിക്കാൻ നിർദ്ദേശിക്കുക കൂടി ചെയ്യുന്നു.

യാക്കോബും ഫറവോയും തമ്മിലുള്ള കൂടിക്കാഴ്ച പൂർവ്വപിതാവിന്റെ അന്തസ്സും മഹത്വവും എടുത്തുകാട്ടുന്നു. യാക്കോബ് ഫറവോയുടെ മുന്നിൽ താണുവണങ്ങുകയല്ല, ഫറവോയെ അനുഗ്രഹിക്കുകയാണ് ചെയ്യുന്നത്. പ്രായത്തെക്കുറിച്ചുള്ള ചോദ്യത്തിനു മറുപടിയിൽ തന്റെ ജീവിതത്തെ ഒരു തീർത്ഥാടനമായി യാക്കോബ് ചിത്രീകരിക്കുന്നു. ഒരിടത്തും സ്ഥിരവാസമാക്കാതെ വാഗ്ദത്തഭൂമിയുടെ ഉടമസ്ഥാവകാശം എന്ന സ്വപ്നം മനസ്സിൽ സൂക്ഷിച്ച് നിരന്തരമായുള്ള യാത്രയാണ് തന്റെ ജീവിതം എന്ന സൂചനയാണ് "ദേശാന്തരവാസം" എന്ന പ്രയോഗം നൽകുന്നത്. യാഹ്വിസ്റ്റ് ഗ്രന്ഥകർത്താവ് ഗോഷേൻ എന്നു വിളിച്ച പ്രദേശത്തെ പുരോഹിതരചയിതാവ് "റാമ്സേസ്' എന്നാണ് വിളിക്കുന്നത്യ ബി.സി. പുത മൂന്നാം നൂറ്റാണ്ടിൽ (1304-1234) ഈജിപ്തു ഭരിച്ച റാമസേസ് രണ്ടാമന്റെ കാലത്താണ് റാമ്സേസ് നഗരം പണിയപ്പെട്ടത് (പുറ 1,11). കാലവുമായി യോജിക്കാത്ത ഈ പരാമർശത്തിലൂടെ ഇസ്രായേലിന്റ അധിവാസത്തെ പുറപ്പാടു സംഭവവുമായി ബന്ധിപ്പിക്കുന്നു.

രൂക്ഷമായ ക്ഷാമകാലത്ത് ജോസഫ് ജനങ്ങളെയെല്ലാം പട്ടിണിയിൽനിന്ന് രക്ഷിച്ചതിന്റെ ചരിത്രമാണ് 12-16 വാക്യങ്ങൾ വിവരിക്കുന്നത്. അപ്പം ആധിപത്യത്തിന്റെ ഉപകരണമായിത്തീരുന്നതും ഈ വിവരണത്തിൽ കാണാം. മറ്റെങ്ങും ധാന്യം കിട്ടാതായപ്പോൾ രാജകീയ കലവറയിൽനിന്നു ധാന്യം വാങ്ങാൻ കഴിയുന്നതിൽ ജനങ്ങൾ സന്തുഷ്ടരും നന്ദിയുള്ളവരുമാണ്. നന്ദിയോടെയാണ് അവർ ആദ്യം പണവും പണം തീർന്നപ്പോൾ മൃഗങ്ങളെയും നിലവും വിറ്റ് അപ്പം വാങ്ങുന്നത്. മറ്റൊന്നും വില്ക്കാനില്ലാതാകുമ്പോൾ അവർ തങ്ങളെത്തന്നെ വിൽക്കാൻ തയ്യാറാകുന്നു. അപ്പോഴും ആഹാരം നൽകുന്ന ഭരണാധിപനോട് അവർക്കു നിസ്സീമമായ നന്ദിയുണ്ട്. അവസാനം നാടും നാട്ടാരും മുഴുവൻ ഭരണാധിപന്റെ സ്വന്തമായിത്തീരുന്നു. കർഷകരിൽ നിന്നു ശേഖരിച്ച ധാന്യം അവർക്കുതന്നെ

തിരിച്ചു വിറ്റുകൊണ്ട് അവർക്കുള്ളതെല്ലാം അവരെത്തന്നെയും വിലയ്ക്കു വാങ്ങുകയും എന്നിട്ടും അവരുടെ നന്ദിയും ആദരവും സ്വീകരിക്കാൻ കഴിയുകയും ചെയ്യുന്നത് കുശാഗ്രബുദ്ധിയും ദീർഘവീക്ഷണവും പ്രകടമാക്കുന്ന ഭരണപാടവമാണ്.

പരിധിയില്ലാത്ത ആധിപത്യമാണ് ജോസഫ് തന്റെ കാർഷിക നയത്തിലൂടെ ഫറവോയ്ക്കു നേടിക്കൊടുത്തത്. ജോസഫിനെപ്പോലെ വിവേകിയും ഉദാരമനസ്കനും ദാഷിണ്യവാനുമായ ഒരു ഭരണാധിപൻ തലപ്പത്തുള്ളപ്പോൾ ഈ ആധിപത്യം ജനത്തിനു നന്മയേ വരുത്തൂ. അഞ്ചിലൊന്നു മാത്രമാണ് നികുതിയായി ഈടാക്കിയത്. അന്നു കടത്തിന് പ്രതിവർഷം 60% വരെ പലിശ ഈടാക്കിയിരുന്നതായി രേഖകളുണ്ട്. ഈജിപ്തിലെ പുരോഹിതന്മാരുടെ നിലങ്ങളെ കരത്തിൽ നിന്ന് ഒഴിവാക്കിയിരുന്നു. അവർക്കു രാജകീയ കലവറയിൽനിന്നു സൗജന്യമായി ആഹാരവും ലഭിച്ചിരുന്നു. ജനക്ഷേമത്തിൽ തല്പരനല്ലാത്ത ഒരു ഭരണാധികാരി തലപ്പത്തുവന്നാൽ അതികഠിനമായ മർദ്ദനവും ചൂഷണവും നടത്താൻ പര്യാപ്തമായ ഒരു ഭരണയന്ത്രം ജോസഫ് തയ്യാറാക്കിവെച്ചു. അതിന്റെ തിക്തഫലങ്ങൾ അദ്ദേഹത്തിന്റെ പിൻതലമുറക്കാർ അനുഭവിക്കുന്നതിന്റെ ചിത്രം പുറപ്പാടു പുസ്തകത്തിന്റെ ആരംഭത്തിൽ വരച്ചുകാട്ടുന്നുണ്ട്.

ക്ഷാമത്തിന്റെ വിവരണത്തിനുശേഷം വി.ഗ്രന്ഥകാരൻ വീണ്ടും ഇസ്രായേൽ ചരിത്രത്തിലേക്കു ശ്രദ്ധ തിരിക്കുന്നു. ഈജിപ്തിൽ സ്വതന്ത്രരും സമ്പന്നരുമായി വളരുമ്പോഴും വാഗ്ദത്തഭൂമിയെ കുറിച്ചുള്ള ഓർമ്മ അവരുടെ മനസ്സിൽ നിന്നു മായാതിരിക്കണം. കാനാൻദേശത്തു പിതാക്കന്മാരുടെ കല്ലറയിൽ തന്നെ സംസ്കരിക്കണമെന്ന് യാക്കോബ് ആവശ്യപ്പെടുന്നതിലൂടെ വാഗ്ദത്തഭൂമി എന്ന് പ്രമേയം വീണ്ടും പരാമർശിക്കപ്പെടുന്നു. സത്യപ്രതിജ്ഞയുടെ ശൈലിയും പ്രാധാന്യവും 24, 2-3ൽ നാം കണ്ടുകഴിഞ്ഞു.

**വിചിന്തനം:** ജോസഫിന്റെ കാർഷികനയം കുടുംബതലം മുതൽ അന്തർദ്ദേശീയതലം വരെ എന്നത്തേക്കാൾ കൂടുതൽ രൂക്ഷമായി ഇന്ന് നടപ്പിലായിക്കൊണ്ടിരിക്കുന്നു. കർഷകരുടെ ഭൂമി ബാങ്കുകളും കൃഷി ചെയ്യാത്ത സമ്പന്നരും കരസ്ഥമാക്കുന്നു. വികസ്വര രാജ്യങ്ങളുടെ വിഭവങ്ങൾ നിർലജ്ജം ചൂഷണം ചെയ്യുന്ന വികസിതരാജ്യങ്ങൾ അവരെ മോചനമില്ലാത്ത കടക്കെണിയിൽ കുടുക്കി ചൂഷണം തുടരുമ്പോഴും ഉപകാരികളായി പ്രത്യക്ഷപ്പെടുന്നു. പാവപ്പെട്ട കർഷകർ കുടിയേറ്റം തുടരുന്നു. ദരിദ്രരാഷ്ട്രങ്ങൾ കൂടു

തൽ ദാരിദ്ര്യത്തിൽ ആണ്ടുപോകുന്നു. അപ്പം ആധിപത്യത്തിന്റെ ഉപകരണമായി എല്ലാ തലങ്ങളിലും ഉപയോഗിക്കപ്പെടുന്നു. കടത്തിൽനിന്നു മോചനം നേടാനുള്ള ഓരോ പിടയലും കെണിയുടെ കുടുക്ക് കൂടുതൽ മുറുക്കുന്നു. ഈ ദൂഷിതവസയം എങ്ങനെ ഭേദിക്കാനാവും? ആരാണിതിനു വഴികാട്ടുക? ദൈവം നയിച്ച മോചനത്തിന്റെ കഥ പറയുന്ന പുറപ്പാടു പുസ്തകത്തിൽ ഇതിന് ഉത്തരം ലഭിക്കും.

**സി. പിതാവിന്റെ അനുഗ്രഹം 48,1-49, 28** (48, 1-2 JE; 3-7 P; 8-22 JE; 49, 1-33J P)

മരണത്തിനു തൊട്ടുമുമ്പ് യാക്കോബ് തന്റെ മക്കൾക്കു നൽകുന്ന അനുഗ്രഹങ്ങളുടെ വിവരണമാണ് ഈ രണ്ട് അധ്യായങ്ങളിലുള്ളത്. ജോസഫിന്റെ രണ്ടു പുത്രന്മാരെ യാക്കോബ് തന്റെ തന്നെ പുത്രന്മാരായി അംഗീകരിച്ച് അനുഗ്രഹിക്കുന്നത് 48-ാം അധ്യായത്തിൽ വിവരിക്കുന്നു. ഇസ്രയേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളുടെയും സ്വഭാവത്തെ ചിത്രീകരിക്കുന്ന ചൊല്ലുകളുടെ സമാഹാരമാണ് 49-ാല അധ്യായത്തിൽ യാക്കോബിന്റെ അന്തിമാശീർവ്വാദമായി അവതരിപ്പിച്ചിരിക്കുന്നത്.

ഇസ്രായേലിലെ പ്രമുഖഗോത്രങ്ങളായിരുന്നു എഫ്രായിമും മനാസ്സേയും. സാവകാശം എഫ്രായിം മനാസ്സെയെക്കാൾ പ്രാധാന്യം ആർജ്ജിക്കുകയും സോളമന്റെ മരണത്തിനുശേഷം രൂപം കൊണ്ട് വടക്കൻ രാജ്യമായ ഇസ്രയേലിന്റെ തന്നെ പര്യായമായിത്തീരുകയും ചെയ്തു. ജോസഫിന്റെ മക്കൾ എന്തുകൊണ്ട് യാക്കോബിന്റെ മറ്റു മക്കളോടൊപ്പം ഇസ്രായേൽ ഗോത്രങ്ങളായി പരിഗണിക്കപ്പെടുകയും അവയിൽ പ്രമുഖസ്ഥാനം അർഹിക്കുകയും ചെയ്തു എന്ന ചോദ്യത്തിന് 48-ാം അധ്യായത്തിലെ വിവരണം ഉത്തരം നൽകുന്നു.

ലൂസ് എന്നറിയപ്പെട്ടിരുന്ന ബേഥേലിൽവച്ച് ദർശനത്തിലൂടെ തനിക്കു ലഭിച്ച വാഗ്ദാനത്തെ അനുസ്മരിച്ചുകൊണ്ട് ജോസഫിന്റെ മക്കളെ തന്റെ തന്നെ മക്കളായി അംഗീകരിക്കുന്നതുവഴി യാക്കോബ് എഫ്രായിമിനെയും മനാസ്സെയെയും മറ്റു മക്കളോടൊപ്പം വാഗ്ദാനങ്ങളുടെ അവകാശികളാക്കുന്നു. ജോസഫിന്റെ പ്രേരണയ്ക്കു വഴങ്ങാതെ യാക്കോബ് വലതു കൈ ഇളയവനായ എഫ്രായിമിന്റെ തലയിൽവെച്ച് അനുഗ്രഹിക്കുന്നത് എഫ്രായിം ഗോത്രത്തിന് മനാസ്സെ മനാസ്സെ ഗോത്പത്തെക്കാൾ പ്രാധാന്യം ലഭിച്ചതിന്റെ വിശദീകരണമാണ്, 15-16 വാക്യങ്ങളിൽ ദൈവത്തിന് മൂന്നു വിശേഷണങ്ങൾ നൽകിയിരിക്കുന്നു. 1. പിതാക്കന്മാർ ആരാധിച്ചിരുന്ന ദൈവം. തലമുറകളിലൂടെ സ്വയം വെളിപ്പെടുത്തുകയും ആരാധിക്കപ്പെ

ടുകയും ചെയ്യുന്നത് ഒരേ ഒരു ദൈവം തന്നെയാണെന്ന് ഈ വിശേഷണം സൂചിപ്പിക്കുന്നു. 2. ഇടയൻ. ഇടയന്മാരുടെ പൂർവ്വപിതാക്കന്മാർക്ക് ദൈവം ഇടയനായി അനുഭവപ്പെടുന്നു (സങ്കീ 23) 3. ദൂതൻ. കർത്താവിന്റെ ദൂതനും കർത്താവും ഒരാൾ തന്നെയെന്ന് ഇതിനു മുമ്പ് പല തവണ നാം കണ്ടുകഴിഞ്ഞു. (ഉൽപ 16, 7; 22, 11). കർത്താവിനെ ഇസ്രായേലിന്റെ മോചകനായി ഈ വിശേഷണം ചിത്രീകരിക്കുന്നു. അടിമയായി വില്ക്കപ്പെട്ടവനെ മോചിപ്പിക്കു ഉറ്റ ബന്ധുവിന്റെ കടമയായിരുന്നു (ലേവ്യ 25, 25). ദൈവത്തെ ഇസ്രായേലിന്റെ ഉറ്റ ബന്ധുവും വിമോചകനുമായി ഇവിടെ ഏറ്റുപറയുന്നു. വിമോചകനും രക്ഷകനുമായ ദൈവത്തെക്കുറിച്ചുള്ള ആദ്യത്തെ പരാമർശമാണിത്.

49-ാം അധ്യായം യാക്കോബിന്റെ അനുഗ്രഹം എന്ന പേരിലാണ് അറിയപ്പെടുന്നതെങ്കിലും കാനാൻദേശം കൈയടക്കി വാസമുറപ്പിച്ച ഇസ്രായേൽ ഗോത്രങ്ങൾ ഓരോന്നിന്റേയും ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ സവിശേഷതകൾ പ്രവചനരൂപത്തിൽ അവതരിപ്പിക്കുന്ന ചൊല്ലുകളുടെ സമാഹാരിമാണ്. ഇതിൽ യൂദായ്ക്കും ജോസഫിനും പ്രത്യേക പ്രാധാന്യം നൽകിയിരിക്കുന്നു.

മൂത്തവർ മൂന്നുപേർ വഴി മാറിയപ്പോൾ നാലാമത്തെവനായ യൂദായ്ക്ക് പ്രമുഖസ്ഥാനം ലഭിച്ചു.8-12 വാക്യങ്ങളിൽ യൂദാഗോത്രത്തിനു നൽകുന്ന പ്രശംസയും വാഗ്ദാനങ്ങളും ആ ഗോത്രത്തെ ചുറ്റിപ്പറ്റിയുള്ള പ്രതീക്ഷകളും ദാവീദിന്റെ ഭരണകാലത്തുണ്ടായ പ്രാധാന്യത്തെ അനുസ്മരിപ്പിക്കുന്നു. വരാനിരിക്കുന്ന രക്ഷകനായ മിശിഹായെ കുറിച്ചുള്ള വ്യക്തമായൊരു പ്രവചനമാണ് 10-ാം വാക്യത്തിലുള്ളത്. ചെങ്കോലും അധികാരദണ്ഡും രാജത്വത്തെ സൂചിപ്പിക്കുന്നു. നാഥാന്റെ പ്രവചനവുമായി (2 സാമു 7, 16) ഇതിന് അടുത്ത ബന്ധമുണ്ട്. മുന്തിരിവള്ളിയിൽ കഴുതയെ കെട്ടുന്നതും മുന്തിരിച്ചാറിൽ തുണിയലക്കുന്നതും മിശിഹായുടെ കാലത്തെ സമൃദ്ധിയെക്കുറിച്ചുള്ള പ്രവചനമാണ് (ആമോ 9, 15).

ജോസഫിനെ കുറിച്ചു പ്രതിപാദിക്കുന്ന 22-26 വാക്യങ്ങൾ ഒരു വിവരണവും അനുഗ്രഹവും ഉൾക്കൊള്ളുന്നു. വൃക്ഷത്തിന്റെ ഉപമ ഉപമ എഫ്രായിം-മാനസ്സെ ഗോത്രങ്ങൾക്കുണ്ടായ അഭിവൃദ്ധിയെ സൂചിപ്പിക്കുന്നു. 23-26 വാക്യങ്ങൽ ക്ലേശങ്ങളിൽ ജോസഫിനു ലഭിച്ച സംരക്ഷണത്തിന്റെയും എഫ്രായിം മനാസ്സെ ഗോത്രങ്ങൾക്കു യുദ്ധങ്ങളിൽ ഉണ്ടായ വിജയങ്ങളുടെയും പ്രതീകാത്മകമായ ചിത്രീകരണമാണ്. "പാറ" എന്നത്

ദൈവത്തിന്റെ ഒരു വിശേഷമണമായി ബൈബിളിൽ, പ്രത്യേകിച്ചും സങ്കീർത്തനങ്ങളിൽ അനേകം തവണ ഉപയോഗിക്കുന്നുണ്ട്. ഉറപ്പിന്റെയും സംരക്ഷണത്തിന്റെയും പ്രതീകമാണ് പാറ. ദൈവത്തിന്റെ അചഞ്ചല സ്നേഹവും സ്ഥിരമായ വിശ്വസ്തതയുമാണ് ഈ വിശേഷണത്തിലൂടെ ഏറ്റു പറയുന്നത്. 24-26 വാക്യങ്ങൾ പൂർണ്ണമായ അർത്ഥത്തിൽ ഒരനുഗ്രഹമാണ്. ഭൂമിയുടെ ഫലസമൃദ്ധിയാണ് ഇവിയെ അനേകം പ്രതീകങ്ങളിലൂടെ ആശംസിക്കുന്നത്.

**ഡി. മരണവും സംസ്കാരവും 49,29-49, 29-50, 2**
(49,29-33 P; 50,1-11 J; 12-13 P; 14 J, 15-26 E)

വാഗ്ദത്ത ഭൂമിയിൽ പിതാക്കന്മാരുടെ ശവക്കല്ലറയിൽ തന്നെയും സംസ്കരിക്കണെ എന്നു യാക്കോബ് മക്കളോട് ആവശ്യപ്പെടുകയും അവർ അതു നിർവ്വഹിക്കുകയും ചെയ്തതായി വിവരിക്കുന്ന 49, 29-33ഹ 50, 12-13 വാക്യങ്ങളിലൂടെ വാഗ്ദത്തഭൂമി എന്ന ആശയം ഒരിക്കൽ കൂടി അവതരിപ്പിച്ചുകൊണ്ടാണ് പുരോഹിത രചയിതാവ് പൂർവ്വ പിതാക്കന്മാരുടെ ചരിത്രം ഉപസംഹരിക്കുന്നത്. മക്പേലാ ഗുഹ വിലക്കു വാങ്ങിയതോടടെ അബ്രാഹം കാനാൻ ദേശത്ത് തന്റെ അവകാശം സ്ഥാപിച്ചു കഴിഞ്ഞതാണ് (ഉൽപ 23, 17-20). ഈജിപ്തിൽ വാസമുറപ്പിച്ച ഇസ്രായേൽകാർക്ക് പിതാക്കന്മാരുടെ ശവകുടീരം വാഗ്ദത്ത ഭൂമിയെ കുറിച്ചുള്ള ഓർമ്മയും പ്രതീക്ഷയും നിലനിർത്താനുള്ള ഒരു സ്മാരകമായിരുന്നു.

50, 1-11 വാക്യങ്ങൾ യാക്കോബിന്റെ മരണത്തെ തുടർന്നുള്ള രംഗങ്ങൾ വിശദമായി ചിത്രീകരിക്കുന്നു. മൃതശരീരം പരിമള ദ്രവ്യങ്ങൾ പൂശി അനേകം മടക്കു തുണിയിൽ പൊതിഞ്ഞു സൂക്ഷിക്കുക ഈജിപ്തിൽ പതിവായിരുന്നു. ഇപ്രകാരം സൂക്ഷിച്ചിരുന്ന മുവായിരത്തിൽ പരം വർഷം പഴക്കമുള്ള മൃതശരീരങ്ങൾ ഇന്ന് മ്യൂസിയങ്ങളിൽ കാണാനാവും. ഈജിപ്തിലെ പതിവനുസരിച്ച് മൃതശരീരം പൂശാൻ 70 ദിവസം എടുത്തിരുന്നു. ഇവിടെ പറയുന്ന 40 ദിവസം കൃത്യസംഖ്യയായിരിക്കണമെന്നില്ല. യാഹ്വിസ്റ്റ് വിവരണം അനുസരിച്ച് യാക്കോബ് ജോർദ്ദാൻ നദിയുടെ കിഴക്ക്, തനിക്കായി തയ്യാറാക്കി ശവകുടീരത്തിലാണ് സംസ്കരിക്കപ്പെട്ടത് എന്നു തോന്നും. ഈജിപ്തുകാരുടെ വിലാപം എന്നർത്ഥമുള്ള "ആബേൽമിസ്രായിം" എന്ന സ്ഥലം എവിടെയാണെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. 14-ാം വാക്യം ഈജിപ്തിലേക്കുള്ള മടക്കയാത്രയെ കുറിച്ചു പ്രതിപാദിക്കുന്നു. ഇതോടെ യാഹ്വിസ്റ്റ് ഗ്രന്ഥകാരൻ അവതരിപ്പിക്കുന്ന

പൂർവ്വ പിതാക്കന്മാരുടെ ചരിത്രം അവസാനിക്കുന്നു.

ജോസഫിന്റെയും സഹോദരന്മാരുടെയും ശേഷിച്ച ചരിത്രം ഏലോഹിസ്റ്റ് ഗ്രന്ഥകാരനാണ് അവതരിപ്പിക്കുന്നത്. പിതാവിന്റെ മരണശേഷം സഹോദരന്മാർക്കുണ്ടാകുന്ന ഭയം അവരുടെതന്നെ കുറ്റബോധത്തിന്റെ തെളിവാണ്. ദൂതന്മാർ വഴി തങ്ങളുടെ തെറ്റുകൾ ഏറ്റുപറഞ്ഞ് മാപ്പു ചോദിക്കുകയും അതിനുശേഷം നേരിൽ വന്ന് തങ്ങളുടെ വിധേയത്വം ഏറ്റു പറയുകയും ചെയ്യുമ്പോൾ പൂർണ്ണമായ അനുരഞ്ജനത്തിനുള്ള സന്നദ്ധത അവർ പ്രകടമാക്കുന്നു. 19-21 വാക്യങ്ങളിൽ ചരിത്രത്തെ സംബന്ധിച്ച ദൈവശാസ്ത്രപരമായ കാഴ്ചപ്പാട് ഒരിക്കൽകൂടി ആവർത്തിക്കുന്നു. മനുഷ്യർ മനഃപൂർവ്വം ചെയ്യുന്ന അക്രമങ്ങളാൽ കലുഷിതമാണ് മാനവചരിത്രം. എന്നാൽ ആ തെറ്റുകളെയും പാപങ്ങളെയും ദൈവം നന്മക്കായി ഉപയോഗിക്കുന്നു. വിധിക്കാൻ ദൈവത്തിനു മാത്രമേ അധികാരമുള്ളൂ. തന്നെ ദ്രോഹിച്ചവരോടു ഹൃദയം തുറന്നു ക്ഷമിക്കുകയും അവരെ സംരക്ഷിക്കുകയും ചെയ്യുന്നതിലൂടെ ജോസഫിന്റെ ഹൃദയവിശാലതയും മഹത്വവും പ്രകടമാകുന്നു.

22-26 വാക്യങ്ങൾ ഏലോഹിസ്റ്റ് രചനയിലെ പൂർവ്വപിതാക്കന്മാരുടെ ചരിത്രത്തിന്റെ ഉപസംഹാരമാണ്. നൂറ്റിപ്പത്തു വയസ്സ് ജീവിതത്തികവായി ഈജിപ്തുകാർ കരുതിയിരുന്നു എന്ന് പുരാതന ലിഖിതങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഈജിപ്തിൽ വാസമുറപ്പിച്ചെങ്കിലും വാഗ്ദത്തഭൂമിയിലേക്കു തിരിച്ചു പോകാൻ ദൈവം തങ്ങളുടെ സന്തതികൾക്ക് ഇടവരുത്തും എന്ന പ്രതീക്ഷയോടെയാണ് ജോസഫ് മരിക്കുന്നത്. ഈ പ്രതീക്ഷയും സഹോദരന്മാരെക്കൊണ്ട് ചെയ്യിക്കുന്ന പ്രതിജ്ഞയും ഈജിപ്തിൽ നിന്നുള്ള പുറപ്പാടിന് ഒരുക്കമാണ്. പരിമളദ്രവ്യം പൂശി, ശവപ്പെട്ടിയിൽ സൂക്ഷിച്ച ജോസഫിന്റെ മൃതദേഹത്തെ ചിത്രീകരിച്ചുകൊണ്ട് ഉൽപത്തി പുസ്തകം അവസാനിക്കുന്നു. നൂറ്റാണ്ടുകൾക്കുശേഷം ഈജിപ്തിൽ നിന്നു പുറപ്പെട്ടപ്പോൾ ജോസഫിന്റെ ഭൗതികാവശിഷ്ടങ്ങൾ ഇസ്രയേൽക്കാർ കൂടെ കൊണ്ടുപോയി എന്ന പുറ 13, 19ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## ചോദ്യങ്ങൾ

1. തങ്ങൾ ആഗ്രഹിച്ച സ്ഥലത്തു വാസമുറപ്പിക്കാൻ വേണ്ടി ജോസഫ് എപ്രകാരമാണ് സഹോദരങ്ങളെ ഒരുക്കിയത്?
2. ജോസഫ് ഈജിപ്തുകാരെ മുഴുവൻ ഫറവോയുടെ അടിമകളാക്കിയതെങ്ങനെ?

3. എന്തായിരുന്നു യാക്കോബിന്റെ അന്തിമാഭിലാഷം? രക്ഷാചരിത്ര ത്തിൽ അതിനുള്ള പ്രാധാന്യമെന്ത്?

4. എഫ്രായിമിനും മനാസ്സെക്കു നൽകിയ അനുഗ്രഹത്തിൽ രക്ഷകനെക്കു റിച്ചുള്ള ഒരു പ്രവചനം ഉൾക്കൊള്ളുന്നുണ്ട്. എന്താണ് ആ പ്രവചനം?

5. യാക്കോബ് മക്കൾക്കു നൽകിയ അനുഗ്രഹത്തിൽ രക്ഷകനെ കുറി ച്ചുള്ള ഒരു പ്രവചനം ഉൾക്കൊള്ളുന്നുണ്ട്. എന്താണ് ആ പ്രവചനം?

6. ജോസഫിന്റെ വ്യക്തിത്വം വിശകലനം ചെയ്യുക.

7. ജോസഫിന്റെ വാക്കുകളിലൂടെ വി. ഗ്രന്ഥകാരൻ മാനവചരിത്രത്തിനു നൽകുന്ന ദൈവശാസ്ത്രപരമായ വിശദീകരണം എന്ത്?

**ചർച്ചക്ക്:** ജോസഫ് നടപ്പിലാക്കിയ കാർഷികനയത്തെ ഇന്നു നമ്മുടെ നാട്ടിലും ലോകത്തിലും നിലവിലിരിക്കുന്ന സാമ്പത്തി നയങ്ങളുമായി താര തമ്യം ചെയ്യുക.

**പ്രാർത്ഥന:** “എന്റെ ആത്മാവേ കർത്താവിനെ വാഴ്ത്തുക. അവിടുന്നു ന്ലകിയ അനുഗ്രഹമൊന്നും മാറ്റരുത്” (സങ്കീ 103, 2).

# ഉപസംഹാരം

പ്രപഞ്ചസൃഷ്ടിയെക്കുറിച്ചുള്ള മനോഹരമായ കീർത്തനത്തിൽ ആരംഭിച്ച ഉൽപത്തി പുസ്തകം ജോസഫിൻരെ മരണത്തോടെയാണ് അവസാനിക്കുന്നത്. ദൈവത്തിൽ നിന്നകന്നു പോകുന്ന മനുഷ്യന്റെ ചിത്രമാണ് 1–11 അധ്യായങ്ങളിൽ കണ്ടത്. മനുഷ്യനെ തേടിയിറങ്ങുകയും അവനോടൊത്തു യാത്രചെയ്യുകയും ചെയ്യുന്ന ദൈവത്തിന്റെ ചിത്രം പൂർവ്വപിതാക്കാന്മാരുടെ ചരിത്രത്തിൽ കൂടുതൽ വ്യക്തമായി. ദൈവത്തോടൊന്നിച്ചു യാത്രചെയ്യാൻ തയ്യാറായവരാണ് പൂർവ്വ പിതാക്കന്മാർ. അവർക്കു വീഴ്ചകളും കുറവുകളും ഉണ്ടായിരുന്നു. എന്നാൽ അവരുടെ കുറവുകളെ പരിഹരിക്കുകയും വീഴ്ചകളെ മറികടക്കുകയും ചെയ്ത ദൈവത്തിന്റെ പരിപാലന തിന്മയിൽ നിന്നുപോലും നന്മ പുറപ്പെടുവിക്കുന്നു.

വിലക്കപ്പെട്ട കനി ഭക്ഷിച്ച് ദൈവതുല്യരാകാൻ ശ്രമിച്ച ആദിമാതാപിതാക്കളുടെ സ്ഥാനത്ത് പൂർവ്വപിതാക്കന്മാർ തങ്ങളെത്തന്നെ പൂർണ്ണമായി ദൈവഹിതത്തിന് അടിയറവയ്ക്കാൻ തയ്യാറായി. “സഹോരന്റെ കാവൽക്കാരനാണോ ഞാൻ?” എന്നു ചോദിച്ച കായേന്റെ സംസ്കാരം “കലഹിക്കരുത്, നമ്മൾ സഹോദരങ്ങളാണ്” എന്നു പറഞ്ഞ അബ്രാഹവും സഹോദരനുവേണ്ടി അടിമത്തം ഏറ്റെടുക്കാൻ തയ്യാറായ യൂദായും സഹോദരങ്ങളോടു ഹൃദയപൂർവ്വം ക്ഷമിച്ച ജോസഫും തിരുത്തി കുറിച്ചു. നഷ്ടപ്പെട്ട പറുദീസായുടെ സ്ഥാനത്ത് വാഗ്ദത്തഭൂമി പ്രത്യക്ഷപ്പെട്ടു. ആദിമാതാപിതാക്കൾ പറുദീസായിൽ നിന്നു പുറത്താക്കപ്പെട്ടതുപോലെ യാക്കോബിന്റെ മക്കൾ വാഗ്ദത്തഭൂമിക്കു പുറത്താണ് വാസമുറപ്പിച്ചത്. ഹാരാനിൽ നിന്നു തുടങ്ങിയ വിശ്വാസിയുടെ തീർത്ഥാടനം ഈജിപ്തിൽ എത്തി നിന്നു. ഇത് അവസാനമല്ല, തുടക്കമാണ്, ഇസ്രായേൽ ജനത്തിനും മനുഷ്യ വർഗ്ഗത്തിനു മുഴുവനും ദൈവം നൽകുന്ന രക്ഷയുടെ ചരിത്രത്തിന്റെ തുടക്കമാണ് ഉൽപത്തി പുസ്തകത്തിൽ നാം കണ്ടത്.

## തലശ്ശേരി രൂപത വചനപ്രഘോഷണ സമിതിയുടെ പ്രസിദ്ധീകരണങ്ങൾ

| | | |
|---|---|---|
| 1. | വിശ്വാസത്തിന്റെ വേരുകൾ | ക. 35.00 |
| 2. | വെളിപാടു പുസ്തകം - ഒരു വ്യാഖ്യാനം | ക. 35.00 |
| 3. | പഞ്ചഗ്രന്ഥം - ഒരാമുഖം | ക. 6.00 |
| 4. | മനസ്സും വ്യക്തിത്വ വളർച്ചയും | ക. 12.00 |
| 5. | വിമോചന ദൈവശാസ്ത്രം - വത്തിക്കാൻ രേഖ II | ക. 7.00 |

## കുട്ടികളുടെ ബൈബിൾ

പടങ്ങൾക്കു നിറം കൊടുത്തും പാട്ടുപാടിയും കഥപറഞ്ഞു ബൈബിൾ പഠിക്കാൻ കൊച്ചു കുട്ടികൾക്കൊരു സഹായി

| | | | |
|---|---|---|---|
| 5. | പുസ്തകങ്ങൾ | ആകെ | ക. 12.00 |

## ബൈബിൾ ചിത്രകഥകൾ

സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ
മലയാളത്തിലും ഇംഗ്ലീഷിലും

| | |
|---|---|
| 3 പേജു വീതമുള്ള 50 പുസ്തകങ്ങൾ - ഒറ്റപ്രതിക്ക് | ക. 2.00 |
| അധ്യാപക സഹായി - പഴയ നിയമം | ക. 4.00 |
| " പുതിയ നിയമം മൂന്നു പുസ്തകങ്ങൾ - ഒറ്റ പ്രതിക്ക് | ക. 5.00 |
| സ്ത്രീ - (മാതാവിനെക്കുറിച്ച്) ചിത്രകഥ 100 പേജ് | ക. 7.00 |

## ബൈബിൾ തീർത്ഥാടനം

| | | |
|---|---|---|
| 1-2 | ആദിചരിത്രം | ക. 20.00 |
| 3-4 | പൂർവ്വ പിതാക്കന്മാർ | ക. 20.00 |
| 5-6 | പുറപ്പാട് | ക. 20.00 |
| 7 | ലേവ്യർ | ക. 10.00 |
| 8 | സംഖ്യ | ക. 10.00 |